gulf**madhyamam**

أعياد البحرين

ബഹ്റൈൻ 51ാം
ദേശീയദിന പതിപ്പ്
2022






مركز شفاء الجزيرة الطبي

SHIFA AL JAZEERA MEDICAL CENTRE

17288000 *Quality Care, Redefined* 16171819

We do not have any other branches in the Kingdom of Bahrain under Shifa Al Jazeera Medical Group


MANAMA


MANAMA


HAJIYAT, RIFFA


HAMALA

## DEPARTMENTS

General medicine | Internal medicine | Cardiology | Radiology | Paediatrics | Gynaecology | Orthopaedic | Dermatology
ENT | Cosmetology | Ophthalmology | Urology | General Surgery | Dental | Paedodontics (Pediatric dentistry) | Orthodontics

## SERVICES

64 Slice CT Scan • Mammography • Ultrasound • X-Ray(24 hrs) • OPG X-Ray • Audio & Speech Therapy • Hearing Aid
Echo Cardiogram • TMT • Physiotherapy • 24 Hours Laboratory • 24 Hours Pharmacy • Opticals • Pre-Employment Medical

MANAMA | KINGDOM OF BAHRAIN | TEL: 17288000, 16 17 18 19 | DENTAL: 17288001 | FAX: 17280404

أعياد البحرين




GLORIOUS YEARS

Congratulations and extend warmest greetings to

HIS MAJESTY KING HAMAD BIN ISA AL KHALIFA

HIS ROYAL HIGHNESS PRINCE SALMAN BIN HAMAD AL KHALIFA

The Crown Prince and Prime Minister

The Royal Family, Government & the People of Bahrain on the occasion of

BAHRAIN NATIONAL DAY

& 23RD ANNIVERSARY OF

HIS MAJESTY'S ACCESSION TO THRONE


Al Namal GROUP

مستشفى ومراكز الشرق الأوسط الطبية
MIDDLE EAST
HOSPITAL & MEDICAL CENTERS

VKL GROUP

PO BOX: 1713, TEL: +973 1725 1444, FAX: +973 1724 2332, MANAMA, KINGDOM OF BAHRAIN

www.al-namal.com BAHRAIN INDIA GEORGIA



HAPPY
# BAHRAIN
**51st** NATIONAL DAY





Congratulations & best wishes to

**HM King Hamad bin Isa Al Khalifa**
The King of the Kingdom of Bahrain

**HRH Prince Salman bin Hamad Al Khalifa**
The Crown Prince and Prime Minister

The Royal Family, Government & the People of the Kingdom of Bahrain on the occasion of the **51st National Day.**

BFC Pay

BFC Payments



ഹിസ് മജസ്റ്റി കിങ് ഹമദ് ബിൻ ഈസ ആൽ ഖലീഫ



ഹിസ് റോയൽ ഹൈനസ് പ്രിൻസ് സൽമാൻ ബിൻ ഹമദ് ആൽ ഖലീഫ

# സ്നേഹത്തോടെ, ആശംസകളോടെ...

**വാനിലെങ്ങും** ആഘോഷത്തിന്റെ അലയൊലികൾ. വെള്ളയും ചുവപ്പും നിറങ്ങളാൽ അലംകൃതമായ വീഥികൾ. ചെറുതെങ്കിലും സുന്ദരമായ നാടിന്റെ 51ാം ദേശീയ ദിനത്തെ ഹൃദയംകൊണ്ട് നമുക്ക് വരവേൽക്കാം. ഇനിയുമുയരങ്ങളിലേക്ക് ഈ രാജ്യം ചിറകുവിരിച്ച് പറക്കട്ടെ. സ്നേഹത്തിന്റെ, സാഹോദര്യത്തിൻെറ സ്പന്ദനങ്ങൾ എങ്ങും തുടിക്കട്ടെ.

പ്രവാസികൾക്ക് പോറ്റമ്മയായ പവിഴദ്വീപാണ് ഈനാട്. മനസ്സിൽ പ്രതീക്ഷകൾ നിറച്ച് കാണാപ്പൊന്ന് തേടി കടൽ കടന്നെത്തിയ ലക്ഷക്കണക്കിന് പ്രവാസികളെ കരുതലിന്റെ ചിറകിൻകീഴിൽ സംരക്ഷിച്ച നാട്.

മനസ്സിൽ നന്മ കൂടുകൂട്ടിയ ആളുകളുടെ നാടാണിത്. ഹൃദയത്തിൽ തൊടുന്ന ആതിഥ്യമര്യാദയുടെ ഭൂമി. സഹിഷ്ണുതയുടെ വിളനിലം. ഈ നാടിന് സവിശേഷതകൾ ഏറെയാണ്.

അനുദിനം രാജ്യത്തെ ഉയരങ്ങളിലേയക്ക് നയിച്ചുകൊണ്ടിരിക്കുന്ന ഹിസ് മജസ്റ്റി കിങ് ഹമദ് ബിൻ ഈസ ആൽ ഖലീഫക്കും ഹിസ് റോയൽ ഹൈനസ് പ്രിൻസ് സൽമാൻ ബിൻ ഹമദ് ആൽ ഖലീഫക്കും രാജകുടുംബാംഗങ്ങൾക്കും സർക്കാറിനും രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും സ്നേഹം നിറഞ്ഞ ദേശീയ ദിനാശംസകൾ...

# ഇനിയും ഉയരങ്ങളിലേക്ക് മുന്നേറട്ടെ

◆ വി.കെ. ഹംസ അബ്ബാസ് ( ചീഫ് എഡിറ്റർ, ഗൾഫ് മാധ്യമം )



51ാം ദേശീയ ദിനാഘോഷത്തിന്റെ നിറവിലാണ് രാജ്യം. ഒരുമയുടെയും സാഹോദര്യത്തിന്റെയും ദേശസ്നേഹത്തിന്റെയും മഹത്തായ സന്ദേശവുമായാണ് ദേശീയദിനം ആഗതമാകുന്നത്.

കഴിഞ്ഞ കാലങ്ങളിൽ ബഹ്റൈൻ കൈവരിച്ച അത്ഭുതാവഹമായ വികസനക്കുതിപ്പുകൾ നമുക്ക് ഈ അവസരത്തിൽ അനുസ്മരിക്കാം. ഓരോ ദിവസവും വികസനത്തിന്റെ പുതിയ കാഴ്ചകളും വാർത്തകളുമാണ് ബഹ്റൈനിൽ നാം കാണുകയും കേൾക്കുകയും ചെയ്യുന്നത്. രാജാവ് ഹമദ് ബിൻ ഈസ ആൽ ഖലീഫയുടെയും കിരീടാവകാശിയും പ്രധാനമന്ത്രിയുമായ പ്രിൻസ് സൽമാൻ ബിൻ ഹമദ് ആൽ ഖലീഫയുടെയും നേതൃത്വത്തിൽ രാജ്യം കൈവരിച്ചുകൊണ്ടിരിക്കുന്ന വികസന നേട്ടങ്ങൾ പ്രശംസനീയമാണ്. സമാധാനവും സാഹോദര്യവും നിറഞ്ഞുനിൽക്കുന്ന പവിഴദ്വീപ് ലോകത്തിനുതന്നെ മാതൃകയാണ്.

ആഗോള തലത്തിൽ ബഹ്റൈൻ എന്ന കൊച്ചുരാജ്യം തലയുയർത്തിനിന്ന നാളുകളാണ് കോവിഡ് കാലത്ത് കഴിഞ്ഞുപോയത്. വൻകിട രാജ്യങ്ങൾപോലും വിറങ്ങലിച്ചുനിന്നപ്പോൾ ബഹ്റൈൻ സധൈര്യം വെല്ലുവിളികളെ നേരിട്ടു. ഇപ്പോൾ, സാമ്പത്തിക കുതിപ്പിന്റെ വഴിയിലുമാണ് രാജ്യം. സർക്കാർ പ്രഖ്യാപിച്ച സാമ്പത്തിക ഉത്തേജന പദ്ധതി ഇതിന് ഏറെ സഹായിച്ചു.

ഫ്രാൻസിസ് മാർപാപ്പയുടെ ബഹ്റൈൻ സന്ദർശനം രാജ്യത്തിന്റെ ചരിത്രത്തിലെ നിർണായക നാഴികക്കല്ലായിരുന്നു. ബഹ്റൈൻ ഉയർത്തിപ്പിടിക്കുന്ന സാഹോദര്യത്തിന്റെയും സഹിഷ്ണുതയുടെയും വിശ്വമാനവികതയുടെയും സന്ദേശം ലോകത്തിനു മുന്നിൽ ഉച്ചൈസ്തരം പ്രഘോഷിച്ച വേളയായിരുന്നു മാർപാപ്പയുടെ സന്ദർശനം.

എക്സിബിഷൻ വേൾഡ് ബഹ്റൈൻ ഉൾപ്പെടെ വികസനത്തിന് ആക്കം പകരുന്ന നിരവധി പദ്ധതികളും ഈ കാലയളവിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. കോവിഡ് കാലത്തെ ഇടവേളക്കുശേഷം ബഹ്റൈൻ അന്താരാഷ്ട്ര എയർഷോ തിരിച്ചെത്തിയതും ഫോർമുല വൺ ഗ്രാൻഡ് പ്രീ മത്സരങ്ങൾ വിജയകരമായി സംഘടിപ്പിച്ചതും രാജ്യത്തിന് അഭിമാനകരമായ നേട്ടങ്ങളാണ്.

നവംബറിൽ പാർലമെന്റ് തെരഞ്ഞെടുപ്പ് വിജയകരമായി നടത്താൻ സാധിച്ചതും ബഹ്റൈന് അഭിമാനകരമാണ്. ജനാധിപത്യത്തിന്റെ മഹനീയ സന്ദേശം ഉയർത്തിപ്പിടിക്കാൻ ഇതുവഴി രാജ്യത്തിന് സാധ്യമായി. പുതുതായി തിരഞ്ഞെടുക്കപ്പെട്ട പാർലമെന്റ് അംഗങ്ങൾക്ക് രാജ്യത്തെ കൂടുതൽ വികസനത്തിലേക്കും മഹത്വത്തിലേക്കും നയിക്കാൻ സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

ഇന്ത്യയും ബഹ്റൈനും തമ്മിലുള്ള ബന്ധത്തിൽ കൂടുതൽ പുരോഗതി കൈവരിക്കുന്നതും കഴിഞ്ഞ നാളുകളിൽ നാം കണ്ടു. വ്യാപാര സഹകരണം വർധിപ്പിക്കുന്നതിന് ഇരു രാജ്യങ്ങളിലെയും വ്യാപാര പ്രതിനിധികളെ പങ്കെടുപ്പിച്ച് ഇന്ത്യൻ എംബസി സംഘടിപ്പിച്ച ബയർ-സെല്ലർ മീറ്റുകൾ ബിസിനസ് രംഗത്ത് ഊർജം പകരുന്നതാണ്. ഇന്ത്യൻ പ്രവാസികൾക്ക് ബഹ്റൈനിൽ ലഭിച്ചുവരുന്ന പ്രത്യേക പരിഗണനയും സ്നേഹവും ഈ സന്ദർഭത്തിൽ എടുത്തുപറയേണ്ടതാണ്.

ബഹ്റൈൻ ദേശീയ ദിനത്തിൽ രാജാവ് ഹമദ് ബിൻ ഈസ ആൽ ഖലീഫക്കും കിരീടാവകാശിയും പ്രധാനമന്ത്രിയുമായ പ്രിൻസ് സൽമാൻ ബിൻ ഹമദ് ആൽ ഖലീഫക്കും രാജ കുടുംബാംഗങ്ങൾക്കും ബഹ്റൈൻ സർക്കാറിനും രാജ്യത്തെ ജനങ്ങൾക്കും ക്ഷേമവും ഐശ്വര്യവും നേരുകയും ചെയ്യുന്നു. കൂടുതൽ പുരോഗതിയിലേക്കും യശസ്സിലേക്കും രാജ്യം മുന്നേറട്ടെയെന്നും ആശംസിക്കുന്നു.

സ്വാതന്ത്ര്യത്തിന്റെയും ദേശീയോന്നമനത്തിന്റെയും പാതി നൂറ്റാണ്ട് പിന്നിട്ട പവിഴദ്വീപ് വരും നാളുകളിൽ ഉത്തരോത്തരം മുന്നേറട്ടെയെന്ന് ആശംസിക്കുന്നു. മലയാളത്തിന്റെ മാനസപത്രമായ 'ഗൾഫ് മാധ്യമ'ത്തിന്റെ ജന്മനാടിന് ആയിരമായിരം അഭിവാദ്യങ്ങൾ. ഗൾഫ് മാധ്യമത്തിന്റെ വളർച്ചയും ഉയർച്ചയും ബഹ്റൈന്റെ മടിത്തട്ടിലാണെന്നത് ഒരിക്കലും മറക്കുക സാധ്യമല്ല. മാതൃവാത്സല്യത്തോടെ ജന്മഭൂമിയെ ഞങ്ങൾ ആശീർവദിക്കുന്നു; ആശ്ലേഷിക്കുന്നു.

■

# CONTENT






08 മനാമയിലെ മാഹിക്കാരി
**നാസർ യൂസുഫ്**

14 ഗൾഫിലെ സാമ്പത്തിക മുന്നേറ്റത്തിന്റെ നാളുകൾ
**സിജു ജോർജ്**

16 അഭിമാനകരമായ നേട്ടങ്ങളുടെ വർഷം
**അലി ഹസൻ**

17 കരുതലിന്റെ കരങ്ങൾ

22 ജനകീയനായ ജനപ്രതിനിധി

24 ഹൃദയത്തോട് ചേർത്തുപിടിക്കാം ഈ രാജ്യത്തെ
**ഡോ. വർഗീസ് കുര്യൻ**

26 സ്നേഹനൂലിൽ കോർത്തെടുത്ത ഹൃദയബന്ധം

30 ഓർമകൾ മേയുന്ന മനാമ സൂഖ്
**സുബൈർ കണ്ണൂർ**

34 ബഹ്റൈനിൽ ചരിത്രം രചിച്ച ഇന്ത്യൻ കുടുംബം

38 മലയാളികളുടെ അഭിമാനമായ ഡോക്ടർ

42 കോൾഡ് സ്റ്റോർ ജീവിതങ്ങൾ
**ഇസ്മായിൽ പതിയാരക്കര**

48 ഇന്ത്യൻ ആഘോഷങ്ങളിലെ ബഹ്റൈൻ സാന്നിധ്യം
**ജമാൽ ഇരിങ്ങൽ**

52 സാംസ്കാരിക നിറവിന്റെ നാട്
**പമ്പാവാസൻ നായർ**


62 ബഹ്റൈൻ-ഇന്ത്യ സൗഹൃദ സാക്ഷ്യമായി ശ്രീനാഥ്ജി ക്ഷേത്രം

76 ഒരാണ്ടിന്റെ വിശേഷങ്ങൾ





Chief Editor : **Hamzah Abbas V.K**
Magazine Editor : **Fayis K.P**
Magazine Coordinator : **Siju George**
Cover & Layout Design : **P. Salih**
Office: 17, Bldg : 123, Road: 1502
Blk: 215, Muharraq Town,
Opp. Muharraq Bus Terminal
Tel: 17342825, Mob: 39196661,
News: 39203865, P.O Box: 21323 Manama,
**Kingdom of Bahrain**
Email: **bahrain@gulfmadhyamam.net**
Reg: **GMYM 171**

# മനാമയിലെ മാഹിക്കാരി

മനാമയിലെ ആദ്യത്തെ മലയാളി കച്ചവടക്കാരനെപ്പറ്റി കേട്ടപ്പോഴാണ് ആദ്യ മലയാളി കച്ചവടക്കാരി ആരായിരുന്നു എന്ന ചോദ്യം എന്റെ മനസ്സിലുദിച്ചത്. ആ കച്ചവടക്കാരിയെ തേടിയാണ് ഞാൻ ശൈഖ് അബ്ദുല്ല റോഡിലേക്ക് എത്തിയത്.



»ഹവ്വ

◆ നാസർ യൂസുഫ്

സഹാറ ഹോട്ടലിന്റെ മുന്നിലുള്ള അയക്കൂറ പാർക്കിനു സമീപത്ത് കാർ പാർക്ക് ചെയ്ത് ഞാൻ ശൈഖ് അബ്ദുല്ല റോഡിലേക്കു നടന്നു.

വർഷങ്ങൾക്കുമുമ്പ് മനാമ മുനിസിപ്പാലിറ്റി സഹാറ ഹോട്ടലിന്റെ മുന്നിൽ പണിതതാണ് അയക്കൂറ പാർക്ക്. പാർക്കിനു മുന്നിൽ പുളഞ്ഞുചാടുന്ന ഒരു വലിയ മത്സ്യത്തിന്റെ പ്രതിമയും സ്ഥാപിച്ചിരുന്നു. മത്സ്യത്തിന് അയക്കൂറയുടെ ആകൃതിയായിരുന്നു. അതു കണ്ട് ഏതോ ഒരു മലയാളിയാണ് പാർക്കിന് അയക്കൂറ പാർക്ക് എന്നു പേരിട്ടത്.

ഡെൽമൺ സെന്റർ മുതൽ അമേരിക്കൻ മിഷൻ ഹോസ്പിറ്റലിനടുത്തുള്ള ട്രാഫിക് സിഗ്നൽ വരെ ശൈഖ് അബ്ദുല്ല റോഡ് നീണ്ടുനിവർന്നുകിടക്കുന്നു. രാവിലെയായതിനാൽ റോഡിൽ തിരക്കു കുറവായിരുന്നു.

ഗോൾഡ് സൂഖിന് അടുത്തുള്ള അറബിച്ചിയുടെ ഹോട്ടൽ തേടിയാണ് ഞാൻ നടക്കുന്നത്. ലത്തീഫ് പറഞ്ഞതു ശരിയാണെങ്കിൽ മോഡേൺ ബേക്കറിയുടെയും ഈസ്റ്റേൺ ബേക്കറിയുടെയും ഇടയിലുള്ള, ഒരു ഷട്ടർ മാത്രമുള്ള, പൂട്ടിക്കിടക്കുന്ന ഈ കടയായിരിക്കണം അറബിച്ചിയുടെ ഹോട്ടൽ. കടക്ക് സൈൻ ബോർഡ് ഒന്നുമില്ല. അഴിച്ചുമാറ്റിയതാവാം. ബോർഡിന്റെ സ്ഥാനത്ത് കുറച്ചു ലൈറ്റുകൾ മാത്രം കാണാം.

മനാമയിലെ കച്ചവടക്കാരനും കവിയുമായ വടകരക്കാരൻ ലത്തീഫ് എന്റെ ഒരു പഴയ കൂട്ടുകാരനാണ്. എൺപതുകളിൽ തുടങ്ങിയതാണ് ഞങ്ങളുടെ സൗഹൃദം.

മനാമയിലെ ആദ്യ മലയാളി കച്ചവടക്കാരനെപ്പറ്റി ഞാൻ ഈയിടെ ഒരു ലേഖനം എഴുതിയിരുന്നു. അത് കണ്ണൂർ തായത്തെരുവിലെ കല്ലിങ്കൽ മൂസയുടെ മകൻ മുഹമ്മദ് അലിയെപ്പറ്റിയായിരുന്നു. ആദ്യ

ത്തെ മലയാളി കച്ചവടക്കാരി ആരായിരുന്നു എന്ന ചോദ്യം അപ്പോൾ തന്നെ എന്റെ മനസ്സിലുദിച്ചിരുന്നു. ആ കച്ചവടക്കാരിയെ കണ്ടെത്തിയാൽ രണ്ടു കഥകളും ചേർത്ത് ഒരു പുസ്തകമാക്കാം. ആ കച്ചവടക്കാരിയെ തേടിയാണ് ഞാൻ ശൈഖ് അബ്ദുല്ല റോഡിലേക്ക് എത്തിയത്.

പൂട്ടിക്കിടക്കുന്ന കടയുടെ പരിസരത്തുള്ള കടകളിലുള്ളവർക്കാർക്കും തന്നെ അറബിച്ചിയെ അറിയില്ല. എല്ലാവരും പുതിയ ആളുകളാണ്. പണ്ടു മലയാളികളായ കച്ചവടക്കാർ ഏറെയുണ്ടായിരുന്നു. ഇപ്പോൾ മലയാളികളുടെ സ്ഥാനത്ത് ബംഗാളികളാണ്. മനാമ മുഴുവൻ ബംഗാളികൾ കൈയടക്കിയിരിക്കുന്നു എന്നുതന്നെ പറയാം.

അറബിച്ചിയുടെ ഹോട്ടലിനെപ്പറ്റിയുള്ള വിവരങ്ങൾ ഒന്നും തന്നെ ലഭിക്കാതെ നിരാശനായി മടങ്ങുമ്പോഴാണ് ഞാൻ രഘുരാമനെ കാണുന്നത്.

ശൈഖ് അബ്ദുല്ല റോഡിൽ വളരെക്കാലമായി തയ്യൽകട നടത്തുന്ന രഘുരാമനോട് ഞാൻ കാര്യങ്ങൾ പറഞ്ഞു. രഘുരാമൻ ചിരിച്ചു.

ഇപ്പോൾ പൂട്ടിക്കിടക്കുന്ന ആ കടതന്നെയായിരുന്നു അറബിച്ചിയുടെ ഹോട്ടൽ. സംഗം റസ്റ്റാറന്റ് എന്നായിരുന്നു ഹോട്ടലിന്റെ പേര്. പർദ ധരിച്ച ഒരു അറബ് സ്ത്രീയായിരുന്നു ഹോട്ടൽ നടത്തിയിരുന്നത്. കാഷ് കൗണ്ടറിൽ പർദ ധരിച്ച ഒരു സ്ത്രീ ഇരിക്കുന്നത് കണ്ട് മലയാളികൾ വിളിച്ച പേരാണ് അറബിച്ചിയുടെ ഹോട്ടൽ. ആ കാലത്ത് അതൊരു അപൂർവ കാഴ്ചയായിരുന്നു. സ്ത്രീകൾ നടത്തിയിരുന്ന കടകൾ അന്ന് ഇല്ലായിരുന്നു എന്നുതന്നെ പറയാം.

പേരുകളിടുന്നതിൽ നമ്മൾ മലയാളികൾ



»നാസർ യൂസുഫ്

**കനയ്യയോടൊപ്പം പൊലീസ് സ്റ്റേഷനിൽനിന്നും ഇറങ്ങുമ്പോൾ ഹവ്വ പൊലീസിനോട് പറഞ്ഞു, ഞങ്ങൾ നിങ്ങളുടെ നാട്ടിൽ വന്നത് കക്കാനല്ല, അധ്വാനിച്ച് കാശുണ്ടാക്കി കുടുംബം പോറ്റാനാണ്.**

മിടുക്കരാണ്. അയക്കൂറ പാർക്ക്, അമ്മോശന്റെ പീടിക, ജൂഫ്റി ഗല്ലി, ബംഗാളി ഗല്ലി, സുമതി മുക്ക് എന്നിങ്ങനെ എന്തെല്ലാം പേരുകൾ. രഘുരാമൻ വീണ്ടും ചിരിച്ചു.

ഹോട്ടൽ നടത്തിയിരുന്ന സ്ത്രീ ഒരു മലയാളിയായിരുന്നു. അറബിയായ അബ്ദുല്ലയുടെ ഭാര്യയായിരുന്നു, മാഹിക്കാരിയായ ഹവ്വാബി.

നിങ്ങൾ തേടിനടക്കുന്ന ഇവരായിരിക്കാം മനാമയിലെ ആദ്യത്തെ വനിത കച്ചവടക്കാരി. ഹവ്വ ഒരു കച്ചവടക്കാരി മാത്രമായിരുന്നില്ല, പരോപകാരി കൂടിയായിരുന്നു. ഇവിടെയുള്ള പലർക്കും അറിയാവുന്ന ഒരു കഥയുണ്ട്.

വർഷങ്ങൾക്കുമുമ്പ് ഒരു അറബി ഗോൾഡ് സൂഖിലെ ഒരു ജ്വല്ലറിയിൽ തന്റെ ഭാര്യക്കുവേണ്ടി ഒരു നെക്ലേസ് പണിയാൻ ഏൽപിച്ചു. ഇറാനിലേക്കുപോയ അറബി മാസങ്ങൾ കഴിഞ്ഞാണ് തിരിച്ചെത്തുന്നത്. ജ്വല്ലറിയിൽ പോയി ആഭരണം ചോദിച്ചപ്പോൾ നിങ്ങളുടെ ഭാര്യ വാങ്ങിക്കൊണ്ടുപോയി എന്നു കടക്കാരൻ പറഞ്ഞു. അത് കേട്ട് അറബി പോയി. അറബി തിരിച്ചുവന്നത് പൊലീസിനെ കൂട്ടിയാണ്.

ജ്വല്ലറി നടത്തിയിരുന്ന കനയ്യലാലിനെ പൊലീസ് അറസ്റ്റ് ചെയ്തു. അറബിയുടെ ഭാര്യക്ക് ആഭരണം കിട്ടിയിരുന്നില്ല. കനയ്യയെ പൊലീസ് അറസ്റ്റ് ചെയ്ത വിവരം അറിഞ്ഞ് ഹവ്വ മനാമ പൊലീസ് സ്റ്റേഷനിൽ എത്തി. സൂഖിലെ പ്രശസ്തനായ തട്ടാനാണ് കനയ്യലാൽ. എത്രയോ തവണ ഹവ്വ തന്നെ കനയ്യലാലിനെക്കൊണ്ട് ആഭരണങ്ങൾ പണിയിച്ചിരിക്കുന്നു. അന്നത്തെ കാലത്ത് ബോംബെ ഡിസൈൻ ആഭരണങ്ങൾ പണിയാൻ മിടുക്കനായിരുന്നു കനയ്യലാൽ.

സ്റ്റേഷനിലെ മുദീറിനോട് ഹവ്വ പറഞ്ഞു:



»ഹവ്വയും മകൻ അലിയും

കനയ്യ മോഷ്ടിക്കില്ല, ഉറപ്പ്.

എങ്കിൽ ആഭരണം എവിടെ?.

കനയ്യ പറയുന്നത് അറബിയുടെ ഭാര്യ ഗോൾഡ് സൂഖിൽ വന്നപ്പോൾ ആഭരണം കൊടുത്തു എന്നാണ്. അറബി പറയുന്നത് തന്റെ ഭാര്യ ഗോൾഡ് സൂഖിൽ വന്നിട്ടില്ല, അവർക്ക് ആഭരണം കിട്ടിയിട്ടുമില്ല എന്നും.

പർദയും ഹിജാബും ധരിച്ച അറബിയുടെ ഭാര്യ ആഭരണം കൊണ്ടുപോയി എന്ന് കനയ്യ ഉറപ്പിച്ചുപറയുന്നു.

അറബിയുടെ ഭാര്യ കർബാബാദുകാരിയാണ്. സീഫിന് അടുത്തുള്ള ഒരു ഗ്രാമമാണ് കർബാബാദ്. ഈ ഗ്രാമവാസികളായ സ്ത്രീകൾ നിഖാബ് (മൂടുപടം) ധരിക്കാതെ പുറത്തേക്ക് പോകാറില്ല. പ്രത്യേകിച്ച് മനാമ എന്ന നഗരത്തിലേക്ക് ഒരിക്കലും പോകില്ല. പർദ ധരിച്ച, മൂടുപടം ഇടാത്ത സ്ത്രീയാണ് ആഭരണം കൊണ്ടുപോയത്. അത് അറബിയുടെ ഭാര്യയാണെന്ന് കനയ്യക്കറിയാം. അറബിയുടെ കൂടെ പലതവണ അവർ കടയിൽ വന്നിട്ടുണ്ട്.

എങ്കിൽ അവർ അറബിയുടെ രണ്ടാം ഭാര്യയായിരിക്കും, ഹവ്വ ഉറപ്പിച്ചു.

സംഭവിച്ചത് ഇങ്ങനെയാണ്, ആഭരണം പണിയാൻ ഏൽപിച്ച് അറബി പോയി മാസങ്ങൾ കഴിഞ്ഞിട്ടും വരാതായപ്പോഴാണ് ഗോൾഡ് സൂഖിൽ കനയ്യ അറബിയുടെ ഭാര്യയെ കാണുന്നതും ആഭരണം ഏൽപിക്കുന്നതും.

അറബി ആഭരണം പണിയിച്ചത് ഒന്നാം ഭാര്യക്കുവേണ്ടിയായിരുന്നു. ആഭരണം കിട്ടിയത് രണ്ടാം ഭാര്യക്കും.

കനയ്യലാലിനെ കെട്ടിപ്പിടിച്ച് ക്ഷമചോദിച്ചുകൊണ്ട് അറബി പറഞ്ഞു: നീ എനിക്ക് ഒരു നെക്ലേസ് കൂടി പണിതു തരണം, എന്റെ ഒന്നാം ഭാര്യക്കുവേണ്ടി, ഇല്ലെങ്കിൽ അവൾ എന്നെ കൊല്ലും.

കനയ്യയോടൊപ്പം പൊലീസ് സ്റ്റേഷനിൽനിന്നും ഇറങ്ങുമ്പോൾ ഹവ്വ പൊലീസിനോട് പറഞ്ഞു: "ഞങ്ങൾ നിങ്ങളുടെ നാട്ടിൽ വന്നത് കക്കാനല്ല, അധ്വാനിച്ച് കാശുണ്ടാക്കി കുടുംബം പോറ്റാനാണ്".

മറ്റുള്ളവരെ സഹായിക്കുന്ന നീ നല്ലവളാണ്. അല്ലാഹുവിന്റെ കാരുണ്യം നിനക്കുണ്ടാവും. പൊലീസ് മുദീർ ഹവ്വയോട് പറഞ്ഞു.

ഇങ്ങനെ എത്രയോ കഥകൾ ഹവ്വയെപ്പറ്റി പറയാനുണ്ട്.


പരോപകാരിയായ കച്ചവടക്കാരി, മാഹിക്കാരി. ഹവ്വയെപ്പറ്റി കൂടുതൽ അറിയാൻ എനിക്കു താൽപര്യമേറി.

ചെറുതായി ആലോചിച്ച് രഘു പറഞ്ഞു;

മാഹിക്കാരനായ ഒരു സോമൻ വളരെക്കാലം ഹവ്വയുടെ ഹോട്ടലിലുണ്ടായിരുന്നു. സോമനോട് ചോദിച്ചാൽ ആവശ്യമുള്ള വിവരങ്ങൾ കിട്ടിയേക്കും. പക്ഷേ, ഇപ്പോൾ സോമൻ എവിടെയാണെന്ന് രഘുവിനറിയില്ല.

സോമന്റെ ഒരു മകൻ ഇവിടെയുണ്ട്. സൽമാബാദിൽ.

രഘു സോമന്റെ മകനെ വിളിച്ചു. സോമൻ നാട്ടിലാണ്. സോമ



»സോമൻ

# സോമൻ പറഞ്ഞ കഥ

ഒരു ദിവസം വൈകുന്നേരം ഞാൻ ന്യൂ മാഹിയിലെ, അഴീക്കൽ ജുമുഅത്ത് പള്ളിക്കടുത്തുള്ള പുതിയ പുരയിൽ സോമന്റെ വീട്ടിലെത്തി. സോമൻ എന്നെ കാത്തിരിക്കുന്നുണ്ടായിരുന്നു. ആറടി പൊക്കമുള്ള, വെളുത്ത നിറമുള്ള സുമുഖനായ സോമന് 70 വയസ്സിലേറെ ഉണ്ടെന്നു തോന്നില്ല. നേരത്തേ മൊബൈൽ ഫോണിൽ സംസാരിച്ചതിനാൽ സോമൻ നേരെ കാര്യത്തിലേക്കു കടന്നു;

"1976ലാണ് ഹവ്വ അയച്ചുതന്ന വിസയിൽ ഞാൻ ബഹ്റൈനിലെത്തുന്നത്. ഞങ്ങൾ അയൽക്കാർ ആയിരുന്നു.

എന്റെ അമ്മ രേവതിയും ഹവ്വയും കൂട്ടുകാരികളായിരുന്നു. ഞാൻ മാഹി കോളജിൽ പ്രീഡിഗ്രിക്കു പഠിക്കുമ്പോഴാണ് എന്റെ അമ്മ ഹവ്വയോട് വിസക്കുവേണ്ടി ആവശ്യപ്പെടുന്നത്.

അന്നത്തെ കാലത്ത് ഏതൊരു ചെറുപ്പക്കാരന്റെയും സ്വപ്നഭൂമിയായിരുന്നു സ്വർണം വിളയുന്ന ഗൾഫ് നാടുകൾ.

ഒരു ജൂൺ മാസത്തിൽ ബോംബെയിൽനിന്നു പുറപ്പെട്ട ദ്വാരക എന്ന കപ്പലിൽ യാത്രയാരംഭിച്ച് ഒമ്പതാം ദിവസമാണ് ബഹ്റൈനിലെത്തുന്നത്. നേരെ സംഗം റസ്റ്റാറന്റിൽ എത്തി. അന്നുമുതൽ രണ്ടായിരം വരെയുള്ള 24 വർഷങ്ങൾ ജോലിചെയ്തു. ഹവ്വ പോയപ്പോൾ വല്ലാത്ത ഒരു ശൂന്യത തോന്നി. പിന്നെ സംഗം ഹോട്ടൽ വിട്ടു, സൽമാബാദിൽ സ്വന്തമായി ഒരു റസ്റ്റാറന്റ് തുടങ്ങി. 60 വയസ്സ് കഴിഞ്ഞവർക്ക് ഇഖാമ കിട്ടില്ല എന്ന നിയമം വന്നപ്പോൾ ഞാൻ നാട്ടിലേക്കു മടങ്ങി. ഹവ്വ ഉണ്ടായിരുന്നെങ്കിൽ ആ നിയമം ഒരു പ്രശ്നമാകില്ലായിരുന്നു. എളുപ്പത്തിൽ എനിക്ക് ഇഖാമ കിട്ടുമായിരുന്നു. അവർക്ക് അത്രക്ക് സ്വാധീനമുണ്ടായിരുന്നു. നിങ്ങൾ അറിഞ്ഞതൊക്കെ ശരിയാണ്. മറ്റുള്ളവരെ സഹായിക്കാൻ അത്രക്ക് താൽപര്യമായിരുന്നു അവർക്ക്. ഹവ്വ ജീവിച്ചിരുന്നത് അവർക്കുവേണ്ടി മാത്രമായിരുന്നില്ല".

ഹവ്വയെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ അവരുടെ വളരെ അടുത്ത ബന്ധുവായ കുഞ്ഞിമൊയ്തുവിനോട് ചോദിക്കാം. സോമൻ ഫോണെടുത്തു കുഞ്ഞിമൊയ്തുവിനെ വിളിച്ചു. കിട്ടിയില്ല. കുഞ്ഞിമൊയ്തുവിന്റെ ഫോൺ അപ്പോൾ പരിധിക്കു പുറത്തായിരുന്നു.

പിരിയാൻ നേരത്ത് സോമൻ പറഞ്ഞു: 'ഈ കാണുന്ന വീടും മുറ്റത്തെ രണ്ടു കാറുകളും തൊട്ടടുത്ത് വാടകക്കു കൊടുത്തിരിക്കുന്ന വീടും ഒക്കെ ഉണ്ടായത് ബഹ്റൈനിൽനിന്ന് ഉണ്ടാക്കിയ പണം കൊണ്ടാണ്. ബന്ധുക്കളും നാട്ടുകാരുമായ 25ഓളം പേരെ എനിക്ക് ബഹ്റൈനിലെത്തിക്കാനും കഴിഞ്ഞു. മകൻ ഇപ്പോഴും ബഹ്റൈനിൽ ജോലിചെയ്യുന്നുണ്ട്. ഹവ്വ എനിക്കു വിസ അയച്ചുതന്നില്ലായിരുന്നുവെങ്കിൽ...സോമൻ വികാരാധീനനായി...

തൊട്ടടുത്തുള്ള പള്ളിയിൽനിന്നും അപ്പോൾ മഗ്‌രിബ് ബാങ്ക് മുഴങ്ങി.

ഹയ്യ അല സ്വലാ... പ്രാർഥനക്കായി വരൂ...

ഹയ്യ അലൽ ഫലാഹ്... പ്രതിഫലത്തിനായി വരൂ...

സോമനോട് സലാം പറഞ്ഞ് ഞാൻ പള്ളിയിലേക്കു നടന്നു.

# ബൽക്കീസ് പറഞ്ഞ കഥ

'ശഅ്ബാൻ മാസത്തിലെ ബറാഅത്ത് രാവിൽ മുഹറഖിലെ വീട്ടിലിരുന്ന് ഉമ്മ ഞങ്ങളോടു പറഞ്ഞു, ഇത്തവണത്തെ നോമ്പും പെരുന്നാളും എനിക്ക് നാട്ടിൽ ആഘോഷിക്കണം. ഞാൻ മകളെ പ്രസവിച്ചുകിടക്കുന്ന സമയമായതിനാൽ എനിക്ക് ഉമ്മയുടെ കൂടെ പോകാൻ പറ്റിയില്ല. പെരുന്നാൾ കഴിഞ്ഞ് തിരിച്ചുവരും എന്നുപറഞ്ഞു പോയ ഉമ്മ പിന്നെ തിരിച്ചുവന്നില്ല' -ബൽക്കീസിന്റെ കണ്ണുകൾ ഈറനണിഞ്ഞു.

പിരിയാൻ നേരം ബൽക്കീസിന്റെ മകൾ നാദിയ പഴയ ഒരു ആൽബം കാണിച്ചുതന്നു. കാൽ നൂറ്റാണ്ടുമുമ്പുള്ള കുറച്ച് ഫോട്ടോകൾ. ഹവ്വയും മക്കളും പേരക്കുട്ടികളും. ആദ്യമായാണ് ഹവ്വയുടെ ഒരു ഫോട്ടോ ഞാൻ കാണുന്നത്. എന്തൊരു ഐശ്വര്യമുള്ള മുഖം.






The Management and Staff of
Ali Venture International Holding Company WLL
Congratulate and offer best wishes to

## HM King Hamad bin Isa Al Khalifa
## HRH Prince Salman bin Hamad Al Khalifa

The Crown Prince Prime Minister

The Royal Family, Government and the people of the Kingdom of Bahrain on the occasion of the

# 51st National Day

علي فينتشر
انترناشيونال هولدينغ ذ.م.م.
ALI VENTURE
INTERNATIONAL HOLDING COMPANY W.L.L.

النور للنقليات AL NOOR TRANSPORTATION | HAIL CONSTRUCTION CO. W.L.L. | emediaVENTURA | Um Al Hassam Building Materials | ANI CONSULTANCY
النور AlNoor Express Mart | AKH REAL ESTATE | SULTAN سلطان MARINE INTERNATIONAL S.P.C | SULTAN سلطان AIR CONDITIONING & REFRIGERATION SERVICES | النور ALNOOR

PO Box 15877, Zamil Tower, Manama, Kingdom of Bahrain
Tel: +973 17 55 48 72
Fax: +973 17 55 48 79
Email: enquire@aliventuregroup.com

www.aliventuregroup.com



»കുഞ്ഞിമൊയ്തുവും നാദിയയും മക്കളും

# കുഞ്ഞിമൊയ്തു പറഞ്ഞ കഥ

**മി**അ്റാജ് രാവിലെ കാറ്റേ...

മരുഭൂ തണുപ്പിച്ച കാറ്റേ...

എരഞ്ഞോളി മൂസ ഈണത്തിൽ പാടുകയാണ്. നടുക്കടലിൽ തോണിയിലിരുന്ന് മൂസയോടൊപ്പം കുഞ്ഞിമൊയ്തുവും പാടി. മൂസക്കയുടെ പാട്ടുകൾ എത്ര കേട്ടാലും മതിവരില്ല. തലശ്ശേരിക്കാരുടെ ഇഷ്ട ഗായകനാണ് എരഞ്ഞോളി മൂസ. സാധാരണക്കാരന്റെ പാട്ടുകാരൻ.

മീൻപിടിക്കാൻ തോണിയുമായി കടലിൽ വന്നിട്ട് രണ്ടുദിവസമായി.

ഇതുവരെ മീനൊന്നും കിട്ടിയില്ല. ഡീസലിന് ചെലവായ തുകയുടെ മീനെങ്കിലും കിട്ടിയാൽ മതിയായിരുന്നു.

ഇല്ല, കടലമ്മ ചതിക്കില്ല. എന്തെങ്കിലും കിട്ടും ഉറപ്പ്. ഇതുവരെ വെറും കൈയോടെ തിരിച്ചുപോകേണ്ടിവന്നിട്ടില്ല.

അങ്ങനെ ചിന്തിച്ചിരിക്കുമ്പോൾ മൂസക്കയുടെ പാട്ടിനെ നിശ്ശബ്ദമാക്കിക്കൊണ്ട് ഫോൺ റിങ് ചെയ്തു. സോമേട്ടൻ കാര്യങ്ങളെല്ലാം പറഞ്ഞു. അങ്ങനെയാണ് ഞാൻ നിങ്ങളുടെ മുന്നിലെത്തുന്നത്.

‘എനിക്ക് അറിയാവുന്നതെല്ലാം ഞാൻ പറഞ്ഞുതരാം’. മാഹി ടാഗോർ പാർക്കിലെ നടപ്പാതയിൽ സിമന്റ് ബെഞ്ചിലിരുന്ന് കുഞ്ഞിമൊയ്തു പറഞ്ഞുതുടങ്ങി.

എന്റെ ഉമ്മാമയുടെ അനിയത്തിയാണ് ഹവ്വ. അഴീക്കൽ കടപ്പുറത്ത് ജനിച്ച ഹവ്വ ആരെയും കൂസാതെ തന്റേടിയായി വളർന്നു. ചെറുപ്പത്തിൽ തന്നെ ഹവ്വയുടെ കല്യാണം കഴിഞ്ഞു. തലശ്ശേരി മട്ടാമ്പ്രത്തെ അസൈനാറുമായി. അവർക്ക് ഒരു ആൺകുട്ടി പിറന്നു. വൈകാതെ അവർ വേർപിരിഞ്ഞു. ഹവ്വ മകൻ അലിയോടൊപ്പം ബോംബെയിലെത്തി ബന്ധുക്കളോടൊപ്പം താമസമായി. അവിടെ വെച്ചാണ് അറബിയായ അബ്ദുല്ല ഹവ്വയെ കാണുന്നതും കല്യാണം കഴിക്കുന്നതും.

1960ൽ ഹവ്വയും മകൻ അലിയും അബ്ദുല്ലയുടെ കൂടെ ബഹ്റൈനിലെത്തി.

ബുദയ്യയിലായിരുന്നു താമസം. ഹവ്വ അബ്ദുല്ലയുടെ നാലു മക്കളെ പ്രസവിച്ചു. പത്തു വർഷങ്ങൾക്കുശേഷം ഹവ്വയും അബ്ദുല്ലയും വേർപിരിഞ്ഞു. ആ വർഷം തന്നെയാണ് ഹവ്വ മനാമയിലെ ശൈഖ് അബ്ദുല്ല റോഡിൽ സംഗം റസ്റ്റാറന്റ് തുടങ്ങുന്നത്. ഹവ്വ വീണ്ടും കല്യാണം കഴിച്ചു. കച്ചവടക്കാരനായ കലന്തൻ മമ്മദാജി വില്യാപള്ളി സ്വദേശിയായിരുന്നു.

ഇതെല്ലാം ഉമ്മാമ പറഞ്ഞ വിവരങ്ങളാണ്.

കുറച്ചുകാലം ഞാനും ബഹ്റൈനിൽ ഉണ്ടായിരുന്നു. യുസ്റ കോൾഡ് സ്റ്റോറിൽ. സംഗം ഹോട്ടൽ കൂടാതെ മനാമയിലെ മൂൺലൈറ്റ് കോൾഡ് സ്റ്റോർ, ഹൂറയിലെ യുസ്റ കോൾഡ് സ്റ്റോർ, നയീം ഹോസ്പിറ്റലിന്റെ മുന്നിലുള്ള ഹാപ്പി റസ്റ്റാറന്റ് എന്നിവയും ഹവ്വയുടേതായിരുന്നു. കലന്തൻ മമ്മദാജിയുടെ നാട്ടിലുള്ള മകളെയാണ് ഞാൻ കല്യാണം കഴിച്ചത്. ഹവ്വയും കലന്തൻ മമ്മദാജിയും പിന്നീട് വേർപിരിഞ്ഞു. എങ്കിലും മരണം വരെ സൗഹൃദം തുടർന്നു -കുഞ്ഞിമൊയ്തു പറഞ്ഞു.

അസ്തമന സൂര്യന്റെ പൊൻവെളിച്ചം മയ്യഴിപുഴക്ക് സ്വർണവർണമേകി.

ചായ കുടിക്കാൻ വേണ്ടി ഞങ്ങൾ പാർക്കിലെ ലീ കഫേയിൽ കയറി.

ഹവ്വയുടെ മകൻ അലിയുടെ ഭാര്യയും മക്കളും മുഴപ്പിലങ്ങാട് താമസിക്കുന്നുണ്ട്. നാളെ നമുക്ക് അവിടെ പോകാം.

ചായ കുടിച്ച്, നാളെ കാണാമെന്നുപറഞ്ഞ് ഞങ്ങൾ പിരിഞ്ഞു.

മുഴപ്പിലങ്ങാട് റെയിൽവേ ഗേറ്റിനടുത്താണ് ഹവ്വ മൻസിൽ എന്ന വീട്. ഇരുനിലയുള്ള ഒരു സാധാരണ വീട്. ഹവ്വ പണിതതാണ്. ഹവ്വയുടെ മൂത്തമകൻ അലിയുടെ ഭാര്യ ബൽക്കീസും മക്കളുമാണ് ഇപ്പോൾ ഇവിടെ താമസിക്കുന്നത്.

ന്റെ മൊബൈൽ ഫോൺ നമ്പർ വാങ്ങി, രഘുവിനോടു യാത്രപറഞ്ഞ് പാർക്ക് ചെയ്ത കാറിനടുത്തേക്ക് തിരികെ നടന്നു. നവംബർ മാസം

തീരാറായി, എന്നിട്ടും ചൂട് ഇനിയും കുറഞ്ഞിട്ടില്ല.

അടുത്തയാഴ്ച ബിസിനസ് ആവശ്യങ്ങൾക്കായി ഇന്ത്യയിൽ പോകേണ്ടതുണ്ട്. അപ്പോൾ മാഹിയിൽ പോകണം. സോമനെ കാണണം. പറ്റുമെങ്കിൽ ഹവ്വയുടെ ബന്ധുക്കളെയും അന്വേഷിച്ചു കണ്ടെത്തി കിട്ടാവുന്ന വിവരങ്ങൾ ശേഖരിക്കണം.

## ഹവ്വാബി എന്ന ഹവ്വ (1940–1995)

റമദാൻ മാസം 29, മുഴപ്പിലങ്ങാടുള്ള വീട്ടിൽ നോമ്പുതുറന്ന് നമസ്കരിച്ചു. ഖുർആൻ ഓതിക്കൊണ്ടിരിക്കെ ഹവ്വക്ക് നേരിയ നെഞ്ചുവേദന തോന്നി. സാരമാക്കാതെ ഓത്തു തുടർന്നു. വേദന കൂടിവന്നു. ജോലിക്കാരിയോടൊപ്പം തലശ്ശേരിയിലെ ടെലി ഹോസ്പിറ്റലിലേക്കു പോയി. പരിശോധനക്കുശേഷം ആശുപത്രിയിൽ അഡ്മിറ്റായി. അടുത്ത ദിവസം പുലർച്ചെ ഹവ്വ മരിച്ചു. അപ്പോൾ അകലെയുള്ള പള്ളിയിൽനിന്നും സുബ്ഹി ബാങ്ക് മുഴങ്ങുന്നുണ്ടായിരുന്നു.

1995 മാർച്ച് ഒന്നിനാണ് ഹവ്വ മരിച്ചത് (റമദാൻ 30).

മക്കൾ വരുമെന്ന പ്രതീക്ഷയിൽ വൈകുന്നേരം വരെ കാത്തുനിന്നതിനുശേഷം മാഹിയിലെ കല്ലാപ്പള്ളി ഖബർസ്ഥാനിൽ പെരുന്നാളിന്റെ തലേന്ന് ഹവ്വയെ ഖബറടക്കി. കല്ലാപ്പള്ളിയിൽനിന്നുയർന്ന പെരുന്നാളിന്റെ തക്ബീർ വിളികൾ കേട്ടുകൊണ്ട് ഹവ്വ ആറടി മണ്ണിൽ ഉറങ്ങി.

ശാന്തമായി ഒഴുകുന്ന മയ്യഴി പുഴയെ നോക്കിക്കൊണ്ടാണ് കല്ലാപ്പള്ളി നിൽക്കുന്നത്. ഹവ്വയുടെ ഖബറിടം കാണാനാണ് ഞങ്ങൾ കല്ലാപ്പള്ളിയിൽ വന്നത്.

പള്ളിയുടെ പിറകിലുള്ള കാടുമൂടിയ ഭാഗത്തേക്കു ചൂണ്ടി കുഞ്ഞിമൊയ്തു പറഞ്ഞു, അവിടെയാണ് ഹവ്വയുടെ ഖബർ. ഹവ്വക്കു വേണ്ടി ഞങ്ങൾ പ്രാർഥിച്ചു.

മലയാളിയായി ജനിച്ച്, 62 വർഷങ്ങൾക്കുമുമ്പ് അറബിയെ കല്യാണം കഴിച്ച് ബഹ്റൈനിയായി, കച്ചവടക്കാരിയായി ജീവിച്ച ഹവ്വ, ചെറുപ്പത്തിൽ കല്ലാപ്പള്ളി ശൈഖിന്റെ പോരിശകൾ കേട്ടുവളർന്ന ഹവ്വ, ഞാൻ മരിച്ചാൽ കല്ലാപ്പള്ളിയിൽ ഖബറടക്കണം എന്നു മക്കളോടു ആശ പറയാറുണ്ടായിരുന്നു.

ഉമ്മാന്റെ ആശ അല്ലാഹു നിറവേറ്റി എന്നുപറയുന്ന മക്കൾ പക്ഷേ, അതു വളരെ നേരത്തേയായിപ്പോയി എന്നുപറഞ്ഞ് സങ്കടപ്പെടുന്നു.

55ാം വയസ്സിൽ മരിച്ച ധീരയായ, സാഹസികയായ, തന്റേടിയായ സ്ത്രീയായിരുന്നു ഹവ്വ.

അറബിയുടെ ഭാര്യയായി സുഖമായി ഒതുങ്ങി ജീവിക്കുന്നതിനു പകരം 30ാം വയസ്സിൽ മനാമയിലെ തിരക്കേറിയ ശൈഖ് അബ്ദുല്ല റോഡിൽ കച്ചവടം തുടങ്ങി മറ്റുള്ളവർക്കു വഴികാട്ടിയായ അവരുടെ ധീരത പ്രശംസനീയംതന്നെയാണ്, സംശയമില്ല.

52 വർഷങ്ങൾക്കുമുമ്പ് കച്ചവടം തുടങ്ങിയ ഇവർ തന്നെയായിരിക്കും ബഹ്റൈനിലെ ആദ്യ വിദേശിയായ വനിത വ്യാപാരി...


Warm Congratulations with Best Wishes To,

His Majesty King Hamad Bin Isa Al Khalifa

Benevolent King to the people, may God bless him

&

His Royal Highness Prince Salman Bin Hamad Al Khalifa

Crown Prince, Deputy Supreme Commander and Prime Minister, may God bless him

Wishing the people of Bahrain

16TH DECEMBER

BAHRAIN

NATIONAL DAY

51

اليوم الوطني البحرين

كيولرام وأولادة ذ.م.م

KEWALRAM & SONS W.L.L

+973 17210982 | Kewalram And Sons | kewalram.bh | www.kewalrams.com



» ഡോ. രവിപിള്ള

# ഗൾഫിൽ സാമ്പത്തിക മുന്നേറ്റത്തിന്റെ നാളുകൾ

◆ സിജു ജോർജ്

ഡോ. രവി പിള്ള എന്ന പേര് ഒരു ബ്രാൻഡ് നാമം പോലെ പ്രശസ്തമാണ്. ഗൾഫ് തട്ടകമായി, ഇന്ത്യയിലുൾപ്പെടെ ബിസിനസ് സാമ്രാജ്യം പടുത്തുയർത്തിയ ഡോ. രവി പിള്ള ജീവകാരുണ്യ രംഗത്തും സാമൂഹികരംഗത്തും സജീവ സാന്നിധ്യമാണ്. ലോക കോടീശ്വര പട്ടികയിൽ സ്ഥിരമായി ഇടംനേടുന്ന ഇദ്ദേഹം പാവപ്പെട്ട അനേകായിരങ്ങൾക്ക് ആശ്വാസത്തിന്റെ കരുതൽ സ്നേഹവുമാണ്. ഓയിൽ ആൻഡ് ഗ്യാസ് കൺസ്ട്രക്ഷൻ, ഹോസ്പിറ്റാലിറ്റി, ഹെൽത്ത്കെയർ, വിദ്യാഭ്യാസം, റിയൽ എസ്റ്റേറ്റ്, ഐ.ടി തുടങ്ങി ഡോ. രവി പിള്ള നയിക്കുന്ന ആർ.പി ഗ്രൂപ്പിന്റെ പ്രവർത്തന മണ്ഡലം വിപുലമാണ്. ബഹ്റൈൻ ദേശീയ ദിനം ആഘോഷിക്കുന്ന വേളയിൽ ഡോ. രവി പിള്ള പുതിയ ബിസിനസ് സാഹചര്യങ്ങളെക്കുറിച്ചും പ്രതീക്ഷകളെക്കുറിച്ചും ഗൾഫ് മാധ്യമത്തോട് സംസാരിക്കുന്നു...

**കോവിഡ് മഹാമാരിയുടെ വെല്ലുവിളി ഏറക്കുറെ അവസാനിച്ചു. പുതിയ സാഹചര്യത്തെ എങ്ങനെയാണ് കാണുന്നത്?**

ഗൾഫിലിപ്പോൾ സാമ്പത്തിക കുതിപ്പിന്റെ നാളുകളാണ്. അടുത്ത 10 വർഷത്തേക്ക് ഈ വളർച്ച മാറ്റമില്ലാതെ തുടരും. ബഹ്റൈൻ ഉൾപ്പെടെ എല്ലാ ജി.സി.സി രാജ്യങ്ങളിലും ഇതിന്റെ മാറ്റം പ്രകടമാണ്. ഏറ്റവും കൂടുതൽ മാറ്റമുണ്ടാകാൻ പോകുന്നത് യു.എ.ഇ, സൗദി അറേബ്യ, ഖത്തർ എന്നിവിടങ്ങളിലാണ്. റിഫൈനറി, പെട്രോകെമിക്കൽ മേഖലകളിലാണ് കൂടുതൽ വളർച്ച കൈവരിക്കുന്നത്. ഗൾഫിലെ സാമ്പത്തിക വളർച്ചയുടെ ഫലമായി ഇന്ത്യക്കാർക്ക് മാത്രം ഒരു ലക്ഷത്തോളം പുതിയ തൊഴിലവസരങ്ങൾ ഉണ്ടാകും.

മുമ്പ് യൂറോപ്യൻ രാജ്യങ്ങളിലേക്ക് ഗ്യാസ് നൽകിയിരുന്നത് റഷ്യയായിരുന്നെങ്കിൽ, യുക്രെയ്ൻ യുദ്ധം സാഹചര്യങ്ങളിൽ മാറ്റമുണ്ടാക്കി. യൂറോപ്യൻ രാജ്യങ്ങൾ വാതകത്തിനായി ഖത്തറിനെയാണ് ഇപ്പോൾ ആശ്രയിക്കുന്നത്. ലോകത്താകമാനം എണ്ണയുടെയും ഗ്യാസിന്റെയും ആവശ്യം വർധിച്ചതും ഗൾഫിലെ സാമ്പത്തിക വളർച്ചയുടെ പ്രധാന ഘടകമാണ്. അടുത്ത 10-15 വർഷത്തേക്ക് എണ്ണയുടെ ഡിമാൻഡിന് ഒരു ഭീഷണിയുമുണ്ടാകില്ല.

**തൊഴിൽ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്?**

ഗൾഫ് രാജ്യങ്ങൾ സമ്പദ് ഘടനയെ വൈവിധ്യവത്കരിക്കുന്ന കാലമാണിത്. എണ്ണയെ മാത്രം ആശ്രയിക്കുന്നതിനു പകരം പുതിയ മേഖലകളിലേക്ക് ഈ രാജ്യങ്ങൾ കടക്കുകയാണ്. സൗദിയിൽ ടൂറിസം മേഖലയിൽ വൻ മുന്നേറ്റമാണ് സംഭവിക്കാൻ പോകുന്നത്. ലോകത്തെ ഏറ്റവും വലിയ വിമാനത്താവളം സൗദിയിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചുകഴിഞ്ഞു. 500 ബില്യൺ ഡോളർ നിക്ഷേപത്തിൽ സ്ഥാപിക്കുന്ന നിയോം സിറ്റി മറ്റൊരു വൻകിട പദ്ധതിയാണ്. ലോകത്തുള്ള എല്ലാ ആളുകളും വിനോദ പരിപാടികൾക്കും മറ്റുമായി സൗദിയിൽ

വരണമെന്നാണ് അവർ ആഗ്രഹിക്കുന്നത്.

ഇതോടൊപ്പം, സ്വദേശികൾക്ക് കൂടുതൽ തൊഴിൽ നൽകണമെന്ന നിയമങ്ങൾ ഗൾഫ് രാജ്യങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. സൗദിയിൽ 100 ജീവനക്കാരെ ഒരു കമ്പനിയിലേക്ക് എടുത്താൽ അതിൽ 35 പേർ സ്വദേശികൾ ആയിരിക്കണമെന്നാണ് നിയമം. 2030 ആകുമ്പോൾ സ്വദേശികളുടെ അനുപാതം 70 ശതമാനമായി ഉയർത്തണം.

അത്രത്തോളമില്ലെങ്കിലും, ബഹ്റൈനിലും സ്വദേശികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്ന വിധത്തിൽ തീരുമാനങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ബഹ്റൈനിൽ ഏറ്റവും കൂടുതൽ സ്വദേശികൾക്ക് തൊഴിൽ നൽകുന്ന സ്ഥാപനം ആർ.പി ഗ്രൂപാണ്. ആയിരത്തോളം സ്വദേശികളാണ് ഗ്രൂപ്പിന് കീഴിൽ ജോലി ചെയ്യുന്നത്. സൗദിയിൽ 10,000ത്തോളം സ്വദേശികൾ ആർ.പി ഗ്രൂപ്പിന് കീഴിൽ ജോലിചെയ്യുന്നുണ്ട്. സ്ത്രീകൾ ഉൾപ്പെടെയുള്ള സ്വദേശികൾ മികച്ച യോഗ്യതകൾ നേടി തൊഴിൽ രംഗത്തേക്ക് വരുന്നുണ്ട്. എങ്കിലും, 2030 വരെ ഇന്ത്യക്കാർക്ക് തൊഴിലവസരങ്ങളിൽ കാര്യമായ വെല്ലുവിളി നേരിടേണ്ടി വരില്ല.

**സാമ്പത്തിക മേഖലയുടെ കരകയറ്റം എത്രത്തോളമായെന്നാണ് കരുതുന്നത്?**

കോവിഡിന്റെ പ്രത്യാഘാതത്തിൽനിന്ന് ബിസിനസ് മേഖല കരകയറാൻ ഇനിയും സമയമെടുക്കും. അതേസമയം, 2024 മുതൽ കാര്യമായ മാറ്റമുണ്ടാകുമെന്നാണ് പൊതുവേ പ്രതീക്ഷിക്കുന്നത്. ഗൾഫിൽ സൗദിയിലാണ് നിക്ഷേപത്തിന് ഏറ്റവും കൂടുതൽ സാധ്യതയുള്ളത്. ഇറക്കുമതി കുറച്ച് പരമാവധി ഉൽപാദനം രാജ്യത്തിനകത്തുതന്നെ നടത്താനുള്ള ശ്രമത്തിലാണ് സൗദി. അതിനുവേണ്ടി നിക്ഷേപകരെ ആകർഷിക്കാൻ അവർ കാര്യമായി ശ്രമിക്കുന്നുണ്ട്. ഹോസ്പിറ്റാലിറ്റി മേഖല ഇതിനകം തന്നെ മുന്നേറ്റം നടത്തിക്കഴിഞ്ഞു. ഈ മേഖലയിൽ ഏറ്റവും കൂടുതൽ വളർച്ച കൈവരിച്ച രാജ്യങ്ങളിലൊന്ന് ഇന്ത്യയാണ്. റൂം റേറ്റുകൾ 25 ശതമാനത്തോളം കൂടിയെന്ന് പറയുമ്പോൾ വളർച്ച എത്രത്തോളമുണ്ടെന്ന് മനസ്സിലാക്കാം.

**ബഹ്റൈന്റെ വളർച്ച സാധ്യതകളെ എങ്ങനെ കാണുന്നു?**

സമീപ ഭാവിയിൽതന്നെ ബഹ്റൈന് കൂടുതൽ വളർച്ച ഉണ്ടാകുമെന്നത് ഉറപ്പാണ്. വിദ്യാസമ്പന്നരായ യുവജനങ്ങളും വികസന കാഴ്ചപ്പാടുള്ള ഭരണാധികാരികളുമാണ് ഈ രാജ്യത്തിന്റെ സവിശേഷത. നിക്ഷേപകർക്ക് ആവശ്യമായ എല്ലാ സഹായങ്ങളും സർക്കാരിന്റെ ഭാഗത്തുനിന്ന് ലഭിക്കുന്നുണ്ട്. സൗദിയിൽനിന്നും യു.എ.ഇയിൽനിന്നും കൂടുതൽ നിക്ഷേപങ്ങൾ രാജ്യത്തേക്ക് എത്തും.

ബഹ്റൈനിൽ ഞങ്ങൾ ചെയ്യുന്ന ബാപ്കോ നവീകരണ പദ്ധതി 2023 അവസാനം കമീഷൻ ചെയ്യും. 30 വർഷത്തിനുശേഷം ബഹ്റൈനിൽ ആദ്യമായി വരുന്ന എണ്ണ ശുദ്ധീകരണശാല എന്ന പ്രത്യേകതയും ഇതിനുണ്ട്. ഏറ്റവും ആധുനികമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് സ്ഥാപിക്കുന്ന റിഫൈനറി മിഡിൽ ഈസ്റ്റിലെ ഏറ്റവും മികച്ച എണ്ണശുദ്ധീകരണ ശാലകളിൽ ഒന്നായിരിക്കും. പദ്ധതി കമീഷൻ ചെയ്യുന്നതോടെ ബഹ്റൈനിൽ ഒരു വികസന കുതിപ്പുണ്ടാകും.

രാജ്യത്തെ അടിസ്ഥാന സൗകര്യം അനുദിനമെന്നോണം വളർന്നുകൊണ്ടിരിക്കുകയാണ്. ടൂറിസ്റ്റുകൾ കൂടുതലായി വരുന്നതോടെ ഹോസ്പിറ്റാലിറ്റി മേഖലക്കും വളർച്ചയുണ്ടാകും.

**ദേശീയ ദിനത്തിൽ നൽകുന്ന സന്ദേശം എന്തായിരിക്കും?**

നമ്മൾ ജീവിക്കുന്ന ഈ നാട്ടിൽ ഐക്യത്തോടെയും സന്തോഷത്തോടെയും കഴിയുക. ഇവിടത്തെ സർക്കാറിന് നമ്മളാൽ കഴിയുന്ന എല്ലാ പിന്തുണയും നൽകുക. പ്രവാസികൾക്ക് നല്ലൊരു ജീവിതം തന്നത് ഈ നാടാണ്. അതൊരിക്കലും മറക്കാൻ പാടില്ല. സ്വദേശികളെന്നോ പ്രവാസികളെന്നോയുള്ള വേർതിരിവ് ഒരു കാര്യത്തിലും ബഹ്റൈനിൽ അനുഭവപ്പെടാറില്ല. ഒരച്ഛൻ മക്കളെ എങ്ങനെ സ്നേഹിക്കുന്നോ അതുപോലെ ഈ രാജ്യം നമ്മെ സ്നേഹിക്കുന്നുണ്ട്. ഇത്ര നല്ലൊരു കരുതൽ വേറെവിടെയും കാണാൻ കഴിയില്ല. ബഹ്റൈൻ നൽകുന്ന കരുതലിനോടും സ്നേഹത്തോടും എന്നും നന്ദിയുള്ളവരായിരിക്കുക. ■



»ഡോ. രവിപിള്ള

# അഭിമാനകരമായ നേട്ടങ്ങളുടെ വർഷം

> രാജാവ് ഹമദ് ബിൻ ഈസ ആൽ ഖലീഫയുടെ ഭരണ നേതൃത്വം രാജ്യത്തിന് പകരുന്ന ഉണർവും ഊർജവും കഴിഞ്ഞ നാളുകളിൽ അടുത്തനുഭവിക്കാൻ സാധിച്ചവരാണ് നാം.

◆ **അലി ഹസൻ**

ചെയർമാൻ, അലി വെഞ്ച്വർ ഇന്റർനാഷനൽ ഗ്രൂപ്

കഴിഞ്ഞുപോയ നാളുകളിലെ പ്രതിസന്ധികളെ ധൈര്യപൂർവം അതിജീവിച്ചു മുന്നോട്ടുകുതിക്കുന്ന ബഹ്റൈൻ 51ാം ദേശീയദിനാഘോഷത്തിന്റെ നിറവിൽ എത്തിനിൽക്കുന്നു. അഭിമാനകരമായ നേട്ടങ്ങളിലേക്കുള്ള കുതിപ്പിന് അടിത്തറയിട്ട ഒരു വർഷമാണ് കടന്നുപോകുന്നത്. വികസനത്തിന്റെ പാതയിൽ അതിവേഗം മുന്നോട്ടു സഞ്ചരിക്കാൻ രാജ്യം എല്ലാ അർഥത്തിലും തയാറെടുത്തുകഴിഞ്ഞു.

രാജ്യത്തോടുള്ള സ്നേഹവും കൂറും പ്രകടിപ്പിക്കുന്നതിനുള്ള അവസരമാണ് ദേശീയദിനാഘോഷം. 51 വർഷത്തിനിടെ ബഹ്റൈൻ കൈവരിച്ച നേട്ടങ്ങൾ ഓർത്തെടുക്കാനും കൂടുതൽ തിളക്കമുള്ള നാളെകളെ സ്വപ്നം കാണാനും ഈ അവസരം നമ്മെ പ്രാപ്തരാക്കുന്നു. രാജാവ് ഹമദ് ബിൻ ഈസ ആൽ ഖലീഫയുടെ ഭരണനേതൃത്വം രാജ്യത്തിനു പകരുന്ന ഉണർവും ഊർജവും കഴിഞ്ഞ നാളുകളിൽ അടുത്തനുഭവിക്കാൻ സാധിച്ചവരാണ് നാം. കോവിഡ് മഹാമാരിയുടെ പ്രത്യാഘാതങ്ങൾ ഏറക്കുറെ മറികടക്കാൻ രാജ്യത്തിന് സാധിച്ചു. ഭരണാധികാരികളുടെ നിശ്ചയദാർഢ്യത്തോടെയുള്ള ഇടപെടലുകളും സമയോചിതമായ നടപടികളുമാണ് രാജ്യത്തിന്റെ സാമ്പത്തിക വീണ്ടെടുപ്പിന് ചാലകശക്തിയായി വർത്തിച്ചത്. ലോകത്തിനു മുന്നിൽ അഭിമാനകരവും മാതൃകാപരവുമായ നേട്ടമാണ് ബഹ്റൈൻ കൈവരിച്ചതെന്ന് നിസ്സംശയം പറയാൻ സാധിക്കും.

റോഡുകൾ ഉൾപ്പെടെ അടിസ്ഥാന സൗകര്യമേഖലയിൽ വൻ വികസനമാണ് രാജ്യത്ത് വന്നുകൊണ്ടിരിക്കുന്നത്. കഴിഞ്ഞമാസം എക്സിബിഷൻ വേൾഡ് ബഹ്റൈൻ ഉദ്ഘാടനം ചെയ്തത് രാജ്യത്തെ സംബന്ധിച്ചിടത്തോളം വൻ നേട്ടമാണ്. അന്താരാഷ്ട്ര തലത്തിലുള്ള കോൺഫറൻസുകൾക്കും എക്സിബിഷനുകൾക്കും വേദിയാകാൻ ഇത് ബഹ്റൈനെ സഹായിക്കും.

ഫ്രാൻസിസ് മാർപാപ്പയുടെ നാലുദിവസത്തെ സന്ദർശനം വിശ്വമാനവികതയുടെയും സാഹോദര്യത്തിന്റെയും മതമൈത്രിയുടെയും ബഹ്റൈൻ പാരമ്പര്യം ഊട്ടിയുറപ്പിക്കുന്നതായിരുന്നു. ലോകത്തിന്റെ മുഴുവൻ പ്രശംസ പിടിച്ചുപറ്റിയ ബഹ്റൈന്റെ സഹിഷ്ണുതാ സന്ദേശത്തിന് അടിവരയിടുന്നതായിരുന്നു മാർപാപ്പയുടെ സന്ദർശനം.

പ്രവാസികളും സ്വദേശികളും സാഹോദര്യത്തോടെ കഴിയുന്ന ബഹ്റൈൻ എന്ന രാജ്യം നൽകുന്നത് സമാധാനത്തിന്റെ സന്ദേശമാണ്. ഏതു രാജ്യക്കാർക്കും സ്വന്തം വീടുപോലെയുള്ള അനുഭവമാണ് ഇവിടെ ലഭിക്കുന്നത്. ലോകത്തിൽ മറ്റെവിടെയും കാണാൻ കഴിയാത്ത സ്നേഹത്തിന്റെ ഇഴയടുപ്പമാണ് ഈ നാടിനെ ഏവർക്കും പ്രിയപ്പെട്ടതാക്കുന്നത്.

ഇനിയും കൂടുതൽ ഉയരങ്ങളിലേക്ക് നടന്നുകയറാൻ ബഹ്റൈന് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു. രാജാവ് ഹമദ് ബിൻ ഈസ ആൽ ഖലീഫക്കും കിരീടാവകാശിയും പ്രധാനമന്ത്രിയുമായ പ്രിൻസ് സൽമാൻ ബിൻ ഹമദ് ആൽ ഖലീഫക്കും രാജകുടുംബാംഗങ്ങൾക്കും ബഹ്റൈൻ സർക്കാറിനും രാജ്യത്തെ ജനങ്ങൾക്കും ക്ഷേമവും ഐശ്വര്യവും നേരുകയും ചെയ്യുന്നു. ■



»അലി ഹസൻ



# SALUTING A VISIONARY NATION AND ITS GREAT LEADERS

On the glorious occasion of the 51st National Day of The Kingdom of Bahrain,
we convey our heartfelt wishes & congratulations to
**HM King Hamad bin Isa Al Khalifa,**
**HRH Prince Salman bin Hamad Al Khalifa, The Crown Prince and The Prime Minister of Bahrain,**
other members of the royal family, Government leaders and the people of the Kingdom of Bahrain.




LuLu International Exchange

لولو العالمية للصرافة

www.luluexchange.com | LuLuExchangeBH

# കരുതലിന്റെ കരങ്ങൾ

◆ സിജു ജോർജ്

> ‘ആകസ്മികമായി കണ്ടുമുട്ടിയ ഒരു മലയാളിയുടെയും ബഹ്റൈനിയുടെയും സമാന ചിന്തകളിൽനിന്ന് പിറവിയെടുത്തതാണ് മുഹമ്മദ് അഹ്മദി കമ്പനി എന്നുപറയുമ്പോൾ ഓരോ കേരളീയനും അഭിമാനിക്കാം’

ഒരു കമ്പനിയെ മുന്നോട്ടുനയിക്കുക എന്നത് ഏറെ അധ്വാനം ആവശ്യമുള്ള ദൗത്യമാണ്. വലിയതോതിൽ മാനസിക സംഘർഷവും അതിനുവേണ്ടി അനുഭവിക്കേണ്ടിവരും. അങ്ങനെയെങ്കിൽ, ജീവനക്കാരുടെ സംതൃപ്തിക്കും സന്തോഷത്തിനും മുഖ്യ പരിഗണന നൽകി ഒരു കമ്പനി വിജയകരമായി നടത്തുന്നത് എത്രത്തോളം വിഷമകരമായിരിക്കും? അങ്ങേയറ്റം പ്രയാസകരമായ ദൗത്യമാണ് അതെന്ന് പൊതുവെ എല്ലാവരും സമ്മതിക്കും. എന്നാൽ, ആ സങ്കൽപം പൊളിച്ചെഴുതുകയാണ് ബഹ്റൈനിൽ ക്ലീനിങ് കോൺട്രാക്ടിങ് രംഗത്തെ മുൻനിര സ്ഥാപനമായ മുഹമ്മദ് അഹ്മദി കമ്പനി.

നൂറു ശതമാനം അഭിമാനത്തോടെ, സ്വന്തം സ്ഥാപനമെന്ന് ഓരോ ജീവനക്കാരനും ഈ കമ്പനിയെക്കുറിച്ച് പറയുന്നത് അതിശയോക്തിയല്ല. സ്വന്തം ഹൃദയത്തിൽതട്ടിയാണ് അവർ ഓരോരുത്തരും സ്ഥാപനത്തോടുള്ള സ്നേഹം വെളിപ്പെടുത്തുന്നത്. അതിനുകാരണം ഒന്നു മാത്രമാണ്; മുഹമ്മദ് അഹ്മദി കമ്പനി അവരോട് കാണിക്കുന്ന കരുതലും പരിഗണനയും.



»ചെയർമാൻ മുഹമ്മദ് ഇബ്രാഹിം അഹ്മദിക്കൊപ്പം ബേബി മാത്യു



»ജീവനക്കാർക്കായി സംഘടിപ്പിച്ച അവാർഡ് നൈറ്റ്



»ജനറൽ മാനേജർ ജി. പത്മകുമാർ

ആകസ്മികമായി കണ്ടുമുട്ടിയ ഒരു മലയാളിയുടെയും ബഹ്റൈനിയുടെയും സമാന ചിന്തകളിൽനിന്ന് പിറവിയെടുത്തതാണ് മുഹമ്മദ് അഹ്മദി കമ്പനി എന്നുപറയുമ്പോൾ ഓരോ കേരളീയനും അഭിമാനിക്കാം. കോട്ടയം ജില്ലയിലെ അയ്മനം സ്വദേശിയായ ബേബി മാത്യു ആണ് ഈ സ്ഥാപനത്തിന്റെ അമരക്കാരനായ മലയാളി.

നാട്ടിൽ സഹോദരനൊപ്പം പ്രിന്റിങ് പ്രസ് നടത്തുകയായിരുന്ന ബേബി മാത്യു 1974 ആഗസ്റ്റ് 15ന് 24ാം വയസ്സിലാണ് ബഹ്റൈനിൽ എത്തിയത്. അറേബ്യൻ പ്രിന്റിങ് ആൻഡ് പബ്ലിഷിങ് ഹൗസിൽ ജോലിചെയ്തിരുന്ന സഹോദരന്റെ മകൻ മുഖേനയാണ് ബേബി മാത്യു അവിടെ ജോലിയിൽ പ്രവേശിച്ചത്. അതേ സ്ഥാപനത്തിൽ ജോലിചെയ്തിരുന്ന പ്രസ് ഉടമയുടെ ഭാര്യാസഹോദരൻ മുഹമ്മദ് ഇബ്രാഹിം അഹ്മദിയും ബേബി മാത്യുവും ആദ്യ കാഴ്ചയിൽതന്നെ അടുത്ത കൂട്ടുകാരായി. മുഹമ്മദ് അഹ്മദിയുടെ വീട്ടിൽ നടക്കുന്ന ചടങ്ങുകളിലേക്ക് ബേബിയെ ക്ഷണിക്കുന്നതും പതിവായി. സമപ്രായക്കാരായ ഇരുവരും തമ്മിലുള്ള ബന്ധം അങ്ങനെ കൂടുതൽ ദൃഢമായി.

പ്രസിൽ ജോലിചെയ്യുമ്പോൾ, സ്വന്തമായി ഒരു കമ്പനി തുടങ്ങുകയെന്ന ആശയം ഇവർ ചർച്ച ചെയ്യുകയും 1975ൽ ആ സ്വപ്നം യാഥാർഥ്യമാക്കുകയും ചെയ്തു. ഇരുവരും പാർട്ണർമാരായി, നാല് ജീവനക്കാരുമായാണ് കമ്പനി പ്രവർത്തനം തുടങ്ങിയത്. ക്രമേണ വിവിധ സ്ഥാപനങ്ങളുടെ ക്ലീനിങ് ജോലികൾ കമ്പനിക്ക് ലഭിച്ചുതുടങ്ങി. ബ്രിട്ടീഷ് രാജ്ഞി വരുന്നതിനോടനുബന്ധിച്ച് ഹിൽട്ടൺ ഹോട്ടലിന്റെ ജോലി ലഭിച്ചത് വലിയ നേട്ടമായി. ബഹ്റൈനിലെ കുലീന കുടുംബങ്ങളിലൊന്നായ അഹ്മദി കുടുംബത്തിന്റെ പേരും കമ്പനിയെ സഹായിച്ചു.

## അടിയുറച്ച ധാർമിക ബോധ്യം

കമ്പനിയുടെ ഓരോ വളർച്ചയിലും ധാർമികമൂല്യങ്ങൾ ചേർത്തുപിടിക്കുന്നതിൽ മാനേജിങ് ഡയറക്ടറായ ബേബി മാത്യുവും ചെയർമാൻ മുഹമ്മദ് ഇബ്രാഹിം അഹ്മദിയും വിട്ടുവീഴ്ച കാണിച്ചില്ല. കമ്പനിയിലേക്ക് ജോലിക്ക് എടുക്കുന്ന ഒരാളിൽനിന്നും വിസക്ക് പണം ഈടാക്കരുതെന്ന് ഏജന്റുമാർക്ക് കർശന നിർദേശമാണ് നൽകിയിട്ടുള്ളത്. കമ്പനിയുടെ വിജയരഹസ്യങ്ങൾ എന്തൊക്കെയെന്ന് ബേബി മാത്യു പറയുന്നു:

'ജീവനക്കാരുടെ സംതൃപ്തിക്കും സന്തോഷത്തിനുമാണ് എന്നും മുഖ്യ പരിഗണന നൽകിയിട്ടുള്ളത്. അവരുടെ ആവശ്യങ്ങൾ നിറവേറ്റിയശേഷമുള്ള ലാഭമേ കമ്പനിക്ക് ആവശ്യമുള്ളൂ. കൂടുതൽ പണമുണ്ടാക്കുന്നതിലല്ല; ഒരു കുടുംബംപോലെ എല്ലാ ജീവനക്കാരെയും ചേർത്തുപിടിച്ച് കമ്പനിയെ മുന്നോട്ട് നയിക്കുന്നതിലാണ് ഞങ്ങൾ സന്തോഷം കണ്ടെത്തുന്നത്'.

ആധുനിക കോർപറേറ്റ് യുഗത്തിൽ ഇത്തരം സുന്ദരമായ ആശയ സംഹിത നടപ്പാക്കുന്നത് അത്ര എളുപ്പമല്ല എന്ന് തിരിച്ചറിഞ്ഞുകൊണ്ടുതന്നെയാണ് ബേബി മാത്യുവും മുഹമ്മദ് ഇബ്രാഹിം അഹ്മദിയും ഈ വെല്ലുവിളി ഏറ്റെടുത്തത്.

## ജീവനക്കാരാണ് സമ്പത്ത്

കമ്പനിയെ കൂടുതൽ പ്രഫഷനൽ രീതിയിൽ മുന്നോട്ട് കൊണ്ടുപോവുക എന്ന ലക്ഷ്യത്തോടെ 2010ൽ ജി. പത്മകുമാറിനെ ജനറൽ മാനേജരായി നിയമിച്ചതോടെ സമൂലമായ പരിഷ്കരണമാണുണ്ടായത്. കമ്പനിയും ജീവനക്കാരും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമായി.

ജീവനക്കാർ പരസ്പരവും അവരുടെ കുടുംബാംഗങ്ങൾ തമ്മിലും സ്നേഹത്തിന്റെ ഇഴയടുപ്പം ഉണ്ടാകണമെന്ന് ബഹുരാഷ്ട്ര കമ്പനിയിലെ അനുഭവസമ്പത്തുമായി എത്തിയ പത്മകുമാറിന് നിർബന്ധമായിരുന്നു. മാനേജ്മെന്റ് തലത്തിലുള്ള ജീവനക്കാരുടെ ജന്മദിനങ്ങൾ ആഘോഷിച്ചുകൊണ്ടാണ് ഇതിന് തുടക്കമിട്ടത്. ജന്മദിനങ്ങളിൽ വീടുകളിലുണ്ടാക്കിയ പലഹാരങ്ങളും ഭക്ഷണങ്ങളും കൊണ്ടുവരാൻ മാനേജ്മെന്റ് ജീവനക്കാർ മത്സരിക്കുന്ന സാഹചര്യമാണ് ഇപ്പോൾ. ക്രമേണ എല്ലാ ജീവനക്കാരുടെയും ജന്മദിനങ്ങൾ ആഘോഷിക്കാൻ തുടങ്ങി. അങ്ങേയറ്റം സത്യസന്ധരും കഠിനാധ്വാനികളുമായ ഒരുകൂട്ടം ചെറുപ്പക്കാരെ മാനേജ്മെന്റ് സ്റ്റാഫായി നിയമിക്കുകയും പത്മകുമാറിന്റെ സ്വപ്നം സാക്ഷാത്കരിക്കാൻ അർപ്പണബോധത്തോടെ അവർ പിന്തുണനൽകുകയും ചെയ്തു.

നാലു ജീവനക്കാരുമായി 1975ൽ പ്രവർത്തനമാരംഭിച്ച സ്ഥാപനത്തിൽ ഇന്ന് 1400ഓളം ജീവനക്കാരാണുള്ളത്. എല്ലാ മാസവും ഒരു ദിവസം തിരഞ്ഞെടുത്ത് ആ മാസത്തെ ജന്മദിനാഘോഷങ്ങൾ സംഘടിപ്പിക്കും. ഒരു മാസംതന്നെ 150ഓളം ജീവനക്കാരുടെ ജന്മദിനങ്ങൾ കമ്പനിയുടെ യൂട്യൂബ് ചാനലിലൂടെ ആഘോഷിക്കാറുണ്ട്.

വരുമാനം കൊണ്ടുവരുന്ന ജീവനക്കാരാണ് സ്ഥാപനത്തിലെ ഏറ്റവും പ്രധാന ഘടകം എന്ന കാഴ്ചപ്പാടോടെയാണ് കമ്പനിയുടെ ഓരോ പ്രവർത്തനവും. ജീവനക്കാരുടെ മാനസികോല്ലാസത്തിനും ക്ഷേമത്തിനും



»ബേബി മാത്യുവും മുഹമ്മദ് ഇബ്രാഹിം അഹ്മദിയും (പഴയകാല ചിത്രം)



»ഗാന്ധിദർശൻ അവാർഡ് 2015ൽ മുൻ കേന്ദ്രമന്ത്രി മണിശങ്കർ അയ്യരിൽനിന്ന് ഏറ്റുവാങ്ങുന്നു

പരിഗണന നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് പത്മകുമാറിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ക്രിക്കറ്റ്, വോളിബാൾ, കാരംസ്, ചെസ്, ബാഡ്മിന്റൻ ടൂർണമെന്റുകളും ചിത്രരചന, ക്വിസ്, കലാ, കായിക മത്സരങ്ങൾ തുടങ്ങിയവയും സ്ഥിരമായി സംഘടിപ്പിച്ച് തുടങ്ങിയപ്പോൾ ജീവനക്കാരുടെ ആവേശം വർധിച്ചു. കുടുംബ സംഗമങ്ങളിൽ കലാപരിപാടികൾ അവതരിപ്പിക്കാൻ ഓരോരുത്തരും മത്സരിച്ചു. പരിപാടികളുടെ അവതാരകരായി എത്തുന്നതും ജീവനക്കാർതന്നെ. ഓരോ തവണയും മാറിമാറി അവസരം നൽകിയപ്പോൾ എല്ലാവർക്കും ആവേശമായി.

ജീവനക്കാരുടെ കലാപരമായ കഴിവുകൾക്ക് പ്രോത്സാഹനം നൽകാൻ ഷോർട്ട് ഫിലിമുകൾ നിർമിക്കാൻ തുടങ്ങിയത് മറ്റൊരു വഴിത്തിരിവായി. 'മരുഭൂമിയിലെ കാൽപാടുകൾ', 'കനിവിന്റെ 10 ദീനാർ', 'നോവ്', 'വെഡിങ് ഡേ', 'ചിത്ര'തുടങ്ങി നിരവധി ഷോർട്ട് ഫിലിമുകൾ ഇവിടെ പിറവിയെടുത്തു. അഭിനയംതൊട്ട് സാങ്കേതിക ജോലികൾവരെയുള്ള മുഴുവൻ കാര്യങ്ങളും ചെയ്യുന്നത് ജീവനക്കാരും അവരുടെ കുടുംബാംഗങ്ങളും ചേർന്നാണ്. സ്കൂൾ, കോളജ് തലങ്ങളിൽ കലാരംഗത്ത് നിറഞ്ഞുനിന്നിരുന്ന പത്മകുമാറാണ് ഷോർട്ട് ഫിലിമുകളുടെ കഥയും തിരക്കഥയും സംവിധാനവും നിർവഹിക്കുന്നത്. വീട്ടുകാരോടും സമൂഹത്തോടുമുള്ള ബന്ധം ഊഷ്മളമാക്കുന്നതിന്റെയും മദ്യപാനം, പുകവലി തുടങ്ങിയ ദുശ്ശീലങ്ങളുടെ ദോഷവശങ്ങളെക്കുറിച്ചും സന്ദേശം നൽകുന്ന ഷോർട്ട് ഫിലിമുകൾ ജീവനക്കാരുടെ സമീപനത്തിൽ വലിയ മാറ്റമുണ്ടാക്കിയതായി പത്മകുമാർ സാക്ഷ്യപ്പെടുത്തുന്നു.

ഒരു വർഷത്തെ മത്സരങ്ങളിൽ വിജയികളായ ജീവനക്കാർക്ക് ട്രോഫികളും സമ്മാനങ്ങളും നൽകാൻ എല്ലാ ഫെബ്രുവരിയിലും നടത്തുന്ന 'മാക് അവാർഡ് നൈറ്റ്'ഏറെ കൈയടി നേടിയ പ്രോഗ്രാമാണ്. ബഹ്റൈനിലെ പ്രമുഖർ മുഖ്യാതിഥികളായെത്തുന്ന പരിപാടിയിൽവെച്ച് 300ലധികം ജീവനക്കാർക്കുള്ള പുരസ്കാരങ്ങൾ സമ്മാനിക്കും. പ്രൗഢഗംഭീരമായ വേദിയിൽവെച്ച് മുഖ്യാതിഥികളിൽനിന്ന് സമ്മാനം ഏറ്റുവാങ്ങുമ്പോൾ ഓരോ ജീവനക്കാരന്റെയും മുഖത്ത് വിരിയുന്ന പുഞ്ചിരി ഹൃദയം തൊടുന്നതാണ്.

മാനേജ്മെന്റ് തലത്തിലുള്ള ജീവനക്കാരെയും കുടുംബാംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന കുടുംബ സംഗമവും കമ്പനിയുടെ പ്രയാണത്തിൽ നവോന്മേഷം പകരുന്ന പ്രോഗ്രാമാണ്. ഓരോരുത്തരും വ്യത്യസ്തമായ കലാപരിപാടികൾ അവതരിപ്പിച്ച് കുടുംബ സംഗമം അവിസ്മരണീയമാക്കും. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി, കമ്പനിയിൽ സ്ഥാപിച്ചിട്ടുള്ള ഒരു ബോക്സിൽ മാനേജ്മെന്റ് തലത്തിലുള്ള ജീവനക്കാർക്ക് ഇഷ്ടമുള്ള ഒരു തുക നിക്ഷേപിക്കാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. മൂന്നു മാസം കൂടുമ്പോൾ ഈ തുക ഉപയോഗിച്ച് അടിത്തട്ടിലുള്ള ജീവനക്കാർക്കാവശ്യമായ അവശ്യസാധനങ്ങൾ വാങ്ങിനൽകും. ഈ ഉദ്യമത്തിനും മികച്ച പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇതിനുപുറമെ, ജീവനക്കാരുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് കോവിഡ് കാലത്ത് ആരംഭിച്ച മാക് ടി.വി എന്ന ടെലിവിഷൻ ചാനലും ഏറെ ശ്രദ്ധനേടി. ജീവനക്കാരുടെയും കുടുംബാംഗങ്ങളുടെയും വ്യത്യസ്ത പ്രോഗ്രാമുകളാൽ സമ്പുഷ്ടമാണ് ഈ ചാനൽ.

ജീവനക്കാരെ സ്നേഹിക്കുകയും ചേർത്തുപിടിക്കുകയും ചെയ്യുന്ന കമ്പനിക്ക് മികച്ച തൊഴിലാളി സൗഹൃദ സ്ഥാപനത്തിനുള്ള ഗാന്ധിദർശൻ അവാർഡ് 2015ൽ മുൻ കേന്ദ്രമന്ത്രി മണിശങ്കർ അയ്യർ സമ്മാനിച്ചത് വേറിട്ട പ്രവർത്തന സംസ്കാരത്തിനുള്ള അംഗീകാരമായിരുന്നു.

## വിപുലമായ സാന്നിധ്യം

ക്ലീനിങ് സേവനങ്ങളാണ് കമ്പനിയുടെ മുഖ്യ പ്രവർത്തനമേഖല. മാനേജ്മെന്റ് സർവിസ്, എയർ കണ്ടീഷനർ മെയിന്റനൻസ്, സെക്യൂരിറ്റി സർവിസ്, ട്രാവൽ ആൻഡ് ടൂറിസം, ട്രേഡിങ്, ക്ലീനിങ് സൊലൂഷൻസ് തുടങ്ങിയ മേഖലകളിലും കമ്പനി സജീവമാണ്.

ബേബി മാത്യുവിനും മുഹമ്മദ് അഹ്മദിക്കും ഇതൊരു സ്വപ്നസാക്ഷാത്കാരമാണ്. 47 വർഷം മുമ്പ് അറേബ്യൻ പ്രിന്റിങ് ആൻഡ് പബ്ലിഷിങ് ഹൗസിലെ ജോലിക്കിടയിൽ കണ്ട ചെറിയ സ്വപ്നം ഇന്ന് തിളക്കത്തോടെ തലയുയർത്തിനിൽക്കുന്നു. ദൈവം കൃപയോടെ വഴിനടത്തി; ഞങ്ങൾ ആ വഴിയെ നടന്നു എന്ന് ബേബി മാത്യു പറഞ്ഞുനിർത്തി.

◆



»ജീവനക്കാർക്കായി സംഘടിപ്പിച്ച വടംവലി മത്സരത്തിൽനിന്ന്

BFC





Congratulations & best wishes to

**HM King Hamad bin Isa Al Khalifa**
The King,
of the Kingdom of Bahrain

**HRH Prince Salman bin Hamad Al Khalifa**
The Crown Prince and Prime Minister

The Royal Family, Government & the People of the Kingdom of Bahrain on the occasion of the

**51st National Day.**

/BFCBahrain /bfc.bh
1722 8888 www.bfc.com.bh



»ഹസൻ ബൂഖമ്മാസ്

**അഞ്ചുതവണ കേരളം സന്ദർശിച്ചിട്ടുണ്ടെന്ന് പറയുമ്പോൾതന്നെ മനസ്സിലാക്കാം, ഹസൻ ബൂഖമ്മാസിന് മലയാളികളോടുള്ള സ്നേഹത്തിന്റെ ആഴം.**

# ജനകീയനായ ജനപ്രതിനിധി

◆ **സിജു ജോർജ്**

ഹസൻ ഈദ് റാഷിദ് ബൂഖമ്മാസിനെ ബഹ്റൈനിലെ പ്രവാസി മലയാളികൾക്ക് പരിചയപ്പെടുത്തേണ്ട ആവശ്യമില്ല. പാർലമെന്റ് അംഗമെന്ന നിലയിൽ ജനങ്ങൾക്കുവേണ്ടി അഹോരാത്രം പ്രയത്നിക്കുന്ന അദ്ദേഹം പ്രവാസികൾക്കും പ്രത്യേകിച്ച് മലയാളികൾക്കും ഏറെ പ്രിയപ്പെട്ട ജനപ്രതിനിധിയാണ്. പാർലമെന്റ് തെരഞ്ഞെടുപ്പിൽ പങ്കാളികളാകാൻ അവസരമില്ലെങ്കിലും തെരഞ്ഞെടുപ്പ് സമയത്ത് മലയാളികൾ ഹസൻ ബൂഖമ്മാസിന്റെ വിജയത്തിനുവേണ്ടി ആത്മാർഥമായി ആഗ്രഹിക്കും. കാരണം, ഇന്ത്യക്കാരുടെ ഓരോ പരിപാടിക്കും ഓടിയെത്തുന്ന അദ്ദേഹത്തിന് പ്രവാസികളുടെ ഹൃദയത്തിൽ സവിശേഷമായ ഒരു സ്ഥാനമാണുള്ളത്.

അഞ്ചുതവണ കേരളം സന്ദർശിച്ചിട്ടുണ്ടെന്ന് പറയുമ്പോൾതന്നെ മനസ്സിലാക്കാം, ഹസൻ ബൂഖമ്മാസിന് മലയാളികളോടുള്ള സ്നേഹത്തിന്റെ ആഴം.

2002ലെ ആദ്യ പാർലമെന്റിൽ അംഗമായിരുന്ന ഹസൻ ബൂഖമ്മാസ് നീണ്ടകാലത്തെ രാഷ്ട്രീയ പരിചയവുമായാണ് ഇത്തവണ വീണ്ടും പാർലമെന്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. നവംബറിൽ നടന്ന രണ്ടാം റൗണ്ട് വോട്ടെടുപ്പിൽ 81.22 ശതമാനം വോട്ട് നേടി മിന്നും ജയത്തോടെയാണ് പാർലമെന്റിലേക്കുള്ള അദ്ദേഹത്തിന്റെ തിരിച്ചുവരവ്. ഹസൻ ബൂഖമ്മാസ് എന്ന ജനകീയ നേതാവിനുള്ള അംഗീകാരമായിരുന്നു ആ വോട്ടുകൾ. ജനങ്ങൾ അർപ്പിച്ച വിശ്വാസം നൂറുശതമാനം ആത്മാർഥതയോടെ നിറവേറ്റാൻ പരിശ്രമിക്കുമെന്ന ഉറപ്പാണ് അദ്ദേഹം തിരികെനൽകുന്നത്. കാപിറ്റൽ ഗവർണറേറ്റിലെ നാലാം മണ്ഡലത്തെ (അൽ ഫാത്തിഹ്, ഗുറൈഫ, ജുഫൈർ ഉമ്മുൽഹസം, ഗുദൈബിയ, മിനാ സൽമാൻ, അദ്‍ലിയ, അബു ഗസാൽ) പ്രതിനിധീകരിക്കുന്ന ഇദ്ദേഹത്തിന് മുൻകാലങ്ങളിലെ അനുഭവ സമ്പത്താണ് കരുത്തേകുന്നത്.

ജനങ്ങൾക്കിടയിലേക്കിറങ്ങി, അവരോടൊപ്പം ചേർന്ന് പ്രവർത്തിക്കുന്ന ഹസൻ ബൂഖമ്മാസിന്, ജനങ്ങളുടെ ക്ഷേമവും ഉയർന്ന ജീവിത നിലവാരവുമാണ് എം.പി എന്ന നിലയിലുള്ള മുഖ്യ പരിഗണനാ വിഷയം. ദീർഘകാലം സർക്കാർ സർവിസിൽ ജോലിചെയ്ത് വിരമിച്ച പെൻഷൻകാരുടെ മെച്ചപ്പെട്ട ജീവിതത്തിന് സർക്കാറിന്റെ ഭാഗത്തുനിന്ന് ഉചിത നടപടി ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്ന ബൂഖമ്മാസ്, പ്രതിവർഷമുള്ള മൂന്ന് ശതമാനം പെൻഷൻ വർധന പുനഃസ്ഥാപിക്കണമെന്നും ആവശ്യപ്പെടുന്നു.

എല്ലാ പൗരന്മാരും സന്തോഷത്തിലും സമാധാനത്തിലും കഴിയുന്നതിന് ആവശ്യമായ സാഹചര്യം ഉണ്ടാകണമെന്ന് സ്വപ്നം കാണുന്ന ഈ ജനപ്രതിനിധി, സ്വന്തമായൊരു ഭവനത്തിനായി വർഷങ്ങളോളം കാത്തിരിക്കുന്നവരുടെ പ്രയാസങ്ങളും ഉയർത്തിക്കാട്ടുന്നു. ഒരു വീട് എന്ന സ്വപ്നവുമായി 25 വർഷത്തിലധികം കാത്തിരിക്കുന്നവരും രാജ്യത്തുണ്ട്. ഇവരുടെ ശബ്ദം പാർലമെന്റിൽ ഉയർത്തുകയാണ് ഹസൻ ബൂഖമ്മാസിന്റെ



ലക്ഷ്യം.

ഓരോ വർഷവും വീടിനായുള്ള ആവശ്യം വർധിച്ചുവരുന്ന സാഹചര്യമാണ് ഇപ്പോൾ കാണാൻ കഴിയുന്നത്. അപ്പാർട്മെന്റിനേക്കാൾ കുടുതൽ സ്വകാര്യതയും സുരക്ഷിതത്വവും നൽകുന്ന വീടിനോടാണ് ഭൂരിഭാഗം പേർക്കും താൽപര്യം. പൗരന്മാർക്കായി 40,000 വീടുകൾ എന്ന രാജാവ് ഹമദ് ബിൻ ഈസ ആൽ ഖലീഫയുടെ പ്രഖ്യാപനം, വീടിനായി കാത്തിരിക്കുന്നവർക്ക് നൽകുന്ന ആശ്വാസം വളരെ വലുതാണെന്ന് ഹസൻ ബൂഖമ്മാസ് പറയുന്നു.

## കേരളത്തോട് പെരുത്ത് ഇഷ്ടം

ഇന്ത്യക്കാരുമായുള്ള ദീർഘകാലത്തെ സഹവാസം, കേരളത്തെ ഹസൻ ബൂഖമ്മാസിന് പ്രിയപ്പെട്ട നാടാക്കി മാറ്റി. അടുത്ത ജനുവരിയിൽ വീണ്ടും ദൈവത്തിന്റെ സ്വന്തം നാട്ടിലെത്താനുള്ള ഒരുക്കത്തിലാണ് ബഹ്റൈനിലെ ഈ ജനകീയ എം.പി. 2014 ജനുവരിയിൽ പട്ടിക്കാട് ജാമിഅ നൂരിയ്യ അറബിക് കോളജിന്റെ സനദ് ദാന സമ്മേളനത്തിൽ ഇപ്പോഴത്തെ പാർലമെന്റ് അംഗം അഹ്മദ് ഖറാത്തക്കൊപ്പമാണ് അദ്ദേഹം പങ്കെടുത്തത്. പതിനായിരക്കണക്കിന് ആളുകൾ പങ്കെടുത്ത സമ്മേളനം ഒരു വിസ്മയമായാണ് അദ്ദേഹത്തിന് അനുഭവപ്പെട്ടത്.

ഹൃദയം നിറഞ്ഞ അനുഭവമാണ് ഓരോ കേരള യാത്രയും ഹസൻ ബൂഖമ്മാസിന് സമ്മാനിച്ചത്. കൊച്ചിയിലും ആലപ്പുഴയിലും സന്ദർശനം നടത്തിയ അദ്ദേഹം, കേരളത്തിൽനിന്ന് ലഭിച്ച ആതിഥ്യമര്യാദ വളരെ ഹൃദ്യമായിരുന്നുവെന്ന് ഓർത്തെടുക്കുന്നു. സ്വന്തം വീട്ടിലെത്തിയതുപോലെയുള്ള അനുഭവമാണ് ഓരോ കേരള യാത്രയും അദ്ദേഹത്തിന് സമ്മാനിച്ചത്.



»2014 ജനുവരിയിൽ പട്ടിക്കാട് ജാമിഅ നൂരിയ്യ അറബിക് കോളജിന്റെ സനദ് ദാന സമ്മേളനത്തിൽ ഹസൻ ബൂഖമ്മാസ് പങ്കെടുത്തപ്പോൾ. പാർലമെന്റംഗം അഹ്മദ് ഖറാത്ത, കോട്ടുമല ബാപ്പു മുസ്‌ലിയാർ, സമസ്ത ജനറൽ സെക്രട്ടറി കെ. ആലിക്കുട്ടി മുസ്‌ലിയാർ, മുസ്‌ലിം ലീഗ് സംസ്ഥാന അധ്യക്ഷൻ സാദിഖലി ശിഹാബ് തങ്ങൾ, കെ.എം.സി.സി ബഹ്റൈൻ പ്രസിഡന്റ് ഹബീബ് റഹ്മാൻ തുടങ്ങിയവർ സമീപം

**ഹൃദയം നിറഞ്ഞ അനുഭവമാണ് ഓരോ കേരളയാത്രയും ഹസൻ ബൂഖമ്മാസിന് സമ്മാനിച്ചത്. കേരളത്തിൽനിന്ന് ലഭിച്ച ആതിഥ്യമര്യാദ വളരെ ഹൃദ്യമായിരുന്നുവെന്ന് ഓർത്തെടുക്കുന്നു അദ്ദേഹം.**

»ജാമിഅ നൂരിയ്യ അറബിക് കോളജിന്റെ സനദ് ദാന സമ്മേളനത്തിൽ ഹസൻ ബൂഖമ്മാസ് സംസാരിക്കുന്നു



പ്രവാസികളുടെ എല്ലാ പരിപാടികളിലും സന്തോഷപൂർവം പങ്കെടുക്കുന്ന ഹസൻ ബൂഖമ്മാസ്, തെരഞ്ഞെടുപ്പിന്റെ തിരക്കുകൾക്കിടയിലും പ്രവാസികൾ സംഘടിപ്പിച്ച ഒരു ഫുട്ബാൾ ടൂർണമെന്റ് ഉദ്ഘാടനം ചെയ്യാൻ സമയം കണ്ടെത്തി.

ഹസൻ ബൂഖമ്മാസിന്റെ ഉടമസ്ഥതയിലുള്ള ബൂഖമ്മാസ് എസ്റ്റാബ്ലിഷ്മെന്റിലെ 100ലധികം ജീവനക്കാരിൽ ഭൂരിഭാഗവും പ്രവാസികളാണ്. 19ാം വയസ്സിൽ ഇവിടെ ജോലിക്ക് ചേർന്ന മുംബൈ സ്വദേശി മുഹമ്മദ് ഇസ്മായിലിന് ഇപ്പോൾ 65 വയസ്സായി. മക്കളും പേരക്കുട്ടികളുമായി കഴിയുന്ന ഇസ്മായിലിന് സ്വന്തം കുടുംബം പോലെയാണ് ഈ സ്ഥാപനം.

സ്ഥാപനത്തിലെ ചീഫ് അക്കൗണ്ടന്റ് അജിത് 18ാം വയസ്സിൽ ജോലിക്ക് ചേർന്നതാണ്. ബിരുദ, ബിരുദാനന്തര പഠനമെല്ലാം ബഹ്റൈനിൽതന്നെ പൂർത്തിയാക്കിയ അജിത്തും ഹസൻ ബൂഖമ്മാസിന് പ്രിയപ്പെട്ട ജീവനക്കാരനാണ്. ഇന്ത്യക്കാർ, പ്രത്യേകിച്ച് മലയാളികൾ ഏറെ വിശ്വസ്തരാണെന്ന് ഹസൻ ബൂഖമ്മാസ് സാക്ഷ്യപ്പെടുത്തുന്നു.

## സന്തോഷകരമാകട്ടെ ദേശീയദിനം

ബഹ്റൈൻ 51ാം ദേശീയദിനം ആഘോഷിക്കുമ്പോൾ എല്ലാവർക്കും സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും ആശംസകൾ നേരുകയാണ് ഹസൻ ബൂഖമ്മാസ്. രാജാവ് ഹമദ് ബിൻ ഈസ ആൽ ഖലീഫക്കും കിരീടാവകാശിയും പ്രധാനമന്ത്രിയുമായ പ്രിൻസ് സൽമാൻ ബിൻ ഹമദ് ആൽ ഖലീഫക്കും രാജ്യത്തെ ജനങ്ങൾക്കും അദ്ദേഹം ആശംസകൾ നേർന്നു. എല്ലാ ജനങ്ങളും സന്തോഷകരമായ ജീവിതം നയിക്കുന്ന ശോഭനമായ ഭാവിയിലേക്ക് രാജ്യം മുന്നേറട്ടെയെന്നും അദ്ദേഹം ആശംസിക്കുന്നു.

◆



»ഡോ. വർഗീസ് കുര്യൻ

# ഹൃദയത്തോട് ചേർത്തുപിടിക്കാം ഈ രാജ്യത്തെ

◆ ഡോ. വർഗീസ് കുര്യൻ,

ചെയർമാൻ, വി.കെ.എൽ ഹോൾഡിങ്സ് ആൻഡ് അൽ നമൽ ഗ്രൂപ്

51ാം ദേശീയ ദിനാഘോഷത്തിന്റെ സന്തോഷം രാജ്യമെങ്ങും അലയടിക്കുന്ന ദിവസങ്ങളാണിത്. ചെറുതെങ്കിലും സുന്ദരവും വികസിതവുമായ ഈ രാജ്യത്തിലെ ഭരണാധികാരികൾക്കും ജനങ്ങൾക്കുമൊപ്പം പ്രവാസികൾക്കും ആഹ്ലാദത്തിന്റെ വേളയാണ് ദേശീയ ദിനാഘോഷം.

കോവിഡ് 19 മഹാമാരിയുടെ ഭീഷണികൾ ഏതാണ്ട് പൂർണമായി ഇല്ലാതായ സാഹചര്യത്തിലാണ് ഇത്തവണ നാം ദേശീയ ദിനത്തെ വരവേൽക്കുന്നത്. അതുകൊണ്ടുതന്നെ ആഘോഷങ്ങൾക്ക് തീർച്ചയായും പകിട്ട് കൂടും.

കിങ് ഹമദ് ബിൻ ഈസ ആൽ ഖലീഫയുടെയും കിരീടാവകാശിയും പ്രധാനമന്ത്രിയുമായ പ്രിൻസ് സൽമാൻ ബിൻ ഹമദ് ആൽ ഖലീഫയുടെയും നേതൃത്വത്തിൽ ബഹ്റൈൻ പുരോഗതിയിലേക്ക് അനുദിനം മുന്നേറുന്നതിന് നാം സാക്ഷിയാണ്. രാജ്യമെങ്ങും നടക്കുന്ന വികസന പ്രവർത്തനങ്ങൾ അതിന് തെളിവാണ്. അടിസ്ഥാന സൗകര്യ മേഖലയിലും വിനോദ സഞ്ചാര രംഗത്തും വൻ കുതിപ്പാണ് ബഹ്റൈൻ നടത്തിക്കൊണ്ടിരിക്കുന്നത്. റോഡ് ഗതാഗതം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നടന്നുകൊണ്ടിരിക്കുന്ന നവീകരണ പ്രവർത്തനങ്ങൾ എടുത്തുപറയേണ്ടതാണ്. ജനങ്ങൾക്ക് മെച്ചപ്പെട്ട പാർപ്പിട സൗകര്യം ഒരുക്കുന്നതിന് സർക്കാർ നൽകുന്ന പരിഗണനയും അഭിനന്ദനാർഹമാണ്.

കോവിഡ് മഹാമാരിക്കുശേഷം രാജ്യത്തേക്ക് വിനോദ സഞ്ചാരികളുടെ വരവ് വൻതോതിൽ വർധിച്ചു. രണ്ട് വർഷത്തോളം പ്രതിസന്ധി നേരിട്ട ഹോസ്പിറ്റാലിറ്റി മേഖലക്ക് പുത്തനുണർവ് നൽകുന്നതാണ് വിനോദ സഞ്ചാരികളുടെ വരവ്. സഖീറിൽ അടുത്തിടെ ഉദ്ഘാടനം ചെയ്ത എക്സിബിഷൻ വേൾഡ് ബഹ്റൈൻ ആഗോള കോൺഫറൻസുകൾക്കും എക്സിബിഷനുകൾക്കും വേദിയൊരുക്കുമ്പോൾ രാജ്യത്തിന്റെ യശസ്സ് ഉയരുകയാണ്.

**പ്രവാസികളെന്നോ സ്വദേശികളെന്നോ വ്യത്യാസമില്ലാതെ ചേർത്തുപിടിക്കുന്ന രാജ്യത്തോടും ഭരണാധികാരികളോടുമുള്ള ആദരവിനുള്ള മുഹൂർത്തമാകട്ടെ ഈ ദേശീയ ദിനാഘോഷം.**

മതമൈത്രിയുടെയും സാഹോദര്യത്തിന്റെയും നാട് എന്ന വിശേഷണത്തിന് തിളക്കം വർധിപ്പിച്ച സംഭവമാണ് ഫ്രാൻസിസ് മാർപാപ്പയുടെ ബഹ്റൈൻ സന്ദർശനം. മാർപാപ്പയെ സ്വീകരിക്കാൻ രാജ്യം മുഴുവൻ ആവേശത്തോടെ അണിനിരന്നപ്പോൾ സഹിഷ്ണുതയുടെയും സ്നേഹത്തിന്റെയും പുതുചരിത്രം പിറക്കുകയായിരുന്നു.

ഒരുമയുടെ പുതിയ സ്നേഹഗാഥകൾ രചിച്ച് രാജ്യം കൂടുതൽ പുരോഗതിയിലേക്ക് മുന്നേറട്ടെ. പ്രവാസികളെന്നോ സ്വദേശികളെന്നോ വ്യത്യാസമില്ലാതെ മുഴുവനാളുകളെയും ചേർത്തുപിടിക്കുന്ന രാജ്യത്തോടും ഭരണാധികാരികളോടുമുള്ള സ്നേഹവും ആദരവും പ്രകടിപ്പിക്കുന്ന മുഹൂർത്തമാകട്ടെ ഈ ദേശീയ ദിനാഘോഷം.

ASTER DM HEALTHCARE SINCE 1987

# CELEBRATING 51 WONDERFUL YEARS OF OUR GREAT COUNTRY



Let's aim to go higher, be healthier and stay happier from here, together!

**Happy National Day of Bahrain!**

51 YEAR OF THE FIFTY ONE

HIGHER
HEALTHIER
HAPPIER
WITH Aster

**Aster Clinic, Gudaibiya**
Beside Gudaibiya Mosque
Kingdom of Bahrain

Scan the QR code for Location of the Clinic

**Aster Clinic, Sanad**
Buhair, Beside The New Indian School,
Kingdom of Bahrain

Scan the QR code for Location of the Clinic

Aster CLINIC
We'll Treat You Well

www.aster.bh /asterclinicbahrain /asterdmhbahrain / asterclinics 17711811

CARE IS JUST AN Aster AWAY



»എസ്.ജി എബ്രഹാം

# സ്നേഹനൂലിൽ കോർത്തെടുത്ത ഹൃദയബന്ധം

> കഠിനാധ്വാനവും നിശ്ചയദാർഢ്യവും ആത്മാർഥതയും കൂടിച്ചേർന്നതാണ് എസ്.ജി എബ്രഹാം എന്ന വ്യക്തിത്വം. ഈ മൂന്ന് സവിശേഷതകൾക്കൊപ്പം, വിജയത്തിന്റെ പടവുകൾ കയറാൻ സഹായിച്ച ഒരു വ്യക്തിയെക്കൂടി അനുസ്മരിക്കാതെ മാവേലിക്കര ശങ്കരത്തിൽ കുടുംബാംഗമായ എസ്.ജി എബ്രഹാമിന്റെ ജീവിതകഥ പൂർണമാകില്ല.

◆ **സിജു ജോർജ്**

ഇലക്ട്രിക്കൽ ഡിപ്ലോമ കോഴ്സ് പഠിച്ച് ബഹ്റൈനിൽ എത്തി മാർക്കറ്റിങ് രംഗത്ത് വെന്നിക്കൊടി പാറിച്ച ചരിത്രമാണ് എസ്.ജി. എബ്രഹാമിന്റേത്. ബഹ്റൈനിലെ ഏറ്റവും പ്രമുഖ ഡിസ്ട്രിബ്യൂഷൻ സ്ഥാപനമായ അലി റാഷിദ് അൽ അമീൻ കമ്പനിയുടെ സെയിൽസ് ആൻഡ് മാർക്കറ്റിങ് ജനറൽ മാനേജരായ ഇദ്ദേഹത്തിന് ബഹ്റൈൻ സ്വന്തം നാടും വീടും പോലെ പ്രിയപ്പെട്ടതാണ്. കാരണം, 47 വർഷത്തെ സുദീർഘമായ ബന്ധമാണ് അദ്ദേഹത്തിന് ഈ രാജ്യവുമായും കമ്പനിയുമായും ഉള്ളത്.

കഠിനാധ്വാനവും നിശ്ചയദാർഢ്യവും ആത്മാർഥതയും കൂടിച്ചേർന്നതാണ് എസ്.ജി എബ്രഹാം എന്ന വ്യക്തിത്വം. ഈ മൂന്ന് സവിശേഷതകൾക്കൊപ്പം, വിജയത്തിന്റെ പടവുകൾ കയറാൻ സഹായിച്ച ഒരു വ്യക്തിയെക്കൂടി അനുസ്മരിക്കാതെ മാവേലിക്കര ശങ്കരത്തിൽ കുടുംബാംഗമായ എസ്.ജി എബ്രഹാമിന്റെ ജീവിതകഥ പൂർണമാകില്ല.

ബോസ് എന്ന് അദ്ദേഹം വിളിക്കുന്ന കമ്പനിയുടെ സ്ഥാപക ചെയർമാൻ അലി റാഷിദ് അൽ അമീനാണ് ആ വഴി കാട്ടി. ഒരു മകനെപ്പോലെ ചേർത്ത് നിർത്തി, എല്ലാ കാര്യങ്ങളും പഠിപ്പിച്ച്, തനിക്ക് വിജയപാത കാണിച്ചുതന്ന അലി റാഷിദ് അൽ അമീനെക്കുറിച്ച് പറയുമ്പോൾ എസ്.ജി എബ്രഹാമിന്റെ മുഖത്ത് കൃതജ്ഞതയുടെ സ്നേഹഭാവം നിഴലിക്കും.

സ്നേഹത്തിന്റെ നൂലിഴകളിൽ കോർത്തെടുത്തതാണ് എസ്.ജി എബ്രഹാമും ബോസും തമ്മിലുള്ള ബന്ധം. അനിഷ്ടമുണ്ടായാൽ ശകാരിക്കുകയും തൊട്ടുപിന്നാലെ ചേർത്തുപിടിക്കുകയും ചെയ്യുന്ന പിതൃതുല്യമായ സ്നേഹമാണ് അലി റാഷിദ് അൽ അമീന് അദ്ദേഹത്തോടുണ്ടായിരുന്നത്. ഒരു സൂപ്പർമാർക്കറ്റിൽനിന്ന് തുടങ്ങി, ബഹ്റൈനിലെ വൻകിട കമ്പനികളിലൊന്നായി മാറിയതിന്റെ നാൾവഴികളിൽ ഇരുവരും ഒരുമിച്ച് നടന്നു.

ബഹ്റൈൻ ഡാനിഷ് ഡയറി, ട്രാഫ്കോ, ഫോസ്കോ എന്നീ കമ്പനികളുടെ ചെയർമാനായിരുന്നു അലി റാഷിദ്

അൽ അമീൻ. ഒപ്പം നാഷനൽ ഇൻഷുറൻസ് കമ്പനി, നാഷനൽ ബാങ്ക് ഓഫ് ബഹ്‌റൈൻ, ബാൻസ് എന്നിവയുടെ വൈസ് ചെയർമാൻ പദവിയും അലങ്കരിച്ചു. ബഹ്‌റൈൻ ചേംബർ ഓഫ് കൊമേഴ്‌സിൽ അഗ്രികൾച്ചറൽ ഡിവിഷന്റെ ചെയർമാൻസ്ഥാനവും വഹിച്ചിരുന്നു.

വ്യാപാരത്തിന്റെ തന്ത്രങ്ങൾ സ്വന്തമാക്കിയ അദ്ദേഹത്തിൽനിന്ന് എസ്.ജി എബ്രഹാം മാർക്കറ്റിങ്ങിന്റെ ബാലപാഠങ്ങൾ പഠിച്ചു. മറ്റ് രാജ്യങ്ങളിൽ പോകാനും വിപണിയെക്കുറിച്ച് പഠിക്കാനും പിന്തുണ നൽകിയത് ചെയർമാനാണ്. തന്റെ വളർച്ചക്ക് പിന്നിലെ ചാലകശക്തി അലി റാഷിദ് അൽ അമീൻ ആണെന്ന് എസ്.ജി എബ്രഹാം അഭിമാനത്തോടെ പറയുന്നു.

സൗദി അരാംകോയിൽ സൂപ്പർവൈസറായി ജോലിചെയ്യുമ്പോൾ കമ്പനിക്കകത്ത് കണ്ട സൂപ്പർമാർക്കറ്റിൽനിന്ന് പ്രചോദനമുൾക്കൊണ്ടാണ് അലി റാഷിദ് അൽ അമീൻ മനാമയിൽ സ്വന്തമായി സൂപ്പർമാർക്കറ്റ് തുടങ്ങിയത്.

## കപ്പലിലെ ബഹ്‌റൈൻ യാത്ര

നാട്ടിൽ ഇലക്ട്രിക്കൽ ഡിപ്ലോമ കോഴ്‌സ് പാസായപ്പോൾ ഉദിച്ച പേർഷ്യൻ മോഹം സഫലമായത് ബഹ്‌റൈനിൽ ജോലികിട്ടിയപ്പോഴാണ്. 1975 ഡിസംബറിൽ ബഹ്‌റൈനിലേക്കുള്ള യാത്രക്കായി എസ്.ജി എബ്രഹാം ബോംബെയിൽ എത്തി. അക്കാലത്ത് ബോംബെയിൽനിന്ന് കപ്പലിലായിരുന്നു ഗൾഫിലേക്കുള്ള യാത്ര. ദ്വാരക, ദുംറ എന്നീ രണ്ട് കപ്പലുകളാണ് അന്ന് ബഹ്‌റൈനിലേക്ക് സർവിസ് നടത്തിയിരുന്നത്. ഹജ്ജ് സീസണിന്റെ തിരക്കായതിനാൽ ബോംബെയിൽ ഒരുമാസം കാത്തിരിക്കേണ്ടി വന്നു. ഒടുവിൽ, 1976 ജനുവരി 29ന് ബഹ്‌റൈനിൽ കപ്പലിറങ്ങി.

അലി റാഷിദ് അൽ അമീൻ കമ്പനിയുടെ തുടക്കരൂപമായ മനാമയിലെ എക്സിബിഷൻ കോൾഡ് സ്റ്റോറിൽ സെയിൽസ് വിഭാഗത്തിലായിരുന്നു ജോലി. അന്ന് അവിടെ ജോലി ചെയ്തിരുന്ന അമ്മാവന്റെ ഒരു പരിചയക്കാരനാണ് ആദ്യകാലത്ത് വേണ്ട സഹായങ്ങൾ നൽകിയത്. പിന്നീട് മുഹറഖിൽ എക്സിബിഷൻ കോൾഡ് സ്റ്റോർ ശാഖ തുടങ്ങിയപ്പോൾ അതിന്റെ ചുമതലക്കാരനായി നിയോഗിച്ചത് എസ്.ജി എബ്രഹാമിനെ ആയിരുന്നു.

തുടക്കം മുതൽ ഒരു കുടുംബാംഗത്തെപ്പോലെയുള്ള പരിഗണനയാണ് എസ്.ജി എബ്രഹാമിന് അലി റാഷിദ് അൽ അമീനിൽനിന്നും കുടുംബത്തിൽനിന്നും ലഭിച്ചത്. മുഹറഖ് സൂപ്പർമാർക്കറ്റിൽ ജോലിചെയ്യുമ്പോൾ ഉച്ചക്ക് ഭക്ഷണം കഴിച്ചിരുന്നത് അദ്ദേഹത്തിന്റെ വീട്ടിൽനിന്നായിരുന്നു. അവിടെ അനുവദിച്ചുനൽകിയ മുറിയിലായിരുന്നു ഒരു മണി മുതൽ മൂന്ന് മണിവരെയുള്ള ഇടവേള സമയത്തെ ഉച്ചമയക്കം.

ദീർഘകാലത്തെ സേവനത്തിനിടയിൽ ചെയർമാന്റെ സ്നേഹവും കാരുണ്യവും അടുത്തറിയാനുള്ള നിരവധി സന്ദർഭങ്ങളുണ്ടായതായി എസ്.ജി എബ്രഹാം ഓർമിക്കുന്നു. 12 വർഷം മുമ്പ് സ്ട്രോക്ക് വന്നപ്പോൾ ബഹ്‌റൈനിൽ ലഭ്യമായ ഏറ്റവും മികച്ച ചികിത്സ ലഭ്യമാക്കാനും ചെയർമാൻ മുൻകൈയെടുത്തു. അദ്ദേഹം എല്ലാ ദിവസവും സുഖവിവരം അന്വേഷിച്ച് ആശുപത്രിയിൽ എത്തുകയും പഴങ്ങളും പൂക്കളും കൊണ്ടുവരുകയും ചെയ്തിരുന്നു.



» അലി റാഷിദ് അൽ അമീൻ

**മൂന്നു വർഷം മുമ്പ് മരിക്കുന്നതുവരെ മകനോടെന്നപോലെയുള്ള കരുതലാണ് അലി റാഷിദ് അൽ അമീൻ എബ്രഹാമിനോട് കാണിച്ചത്. ഇപ്പോഴത്തെ ചെയർമാൻ റാഷിദ് അൽ അമീനുമായും ഇതേ സ്നേഹബന്ധം കാത്തുസൂക്ഷിക്കാൻ കഴിയുന്നു.**



» മുഖ്യമന്ത്രി പിണറായി വിജയൻ ബഹ്‌റൈൻ സന്ദർശിച്ചപ്പോൾ അദ്ദേഹത്തോടൊപ്പം എസ്.ജി എബ്രഹാം




»എസ്.ജി എബ്രഹാം (ഇടത്തുനിന്ന് രണ്ടാമത്) കമ്പനി ചെയർമാൻ അലി റാഷിദ് അൽ അമീൻ, ഇപ്പോഴത്തെ ചെയർമാൻ റാഷിദ് അൽ അമീൻ എന്നിവർക്കും മറ്റ് സഹപ്രവർത്തകർക്കുമൊപ്പം

കുവൈത്ത് യുദ്ധം നടക്കുന്ന സമയത്ത് എയർപോർട്ടിനടുത്ത് ബോംബ് വീണേക്കുമെന്ന് ഭയന്ന് ഒരുപാടുപേർ മാറിത്താമസിച്ചിരുന്നു. എന്നാൽ, എസ്.ജി എബ്രഹാം മാറാൻ തയാറായില്ല. അവിടെനിന്ന് മാറിത്താമസിക്കാൻ നിരവധി തവണ ചെയർമാൻ എബ്രഹാമിനെ നിർബന്ധിച്ചിരുന്നു. തന്നോടുള്ള സ്നേഹത്തിന്റെ ആഴം അനുഭവിക്കാനായ നിമിഷങ്ങളായിരുന്നു അത്.

മൂന്നു വർഷം മുമ്പ് മരിക്കുന്നതുവരെ മകനോടെന്നപോലെയുള്ള കരുതലാണ് അലി



»എസ്.ജി എബ്രഹാം (പഴയകാല ചിത്രം)



»എസ്.ജി എബ്രഹാമും ഭാര്യ മോളി എബ്രഹാമും

റാഷിദ് അൽ അമീൻ എബ്രഹാമിനോട് കാണിച്ചത്. ഇപ്പോഴത്തെ ചെയർമാൻ റാഷിദ് അൽ അമീനുമായും ഇതേ സ്നേഹബന്ധം കാത്തുസൂക്ഷിക്കാൻ കഴിയുന്നു.

## വളർച്ചയുടെ പടവുകൾ

ബഹ്റൈനിൽ ഇന്ന് കാണുന്ന വികസനമോ സൗകര്യങ്ങളോ ഇല്ലാതിരുന്ന കാലത്ത് ഇവിടെ എത്തിയതാണ് എസ്.ജി എബ്രഹാം. അക്കാലത്ത് വീടുകളിൽ എ.സി ഇല്ലായിരുന്നു. രാത്രി വീടിന്റെ ടെറസിലായിരുന്നു കിടപ്പ്. എല്ലാ വീടുകളുടെയും ടെറസിൽ പ്ലൈവുഡ് കൊണ്ട് കട്ടിൽ പോലെയുണ്ടാക്കി മുകളിൽ ചെറിയൊരു പന്തലും കെട്ടി അതിനുള്ളിലാണ് ആളുകൾ രാത്രി കിടന്നിരുന്നത്. പിന്നീടാണ് എ.സിയും മറ്റ് സൗകര്യങ്ങളും എത്തിയത്.

ഇതിനിടെ, മാർക്കറ്റിങ് രംഗത്ത് പതിയെ വളർച്ചയുടെ പടവുകൾ കയറുകയായിരുന്നു അദ്ദേഹം. കമ്പനിയും ഉയരങ്ങളിലേക്ക് കുതിക്കാനുള്ള ചുവടുറപ്പിച്ചു. എക്സിബിഷൻ കോൾഡ് സ്റ്റോറിൽനിന്ന് അലി റാഷിദ് അൽ അമീൻ എന്ന പേരിലേക്ക് കമ്പനി മാറി. മറ്റ് രാജ്യങ്ങളിൽനിന്ന് ഭക്ഷ്യോൽപന്നങ്ങൾ എത്തിച്ച് വിതരണം നടത്തുകയായിരുന്നു മുഖ്യ ബിസിനസ്. മിഡ് വേ സൂപ്പർമാർക്കറ്റ് ഉൾപ്പെടെ കൂടുതൽ സ്ഥാപനങ്ങൾ കമ്പനിയുടെ കീഴിൽ ആരംഭിച്ചു. വിവിധ ജനസമൂഹങ്ങളുടെ ഭക്ഷണരീതികളും താൽപര്യങ്ങളും മനസ്സിലാക്കാൻ ചെയർമാൻ എസ്.ജി എബ്രഹാമിനെ പല രാജ്യങ്ങളിലേക്കും അയച്ചു. ബഹ്റൈനിലുള്ള ആ രാജ്യക്കാർക്ക് ആവശ്യമായ ഉൽപന്നങ്ങൾ എത്തിച്ചുനൽകുകയായിരുന്നു ലക്ഷ്യം. ആസ്ട്രേലിയ, ഈജിപ്ത്, ഡെൻമാർക്ക്, സ്വീഡൻ, നെതർലൻഡ്സ്, യു.കെ, ജർമനി, ഫ്രാൻസ്, തുർക്കി, ശ്രീലങ്ക, ഫിലിപ്പീൻസ്, മലേഷ്യ, തായ്‍ലൻഡ്, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളിലെല്ലാം അദ്ദേഹം സന്ദർശനം നടത്തി.

ബഹ്റൈനിൽ ജോലി ആരംഭിച്ചതിനുശേഷം മാർക്കറ്റിങ് രംഗത്ത് കൂടുതൽ അറിവ് നേടാൻ യു.കെയിൽനിന്ന് എം.ബി.എ ബിരുദവും സ്വന്തമാക്കി. സ്ഥാപനത്തിലെ മുന്നോട്ടുള്ള വളർച്ചയിൽ ഇതും ഏറെ സഹായകമായി.

ജോലിത്തിരക്കുകൾക്കിടയിലും കുടുംബത്തോടൊപ്പം സമയം ചെലവിടാനും അവരുടെ സന്തോഷത്തിൽ പങ്കുചേരാനും സമയം കണ്ടെത്തുന്നയാളാണ് എസ്.ജി. എബ്രഹാം. എല്ലാ കാര്യങ്ങളിലും പിന്തുണയുമായി ഭാര്യ മോളി എബ്രഹാമും ഒപ്പമുണ്ട്. ജിഞ്ചു, ജിനു, ജീന, ജെമി എന്നിവരാണ് മക്കൾ.

വിജയത്തിലേക്ക് കുറുക്കുവഴികളില്ലെന്നും കഠിനാധ്വാനവും ആത്മാർഥതയുമാണ് വിജയം കൈവരിക്കാനുള്ള ഏക മാർഗമെന്നുമുള്ള സന്ദേശമാണ് ഇദ്ദേഹം പുതുതലമുറക്ക് നൽകുന്നത്.

◆




**AL NOOR INTERNATIONAL SCHOOL**

P.O. Box 85, Manama, Kingdom of Bahrain. Tel: +973 1773 6773. Fax:+973 1773 5650

Email: roonlasc@batelco.com.bh | www.alnischool.com

---



The Management, Staff and Students of Noor Al Diyar Private School Congratulate and offer best wishes to

## HM King Hamad bin Isa Al Khalifa

## HRH Prince Salman bin Hamad Al Khalifa

The Crown Prince and Prime Minister

The Royal family, Government and the people of the Kingdom of Bahrain on the occasion of the

**51st National Day**

مدرسة نور الديار الخاصة

**Noor Al Diyar Private School**

P.O. Box 15877, Diyar Al Muharraq, Kingdom of Bahrain.
Tel: 7750 7777. Fax: 7730 7777. Email: info@nooraldiyar.com



»അബ്ദാലി അബ്ദുൽ കരീം മഖ്ലൂക്കിനൊപ്പം (ഇടത്) സുബൈർ കണ്ണൂർ മനാമ സൂഖിൽ

# ഓർമകൾ മേയുന്ന
# മനാമ സൂഖ്

◆ സുബൈർ കണ്ണൂർ

> അറബ് വ്യാപാരികൾ ചരക്കുമായി ചെറുവഞ്ചികളിൽ തീരം തേടിയലഞ്ഞ കാലംതൊട്ടേ ഇന്ത്യയിലെ പ്രധാനപ്പെട്ട നഗരങ്ങളായ ബോംബെ (മുംബൈ), കോഴിക്കോട് എന്നിവയുമായി മനാമ സൂഖിന് ബന്ധമുണ്ടായിരുന്നു.

ഏതൊരു രാജ്യത്തിനും അതിന്റേതായ ഒരു ഭൂതകാലമുണ്ട്. സാംസ്ക്കാരിക ഈടുവെപ്പുകളും വാണിജ്യ ചരിത്രവുമുണ്ട്. വളരെ ചെറിയ രാജ്യമായ, രണ്ട് കടൽ എന്നർഥം വരുന്ന ഈ പവിഴദ്വീപിനും 5000 വർഷം പഴക്കമുള്ള വെങ്കലയുഗ കാലത്തെ ദിൽമൺ സാംസ്ക്കാരിക പൈതൃകമുണ്ട്. അതായത് ലോകത്തിലെ ഏറ്റവും പഴക്കം ചെന്ന സാംസ്കാരിക യുഗം കൈയാളിയവർ എന്നർഥം. ബാബിലോണിയക്കാരും സുമാരിയക്കാരും ഗ്രീക്കുകാരും പേർഷ്യക്കാരും പോർചുഗീസുകാരും തുർക്കിയകളും കളം വാണ ഒരു ഭൂതകാലം ഇന്ന് ലോകം അംഗീകരിക്കുന്ന നമ്മുടെ ഈ പോറ്റമ്മക്കുണ്ട്. വിദേശ രാജ്യങ്ങളുമായി അറബ് രാജ്യങ്ങളുടെ വാണിജ്യ വിനിമയത്തിന് ഹബ്ബായി പ്രവർത്തിച്ചത് ഈ കൊച്ചു രാജ്യമായിരുന്നു എന്ന് നമുക്ക് എത്ര പേർക്കറിയാം? പരുത്തി കൃഷിയുണ്ടായിരുന്ന ഒരു പ്രദേശം ആയിരുന്നു ഇവിടം എന്ന് അറിയുമ്പോൾ നമ്മൾ അത്ഭുതപ്പെട്ടു പോകുന്നില്ലേ?

## പഴമയുടെ പാരമ്പര്യവുമായി

## മനാമ സൂഖ്

ആദ്യകാലങ്ങളിൽ മുഹറഖ് ആയിരുന്നു തലസ്ഥാനമെങ്കിൽ 1900ത്തോടു കൂടി മനാമയിലേക്ക് രാജ്യതലസ്ഥാനം മാറ്റപ്പെടുകയുണ്ടായി. ചെറിയ ചെറിയ കടകളിലായി എല്ലാ സാധനവും കിട്ടുന്ന സൂഖായി മനാമ മാറി. ഏകദേശം 200 വർഷം മുമ്പ് ഇന്ത്യയിലെ ഗുജറാത്തിൽ നിന്ന് ഒമാൻ വഴി ബന്യൻ കച്ചവട സമുദായം കടൽമാർഗം മനാമയിലെത്തി എന്നാണ് പറയപ്പെടുന്നത്. ആദ്യ കാലങ്ങളിൽ ഇറാൻ വംശജരും ഇന്ത്യക്കാരുമായിരുന്നു മനാമ സൂഖിലെ ഭൂരിഭാഗം കച്ചവടക്കാരും.1942 കാലഘട്ടത്തിലുണ്ടായിരുന്ന മനാമ സൂഖിലെ 'നായർമെസ്സ്' മലയാളികളുടെ വയറിന്റെ തീ അകറ്റിയ സ്ഥാപനമായിരുന്നു. പ്രമുഖ കച്ചവടക്കാരുടെ കുടുംബങ്ങൾ മനാമയിലും ഭരണാധികാരി കുടുംബങ്ങൾ മുഹറഖിലുമായി താമസിച്ചു പോന്നു.

മനാമ സൂഖിൽ ബഹ്റൈനികളുടെ പാരമ്പര്യ ചൊട്ട് മരുന്നും പുകയില തൊട്ട് കർപ്പൂരം വരെ കച്ചവടം നടത്തുന്ന, ഇപ്പോൾ 70 വയസ്സുള്ള അബ്ദാലി അബ്ദുൽ കരീം മഖ്‍ലൂക്കുമായി സംസാരിക്കുമ്പോൾ എന്തെന്നില്ലാത്ത ഓർമകൾ കയറി വരുന്നുണ്ട്. അദ്ദേഹത്തിന്റെ പിതാവിന്റെ പിതാവ് ഇവിടുത്തെ ആദ്യത്തെ കച്ചവടക്കാരനാണത്രേ. അദ്ദേഹം ആ കച്ചവട ശൃംഖലയിലെ മൂന്നാം തലമുറയിൽപെട്ട ആളാണ്. ഇന്നത്തെ ബാബുൽ ബഹ്റൈൻ വരെ കപ്പൽ വരുന്ന ഒരു ഭൂതകാലം അദ്ദേഹം ഓർക്കുന്നു. ചെറിയ ചെറിയ കച്ചവട സ്ഥാപനങ്ങളുള്ള സൂഖ്.

പിന്നീടാണ് മിനാ ഖലീഫയും അതിന് ശേഷം മിനാ സൽമാൻ തുറമുഖവും ഉണ്ടാവുന്നത്. കസ്റ്റംസ് ഓഫിസും മനാമയിൽ തന്നെ. കപ്പൽ മാർഗം വരുന്ന ചരക്കുകൾ പോസ്റ്റ് ഓഫിസിൽ ചെന്നാണ് ക്ലിയർ ചെയ്ത് എടുത്തിരുന്നത്. നികുതിയില്ലാത്ത കാലമായിരുന്നു അത്. കരയിലുള്ള സാധനങ്ങൾ കൊണ്ടുപോകാൻ കഴുത വണ്ടികൾക്കും മനുഷ്യർ വലിക്കുന്ന കൈവണ്ടികൾക്കും ഉന്തുവണ്ടികൾക്കും വേണ്ടി കാത്തിരുന്ന കാലം. ഇപ്പോൾ ടാക്സികൾ ഊഴം കാത്ത് നിൽക്കുംപോലെ അവ അന്ന് കാത്തുനിന്നു.

അറബ് വ്യാപാരികൾ ചരക്കുമായി ചെറുവഞ്ചികളിൽ തീരം തേടിയലഞ്ഞ കാലംതൊട്ടേ ഇന്ത്യയിലെ പ്രധാനപ്പെട്ട നഗരങ്ങളായ ബോംബെ (മുംബൈ), കോഴിക്കോട് എന്നിവയുമായി മനാമ സൂഖിന് ബന്ധമുണ്ടായിരുന്നു. അതുകൊണ്ടാവും കോഴിക്കോടിന്റെ മിഠായിത്തെരുവിൽ നടന്നവർക്ക് ആദ്യമായി മനാമ സൂഖിൽ സഞ്ചരിക്കുമ്പോൾ പരിചയക്കുറവ് ഒട്ടും തോന്നാത്തത്. കഴിഞ്ഞ നവംബർ മാസം ബഹ്റൈൻ പ്രതിഭ നടത്തിയ 'പാലം' എന്ന സാംസ്കാരികോത്സവത്തിൽ കേരളത്തിലെ പ്രധാനപ്പെട്ട പൈതൃക കേന്ദ്രങ്ങളായ കാസർകോട്ടെ ബേക്കൽ കോട്ടയും കോഴിക്കോട്ടെ മിഠായിത്തെരുവും കൊച്ചിയിലെ ജൂതത്തെരുവും തിരുവനന്തപുരത്തെ പാളയവുമെല്ലാം മനാമ സൂഖിനൊപ്പം പുനരാവിഷ്കരിച്ചപ്പോൾ, കേരളവും അറബികളും തമ്മിലുള്ള സംസ്കാരങ്ങളുടെ കൊടുക്കൽ വാങ്ങൽ എത്ര മാത്രം സമ്പുഷ്ടമായിരുന്നുവെന്ന് ഓർമപ്പെടുത്തുകയായിരുന്നു അത്.

കടന്നുപോയ നാൾവഴികളിൽ ബഹ്റൈൻ ഏറെ വികസിച്ചു. അതിന്റെ ജനസംഖ്യയും വർധിച്ചു. സിത്ര, ഈസ ടൗൺ, ഹിദ്ദ്, ഹമദ് ടൗൺ, റിഫ എന്നിവിടങ്ങളിലൊക്കെ ചെറുകിട കച്ചവടക്കാരടങ്ങിയ സൂഖുകൾ വളർന്നു വന്നു. ബഹ്റൈന്റെ ഓരോ മുക്കിലും മൂലയിലും സൂഖുകളുണ്ട്. ജിദ്ദാഫ്സ്, മാൽക്കിയ എന്നീ ഗ്രാമീണ സൂഖുകൾ ഏറെ പ്രധാനപ്പെട്ടതാണ്. ആധുനിക ലോക സാഹചര്യത്തിനനുസരിച്ച് മനുഷ്യജീവിതം മാറ്റിമറിക്കപ്പെട്ടു. അതിന്റെ ഒപ്പം തഴച്ച് വളരുന്ന കോർപറേറ്റ് ഹൈപർ മാർക്കറ്റുകളിലേക്കും മാളുകളിലേക്കും വ്യാപാര ശൃംഖലകളും ആളുകളും മാറി. ചെറു



»പഴയകാല മനാമ മാർക്കറ്റ്



»1950ലെ ബാബുൽ ബഹ്റൈൻ പൊലീസ് സ്റ്റേഷൻ

കിട കച്ചവട മേഖലകൾക്കെല്ലാം ക്ഷീണം സംഭവിച്ചു കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോയി കൊണ്ടിരിക്കുന്നത്.

## സൂഖിലെ നയതന്ത്രജ്ഞത

ലോകമെമ്പൊടുമുള്ള രാജ്യങ്ങളിലെ പൗരന്മാർ മനാമ സൂഖിൽ സന്ദർശകരായി എത്തുമ്പോൾ മലയാളി ചെറുകിട കച്ചവടക്കാരും പഴമക്കാരായ സ്വദേശി ചെറുകിട കച്ചവടക്കാരും അവരുമായി സൗഹൃദം സ്ഥാപിക്കുകയും അത് വർഷങ്ങളോളം നിലനിർത്തുകയും ചെയ്യുന്നു. വിനോദ സഞ്ചാരികളായി ഇവിടെ എത്തുന്ന വിവിധ രാജ്യക്കാരോട് ആശയ വിനിമയം നടത്തുന്ന ചെറുകച്ചവടക്കാർ ഈ നാടിന് വേണ്ടി വലിയൊരു നയതന്ത്ര ബന്ധമാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് വേണം പറയാൻ.

പേരുകേട്ട ബഹ്റൈൻ മുത്ത്, മനോഹരമായ സ്വർണാഭരണങ്ങൾ, ചെറുകിട റെഡിമെയ്ഡ് വസ്ത്രശൃംഖലകൾ, പാരമ്പര്യ കരകൗശല വസ്തുക്കൾ, നാടൻ ഗാവ കാനകൾ, ബഹ്റൈൻ പരമ്പരാഗത വസ്ത്രങ്ങൾ, പച്ചമരുന്നുകൾ, പാത്രങ്ങൾ, തനി അറബ് മസാലകൾ, പുകയില വസ്തുക്കൾ, ഹുക്ക തുടങ്ങി മനുഷ്യാവശ്യങ്ങൾക്കുള്ള സകല സാധനങ്ങളും ലഭിക്കുന്ന ഇടമാണ് മനാമ സൂഖ്. ആയിരക്കണക്കിന് സഞ്ചാരികളെ ആകർഷിച്ച മനാമ സൂഖിന്റെ പ്രതാപം നഷ്ടപ്പെട്ട് കൊണ്ടിരിക്കുകയാണെന്ന് പറയാതെ വയ്യ. ഒരു കാലത്ത് മലയാളി കച്ചവടക്കാരുടെ കുത്തകയായിരുന്ന സൂഖിൽ കാലക്രമേണ ബംഗ്ലാദേശിൽനിന്നുള്ള കച്ചവടക്കാർ ഭൂരിപക്ഷം നേടി.

രാജാവ് ഹമദ് ബിൻ ഈസ ആൽ ഖലീഫയുടെ ഭരണനേതൃത്വത്തിൽ സൂഖിന്റെ പ്രതാപം തിരികെ കൊണ്ടുവരാനും പരമാവധി സൗന്ദര്യവത്കരിക്കാനും ശ്രമം നടക്കുന്നുണ്ട്. അതുവഴി കൂടുതൽ വിദേശി, സ്വദേശി സന്ദർശകരെ ആകർഷിച്ച് ജി.സി.സി യിലെ ഏറ്റവും വലിയ വാണിജ്യ ടൂറിസ്റ്റ് കേന്ദ്രമായി ഈ രാജ്യത്തെ ഉയർത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മനാമ സൂഖിലെ സ്വദേശി, വിദേശികളായ ചെറുകിട കച്ചവടക്കാർക്കും അവരുടെ കുടുംബങ്ങൾക്കും നല്ല രീതിയിൽ ജീവിച്ച് പോകാനും, ഒരിക്കൽ അറബ് ലോകത്തിന്റെ കച്ചവട ഹബ്ബായി പരിലസിച്ച പവിഴ ദ്വീപിന് അതിന്റെ പുരാതനമായ വാണിജ്യ സാംസ്കാരിക പൈതൃകം തിരിച്ചു പിടിക്കാനുമുള്ള പ്രവൃത്തികൾക്ക് ഊർജം പകരാൻ ദേശീയ ദിനാഘോഷങ്ങൾക്ക് കഴിയട്ടെ എന്ന് ഞാൻ ആത്മാർഥമായി ആഗ്രഹിക്കുന്നു. മുപ്പത് വർഷമായി ബഹ്റൈൻ മണ്ണിൽ നിന്നും ജീവിതത്തിന്റെ സുന്ദര നിമിഷങ്ങളെ തുന്നിച്ചേർത്ത് കുടുംബത്തെ ചേർത്ത് നിർത്തിയ ആളെന്ന നിലയിലും ഇവിടുത്തെ ഭരണാധികാരികളോട് ചേർന്ന് പ്രവർത്തിക്കാൻ സാഹചര്യം ലഭിച്ച പ്രവാസിയായ എളിയ സാംസ്കാരിക, ജീവകാരുണ്യ സംഘടന പ്രവർത്തകൻ എന്ന നിലയിലും കർമപഥത്തിലൂന്നി എന്റേതായ കൊച്ചു സംഭാവനകൾ ഇനിയും നൽകാൻ സദാ സന്നദ്ധനായിരിക്കുന്നു. എല്ലാവർക്കും എന്റെ ഹൃദയം നിറഞ്ഞ ദേശീയ ദിനാശംസകൾ. ■




»മനാമ പോസ്റ്റ് ഓഫീസ്


Best wishes
on the occasion of
Bahrain National Day
MAC
EST. 1975
MOHAMMED AHMADI GROUP OF COMPANIES
JANITORIAL SERVICES
SECURITY SERVICES
Ahmadi Security
MANAGEMENT SERVICES
TRAVELS & TOURS
SPIDERMAN CLEANING
CLEANING ACCESSORIES
CLEANING CHEMICALS
MAC Cleaning Solutions...
PAPER PRODUCTS
AIR CONDITIONER MAINTENANCE
MAINTENANCE SERVICES
DUCT CLEANING SERVICES
ROBOTOC
MARBLE RESTORATION & POLISHING
P.O. BOX 20267 - MANAMA - KINGDOM OF BAHRAIN
TEL. +973 17268 111 - FAX. +973 17268 222
info@macbh.com - www.macbh.com
an ISO Certified Company

# ബഹ്റൈനിൽ ചരിത്രം രചിച്ച ഇന്ത്യൻ കുടുംബം

**രാജ്യത്ത് ബാങ്കുകൾ ഒന്നും ഇല്ലാതിരുന്ന കാലത്ത് ഇവിടത്തെ സ്വദേശികൾപോലും പണം സുരക്ഷിതമായി സൂക്ഷിക്കാൻ ഏൽപിച്ചിരുന്നത് ഭാട്ടിയ സമുദായക്കാരായ കച്ചവടക്കാരെയാണ്.**

◆ സിജു ജോർജ്

രണ്ടു നൂറ്റാണ്ട് മുമ്പ് ബഹ്റൈനിലേക്ക് കുടിയേറി, എല്ലാ അർഥത്തിലും ഈ രാജ്യത്തിന്റെ ഭാഗമായി, വിജയത്തിന്റെ പടവുകൾ ചവിട്ടിക്കയറിയവരാണ് ഭാട്ടിയ കുടുംബം. ഇന്ന് ബഹ്റൈനിലെ ബിസിനസ് രംഗത്ത് ഭാട്ടിയമാർക്ക് സുപ്രധാന സ്ഥാനമുണ്ട്. അടിസ്ഥാനപരമായി ബിസിനസുകാരായ ഭാട്ടിയ കുടുംബത്തിലെ അഞ്ചാം തലമുറയിൽപ്പെട്ട ഭഗ്‍വാൻ അസർപോട്ട പി. ഹരിദാസ് സൺസ് കമ്പനിയുടെ മാനേജിങ് ഡയറക്ടറാണ്. 53 വർഷം മുമ്പ് ബഹ്റൈനിൽ എത്തിയ ഭഗ്‍വാൻ അസർപോട്ട ഒന്നര വർഷം മുമ്പ് ബഹ്റൈൻ പൗരത്വം സ്വീകരിച്ചു. ഇന്ത്യക്കാരുടെ സത്യസന്ധതക്കും ലാളിത്യത്തിനും ലഭിച്ച അംഗീകാരമാണ് പൗരത്വലബ്ധിയെന്ന് അദ്ദേഹം അഭിമാനത്തോടെ പറയുന്നു.



### തട്ടായി ഭാട്ടിയമാർ

ബഹ്റൈനിലെ ഭാട്ടിയ സമുദായക്കാർ തട്ടായി ഭാട്ടിയ എന്നാണറിയപ്പെടുന്നത്. ജയ്സാൽമീറിലെ രജപുത്ര ഭരണാധികാരികളുടെ കാലത്താണ് തട്ടായി ഭാട്ടിയ സമുദായത്തിന്റെ വേരുകളെന്ന് ചരിത്രം പറയുന്നു. രജപുത്ര സൈന്യത്തിനൊപ്പം പ്രവർത്തിച്ചിരുന്ന ഭാട്ടിയമാർ കോട്ടക്കു ചുറ്റുമാണ് താമസിച്ചിരുന്നത്. 1300കളിൽ മുഗൾ അധിനിവേശത്തെത്തുടർന്ന് രജപുത്രരുടെ പതനത്തോടെ ഭാട്ടിയമാർ ജയ്സാൽമീറിൽനിന്ന് ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലേക്ക് കുടിയേറി.

1400കളുടെ തുടക്കത്തിൽ, സിന്ധു നദിക്ക് അക്കരെയുള്ള സിന്ധിലെ ഫലഭൂയിഷ്ഠമായ 'തട്ടാ' പ്രവിശ്യയിലെ (ഇപ്പോൾ പാകിസ്താനിൽ) രാജാവ് അവരെ സമീപിച്ചു. രാജ്യത്തെ വിമതകലാപം അടിച്ചമർത്താൻ ഭാട്ടിയമാരുടെ സഹായം തേടിയാണ് അദ്ദേഹമെത്തിയത്. അഭ്യർഥന സ്വീകരിച്ച ഭാട്ടിയമാർ ധീരമായി പോരാടി രാജാവിന്റെ ഭൂമി തിരിച്ചുപിടിച്ചു. പ്രത്യുപകാരമായി രാജാവ് അവരോട് തട്ടാ

» ഭഗ്‍വാൻ അസർപോട്ട



»കിരീടാവകാശിയും പ്രധാനമന്ത്രിയുമായ പ്രിൻസ് സൽമാൻ ബിൻ ഹമദ് ആൽ ഖലീഫ ദീപാവലി ആഘോഷത്തിന് എത്തിയപ്പോൾ

യിൽ തന്നെ താമസിക്കാൻ ആവശ്യപ്പെട്ടു. അങ്ങനെയാണ് തട്ടായി ഭാട്ടിയമാർ എന്നറിയപ്പെടാൻ തുടങ്ങിയതെന്നാണ് ചരിത്രം. ഇന്ത്യാ വിഭജനത്തിന്റെ നാളുകളിൽ ഭാട്ടിയമാർ തട്ടായിൽനിന്ന് ഇന്ത്യയിലേക്ക് പലായനം ചെയ്തു.

ഏകദേശം രണ്ടര നൂറ്റാണ്ട് മുമ്പുതന്നെ തട്ടായി ഭാട്ടിയമാർ ബഹ്റൈനിലും ദുബൈയിലും എത്തിയിരുന്നു. 205 വർഷം മുമ്പ് ഭാട്ടിയമാർ നിർമിച്ചതാണ് മനാമയിലെ പ്രസിദ്ധമായ ശ്രീകൃഷ്ണ ക്ഷേത്രം. അഞ്ചുവർഷം മുമ്പ് ക്ഷേത്രത്തിന്റെ 200ാം വാർഷികം വിപുലമായി ആഘോഷിച്ചിരുന്നു. കഴിഞ്ഞ 45 വർഷമായി ക്ഷേത്രവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഭഗ്‌വാൻ അസർപോട്ട ക്ഷേത്ര കമ്മിറ്റി അംഗവുമാണ്.

ബഹ്റൈനിൽ മുതിർന്നവർ തൊട്ട് കൊച്ചുകുട്ടികൾ വരെയായി 450ഓളം ഭാട്ടിയ സമുദായ അംഗങ്ങളാണുള്ളത്. ലോകമെങ്ങുമുള്ള കണക്കെടുത്താൽ 25,000ത്തോളം അംഗങ്ങളുണ്ടാകുമെന്നാണ് ഏകദേശ കണക്ക്. ബഹ്റൈനിലെ ഭാട്ടിയ കുടുംബക്കാരിൽ 100ലധികം പേർ ഇതിനകം ബഹ്റൈൻ പൗരത്വം സ്വീകരിച്ചു.

നവംബറിൽ നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്താൻ കഴിഞ്ഞത് സന്തോഷകരമായ അനുഭവമാണെന്ന് അസർപോട്ട പറഞ്ഞു.

## എന്തുകൊണ്ട് കുടിയേറ്റം?

എന്തുകൊണ്ടാണ് ഭാട്ടിയമാർ ഇന്ത്യയിൽനിന്ന് ഗൾഫിലേക്ക് കുടിയേറ്റം നടത്തിയത്? ഈ ചോദ്യത്തിന് ഉത്തരം അജ്ഞാതമാണ്. ലോകത്തെല്ലായിടത്തും കുടിയേറ്റം നടന്നത് മെച്ചപ്പെട്ട ഒരു ജീവിതം തേടിയാണ്. അക്കാരണത്താൽ തന്നെയായിരിക്കണം ഭാട്ടിയമാരും ഗൾഫിലേക്ക് വന്നതെന്ന് അസർപോട്ട പറയുന്നു. ആദ്യകാലങ്ങളിൽതന്നെ ബഹ്റൈനിലും ദുബൈയിലും ബിസിനസ് രംഗത്തേക്ക് ഇവർ കടന്നു.

ബഹ്റൈനിലെ രാജകുടുംബാംഗങ്ങളുടെ ആദരവും ബഹുമാനവും പിടിച്ചുപറ്റിയവരാണ് ഭാട്ടിയ കുടുംബക്കാർ. രാജ്യത്ത് ബാങ്കുകൾ ഒന്നും ഇല്ലാതിരുന്ന കാലത്ത് ഇവിടത്തെ സ്വദേശികൾപോലും പണം സുരക്ഷിതമായി സൂക്ഷിക്കാൻ ഏൽപിച്ചിരുന്നത് ഭാട്ടിയ സമുദായക്കാരായ കച്ചവടക്കാരെയാണ്. ഇറാഖിലെ കർബലയിലേക്ക് തീർഥാടനത്തിന് പോകുന്നവർ തിരിച്ചുവരുന്നതുവരെ പണം ഏൽപിച്ചിരുന്നത് ഇവരെയായിരുന്നു. അത്രയധികം വിശ്വാസ്യത ഭാട്ടിയ കുടുംബത്തിനുണ്ടായിരുന്നുവെന്ന് അസർപോട്ട അഭിമാനത്തോടെ പറയുന്നു.

## വൈവിധ്യമാർന്ന ബിസിനസ് മേഖല

മുത്ത് വ്യാപാരത്തിലാണ് ബഹ്റൈനിൽ ഭാട്ടിയമാരുടെ ബിസിനസ് രംഗത്തെ തുടക്കം. ദിവസക്കൂലി എന്ന നിലയിൽ മുത്തുവാരൽ തൊഴിലാളികൾക്ക് പണം നൽകുകയും അവർ കൊണ്ടുവരുന്ന മുത്ത് ഇവർക്ക് നൽകുകയും ചെയ്യുമായിരുന്നു. ഭാട്ടിയ കച്ചവടക്കാർ ഈ മുത്തുകൾ ഇന്ത്യയിൽ കൊണ്ടുപോയി രാജാക്കന്മാർക്ക് വിൽക്കുന്നതായിരുന്നു രീതി.

ഒന്നാം ലോകയുദ്ധത്തിനും രണ്ടാം ലോകയുദ്ധത്തിനും പിന്നാലെ സാഹചര്യങ്ങളിൽ മാറ്റമുണ്ടായി. ഭാട്ടിയമാർ കൺസ്ട്രക്ഷൻ ബി



»ശൈഖ് ഈസ ബിൻ സൽമാൻ ആൽ ഖലീഫ ദീപാവലി ആഘോഷത്തിനായി ഭവനത്തിൽ എത്തിയപ്പോൾ



»ശൈഖ് മുഹമ്മദ് ബിൻ സൽമാൻ ബിൻ ഹമദ് ആൽ ഖലീഫ ദീപാവലി ആഘോഷത്തിനെത്തിയപ്പോൾ

സിനസിലേക്കും തിരിഞ്ഞു. തുടർന്ന് ഭക്ഷ്യ മേഖലയിലേക്കും ബിസിനസ് വ്യാപിപ്പിച്ചു. അരി, ഗോതമ്പ്, ബാർളി തുടങ്ങിയ ഭക്ഷ്യ ധാന്യങ്ങളായിരുന്നു ആദ്യകാലത്ത് വ്യാപാരം നടത്തിയത്. ക്രമേണ ചോക്ലറ്റ്, നട്ട്സ്, നൂഡിൽസ് തുടങ്ങിയ പാക്കേജ് ഭക്ഷണ ബിസിനസിലേക്ക് മാറി. കാലക്രമേണ സമുദായത്തിലെ അംഗങ്ങൾ ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ തുടങ്ങിയ മേഖലകളിലേക്കും തിരിഞ്ഞു. വിദ്യാഭ്യാസ, ഉൽപാദന മേഖലകളിലും ഭാട്ടിയ കുടുംബത്തിന്റെ കൈയൊപ്പ് പതിഞ്ഞു. ഇന്ത്യൻ സ്കൂളിന് തുടക്കം കുറിക്കുന്നതിൽ പങ്കാളികളാകാൻ കഴിഞ്ഞതിലും ഭാട്ടിയ കുടുംബം അഭിമാനിക്കുന്നു.

അഞ്ചു തലമുറകൾക്കുമുമ്പ്, അതായത് ഏകദേശം 150 വർഷം മുമ്പ് ആരംഭം കുറിച്ച പി. ഹരിദാസ് സൺസിൽ ആറാം തലമുറയും ചേർന്നുകഴിഞ്ഞു. ഭക്ഷ്യോൽപന്നങ്ങളുടെ ഇറക്കുമതി, വിതരണരംഗത്തെ ബഹ്റൈനിലെ മുൻനിര സ്ഥാപനമാണ് പി. ഹരിദാസ് സൺസ്. ബ്രിട്ടീഷ് കരിക്കുലം പിന്തുടരുന്ന ക്വാളിറ്റി എജുക്കേഷൻ സ്കൂൾ എന്ന വിദ്യാഭ്യാസ സ്ഥാപനത്തിന്റെ നടത്തിപ്പിലും കമ്പനി സജീവമായി രംഗത്തുണ്ട്. മുമ്പ് പറഞ്ഞതിനുപുറമെ, ഒരു കാറ്ററിങ് (HORECA) ഡിവിഷൻ, കോറഗേറ്റഡ് മാനുഫാക്ചറിങ് പ്ലാന്റ്, ഏഴ് റീട്ടെയിൽ സൂപ്പർമാർക്കറ്റ് ഔട്ട്ലെറ്റുകൾ എന്നിങ്ങനെ വൈവിധ്യമാർന്ന ബിസിനസുകളിൽ കമ്പനി വ്യാപരിക്കുന്നു.

കോവിഡിന്റെ രണ്ടുവർഷം ബിസിനസ് പ്രയാസകരമായിരുന്നെങ്കിലും 2022ൽ സാഹചര്യങ്ങൾ അൽപം മെച്ചപ്പെട്ടതായി അസർപോട്ട പറഞ്ഞു. ആറു വ്യത്യസ്ത തരത്തിലുള്ള ബിസിനസ് ഉള്ളതിനാൽ വലിയ പ്രയാസം കമ്പനിക്ക് അനുഭവിക്കേണ്ടിവന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അടുത്തവർഷം മുതൽ കൂടുതൽ മെച്ചപ്പെട്ട ബിസിനസ് സാഹചര്യമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സർക്കാറും കൂടുതൽ നിക്ഷേപ സംരംഭങ്ങളുമായി എത്തുന്നുണ്ട്.

ശാരീരിക വെല്ലുവിളി നേരിടുന്ന ബഹ്റൈനികളെ കൂടുതലായി ജോലിക്ക് നിയമിച്ചതിന് തൊഴിൽമന്ത്രാലയത്തിന്റെ അവാർഡും കമ്പനി നേടിയിരുന്നു. ബഹ്റൈനിൽ ജീവിക്കുകയും ബിസിനസ് നടത്തുകയും ചെയ്യുമ്പോൾ ഈ രാജ്യത്തിനുവേണ്ടി എന്തെങ്കിലും തിരിച്ചുകൊടുക്കണമെന്ന ആഗ്രഹത്തിലാണ് ഇങ്ങനെ ചെയ്തതെന്ന് അസർപോട്ട പറഞ്ഞു.

രാജകുടുംബാംഗങ്ങളുമായി എപ്പോഴും നല്ല ബന്ധം കാത്തുസൂക്ഷിക്കുന്നവരാണ് ഭാട്ടിയ കുടുംബാംഗങ്ങൾ. എല്ലാ വർഷവും ദീപാവലി ദിവസം രാജകുടുംബാംഗങ്ങളും മറ്റു പ്രമുഖ ബഹ്റൈനി കുടുംബങ്ങളും പ്രമുഖ ഇന്ത്യൻ ഭവനങ്ങൾ സന്ദർശിച്ച് ആശംസ നേരുന്ന പതിവുണ്ട്. അതിൽ ഒരു കുടുംബമാണ് ഭാട്ടിയമാരുടേത്. പെരുന്നാൾ ദിവസങ്ങളിൽ ഇന്ത്യൻ കുടുംബങ്ങൾ ബഹ്റൈനി ഭവനങ്ങൾ സന്ദർശിക്കുകയും ആശംസ നേരുകയും ചെയ്യും.

അറബിയും അത്യാവശ്യം പേർഷ്യൻ ഭാഷയും സംസാരിക്കുന്ന അസർപോട്ട അറബി ഭാഷയിലെ പ്രാവീണ്യം കൂടുതൽ മെച്ചപ്പെടുത്താനുള്ള ശ്രമത്തിലാണ്. വീട്ടുകാരെ അറബി പഠിപ്പിക്കുന്നതിന് മൂന്നുനാലു മാസമായി അറബിക് ടീച്ചറെ വെച്ച് ഭാഷാപഠനം നടത്തുന്നുമുണ്ട്. ഈ നാടിന്റെ ഭാഷയായ അറബി പഠിക്കുന്നത് ഇവിടത്തെ സംസ്കാരത്തെ ബഹുമാനിക്കലാണെന്ന് അദ്ദേഹം പറയുന്നു. ഭക്ഷണവിതരണ രംഗത്ത് ഗൾഫിൽ പ്രവർത്തിക്കുന്ന ഏതൊരാളും അറിയാതെ തന്നെ പേർഷ്യൻ ഭാഷ പഠിക്കുമായിരുന്നു. കാരണം, 20 വർഷം മുമ്പ് വരെ ഗൾഫിൽ എവിടെയുമുള്ള മൊത്തവ്യാപാരികളിൽ ഭൂരിഭാഗവും പേർഷ്യക്കാരായിരുന്നു. അവരുമായുള്ള സമ്പർക്കത്തിലൂടെയാണ് അസർപോട്ട പേർഷ്യൻ ഭാഷ സ്വായത്തമാക്കിയത്.

മുംബൈ, ദുബൈ, ലണ്ടൻ തുടങ്ങിയ നഗരങ്ങളെ അപേക്ഷിച്ച് ജീവിതച്ചെലവ് കുറവുള്ള രാജ്യമാണ് ബഹ്റൈൻ. ബഹ്റൈനിൽ ഒരിക്കൽ എത്തിയാൽ തിരിച്ചുപോകാൻ ആഗ്രഹിക്കാത്തവരാണ് പ്രവാസികളിൽ ഭൂരിഭാഗവും. വിനയവും ലാളിത്യവും കൈമുതലാക്കിയ ഈ നാടിന്റെ സ്നേഹവും കരുതലുമാണ് പ്രവാസികളെ ഇവിടെ പിടിച്ചുനിർത്തുന്നത്. 'ഛോട്ടാ ഹെ അച്ഛാ ഹെ' (ചെറുതാണെങ്കിലും നല്ലതാണ്) എന്നാണ് അസർപോട്ടെ ബഹ്റൈനെ വിശേഷിപ്പിക്കുന്നത്.

അടുത്തകാലത്തായി നിരവധി ഇന്ത്യൻ വിവാഹങ്ങളും ബഹ്റൈനിൽ നടക്കുന്നുണ്ട്. ജനുവരിയിലും ഫെബ്രുവരിയിലും ഭാട്ടിയ കുടുംബത്തിലെ ചില വിവാഹങ്ങൾ ഇവിടെ നടത്താനുള്ള ഒരുക്കത്തിലാണെന്ന് അസർപോട്ട പറഞ്ഞു. ഇന്ത്യൻ വിവാഹങ്ങൾക്ക് ബഹ്റൈൻ സർക്കാറിന്റെയും ടൂറിസം അതോറിറ്റിയുടെയും ഭാഗത്തുനിന്ന് മികച്ച പിന്തുണയാണ് ലഭിക്കുന്നത്.

ബിസിനസിനൊപ്പം, സാമൂഹികസേവന രംഗത്തും സജീവമാണ് ഭഗ്‌വാൻ അസർപോട്ട. ഐ.സി.ആർ.എഫിന്റെ തുടക്കം മുതൽ അംഗമായിരുന്ന ഇദ്ദേഹം ഇപ്പോൾ ഉപദേഷ്ടാവിന്റെ റോളിലാണ് പ്രവർത്തിക്കുന്നത്. ഇതുവരെ ബഹ്റൈനിലെ 16 ഇന്ത്യൻ അംബാസഡർമാരുമായി സഹകരിച്ച് പ്രവർത്തിച്ചു. ബഹ്റൈനിലെ ഓരോ ഇന്ത്യൻ പ്രവാസിയും സ്വന്തം രാജ്യത്തിന്റെ അംബാസഡർമാരാണെന്ന് അസർപോട്ട പറയുന്നു. മാതൃരാജ്യത്തെയും ജീവിക്കുന്ന രാജ്യത്തെയും ആദരിച്ചും ബഹുമാനിച്ചും മുന്നോട്ടുപോവുക -ഇതാണ് അസർപോട്ട പ്രവാസികൾക്ക് നൽകുന്ന സന്ദേശം.

'ലോകാ സമസ്താ സുഖിനോ ഭവന്തു' എന്ന ആശംസയാണ് ഭഗ്‌വാൻ അസർപോട്ട നേരുന്നത്. 'മുഴുവനാളുകളും എല്ലായിടത്തും സന്തോഷത്തോടെയും സ്വാതന്ത്ര്യത്തോടെയുമായിരിക്കട്ടെ. എന്റെ ജീവിതത്തിലെ ചിന്തകളും വാക്കുകളും പ്രവൃത്തികളും ആ സന്തോഷത്തിനും സ്വാതന്ത്ര്യത്തിനും ഏതെങ്കിലും വിധത്തിൽ സംഭാവന നൽകട്ടെ' എന്നതാണ് ഇതിന്റെ ഏകദേശ അർഥം.

അവസാനമായി; 'വസുധൈവ കുടുംബകം', അതായത്; ഭൂമിയിലെ എല്ലാ ജീവജാലങ്ങളും ഒരു കുടുംബമാണ്.

■


Puck
بوك
Make mornings good
Delicious and nutritious.
Try it now!
30%
LESS FAT
25%
LESS SALT
سكويز
الأصلية
جبنة بالقشطة
مربعات
جبنة كريم
شركة علي راشد الأمين ش.م.ب.(مقفله)
ALI RASHID AL-AMIN CO. B.S.C.(CLOSED)
1962

# മലയാളികളുടെ അഭിമാനമായ ഡോക്ടർ

**ഡോക്ടർമാരും ഡെന്റിസ്റ്റുകളും ഉൾപ്പെടെ 2400ഓളം പേരുള്ള ബഹ്റൈൻ മെഡിക്കൽ സൊസൈറ്റിയിൽ ചരിത്രത്തിൽ ആദ്യമായാണ് ബഹ്റൈനി അല്ലാത്തയാൾ ഗവേണിങ് കൗൺസിലിൽ അംഗമായത്**



»ഡോ. പി.വി. ചെറിയാൻ

◆ സിജു ജോർജ്

ബഹ്റൈനിലെ പ്രവാസി മലയാളികൾക്കിടയിൽ സ്വന്തം കുടുംബാംഗത്തെപ്പോലെ സ്ഥാനമുള്ള ഒരു മലയാളി ഡോക്ടറുണ്ട്. ഡോ. പി.വി. ചെറിയാൻ. ബഹ്റൈനിൽ ഈ പേര് കേൾക്കാത്ത മലയാളി ഉണ്ടാവുകയില്ല. പ്രവാസികളുടെ എന്താവശ്യത്തിനും ആദ്യം സമീപിക്കാവുന്ന ഒരാൾ. സാമൂഹിക, സാംസ്കാരിക, ആരോഗ്യ സേവന രംഗങ്ങളിൽ തിളക്കമുള്ള ചരിത്രം കുറിച്ച ഇദ്ദേഹം ഓരോ പ്രവാസി മലയാളിയുടെയും അഭിമാനമാണ്.

ഏതു കാര്യത്തെക്കുറിച്ചും ഒരു ജലധാരപോലെ ഒഴുക്കോടെ സംസാരിക്കുന്ന ഡോക്ടറുടെ അടുത്ത് അൽപനേരം ഇരുന്നാൽ ആർക്കും അദ്ദേഹത്തോട് ആദരവ് തോന്നിപ്പോകും. ദീർഘകാലത്തെ ബഹ്റൈൻ പ്രവാസത്തിനിടയിൽ സൽമാനിയ മെഡിക്കൽ കോംപ്ലക്സായിരുന്നു അദ്ദേഹത്തിന്റെ കർമമണ്ഡലം. ഇതിനിടെ, അന്തരിച്ച പ്രധാനമന്ത്രി പ്രിൻസ് ഖലീഫ ബിൻ സൽമാൻ ആൽ ഖലീഫയുടെ മെഡിക്കൽ സംഘത്തിലെ അംഗവുമായിരുന്നു. ഒരു ഡോക്ടറെന്ന നിലയിൽ അദ്ദേഹത്തിന്റെ സഹായം ഏറ്റുവാങ്ങിയവരുടെ എണ്ണമെടുത്താൽ തീരില്ല. അടിയന്തരമായി ആർക്കെങ്കിലും വൈദ്യസഹായം ആവശ്യമായി വന്നാൽ സാമൂഹിക പ്രവർത്തകർ ആദ്യം ബന്ധപ്പെടുക ഡോ. പി.വി ചെറിയാനെ ആയിരിക്കും. ബാക്കി കാര്യങ്ങൾ അദ്ദേഹം നോക്കുമെന്ന് അവർക്കുറപ്പുണ്ടായിരുന്നു. ജോലിത്തിരക്കുകൾക്കിടയിലും സമൂഹത്തോടുള്ള സ്നേഹം അത്രയേറെ അദ്ദേഹം ഹൃദയത്തിൽ സൂക്ഷിക്കുന്നു.

## സന്ദർശക വിസയിൽ ബഹ്റൈനിലേക്ക്

1979 ഒക്ടോബർ 16നാണ് ഡോ. പി.വി. ചെറിയാൻ എന്ന മനുഷ്യസ്നേഹി ബഹ്റൈന്റെ മണ്ണിൽ കാലുകുത്തുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളജിൽനിന്ന് എം.ബി.ബി.എസ് പൂർത്തിയാക്കി സർജറിയിൽ പോസ്റ്റ് ഗ്രാജ്വേഷൻ ചെയ്യുന്ന സമയത്ത് വിസിറ്റ് വിസയിൽ ബഹ്റൈനിലേക്കുള്ള വരവ് അദ്ദേഹത്തിന്റെ ജീവിതംതന്നെ മാറ്റിമറിച്ചു. അക്കാലത്ത് സൽമാനിയ മെഡിക്കൽ കോംപ്ലക്സിൽ ഇ.എൻ.ടി വിഭാഗത്തിൽ

ജോലിചെയ്തിരുന്ന ബന്ധുവും അടൂർ സ്വദേശിയുമായ ചെറിയാനാണ് വിസിറ്റ് വിസയിൽ വരാനുള്ള സഹായം ചെയ്തത്. ജോലി തേടുകയായിരുന്നില്ല വരവിന്റെ ഉദ്ദേശ്യം. ബന്ധു ക്ഷണിച്ചതനുസരിച്ച് ബഹ്റൈൻ സന്ദർശിച്ച് മടങ്ങുകയായിരുന്നു യാത്രയുടെ ലക്ഷ്യം.

ബഹ്റൈനിൽ ഡോക്ടർമാർക്ക് ക്ഷാമമുള്ള സമയമായിരുന്നു അത്. ഒരു ദിവസം ആരോഗ്യ മന്ത്രാലയത്തിൽനിന്ന് അണ്ടർ സെക്രട്ടറി ഡോ. പി.വി. ചെറിയാനെ വിളിപ്പിച്ച് ജോലിയിൽ പ്രവേശിക്കാൻ തയാറാണോ എന്നു ചോദിച്ചു. അപ്രതീക്ഷിതമായ ആ ചോദ്യത്തിനു മുന്നിൽ, ആലോചിക്കട്ടെ എന്നു മാത്രം പറഞ്ഞ് അദ്ദേഹം തിരിച്ചുപോന്നു. തിരികെ താമസ സ്ഥലത്തെത്തി ഏറെ ആലോചനകൾക്കൊടുവിൽ അദ്ദേഹം ഒരു തീരുമാനമെടുത്തു; ബഹ്റൈനിൽ തന്നെ ജോലി ചെയ്യാം.

സൽമാനിയ മെഡിക്കൽ കോംപ്ലക്സ് ആക്സിഡന്റ് ആൻഡ് എമർജൻസി ഡിപ്പാർട്ട്മെന്റിലായിരുന്നു നിയമനം. പിന്നീട് ആറു മാസം സർജറി ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്തശേഷം വീണ്ടും എമർജൻസി വിഭാഗത്തിൽതന്നെ തിരിച്ചെത്തി. 1987ൽ അഡ്മിനിസ്ട്രേറ്റിവ് റസിഡന്റ് എന്ന ചുമതലയും ലഭിച്ചു. അന്ന് 55ഓളം ഡോക്ടർമാരുടെ ശമ്പളം, ഓവർടൈം അലവൻസ്, ഡ്യൂട്ടി ലിസ്റ്റ്, പ്രമോഷൻ, വിദേശ പരിശീലനം തുടങ്ങിയ കാര്യങ്ങളുടെ മേൽനോട്ടം ഡോക്ടർക്കായിരുന്നു. അടുത്തകാലം വരെ ഈ ചുമതലയിൽ തുടർന്നു.


ആദ്യകാലത്ത് മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യക്കാരായിരുന്നു സൽമാനിയയിലെ ഡോക്ടർമാരിൽ 70 ശതമാനത്തോളം. ബോംബെയിൽനിന്നും ഗുജറാത്തിൽനിന്നുമുള്ള നിരവധി ഡോക്ടർമാർ അന്ന് ഇവിടെ ജോലിചെയ്തിരുന്നു. എമർജൻസി വിഭാഗത്തിൽ 15 കിടക്കകളാണ് അക്കാലത്തുണ്ടായിരുന്നത്. ഇപ്പോൾ 120ഓളം കിടക്കകളുമായി എമർജൻസി വിഭാഗം കൂടുതൽ വിപുലമായി.

ബഹ്റൈനിലെ ദേശീയ, അന്തർദേശീയ മത്സരങ്ങളിൽ മെഡിക്കൽ സംഘത്തെ നയിക്കാനുള്ള ചുമതലയും പിന്നീട് ഡോ. പി.വി. ചെറിയാനെ തേടിയെത്തി. 2004ൽ ഫോർമുല വൺ കാറോട്ട മത്സരം ആരംഭിച്ചതുമുതൽ ഈ ചുമതല അദ്ദേഹം അങ്ങേയറ്റം മികവോടെ നിറവേറ്റിവരുന്നു. മൂന്നും നാലും ദിവസം നീണ്ടുനിൽക്കുന്ന വലിയ സ്പോർട്സ് മത്സരങ്ങൾക്ക് പുറമേ വർഷത്തിൽ 240ഓളം ചെറിയ മത്സരങ്ങളുമുണ്ടാകും. ഫുട്ബാൾ മത്സരങ്ങൾ, ജി.സി.സി ഉച്ചകോടികൾ തുടങ്ങിയവക്കെല്ലാം മെഡിക്കൽ സംഘത്തിന് നേതൃത്വം നൽകി ഇദ്ദേഹമുണ്ടായിരുന്നു.

ഇതിന് പുറമേ, ദുരന്ത നിവാരണ സംഘത്തിലും ഡോ. പി.വി. ചെറിയാൻ സജീവ സാന്നിധ്യമായി.

## 2000ലെ ഗൾഫ് എയർ ദുരന്തം

2000 ആഗസ്റ്റ് 23 വൈകിട്ട് 7.30. പതിവുപോലെ തെരുവുകൾ തിരക്കുകളിൽ അലിഞ്ഞ സായാഹ്നം. ഈജിപ്തിലെ കെയ്റോയിൽനിന്ന് ബഹ്റൈൻ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്ക് വന്ന ഗൾഫ് എയറിന്റെ എയർബസ് എ 320 വിമാനം ലാൻഡിങ്ങിന് അടുത്തുകൊണ്ടിരുന്നു. തികച്ചും ശാന്തമായ അന്തരീക്ഷത്തെ ഞെട്ടിച്ച്, എയർപോർട്ടിന് അഞ്ചു കിലോമീറ്റർ അകലെ കടലിലേക്ക് ഇരമ്പുന്ന ശബ്ദത്തിൽ ഒരു വിമാനം മൂക്കുകുത്തി പതിച്ചു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ ബഹ്റൈൻ അന്താരാഷ്ട്ര വിമാനത്താവളത്തിലെ റൺവേയിൽ ഇറങ്ങേണ്ടിയിരുന്ന ഗൾഫ് എയർ വിമാനമായിരുന്നു അത്. ഒരു നിമിഷം ജനം അന്ധാളിച്ചുനിന്നു. മത്സ്യത്തൊഴിലാളികൾ ഏറെയുള്ള ഒരു ഗ്രാമത്തിനടുത്താണ് വിമാനം പതിച്ചത്.



» ഡോ. പി.വി. ചെറിയാൻ കുടുംബത്തോടൊപ്പം (പഴയകാല ചിത്രം)

പതിവുപോലെ തിരക്കുകളിലായിരുന്ന ഡോ. പി.വി. ചെറിയാന് ഒരു അടിയന്തര സന്ദേശം ലഭിച്ചു. ദുരന്തസാഹചര്യങ്ങളിൽ എത്തുന്ന സന്ദേശം തിരിച്ചറിഞ്ഞ അദ്ദേഹം നൊടിയിടയിൽ സൽമാനിയ മെഡിക്കൽ കോംപ്ലക്സിൽ എത്തി. ഡിസാസ്റ്റർ മാനേജ്മെന്റ് ടീം അവിടെ തയാറെടുത്ത് നിന്നിരുന്നു. അവർക്കൊപ്പം ഡോക്ടറും ദുരന്ത സ്ഥലത്തെത്തി. അമേരിക്കൻ നാവിക സേനയും ഈ സമയം രക്ഷാപ്രവർത്തനത്തിന് അവിടെ എത്തിയിരുന്നു. ഡിസാസ്റ്റർ മാനേജ്മെന്റ് ടീമും നേവിയും മത്സ്യത്തൊഴിലാളികളും രക്ഷാപ്രവർത്തനത്തിന് കൈകോർത്തു.

ജീവനക്കാരും യാത്രക്കാരും അടക്കം 143 പേരാണ് വിമാനത്തിൽ ഉണ്ടായിരുന്നത്. ആഴം കുറഞ്ഞ കടലിലേക്ക് പതിച്ചതിനാൽ ആഘാതം ചിന്തിക്കാവുന്നതിനപ്പുറമായിരുന്നു. ഒരാൾപോലും അപകടത്തിൽനിന്ന് ജീവനോടെ രക്ഷപ്പെട്ടില്ല. ശരീര ഭാഗങ്ങൾ വേർപെട്ട മൃതദേഹങ്ങൾ രക്ഷാസംഘം വാരിയെടുത്ത് കരക്കെത്തിച്ചു. ഡോക്ടർമാർ പുലർച്ചെവരെ അധ്വാനിച്ചാണ് പല മൃതദേഹങ്ങളിലും അവയവങ്ങൾ തുന്നിച്ചേർത്തത്. അന്നത്തെ സേവനത്തിന് ഗൾഫ് എയറിന്റെയും സർക്കാരിന്റെയും പ്രത്യേക അംഗീകാരം ഡോക്ടർ പി.വി ചെറിയാനെ തേടി എത്തിയിരുന്നു.

## അൽ ദാന ബോട്ട് ദുരന്തം

ഡോ. പി.വി. ചെറിയാന് സാക്ഷ്യംവഹിക്കേണ്ടി വന്ന മറ്റൊരു ദുരന്തമാണ് 2006 മാർച്ച് 30നുണ്ടായ അൽ ദാന ബോട്ടപകടം. ബഹ്റൈൻ വേൾഡ് സെന്റർ ഇരട്ട ടവറിന്റെ ആദ്യ ഘട്ടം നിർമാണം പൂർത്തിയായപ്പോൾ നടത്തിയ ആഘോഷമാണ് ദുരന്തത്തിൽ കലാശിച്ചത്. ജുഫൈർ മറീന ബീച്ചിൽ നിർത്തിയിട്ടിരുന്ന രണ്ട് ഡെക്കുള്ള അൽ ദാന എന്ന ആഡംബര ബോട്ടിലായിരുന്നു ആഘോഷം. വിദേശികളും മലയാളികളും സംഘത്തിലുണ്ടായിരുന്നു. നാസ് -മുറെ ആൻഡ് റോബർട്ട്സ് കമ്പനിയിലെ ജീവനക്കാരായിരുന്ന വിദേശികളായിരുന്നു സംഘത്തിലെ ഭൂരിഭാഗവും. ആഘോഷത്തിനിടെ ബോട്ട് മുന്നോട്ട് സഞ്ചരിച്ചപ്പോൾ ആടി



» ഡോ. പി.വി. ചെറിയാൻ ബഹ്റൈൻ മെഡിക്കൽ സൊസൈറ്റി ഗവേണിങ് കൗൺസിൽ അംഗമായിരുന്നപ്പോൾ



»2012ൽ ബഹ്റൈൻ മെഡിക്കൽ സൊസൈറ്റി ഗവേണിങ് കൗൺസിൽ അംഗമായി തെരഞ്ഞെടുക്കപ്പെട്ട ഡോ. പി.വി. ചെറിയാനെയും മറ്റംഗങ്ങളെയും അന്നത്തെ പ്രധാനമന്ത്രി പ്രിൻസ് ഖലീഫ ബിൻ സൽമാൻ ആൽ ഖലീഫ ഗുദൈബിയ പാലസിൽ സ്വീകരിച്ചപ്പോൾ



»ആരോഗ്യ മന്ത്രി ഡോ. ജലീല ബിൻത് സഈദ് ജവാദ് ഹസൻ, ആരോഗ്യ മന്ത്രാലയത്തിലെ അണ്ടർസെക്രട്ടറി ഡോ. മർയം ഹുജൈരി എന്നിവർക്കൊപ്പം ഡോ. പി.വി. ചെറിയാൻ



»2012ൽ ഫോർമുല വൺ മത്സരത്തിനിടെ ശൈഖ് നാസർ ബിൻ ഹമദ് ആൽ ഖലീഫക്കൊപ്പം

യുലഞ്ഞ് മറിയുകയായിരുന്നു. 17 ഇന്ത്യക്കാരും 12 ബ്രിട്ടീഷുകാരും ഉൾപ്പെടെ 58 പേരാണ് അപകടത്തിൽ മരിച്ചത്. ഓടിയെത്തിയ രക്ഷാപ്രവർത്തകർ നിരവധി പേരെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവന്നു. പരിക്കേറ്റവരെ ചികിത്സിക്കുന്ന സംഘത്തിൽ ഡോക്ടർ പി.വി. ചെറിയാനും സജീവമായുണ്ടായിരുന്നു.

## പ്രധാനമന്ത്രിയുടെ മെഡിക്കൽ സംഘത്തിൽ

അന്തരിച്ച പ്രധാനമന്ത്രി പ്രിൻസ് ഖലീഫ ബിൻ സൽമാൻ ആൽ ഖലീഫയുടെ സ്വകാര്യ ഡോക്ടർമാരുടെ മൂന്നംഗ സംഘത്തിൽ അംഗമാകാൻ കഴിഞ്ഞത് ഡോ.പി.വി. ചെറിയാന്റെ പ്രാഗത്ഭ്യത്തിന് മറ്റൊരു തെളിവായിരുന്നു. രാജസ്ഥാനിൽനിന്നുള്ള അഹമ്മദ് ഹനീഫ് അസം, കോവിഡ് കാലത്ത് മരണപ്പെട്ട ചേർത്തല സ്വദേശി ഡോ. എം.ആർ. വത്സലൻ എന്നിവരായിരുന്നു മെഡിക്കൽ സംഘത്തിലെ മറ്റു രണ്ടു പേർ. 2000 മുതൽ 2020ൽ പ്രിൻസ് ഖലീഫ ബിൻ സൽമാൻ ആൽ ഖലീഫ മരിക്കുന്നതുവരെ ഇവർ മൂന്നുപേരും ഒപ്പമുണ്ടായിരുന്നു. ഫിലിപ്പീൻസ്, തായ്‌ലൻഡ്, ശ്രീലങ്ക എന്നിവിടങ്ങളിൽ അദ്ദേഹത്തിനൊപ്പം യാത്ര ചെയ്തിട്ടുണ്ട്. അതിനുശേഷം ഇപ്പോഴത്തെ പ്രധാനമന്ത്രിയും കിരീടാവകാശിയുമായ പ്രിൻസ് സൽമാൻ ബിൻ ഹമദ് ആൽ ഖലീഫക്കൊപ്പം ഏഴു മാസം ജോലി ചെയ്തു.

## സാമൂഹിക രംഗത്തും നിറസാന്നിധ്യം

ജോലിയിൽ മാത്രം ഒതുങ്ങാതെ സാമൂഹിക, സാംസ്കാരിക രംഗത്ത് നിറഞ്ഞുനിൽക്കുന്ന വ്യക്തിത്വമാണ് ഡോ. പി.വി. ചെറിയാൻ. 1991 മുതൽ ഒമ്പത് വർഷം ഇന്ത്യൻ സ്കൂളിനെ നയിച്ചതാണ് ഏറ്റവും സന്തോഷകരമായ അനുഭവമെന്ന് ഡോക്ടർ പറഞ്ഞു. ചെയർമാൻ എന്ന നിലയിൽ സ്കൂളിനെ കൂടുതൽ ഉയരങ്ങളിലേക്ക് നയിക്കാൻ അദ്ദേഹത്തിന് സാധിച്ചു. 1989 മുതൽ രണ്ടു വർഷം ഇന്ത്യൻ എംബസിയുടെ മേൽനോട്ടത്തിലായിരുന്ന ഇന്ത്യൻ സ്കൂൾ, ഡോ. പി.വി. ചെറിയാന്റെ നേതൃത്വത്തിൽ നടത്തിയ സമ്മർദഫലമായാണ് വീണ്ടും രക്ഷിതാക്കളുടെ നിയന്ത്രണത്തിലേക്ക് തിരിച്ചുകിട്ടിയത്. തുടർന്നു നടന്ന തെരഞ്ഞെടുപ്പിൽ അദ്ദേഹം ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ടു. ചുമതലയേൽക്കുമ്പോൾ മൂന്നു ലക്ഷം ദിനാർ നഷ്ടത്തിലായിരുന്ന സ്കൂളിന് 1.75 ലക്ഷം ദിനാർ നീക്കിയിരിപ്പുണ്ടാക്കിയാണ് ഡോ. പി.വി. ചെറിയാൻ പടിയിറങ്ങിയത്. ഇന്ത്യൻ സ്കൂളിൽ മെഗാ ഫെയറും ബാൻഡ് സംഘവും ആരംഭിച്ചത് ഇദ്ദേഹത്തിന്റെ ഭരണകാലത്താണ്. 1979 മുതൽ 10 വർഷം സ്കൂളിനെ നയിച്ച ഗുജറാത്തി വ്യവസായി ആത്മ ജാഷൻമാലിന്റെ പേര് സ്കൂൾ ഓഡിറ്റോറിയത്തിന് നൽകിയതും ഇദ്ദേഹമാണ്.

ഇന്ത്യൻ എംബസിയുടെ കീഴിൽ പ്രവർത്തിച്ചിരുന്ന കോഓഡിനേഷൻ കമ്മിറ്റി ഓഫ് ഇന്ത്യൻ അസോസിയേഷൻസ് (സി.സി.ഐ.എ) എന്ന സംഘടനയുടെ ഭാരവാഹിയുമായിരുന്നു ഡോ. പി.വി. ചെറിയാൻ. ഇക്കാലത്ത് ഇന്ത്യൻ അംബാസഡർക്കൊപ്പം ജനങ്ങളിലേക്കിറങ്ങിച്ചെന്ന് ഇദ്ദേഹം നടത്തിയ സേവനങ്ങൾ ഏറെ പ്രശംസ പിടിച്ചുപറ്റിയിരുന്നു.

ബഹ്റൈൻ മെഡിക്കൽ സൊസൈറ്റിയിൽ 2012 മുതൽ നാലു വർഷം ഗവേണിങ് കൗൺസിൽ അംഗമാകാൻ കഴിഞ്ഞതും ചരിത്രനേട്ടമായി. ഡോക്ടർമാരും ഡെന്റിസ്റ്റുകളും ഉൾപ്പെടെ 2400ഓളം പേരുള്ള ഈ സംഘടനയുടെ ചരിത്രത്തിൽ ആദ്യമായാണ് ബഹ്റൈനി അല്ലാത്തയാൾ ഗവേണിങ് കൗൺസിലിൽ അംഗമായത്. കാൻസർ കെയർ ഗ്രൂപ് പ്രസിഡന്റ് എന്ന നിലയിലും അദ്ദേഹം നിരവധി പേർക്ക് ആശ്വാസം നൽകി വരുന്നു. ബഹ്റൈനിലെ വിവിധ അസോസിയേഷനുകൾ നടത്തുന്ന പരിപാടികളുടെ സംഘാടനത്തിലും മുൻനിരയിൽ ഡോക്ടറുണ്ട്.

## രാജ്യത്തിന്റെ വളർച്ചക്കൊപ്പം

ബഹ്റൈന്റെ വളർച്ചയുടെ ഓരോ പടവും കണ്ട് അതിനൊപ്പം സഞ്ചരിച്ചയാളാണ് ഡോ. പി.വി. ചെറിയാൻ. റോഡ്, അടിസ്ഥാന സൗകര്യം എന്നിവയിൽ രാജ്യം മികച്ച നേട്ടം കൈവരിച്ചതായി അദ്ദേഹം പറയുന്നു. ആരോഗ്യ രംഗത്തും വൻ മുന്നേറ്റമുണ്ടാക്കി. സ്വദേശി ഡോക്ടർമാരെ വിദേശ രാജ്യങ്ങളിൽ അയച്ച് പരിശീലിപ്പിക്കാനും ആരോഗ്യ മന്ത്രാലയം മുൻകൈയെടുത്തു. ഇതോടൊപ്പം, രാജ്യത്തെ വിദ്യാഭ്യാസ രംഗത്തും നല്ല പുരോഗതിയുണ്ടായി.

ബഹ്റൈനിലെ പ്രവാസി സംഘടനകൾ ചെയ്യുന്ന സേവനം പ്രശംസനീയമാണെന്ന അഭിപ്രായക്കാരനാണ് ഡോ. പി.വി. ചെറിയാൻ. കോവിഡ് കാലത്ത് ഉൾപ്പെടെ ആയിരക്കണക്കിനാളുകൾക്ക് പ്രവാസി സംഘടനകളുടെ പ്രവർത്തനം പ്രയോജനം ചെയ്തു. ഇപ്പോഴത്തെ ഇന്ത്യൻ അംബാസഡറുടെ സേവനം പ്രവാസി സമൂഹത്തിന് അനുഗ്രഹമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ആലപ്പുഴ ചെങ്ങന്നൂർ സ്വദേശിയായ ഡോ. പി.വി. ചെറിയാന്റെ ഭാര്യ ഉഷ ചെറിയാൻ രണ്ടു വർഷം മുമ്പ് അന്തരിച്ചു. മക്കളായ ഡോ. നിറ്റിൻ ചെറിയാൻ, നിറ്റീഷ് ചെറിയാൻ, നിദീബ് ചെറിയാൻ എന്നിവർ കുടുംബസമേതം അമേരിക്കയിലാണ്. ഇളയ മകൾ ഡോ. നിഖിത കുടുംബത്തോടൊപ്പം ബംഗളൂരുവിൽ താമസിക്കുന്നു. അഞ്ചു പേരക്കുട്ടികളും അടങ്ങുന്ന കുടുംബമാണ് ഡോ. പി.വി. ചെറിയാന്റേത്.

◆



»1982ൽ സൽമാനിയ മെഡിക്കൽ കോംപ്ലക്സിലെ സഹപ്രവർത്തകർക്കൊപ്പം ഡോ. പി.വി. ചെറിയാൻ

# NATIONAL GROUP OF COMPANIES

**BAHRAIN | SAUDI | U.A.E. | SINGAPORE | U.K | INDIA**

NATIONAL
Fire Fighting Co. W.L.L

NATIONAL
Fire and Safety

NATIONAL
CONSTRUCTIONS

**PO.BOX: 11645, MANAMA, KINGDOM OF BAHRAIN**

OFFICE- Tel: 17531277, Fax : 17531288, Email : nfsafety@batelco.com.bh, Website : www.nfsafety.com

OFFICE- Tel: 17280544, Fax : 17280590, Email : info@ncbahrain.com, Website : www.ncbahrain.com

SHOWROOM - Tel : 17246555,17242217, Fax : 17231261

# കോൾഡ് സ്റ്റോർ ജീവിതങ്ങൾ



◆ ഇസ്മായിൽ പതിയാരക്കര

> അറബ് സമൂഹവുമായി ആഴത്തിൽ അഭേദ്യമായ ബന്ധം കാത്തുസൂക്ഷിക്കാൻ ഭാഗ്യം ലഭിച്ച ഒരു മേഖല കോൾഡ് സ്റ്റോർ ആയിരിക്കും. രണ്ടു വ്യത്യസ്തമായ സംസ്കാരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലമായി കോൾഡ് സ്റ്റോറുകൾ മാറി എന്നതാണ് സത്യം.



»കോൾഡ് സ്റ്റോർ

1932 ജൂൺ രണ്ടാം തീയതി എന്നത് ചരിത്രത്തിൽ നാം വലിയൊരു പ്രാധാന്യമൊന്നും കൊടുക്കാത്ത ദിനമാണെങ്കിലും, ലോക സാമ്പത്തിക വ്യവസ്ഥിതിയുടെ ശാക്തീകരണത്തിന് അസ്തിവാരം കുറിച്ച ദിവസമായിരുന്നു അത്. ഗൾഫിൽതന്നെ ആദ്യമായി, ബഹ്റൈനിൽ എണ്ണ കണ്ടെത്തിയത് അന്നായിരുന്നു.

അസീറിയൻ, ബാബിലോണിയൻ, പേർഷ്യൻ തുടങ്ങിയ നാഗരികതകളുടെ രോമാഞ്ചജനകമായ ചരിത്രം പേറുന്ന ബഹ്റൈൻ എന്ന കൊച്ചു രാജ്യം, സമുദ്രനിരപ്പിൽനിന്ന് 122 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ജബൽ അൽ ദുഃകാനിൽ മറ്റൊരു ചരിത്രം സൃഷ്ടിക്കുകയായിരുന്നു. അതിനു മുമ്പേതന്നെ 1928ൽ സ്ത്രീകൾക്കായി ആദ്യ വിദ്യാലയം തുറന്നുകൊണ്ട് കാലത്തിനുമുമ്പേ ഈ കൊച്ചുപ്രദേശം സഞ്ചാരം തുടങ്ങിക്കഴിഞ്ഞിരുന്നു.

സിലോണിനും സിംഗപ്പൂരിനും മലേഷ്യക്കുംശേഷം മലയാളിസമൂഹം പ്രവാസഭൂമികകളെ മാറ്റിപ്പണിതുകൊണ്ടിരുന്ന എഴുപതുകളുടെ അവസാനം മറ്റെല്ലാ ഗൾഫ് നാടുകളിലുമെന്നപോലെ ബഹ്റൈനിലും മലയാളിസമൂഹം വലിയതോതിൽ സ്വാധീനമറിയിക്കാൻ തുടങ്ങി. അതിനു മുമ്പേ ആതുരാലയങ്ങളിലും ഒപ്പം എണ്ണക്കമ്പനികളിലും മാത്രമായിരുന്നു നാമമാത്രമായ കേരളീയരുടെ സാന്നിധ്യം.

ബിരുദങ്ങളുടെ ബാധ്യതകൾ തെല്ലുമില്ലാതെ, പ്രതീക്ഷകളുടെ പരവതാനികളിൽ സ്വപ്നങ്ങൾ യാഥാർഥ്യമാക്കാൻ പുറപ്പെട്ട സാധാരണക്കാർ ജീവിത സന്ധാരണത്തിനായി കൂടുതലും കണ്ടെത്തിയത് അറബി വീടുകളിലെ അടുക്കളപ്പുറങ്ങളും ഡ്രൈവർ ജോലിയും നിർമാണ മേഖലകളുമൊക്കെയായിരുന്നു. പ്രവാസത്തിന്റെ ഒഴുക്ക് വർധിച്ചപ്പോഴാണ് മറ്റു പല തരത്തിലുള്ള രംഗങ്ങളിലും മലയാളി കൈയെത്തിപ്പിടിക്കാൻ തുടങ്ങിയത്.

അക്കാലത്ത്, നാട്ടിലെ പലചരക്കുകടകൾക്കു സമാനമായ ഒരു കൊച്ചു പീടിക ആയിരിക്കണം ഇന്ന് മുക്കുമൂലകളിൽ പരന്നുകിടക്കുന്ന കോൾഡ് സ്റ്റോർ, മിനി മാർക്കറ്റുകളുടെ തുടക്കം എന്നു കരുതാം. ഭക്ഷ്യ വസ്തുക്കളിൽ മാത്രം ഒതുങ്ങാതെ എല്ലാ വിധത്തിലുള്ള സാധനങ്ങളും വാങ്ങാൻ കിട്ടുന്ന തരത്തിലേക്ക് അത് വളർന്നു. കൂടാതെ ഹോട്ടൽ, കഫറ്റീരിയ തുടങ്ങിയ പ്രവർത്തനതലത്തി



»1950കളിലെ മനാമ സൂഖ്

ലേക്കും മലയാളി തന്റെ കൈയൊപ്പ് പതിപ്പിച്ചുതുടങ്ങി.

പക്ഷേ, അറബ് സമൂഹവുമായി ആഴത്തിൽ അഭേദ്യമായ ബന്ധം കാത്തുസൂക്ഷിക്കാൻ ഭാഗ്യം ലഭിച്ച ഒരു മേഖല കോൾഡ് സ്റ്റോർ ആയിരിക്കും എന്നു തോന്നുന്നു. രണ്ടു വ്യത്യസ്തമായ സംസ്കാരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലമായി കോൾഡ് സ്റ്റോറുകൾ മാറി എന്നതാണ് സത്യം.

ഒരു സ്വദേശിക്ക് ഒരിക്കലും ഒഴിച്ചുകൂടാൻ പറ്റാത്ത ഇടമാണ് കോൾഡ് സ്റ്റോർ. ദിവസവും പല തവണ അവർ അവിടെ കയറിയിറങ്ങും. ഒരു സ്റ്റോറിനു ചുറ്റുമുള്ള വീട്ടുകാർ ആ സ്ഥാപനത്തിലുള്ളവരെ സ്വന്തക്കാരെപ്പോലെതന്നെ കണ്ടു. വീട്ടിലുണ്ടാക്കുന്ന വിശിഷ്ട ഭോജ്യങ്ങൾ അവരുടെ തീന്മേശയിലെത്തുന്നതിനു മുമ്പുതന്നെ ബറാദയിൽ (കോൾഡ് സ്റ്റോർ) എത്തിച്ചുനൽകുന്നതിൽ അവർ ആത്മസായുജ്യം കൊണ്ടിരുന്നു. അവരുടെ വീടുകളിൽ നടക്കുന്ന വിവാഹങ്ങൾ തുടങ്ങി പല മംഗള കർമങ്ങളിലും കോൾഡ് സ്റ്റോറിലെ മലയാളിയെ അവർ ചേർത്തുവെച്ചു. സ്ഥിരം ഉപഭോക്താവായ അറബിയുടെ അകാല വേർപാടിൽ കച്ചവടബന്ധങ്ങൾക്കപ്പുറം കണ്ണീരുകൊണ്ട് ചേർത്തുപിടിച്ചുകൊണ്ടാണ് മലയാളി സമൂഹം സഹോദര്യത്തിന്റെ മനോഹരഗാഥകൾ തീർക്കുന്നത്.


തങ്ങളുടെ പ്രദേശത്തെ ബഖാലക്കാരന്റെ വീട്ടിലെ വിശേഷങ്ങളിൽ പങ്കുകൊള്ളാൻ അറബിയും കുടുംബവും കേരളത്തിലേക്ക് വിമാനം കയറിയതും ചരിത്രം. മനുഷ്യസൗഹൃദത്തിന്റെ മനോഹരമായ അനുഭൂതിയിൽ ഭൂപടങ്ങളിൽ കുത്തിവരക്കപ്പെട്ട വരകൾ മാഞ്ഞില്ലാതെയാവുന്ന അപൂർവ നിമിഷങ്ങൾ കൂടിയായിരുന്നു അത്.

കുറഞ്ഞ വേതനത്തിൽ ജോലിചെയ്തിരിക്കുന്ന സാധാരണക്കാരായ സ്വദേശികളുടെ അത്താണി കൂടിയായിരുന്നു കോൾഡ് സ്റ്റോറുകൾ. ശമ്പളം കിട്ടിയ തുക തീർന്നുകഴിഞ്ഞാൽ കോൾഡ് സ്റ്റോറിലെ പറ്റുബുക്കിന്റെ കരുണയിലാണ് അവന്റെ കുടുംബം അല്ലലില്ലാതെ അടുത്ത ശമ്പള ദിവസത്തിലേക്ക് പിച്ച വെച്ച് നടന്നിരുന്നത്.



»1968ലെ മുഹറഖ് മാർക്കറ്റ്

ശരിയായ പേരുപോലും അറിയാത്ത മനുഷ്യർക്ക് നൂറുകണക്കിന് ദീനാറിന്റെ സാധനങ്ങൾ കടം കൊടുക്കുകയും അവർ കൃത്യസമയത്ത് തിരിച്ചു കൊടുക്കുകയും ചെയ്യുന്ന വിശ്വസ്തതയുടെ അധ്യായങ്ങൾ പ്രവാസത്തിലെ മനോഹര കാഴ്ചകളിൽ ഒന്നുതന്നെയാണെന്ന് നിസ്സംശയം പറയാൻ കഴിയും. വളരെ ചെറിയതോതിലുള്ള അപവാദങ്ങൾ വിസ്മരിക്കുന്നില്ല. ഭൂരിഭാഗം മനുഷ്യരും ശമ്പ



»പഴയ മനാമ മാർക്കറ്റ്

ളം കിട്ടിയാൽ ആദ്യം ബഖാലയിലെ ഇടപാട് തീർക്കാൻ പാഞ്ഞെത്തുന്നവർതന്നെയാണ്. കുടുംബകാര്യങ്ങളും സ്വകാര്യ ദുഃഖങ്ങളുമൊക്കെ പങ്കുവെക്കുന്ന അറബ്-മലയാളി സൗഹൃദത്തിന്റെ കഥകൾ കോൾഡ് സ്റ്റോർ മേഖലയിലെ മനോഹരമായ സൗന്ദര്യങ്ങളിൽ ഒന്നാണ്.

പ്രിയപ്പെട്ട സുഹൃത്ത് ആദ്യമായി നല്ല പാതിയെ കൊണ്ടുവന്നപ്പോൾ ഇത് എന്റെയുംകൂടി മോളാണ് എന്നുപറഞ്ഞുകൊണ്ട് സ്നേഹത്തോടെ കൈപിടിച്ചു സ്വന്തം വീട്ടിലേക്കു കൊണ്ടുപോയി വിലപിടിച്ച സമ്മാനങ്ങൾ നൽകിയ വൃദ്ധയായ അറബ് സ്ത്രീയെ ഓർക്കാതെ ഈ എഴുത്ത് പൂർണമാകില്ല. തൊഴിൽ പ്രാഗല്ഭ്യമോ മതിയായ വിദ്യാഭ്യാസമോ ഇല്ലാത്ത പതിനായിരക്കണക്കിന് മലയാളികൾക്ക് ജീവിക്കാനുള്ള അത്താണിയും ഒപ്പം പലരെയും പണക്കാരാക്കുകയും ചെയ്ത അനുഗ്രഹിക്കപ്പെട്ട തൊഴിലിടംകൂടിയാണ് കോൾഡ് സ്റ്റോർ മേഖല.

അനുഭവങ്ങളുടെ അക്ഷയഖനികളാണ് ഓരോ കോൾഡ് സ്റ്റോറുകളും എന്നെനിക്ക് തോന്നാറുണ്ട്. നമ്മൾ പരിചയപ്പെടുന്ന പല ഭൂഖണ്ഡങ്ങളിലുള്ള പല തരത്തിലുള്ള മനുഷ്യർ എഴുതിയാൽ തീരാത്ത വലിയ വലിയ കഥകളാണ്. ബോംബിന്റെയും മിസൈലുകളുടെയും നടുവിൽ മരണത്തെ പ്രതീക്ഷിച്ചു കഴിഞ്ഞ ഇറാഖിലെയും സിറിയയിലെയും ഫലസ്തീനിലെയും മനുഷ്യരുടെ അനുഭവങ്ങൾ കേൾക്കുമ്പോൾ ഉള്ളകം പൊള്ളാറുണ്ട്.

കൈക്കുഞ്ഞായിരിക്കുമ്പോൾ കടയിലേക്ക് മാതാവിന്റെ കൂടെ വന്നു തുടങ്ങുന്ന സ്വദേശി, അവന്റെ ബാല്യകൗമാരങ്ങളും, അതിനുശേഷം അവന്റെ കുട്ടികളും കാലത്തിന്റെ പ്രവാഹത്തിനിടയിൽ ഭയ്യാ, ഭയ്യാ എന്നു വിളിച്ചു കടന്നുവരുമ്പോഴും തീരാത്ത പ്രാരബ്ധങ്ങളുടെ കുരുക്കഴിക്കാൻ കഴിയാതെ ഒഴുകി മറയുന്ന ആയുസ്സ് നോക്കി നെടുവീർപ്പിടുന്ന സാധാരണ കോൾഡ് സ്റ്റോറുകാരന്റെ നൊമ്പരങ്ങൾകൂടി പകർത്തി വെക്കാതെ ഈ കുറിപ്പ് പൂർണമാകില്ല.

സ്വന്തം കുട്ടികളുടെ വളർച്ചകൾ, കൊഞ്ചലുകൾ ഒക്കെയും ഭാവനയിൽ കണ്ട് തൃപ്തിയടഞ്ഞ് ആറടി നീളയുള്ള പഴയ ഇരുമ്പുകട്ടിലിൽ എല്ലാ മോഹങ്ങളെയും കുഴിച്ചുമൂടി തലയണകളോട് സങ്കടം ചൊല്ലി കാലം കഴിക്കുന്നവർ. അവൻ എന്ന പച്ചമനുഷ്യനെ അവഗണിച്ച് അവന്റെ പണം മാത്രം മോഹിക്കുന്ന മനുഷ്യർക്കിടയിൽ കരിന്തിരിപോലെ എരിഞ്ഞുതീരാൻ വിധിക്കപ്പെട്ടവർ!

മരവിച്ച അറിവുകളുടെയും വിവരങ്ങളുടെയും ലോകത്ത് എല്ലാം തികഞ്ഞവനെന്ന അഹന്തയോടെ മലർന്നുകിടക്കുന്ന സാധാരണ മലയാളി അറിയുന്നുണ്ടോ തങ്ങളെ മൂന്നു നേരം മൃഷ്ടാന്ന ഭോജനം കഴിക്കാൻ പ്രാപ്തരാക്കിയ പ്രവാസത്തിന്റെ ജീവിതപ്പകർച്ചകൾ. ആഴ്ചയിൽ ഒരു അവധി പോലുമില്ലാതെ 12 മണിക്കൂറിലധികം പെടാപ്പാട് പെടുന്നവന്റെ വ്യഥകൾ! വിരഹം തളർത്തിക്കളഞ്ഞ ശരീരവുമായി ഒറ്റപ്പെടലിന്റെ കരകാണാക്കയങ്ങളിൽ കൈകാലിട്ടടിക്കുന്നവന്റെ നൊമ്പരങ്ങൾ!



ഇരമ്പിമറിയുന്ന കടലിന്റെ ഇരു കരകളിലുമായി ഹൃദയത്തെ വേദനയോടെ ചീന്തിവെച്ച് ഒരിക്കലും തീരാത്ത പ്രാരബ്ധങ്ങളുടെ പിറകെ കിതച്ചു കൊണ്ടോടുന്ന പ്രവാസത്തിന്റെ ദൈന്യമായ മറ്റൊരു മുഖം വരഞ്ഞിടാൻ വാക്കുകൾപോലും അശക്തരായിരിക്കും എന്നതാണ് സത്യം.

കോൾഡ് സ്റ്റോറിന്റെ ജാലകപ്പഴുതിലൂടെ ഭാവിയുടെ വിദൂര ദൃശ്യങ്ങളിലേക്ക് മനക്കണ്ണു പായിക്കുമ്പോൾ ചരിത്രത്തിന്റെ തനിയാവർത്തനംപോലെ പലായനത്തിന്റെ ഭൂമികകൾ മലയാളി മാറ്റിപ്പണിയുന്ന പോലെ തോന്നാറുണ്ട്. ആഫ്രിക്കൻ വൻകരകളിലും യൂറോപ്പിന്റെ തീരങ്ങളിലും പുതിയ പ്രവാസത്തിന്റെ നാമ്പുകൾ പതുക്കപ്പതുക്കെ മുളപൊട്ടിക്കൊണ്ടിരിക്കുന്നു.

ഒറ്റക്കല്ല പുതിയ കുടിയേറ്റങ്ങൾ, മറിച്ച് കുടുംബത്തോടൊപ്പമാണ് എന്നത് ജീവിതം കൈ വെള്ളയിലൂടെ ചോർന്നുപോകാതിരിക്കാനുള്ള അവരുടെ കരുതലായി തിരിച്ചറിയുന്നു.

കാലിൽ കുരുക്കിട്ട പക്ഷിയെപ്പോലെ ഏതെങ്കിലും ഒരു കാലം പിറന്ന നാട്ടിലേക്കു തിരിച്ചുപറക്കാമെന്ന സുന്ദരമായ മോഹം ഉപേക്ഷിച്ച് മെച്ചപ്പെട്ട മേച്ചിൽ പുറങ്ങളിൽ തിരിച്ചുവരവില്ലാത്ത ഒരു പോക്കായി പുതിയ പ്രവാസത്തെ ചിലപ്പോൾ അടയാളപ്പെടുത്തേണ്ടി വരുമോ എന്നും ഭയപ്പെട്ടുപോകാറുണ്ട്.

കോൾഡ് സ്റ്റോറിലെ ചില്ലുജാലകത്തിലൂടെ പുറത്തേക്ക് നോക്കുമ്പോൾ ഒരുപാട് രാജ്യങ്ങളിലെ കുഗ്രാമങ്ങളിലെ അടുപ്പുകൾ പുകയാൻ കാരണമാകുന്ന ഈ കുഞ്ഞുരാജ്യത്തെക്കുറിച്ച് അഭിമാനത്തോടുകൂടിയേ ഓർക്കാൻ കഴിയൂ. ബഹ്റൈൻ എന്ന ഈ പവിഴദ്വീപ് ദേശീയദിനത്തെ വരവേൽക്കുന്ന ഈ വേളയിൽ തികഞ്ഞ പ്രാർഥനകൾ മാത്രം.

വാൽക്കഷ്ണം: ഹലീബ് എന്നാൽ പാൽ ആണെന്നും ലെബാൻ എന്നാൽ മോര് ആണെന്നും പഠിപ്പിച്ചുകൊണ്ട് 17 വർഷങ്ങൾക്കുമുമ്പ് എന്റെ കോൾഡ് സ്റ്റോർ ജീവിതത്തിനു ഹരിശ്രീ കുറിച്ചുതന്ന കരീംക്ക, ശരീഫ് തുടങ്ങിയ ഗുരുക്കന്മാരെ നന്ദിയോടെ ഓർക്കുന്നു.

◆




PHS

شركة. هريداس وأولاده ذ.م.م

P.Haridas Sons Co.W.l.l

**P HARIDAS SONS GROUP OF COMPANIES**

P.O Box: 434 Building 41, Road 3401, Block 634 , Maameer , Kingdom of Bahrain | Tel : +973 1770 8189




»ഷിഫ അൽ ജസിറ മെഡിക്കൽ സെന്റർ, മനാമ



»ഷിഫ അൽ ജസിറ മെഡിക്കൽ സെന്റർ, ഹാജിയാത്ത്

# ഷിഫ അൽ ജസീറ

## ആരോഗ്യ സംരക്ഷണത്തിലെ മാനുഷിക മുഖം



»ഷിഫ അൽ ജസിറ മെഡിക്കൽ ഗ്രൂപ് ചെയർമാൻ ഡോ. കെ.ടി റബീയുള്ള

ഗൾഫിലെ ആതുര ശുശ്രൂഷ മേഖലയിലെ മികവിന്റെയും കരുതലിന്റെയും പര്യായമായ ഷിഫ അൽ ജസീറ മെഡിക്കൽ ഗ്രൂപ് നാൽപതാണ്ടിന്റെ നിറവിൽ. സൗദി അറേബ്യ, ബഹ്റൈൻ, ഖത്തർ, യു.എ.ഇ, കുവൈത്ത് തുടങ്ങിയ ഗൾഫ് രാജ്യങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ഷിഫ അൽ ജസീറ ഗൾഫിലെ ഏറ്റവും വലിയ ആരോഗ്യ കൂട്ടായ്മയാണ്. ഹോസ്പിറ്റൽ, മെഡിക്കൽ സെന്ററുകൾ, പോളിക്ലിനിക്കുകൾ, ഡെന്റൽ സെന്ററുകൾ, ഫാർമസികൾ എന്നിങ്ങനെ ഗ്രൂപ്പിനുകീഴിൽ വിവിധ ഗൾഫ് രാജ്യങ്ങളിലായി നാൽപതോളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ഗൾഫിലെ ഏറ്റവും വലിയ ആരോഗ്യ വികസന പദ്ധതികളാണ് ഷിഫ അൽ ജസീറ മെഡിക്കൽ ഗ്രൂപ്പിനുള്ളത്. ബഹ്റൈനിലും മറ്റ് ഗൾഫ് രാജ്യങ്ങളിലും മികച്ച ആരോഗ്യ പരിപാലന സേവനങ്ങളുമായി ഗ്രൂപ് അതിന്റെ പരിചരണ വിഭാഗങ്ങൾ വിപുലീകരിക്കുന്നത് തുടരുകയാണ്. ബഹ്റൈനിലെ ഷിഫ അൽ ജസീറ മെഡിക്കൽ സെന്ററിന്, നിലവിൽ രാജ്യത്തിന്റെ തലസ്ഥാന നഗരമായ മനാമയിൽ രണ്ട് ശാഖകളുണ്ട്. ഒരു സ്പെഷാലിറ്റി മെഡിക്കൽ സെന്ററും ഒരു ഡെന്റൽ സെന്ററും. ഇവ രണ്ടും കൂടാതെ റിഫയിലെ ഹാജിയാത്ത്, ഹമല എന്നിവിടങ്ങളിലെ പുതിയ മെഡിക്കൽ സെന്ററുകളുടെ നിർമാണം അന്തിമഘട്ടത്തിലാണ്.

»ഷിഫ അൽ ജസിറ മെഡിക്കൽ സെന്റർ, ഹമല



മനാമയിലെ ഏഴ് നിലകളിലെ മെഡിക്കൽ സെന്ററും രണ്ടു നിലയിലെ ഡെന്റൽ- പ്രീ എംപ്ലോയ്മെന്റ് മെഡിക്കൽ സെന്ററും വിപുലമായ സേവനങ്ങൾ നൽകുന്നു. കാർഡിയോളജി, കോസ്മെറ്റോളജി, ഓർത്തോഡോണ്ടിക്സ്, പീരിയോഡോണ്ടിക്സ് തുടങ്ങിയ സൂപ്പർ സ്പെഷാലിറ്റി സേവനങ്ങൾ ലഭ്യമാണ്. പീഡിയാട്രിക്, ഓർത്തോപീഡിക് വിഭാഗങ്ങളിൽ മൂന്ന് വിദഗ്ധ ഡോക്ടർമാരുടെയും റേഡിയോളജിയിൽ ഒരു കൺസൾട്ടന്റ് ഉൾപ്പെടെ മൂന്ന് വിദഗ്ധരുടെയും ഗൈനക്കോളജിയിൽ ഒരു കൺസൾട്ടന്റടക്കം നാല് വിദഗ്ധരുടെയും സേവനം ലഭ്യമാണ്. സി.ടി, മാമോഗ്രാം, എക്കോ-ടി.എം.ടി, കോവിഡ് ആർ.ഡി-പി.സി.ആർ ടെസ്റ്റുകൾ തുടങ്ങിയവ ലഭ്യമാണ്. ഒപ്റ്റോമെട്രി, ഓഡിയോ സ്പീച് ലാംഗ്വേജ് തെറപ്പി തുടങ്ങിയവയും ലഭ്യമാണ്. മെഡിക്കൽ സെന്ററിൽ മൂന്ന് ഇൻഹൗസ് ഫാർമസികളും മൂന്ന് ഒബ്സർവേഷൻ വാർഡുകളുമുണ്ട്. ഈ മെഡിക്കൽ സെന്റർ ആശുപത്രിയാക്കി ഉയർത്തുന്നതിനുള്ള നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. നിർമാണം പുരോഗമിക്കുന്ന ഹാജിയാത്ത്, ഹമാല എന്നിവിടങ്ങളിലെ പുതിയ മെഡിക്കൽ സെന്ററുകൾക്ക് 20,000 ചതുരശ്ര അടി വീതം വിസ്തീർണമുണ്ട്. എല്ലാ മെഡിക്കൽ സ്പെഷാലിറ്റികളും സേവനങ്ങളും അവിടെയും ലഭ്യമാകും.



»ഷിഫ അൽ ജസിറ ഡെന്റൽ സെന്റർ, മനാമ

2004 ജൂൺ 10നാണ് ബഹ്റൈനിൽ ഷിഫ അൽ ജസീറ മെഡിക്കൽ ഗ്രൂപ്പിന് കീഴിൽ ആദ്യത്തെ മെഡിക്കൽ സെന്റർ തുറന്നത്. ഈ സെന്റർ 2018 മെയിൽ ഏഴിനു നിലകളുള്ള കെട്ടിടത്തിലേക്ക് മാറി.

ചികിത്സയുടെ ഗുണനിലവാരത്തിൽ വിട്ടുവീഴ്ച ചെയ്യാതെ, താങ്ങാനാവുന്ന വിലയിൽ 24 മണിക്കൂറും ഗുണനിലവാരമുള്ളതും പ്രതികരിക്കുന്നതും അനുകമ്പയുള്ളതുമായ ആരോഗ്യ പരിരക്ഷ നൽകാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. രാജ്യത്തെ ജനങ്ങൾക്ക് മികവാർന്ന, ഏറ്റവും പുതിയ ഗുണനിലവാരമുള്ള ചികിത്സയും പരിചരണവും നൽകുക എന്നതാണ് ഞങ്ങളുടെ പ്രധാന ലക്ഷ്യം' -ഷിഫ അൽ ജസീറ മെഡിക്കൽ ഗ്രൂപ് ചെയർമാൻ ഡോ. കെ.ടി. റബീയുള്ള പറഞ്ഞു. സേവനങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വ്യാപിക്കുക എന്ന ലക്ഷ്യത്തോടെയാണ് പുതിയ സെന്ററുകളും ഫാർമസികളും ആരംഭിക്കുന്നത്. പുതിയ മെഡിക്കൽ സെന്ററുകൾ ഉടൻ പൊതുജനങ്ങൾക്കായി തുറക്കും.

ജി.സി.സിയിൽ പൗരന്മാർക്കും താമസക്കാർക്കുമായി, പ്രത്യേകിച്ച് താഴ്ന്ന വരുമാനക്കാർക്കായി ഷിഫ അൽ ജസീറ മെഡിക്കൽ ഗ്രൂപ്പാണ് ആദ്യമായി മെഡിക്കൽ സെന്ററുകൾ ആരംഭിക്കുന്നത്. 42 വർഷത്തിലേറെയായി ദുരിതമനുഭവിക്കുന്നവർക്ക് കാരുണ്യത്തിന്റെ കരസ്പർശമാണ് സ്ഥാപനം. ഈ മേഖലയിലെ ആരോഗ്യ സേവനങ്ങളിൽ പ്രശംസനീയമായ ജനപ്രീതി നേടി തുടക്കം മുതൽ അഭൂതപൂർവമായ വളർച്ചക്ക് ഗ്രൂപ് സാക്ഷ്യം വഹിച്ചു.

ഗൾഫിലെ മെഡിക്കൽ സെന്ററുകളിലൂടെ ഷിഫ അൽ ജസീറ മെഡിക്കൽ ഗ്രൂപ് ഇന്ന് 800 ഡോക്ടർമാരുൾപ്പെടെ 5,000 പേരുടെ സേവനം വാഗ്ദാനം ചെയ്യുന്നു. ഇത് പ്രതിദിനം 50,000ത്തിലധികം ആളുകൾക്ക് ആരോഗ്യ സേവനങ്ങൾ നൽകുന്നു. വിവിധ രാജ്യങ്ങളിൽനിന്നുള്ള ഡോക്ടർമാരുടെയും പാരാമെഡിക്കുകളുടെയും കഴിവും വൈദഗ്ധ്യവും ഗൾഫ് മേഖലയിലെ ഷിഫ അൽ ജസീറയുടെ അടിത്തറയായി തുടരുന്നു.

ഏറ്റവും കുറഞ്ഞ ചെലവിൽ മികച്ച ചികിത്സ ലഭ്യമാക്കുക എന്നതാണ് ഷിഫ അൽ ജസീറ മെഡിക്കൽ സെന്ററിന്റെ ലക്ഷ്യം. അതുകൊണ്ടാണ് ഷിഫക്ക് കരുതലിന്റെ സാന്ത്വനമാകാൻ കഴിയുന്നതെന്ന് ചെയർമാൻ വ്യക്തമാക്കി.

നാലുപതിറ്റാണ്ടിലേറെയായി ആരോഗ്യ സംരക്ഷണത്തെ മാനുഷികമാക്കുന്നതിൽ മുന്നിൽനിന്ന് പ്രവർത്തിച്ചതിന് എല്ലാ മേഖലയിൽനിന്നും ആദരവ് നേടിയ വ്യക്തിത്വമാണ് ഗ്രൂപ് ചെയർമാനും മലപ്പുറം ജില്ലയിലെ കോഡൂർ സ്വദേശിയുമായ ഡോ. കെ.ടി. റബീയുള്ള. ആതുര ശുശ്രൂഷാ മേഖലയെ വ്യവസായമായി കാണാതെ, ആരോഗ്യ സംരക്ഷണ സംവിധാനം താങ്ങാനാവുന്നതിലും സാധാരണക്കാർക്ക് പ്രാപ്യമാക്കുന്നതിലും ജനപ്രിയമാക്കുന്നതിലും അദ്ദേഹം വലിയ സംഭാവനകൾ നൽകി. വർഷങ്ങൾക്കുമുമ്പ് ഗൾഫിലെ സാധാരണ തൊഴിലാളികൾക്ക് താങ്ങാവുന്ന നിരക്കിൽ സൂപ്പർ സ്പെഷാലിറ്റി ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തിയത് അദ്ദേഹമാണ്. 42 വർഷം മുമ്പ് ജിദ്ദയിൽ ഒരു ചെറിയ ക്ലിനിക്കുമായി ആരംഭിച്ച ഷിഫ അൽ ജസീറ മെഡിക്കൽ ഗ്രൂപ് ഇപ്പോൾ 30ലേറെ മെഡിക്കൽ സെന്റുകളിലൂടെയും നിരവധി ഫാർമസികളിലൂടെയും സേവനം നൽകുന്നു. ■


Happy 51st
National Day
BAHRAIN
DAR AL SHIFA
MEDICAL CENTRE
HIDD MANAMA
16 16 16 16



»ശൈഖ് മുഹമ്മദ് ബിൻ സൽമാൻ ബിൻ ഹമദ് ആൽ ഖലീഫ ദീപാവലി ദിവസം ഇന്ത്യൻ ഭവനങ്ങളിൽ നടത്തിയ സന്ദർശനം

**ലോകത്തിന്റെ വിവിധ കോണുകളിൽനിന്നും ദേശങ്ങളിൽനിന്നും ജീവിതസന്ധാരണ മാർഗംതേടി എത്തിയ പ്രവാസികൾക്ക് അവരുടെ സാംസ്കാരികവും ദാർശനികവുമായ തനിമ നിലനിർത്താൻ സഹായകമായ സ്വാതന്ത്ര്യവും സംവിധാനവും നൽകാൻ ബഹ്റൈൻ ഭരണകൂടം എന്നും മുൻപന്തിയിലാണ്.**

# ഇന്ത്യൻ ആഘോഷങ്ങളിലെ ബഹ്റൈൻ സാന്നിധ്യം

◆ ജമാൽ ഇരിങ്ങൽ



വിവിധ സംസ്കാരങ്ങളെ ഉൾക്കൊള്ളാനും എല്ലാ ജനവിഭാഗങ്ങളെയും ചേർത്തുപിടിക്കാനുമുള്ള ബഹ്റൈൻ ഭരണാധികാരികളുടെയും പൗരന്മാരുടെയും സൗമനസ്യം പ്രവാസികളുൾപ്പെടെയുള്ളവർ ഏറെ നന്ദിയോടെയാണ് അനുഭവിക്കുന്നത്. പവിഴദ്വീപ് എന്നറിയപ്പെടുന്ന ഈ കൊച്ചുരാജ്യത്തിന്റെ സൗന്ദര്യം ഏറെ പ്രശോഭിതമാകുന്നത് സമസ്ത വിഭാഗങ്ങളെയും പക്ഷഭേദങ്ങളില്ലാതെ പരിഗണിക്കാനുള്ള അവരുടെ ഈ വിശാലമനഃസ്ഥിതി കൊണ്ടുകൂടിയാണ്. രാജ്യത്തുള്ള എല്ലാ ജനവിഭാഗങ്ങളെയും ഉൾക്കൊള്ളാനും സഹവർത്തിത്വത്തിലൂടെ മുന്നോട്ടുപോകാനും കഴിയുന്ന ജനതയാണ് ബഹ്റൈൻ സമൂഹം. മതസൗഹാർദവും എല്ലാവരോടും തുറന്ന സമീപനവും നിലനിർത്തുന്നതിൽ രാജ്യം എപ്പോഴും വലിയ ശ്രദ്ധയാണ് നൽകുന്നത്. മതസഹിഷ്ണുതയും സഹവർത്തിത്വത്തിലൂന്നിയ സ്നേഹവും ബഹ്റൈന്റെ പ്രത്യേകതയാണ്.

രാജാവ് ഹമദ് ബിൻ ഈസ ആൽ ഖലീഫയുടെ നയങ്ങളും കാഴ്ചപ്പാടുകളും പ്രവർത്തനങ്ങളുമാണ് രാജ്യത്തെ ഈയൊരു നിലവാരത്തിലേക്ക് എത്തിച്ചത്. സംവാദം, സൗഹൃദം, സഹവർത്തിത്വം, സമാധാനം എന്നീ ആശയങ്ങൾ ലോകത്തിന് നൽകാൻ കഴിയുന്ന മികച്ച സംഭാവനയാണ്. നൂറ്റാണ്ടുകളായി ബഹ്റൈൻ ജനത ഈയൊരു സന്ദേശമാണ് ലോകത്തിനു നൽകിക്കൊണ്ടിരിക്കുന്നത്. വിവിധ മതങ്ങൾക്കിടയിലെ സഹവർത്തിത്വം സാധ്യമാക്കാൻ ഇവിടെ വിവിധ സംഘടനകളും സംവിധാനങ്ങളും സർക്കാർ നേതൃത്വത്തിൽ നടക്കുന്നുണ്ട്. ദിസ് ഈസ് ബഹ്റൈൻ, കിങ് ഹമദ് ഗ്ലോബൽ സെന്റർ ഫോർ പീസ്ഫുൾ കോ എക്സിസ്റ്റൻസ് തുടങ്ങിയവ അതിൽ ചിലതുമാത്രമാണ്.

ലോകത്തിന്റെ വിവിധ കോണുകളിൽനിന്നും ദേശങ്ങളിൽനിന്നും ജീവിതസന്ധാരണ മാർഗംതേടി ഇവിടെയെത്തിയ പ്രവാസികൾക്ക് അവരുടെ സാംസ്കാരികവും ദാർശനികവുമായ തനിമ നിലനിർത്താൻ സഹായകമായ സ്വാതന്ത്ര്യവും സംവിധാനവും നൽകാൻ ബഹ്റൈൻ ഭരണകൂടം എന്നും മുൻപന്തിയിൽ തന്നെയാണ്. വിവിധ മതങ്ങളുടെ ആരാധനാലയങ്ങളുടെ നിർമാണത്തിലും പരിചരണത്തിലും



»ശൈഖ് നാസർ ബിൻ ഹമദ് ആൽ ഖലീഫ ഓണാഘോഷത്തിൽ പങ്കുചേർന്ന് സദ്യ കഴിക്കുന്നു



»ശൈഖ് ഈസ ബിൻ സൽമാൻ ആൽ ഖലീഫ ദീപാവലി ദിവസം ഇന്ത്യൻ ഭവനങ്ങളിൽ നടത്തിയ സന്ദർശനം

ഭരണകൂടം കാണിക്കുന്ന ഔത്സുക്യം മലയാളികൾക്കും അനുഭവവേദ്യമാണ്. ക്രിസ്ത്യൻ ചർച്ചുകളുടെ നിർമാണത്തിനായി സൗജന്യമായി ഭൂമി നൽകിയും ഹിന്ദുക്ഷേത്രങ്ങളുടെ വിപുലീകരണ പ്രവർത്തനത്തിൽ നേരിട്ട് മേൽനോട്ടംവഹിച്ചും മതസൗഹാർദരംഗത്ത് പുതുഗാഥകൾ രചിക്കുകയാണ് ഈ രാജ്യം.

മലയാളികൾക്ക് മേൽക്കൈയുള്ള പന്ത്രണ്ടോളം ക്രിസ്തീയ ദേവാലയങ്ങളും ധാരാളം ഹിന്ദുക്ഷേത്രങ്ങളും നിരവധി സിഖ് ഗുരുദ്വാരകളും ഈ പവിഴദ്വീപിൽ തോളോടുതോൾ ചേർന്നുനിൽക്കുന്നത് കണ്ണിന് കുളിർമപകരുന്ന കാഴ്ചകളാണ്. വിവിധ മതങ്ങളുടെ ആഘോഷവേളകളിൽ ഭരണാധികാരികൾ ആശംസനേരുകയും നേരിട്ട് പങ്കാളികളാവുകയും ചെയ്യുന്നത് ലോകത്ത് അധികമൊന്നും കാണാത്ത സുകൃതങ്ങളാണ്. ദീപാവലിയുടെയും ക്രിസ്മസിന്റെയും സന്ദർഭങ്ങളിൽ നാം ഇത് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഭരണാധികാരികളുടെ മേൽനോട്ടത്തിലും രക്ഷാധികാരത്തിലും നടന്നുകൊണ്ടിരിക്കുന്ന 'ദിസ് ഈസ് ബഹ്റൈൻ'ഈ രാജ്യത്തിന്റെ മതസൗഹാർദ പാരമ്പര്യം ലോകത്തിന് പരിചയപ്പെടുത്താൻ വേണ്ടിയുള്ളതാണ്. സമൂഹത്തിന്റെ വിവിധ മേഖലകളിലെ മലയാളികളുൾപ്പെടെയുള്ള പ്രമുഖർ ഈ കാമ്പയിനിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളായിട്ടുണ്ട്.

മതമോ ജാതിയോ നോക്കാതെ എല്ലാവരെയും ഒരേ കണ്ണിലൂടെയാണ് ഇവിടത്തെ ഭരണാധികാരികൾ കാണുന്നത്. അവരവരുടെ വിശ്വാസാചാരങ്ങൾ മുറുകെപ്പിടിച്ച് ജീവിക്കാനും നിയമപരമായ മാർഗത്തിലൂടെ അതിന്റെ പ്രചാരണം നടത്താനും ഇവിടെ എല്ലാവർക്കും സ്വാതന്ത്ര്യം ഉണ്ട്. വിവിധ മതവിശ്വാസികളുടെ ആഘോഷങ്ങളിൽ ഇവിടത്തെ ഭരണാധികാരികൾ ആശംസയറിയിക്കുക മാത്രമല്ല പലപ്പോഴും അവരുടെ ആഘോഷങ്ങളിൽ ഭാഗഭാക്കുകളുമാകാറുണ്ട്. രാജാവ് ഹമദ് ബിൻ ഈസാ അൽ ഖലീഫയുടെ കാഴ്ചപ്പാടുകളാണ് രാജ്യത്തെ വേറിട്ട ഇത്തരം നയസമീപനങ്ങൾക്ക് കാരണവും കരുത്തുമാകുന്നത്.

ബഹ്റൈൻ രാജാവിന്റെ ജീവകാരുണ്യ, യുവജനകാര്യങ്ങൾക്കായുള്ള പ്രതിനിധിയും ദേശീയ സുരക്ഷ ഉപദേഷ്ടാവും റോയൽ ഹ്യൂമാനിറ്റേറിയൻ ഫൗണ്ടേഷൻ ചെയർമാനുമായ ശൈഖ് നാസർ ബിൻ ഹമദ് ആൽ ഖലീഫ മലയാളികളുടെ ദേശീയോത്സവമായ ഓണാഘോഷങ്ങളിൽ പങ്കാളിയായത് രാജ്യത്ത് ഏറെ വാർത്തപ്രാധാന്യം നേടിയിരുന്നു. അദ്ദേഹം തന്റെ ജീവനക്കാർക്കൊപ്പം ആഘോഷങ്ങളിൽ പങ്കാളിയാവുകയും അവരുടെ കൂടെ കേരളത്തനിമയിലുള്ള സദ്യ കഴിക്കുകയും ചെയ്തിരുന്നു. ആഘോഷത്തിന്റെയും സദ്യ കഴിക്കുന്നതിന്റെയും ചിത്രങ്ങൾ അദ്ദേഹംതന്നെയാണ് ഏറെ സന്തോഷത്തോടെ ഇൻസ്റ്റഗ്രാമിൽ പങ്കുവെച്ചത്. ജാതിയുടെയും മതങ്ങളുടെയും വേലിക്കെട്ടുകൾ തകർത്ത് സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും പാഠങ്ങളാണ് ഓണത്തിന്റെ സന്ദേശം. ഓണാഘോഷത്തിൽ പങ്കുചേരാൻ എത്തിയ അദ്ദേഹത്തെയും കുടുംബത്തെയും ചെണ്ടമേളമുൾപ്പെടെയുള്ള വാദ്യകലകളുടെ അകമ്പടിയോടെയാണ് സ്വീകരിച്ചത്.

ദീപാവലി ആഘോഷങ്ങളിലും ബഹ്റൈൻ രാജകുടുംബാംഗങ്ങൾ ഭാഗഭാക്കാകാറുണ്ട്. എല്ലാ വർഷവും ഇതിന്റെ ഭാഗമായി പ്രമുഖ ഇന്ത്യൻ കുടുംബങ്ങളിൽ രാജകുടുംബത്തിലെ പ്രതിനിധികൾ സന്ദർശനം നടത്താറുമുണ്ട്. ഭാട്ടിയ, കേവൽറാം, വൈദ്യ, താക്കൂർ, കവലാനി, മുൽജിമൽ തുടങ്ങിയ, തലമുറകളായി ബഹ്റൈനിൽ സ്ഥിരതാമസക്കാരായ ഇന്ത്യൻ കുടുംബങ്ങളിലാണ് രാജകുടുംബത്തിന്റെ പ്രതിനിധികൾ സന്ദർശനം നടത്തി ഭരണാധികാരികളുടെ ആശംസകളും സമ്മാനങ്ങളും കൈമാറുന്നത്. ബഹ്റൈന്റെ വികസനത്തിലും പുരോഗതിയിലും ഇന്ത്യക്കാർ നൽകിക്കൊണ്ടിരിക്കുന്ന സംഭാവനകൾ ഈ സന്ദർഭത്തിൽ പ്രത്യേകം എടുത്തുപറയുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്യാറുണ്ട്. കിരീടാവകാശിയും പ്രധാനമന്ത്രിയുമായ പ്രിൻസ് സൽമാൻ ബിൻ ഹമദ് ആൽ ഖലീഫയുടെ പ്രതിനിധികളാണ് വർഷങ്ങളായി ദീപാവലിയുടെ സന്ദർഭങ്ങളിൽ ഇന്ത്യൻ കുടുംബങ്ങളിൽ ഈ സന്ദർശനങ്ങൾ നടത്തിവരുന്നത്.

പെരുന്നാൾവേളകളിലും റമദാനിലുമൊക്കെയുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളിലെ ഗുണഭോക്താക്കൾ രാജ്യത്തുള്ള മുഴുവൻ മനുഷ്യരുമാണ്. അതിൽ സ്വദേശിയെന്നോ വിദേശിയെന്നോ ഉള്ള വേർതിരിവ് അധികാരികൾ കാണിക്കാറില്ല. എല്ലാ ആഘോഷങ്ങളും മനുഷ്യർക്ക് ഒരുമിച്ച് ആഘോഷിക്കാനുള്ളതാണെന്ന മഹത്തായ സന്ദേശമാണ് ഇതിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നത്. പരസ്പരമുള്ള പങ്കുവെക്കലും അന്യോന്യം അറിയലും ആഘോഷങ്ങളുടെ ഭാഗമായി നടക്കേണ്ടതുണ്ട്. ഇത്തരം ഇടപെടലുകളിലൂടെ സാധ്യമാകുന്ന നന്മകളുടെ പ്രതിഫലനമാണ് സമൂഹത്തിൽ സുകൃതങ്ങളായി പെയ്തിറങ്ങുന്നത്.

◆



»ഇന്ത്യൻ ഭവനത്തിലെ ദീപാവലി ആഘോഷം

# ബി.എഫ്.സി പേമെന്റ് സേവന മികവിന്റെ പര്യായം

ബഹ്റൈനിലെ മുൻനിര ധനകാര്യ സ്ഥാപനമായ ബി.എഫ്.സിയുടെ കീഴിൽ നാലുവർഷം മുമ്പ് ആരംഭിച്ച 'ബി.എഫ്.സി പേമെന്റ്' ഡിജിറ്റൽ പണമിടപാട് രംഗത്ത് ചുരുങ്ങിയ കാലംകൊണ്ടുതന്നെ ബഹുദൂരം മുന്നിലെത്തി. ഇതിനകം കമ്പനി പുറത്തിറക്കിയ ഡിജിറ്റൽ ഉൽപന്നങ്ങൾ ഏറെ പ്രശംസ നേടിക്കഴിഞ്ഞു. കാലത്തിന്റെ മാറ്റത്തിനനുസരിച്ചുള്ള ഡിജിറ്റൽ ഉൽപന്നങ്ങൾ കൂടുതലായി വിപണിയിലെത്തിക്കാനുള്ള ഒരുക്കത്തിലാണ് കമ്പനിയെന്ന് ജനറൽ മാനേജർ ഡേവിസ് ഡി. പാറക്കൽ ഗൾഫ് മാധ്യമത്തോട് പറഞ്ഞു. സാമ്പത്തിക ഇടപാടുകളെല്ലാം ഡിജിറ്റലായിക്കൊണ്ടിരിക്കുന്ന കാലത്ത്, ഏറ്റവും സുരക്ഷിതവും നൂതനവും വിശ്വസനീയവുമായ ഉൽപന്നങ്ങൾ അവതരിപ്പിക്കുന്നതിലാണ് കമ്പനി ശ്രദ്ധ പതിപ്പിക്കുന്നത്.



»ഡേവിസ് ഡി. പാറക്കൽ

## ബി.എഫ്.സി പേ ആപ്

ഉപഭോക്താക്കൾക്കായി ബി.എഫ്.സി പേമെന്റ് ആവിഷ്കരിച്ച ഇ-വാലറ്റ് സംവിധാനമാണ് ബി.എഫ്.സി പേ ആപ്. ബഹ്റൈനിൽ സി.പി.ആർ ഉള്ള ആർക്കും ബി.എഫ്.സി പേ മൊബൈൽ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് ഡിജിറ്റൽ വാലറ്റ് തുറക്കാവുന്നതാണ്. ഏതു ബാങ്ക് അക്കൗണ്ടിൽനിന്നും ബെനഫിറ്റ് പേ, പേമെന്റ് ഗേറ്റ് വേ എന്നിവ വഴി 2500 ദീനാർ വരെ വാലറ്റിൽ നിറക്കാനും അതിൽനിന്ന് ഏതു രാജ്യത്തേക്കും പണം അയക്കാനും ഉപഭോക്താവിന് സാധിക്കും. മൊബൈൽ റീചാർജ് ചെയ്യാനും സ്കൂൾ ഫീസ് ഉൾപ്പെടെ ഒട്ടേറെ ബില്ലുകൾ അടക്കാനും ഡിജിറ്റൽ വാലറ്റ് ഉപയോഗിക്കാം. പ്രധാന ബാങ്ക് അക്കൗണ്ട് കൂടുതൽ സുരക്ഷിതമാക്കാൻ മിക്ക ആളുകളും സെക്കൻഡറി അക്കൗണ്ടായി ബി.എഫ്.സി പേ ഉപയോഗിച്ചുവരുന്നുണ്ട്. സജീവ ഉപയോക്താക്കളുടെ കാര്യത്തിൽ ബി.എഫ്.സി പേ ഡിജിറ്റൽ വാലറ്റ് മാർക്കറ്റ് ലീഡറാണെന്നു പറയാം.

## സാലറി വാലറ്റ്

സാലറി വാലറ്റ് സേവനമാണ് ബി.എഫ്.സി പേമെന്റ് രണ്ടാമതായി പുറത്തിറക്കിയ ഡിജിറ്റൽ ഉൽപന്നം. സർക്കാർ നടപ്പാക്കിയ വേജ് പ്രൊട്ടക്ഷൻ സിസ്റ്റത്തിന്റെ (ഡബ്ല്യൂ.പി.എസ്) ഭാഗമായി കമ്പനികളിലെ ജീവനക്കാരുടെ ശമ്പളം നിക്ഷേപിക്കുന്നതിന് ആരംഭിച്ച അക്കൗണ്ടാണ് ഇത്. ബഹ്റൈൻ സെൻട്രൽ ബാങ്കിന്റെ അംഗീകാരമുള്ള ഏതെങ്കിലും ബാങ്കോ ധനകാര്യ സ്ഥാപനമോ മുഖേന തൊഴിലാളിയുടെ അക്കൗണ്ടിൽ ശമ്പളം നൽകണമെന്നാണ് ഡബ്ല്യൂ.പി.എസ് നിഷ്കർഷിക്കുന്നത്. കഴിഞ്ഞ മേയ് മുതൽ രാജ്യത്തെ എല്ലാ കമ്പനികളും ഇത് നടപ്പാക്കിത്തുടങ്ങി. ബാങ്കുകൾ കഴിഞ്ഞാൽ, ഡബ്ല്യൂ.പി.എസ് സൗകര്യം നൽകുന്ന ബഹ്റൈനിലെ മുൻനിര സ്ഥാപനമാണ് ബി.എഫ്.സി പേമെന്റ്. നിരവധി കോർപറേറ്റ് സ്ഥാപനങ്ങൾ തങ്ങളുടെ തൊഴിലാളികൾക്കായി ബി.എഫ്.സി പേ സാലറി വാലറ്റ് ഉപയോഗിക്കുന്നുണ്ട്. ഇടപാടുകൾ ലളിതമായതുകാരണം കുറഞ്ഞ വരുമാനക്കാരായ ഒട്ടേറെ തൊഴിലാളികൾ ആശ്രയിക്കുന്നത് ബി.എഫ്.സി പേ സാലറി വാലറ്റിനെയാണ്. സാല




റി വാലറ്റിൽനിന്ന് നാട്ടിലേക്ക് പണം അയക്കുകയും ചെയ്യാം.

## പ്രീപെയ്ഡ് കാർഡ്സ്

ബി.എഫ്.സി പേമെന്റ് പുറത്തിറക്കിയ മൂന്നാമത്തെ ഡിജിറ്റൽ ഉൽപന്നമാണ് പ്രീപെയ്ഡ് കാർഡ്സ്. എ.ടി.എമ്മുകളിലും ഷോപ്പിങ്ങിനും ഈ കാർഡ് ഉപയോഗിക്കാം. കൂടാതെ, സാലറി വാലറ്റ് ഉള്ളവർക്ക് ബി.എഫ്.സിയുടെ സാലറി പ്രീപെയ്ഡ് കാർഡ് വഴി ഈസിയായി എ.ടി.എമ്മിൽനിന്ന് പണം പിൻവലിക്കാം. ബി.എഫ്.സി പേമെന്റ് ആപ് ഉപയോഗിക്കുന്ന ആർക്കും ആവശ്യപ്പെട്ടാൽ കാർഡ് വീട്ടിൽ എത്തിച്ചുനൽകുന്നതിനുള്ള സംവിധാനവും കമ്പനി ഏർപ്പെടുത്തിയിട്ടുണ്ട്.

## ട്രാവൽ കാർഡ്

ഡിസംബർ അവസാനം പുറത്തിറക്കുന്ന ബി.എഫ്.സി പേമെന്റിന്റെ മറ്റൊരു നൂതന ഉൽപന്നമാണ് ട്രാവൽ കാർഡ്. സ്ഥിരമായി യാത്രകൾ നടത്തുന്നവർക്ക് അഞ്ചു വ്യത്യസ്ത കറൻസികളിൽ കാർഡിൽ പണം സൂക്ഷിക്കുന്നതിനുള്ള സൗകര്യമാണ് ട്രാവൽ കാർഡ് നൽകുന്നത്. അമേരിക്കയിലേക്ക് യാത്രചെയ്യുമ്പോൾ ഡോളറും യു.എ.ഇയിലേക്ക് യാത്ര ചെയ്യുമ്പോൾ യു.എ.ഇ ദിർഹമും കൈവശം കരുതേണ്ട ആവശ്യം ഇതോടെ ഒഴിവാകും. മാർക്കറ്റിൽ ലഭ്യമായതിൽ ഏറ്റവും മികച്ച റേറ്റിൽ വിദേശ കറൻസി ഉപയോഗിക്കാനുള്ള സൗകര്യമാണ് ട്രാവൽ കാർഡ് നൽകുന്നത്. ബാങ്ക് അക്കൗണ്ടിൽനിന്ന് ദീനാർ ട്രാവൽ കാർഡിൽ നിറക്കുകയാണ് ആദ്യം ചെയ്യേണ്ടത്. അമേരിക്കയിലോ യു.കെയിലോ സൗദിയിലോ, യു.എ.ഇയിലോ യൂറോപ്പിലോ പോകുമ്പോൾ അതത് രാജ്യത്തെ കറൻസിയിലേക്ക് മൊബൈലിൽനിന്നുതന്നെ ദീനാർ മാറ്റാൻ സാധിക്കും. വിവിധ രാജ്യങ്ങൾക്കിടയിൽ സ്ഥിരമായി യാത്രചെയ്യുന്നവർക്ക് ഈ കാർഡ് വളരെ പ്രയോജനം ചെയ്യുമെന്ന് ഡേവിസ് ഡി. പാറക്കൽ പറഞ്ഞു. കൂടാതെ, ഹോളിഡേ ടൂർ പോകുന്നവർക്ക് ഈ കാർഡ് വഴി സുരക്ഷിതമായി പണം സൂക്ഷിക്കാനും വിദേശരാജ്യങ്ങളിൽ പണമിടപാടുകൾ നടത്താനും കഴിയും.

## മുന്നോട്ടുള്ള സാധ്യതകൾ

സാമ്പത്തിക മേഖലയിലെ ഡിജിറ്റൽവത്കരണത്തിലേക്ക് ബഹ്റൈൻ അതിവേഗം മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പേമെന്റ് സേവന ദാതാവിന് വളരെ സാധ്യതകളുണ്ടെന്ന് ഡേവിസ് പറഞ്ഞു. ഡിജിറ്റൽവത്കരണത്തിന് സർക്കാറും സെൻട്രൽ ബാങ്കും കാര്യമായ ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. ഈ ലക്ഷ്യം കൈവരിക്കാനുള്ള പിന്തുണ നൽകുകയാണ് തങ്ങൾ ചെയ്യുന്നത്. മാർക്കറ്റിലെ നല്ലൊരു ഭാഗം ഇടപാടുകൾ ഇപ്പോഴും ക്യാഷിലാണ് നടക്കുന്നത്. ഡിജിറ്റലിലേക്കുള്ള മാറ്റം അതിവേഗം സാധ്യമാക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളിലും ബി.എഫ്.സി പേമെന്റ് സജീവ പങ്കാളിത്തം വഹിക്കുന്നു.

## സൈബർ സുരക്ഷ

സൈബർ തട്ടിപ്പുകളാണ് ഡിജിറ്റൽ സമ്പദ് വ്യവസ്ഥ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. ബഹ്റൈൻ സെൻട്രൽ ബാങ്കും മറ്റു ബാങ്കുകളും ഇത്തരം തട്ടിപ്പുകൾ തടയാനുള്ള ശ്രമങ്ങൾ ഊർജിതമായി നടത്തുന്നുണ്ട്. സൈബർ സുരക്ഷ മേഖലയിൽ ഏറ്റവുമധികം നിക്ഷേപം നടത്തുന്ന സ്ഥാപനങ്ങളിലൊന്നാണ് ബി.എഫ്.സി പേമെന്റ്. ഡിജിറ്റൽ ഉൽപന്നങ്ങൾ സുരക്ഷിതമാണെന്ന് ഉറപ്പുവരുത്താനുള്ള എല്ലാ മുൻകരുതലും കമ്പനി സ്വീകരിച്ചിട്ടുണ്ട്.

കുറഞ്ഞ വരുമാനക്കാരായ നിരവധി തൊഴിലാളികൾ ഇപ്പോൾ ബി.എഫ്.സി പേയുടെ ഭാഗമായിട്ടുണ്ട്. പലരും ആദ്യമായിട്ടായിരിക്കും സാമ്പത്തിക ഡിജിറ്റൽ രംഗത്തേക്ക് വരുന്നത്. അവർക്കുവേണ്ടി ക്യാമ്പുകൾ സന്ദർശിച്ച് ബോധവത്കരണ പരിപാടികൾ നടത്തുന്നുണ്ട്. ഒ.ടി.പി, പാസ് വേഡ് തുടങ്ങിയ രഹസ്യമായ വിവരങ്ങൾ മറ്റുള്ളവരുമായി പങ്കുവെക്കരുതെന്നും തൊഴിലാളികളെ ബോധ്യപ്പെടുത്തിക്കൊടുക്കുന്നുണ്ട്. ഇതൊരു തുടർച്ചയായ പ്രക്രിയയാണെന്ന് ഡേവിസ് പറയുന്നു. ബാധ്യത മുഴുവൻ ഉപഭോക്താവിന്റെ ചുമലിൽ കെട്ടിവെക്കാതെ, അവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്താനുള്ള ശ്രമമാണ് കമ്പനി നടത്തുന്നത്. പേമെന്റ് കാർഡ് ഇടപാടുകൾക്കുള്ള സുരക്ഷ മാനദണ്ഡമായ പേമെന്റ് കാർഡ് ഇൻഡസ്ട്രി ഡേറ്റ സെക്യൂരിറ്റി സ്റ്റാൻഡേഡ് (PCI DSS) വേർഷൻ 3.2.1 സർട്ടിഫിക്കേഷനും കമ്പനിക്ക് ലഭിച്ചിരുന്നു.

## തട്ടിപ്പ് നടന്നാൽ എന്തു ചെയ്യണം

സൈബർ തട്ടിപ്പിനിരയായി പണം നഷ്ടമായാൽ ആദ്യം ചെയ്യേണ്ടത് അക്കൗണ്ടുള്ള ബാങ്കിനെ അല്ലെങ്കിൽ ധനകാര്യ സ്ഥാപനത്തെ വിവരം അറിയിക്കുക എന്നതാണ്. ഉടൻതന്നെ കസ്റ്റമർ കെയറിൽ ബന്ധപ്പെട്ട് കാർഡ് താൽക്കാലികമായി മരവിപ്പിക്കണം. അതിനുശേഷം ബാങ്കിൽ പരാതി നൽകണം. മൊബൈൽ ആപ് വഴി തന്നെ കാർഡ് താൽക്കാലികമായി മരവിപ്പിക്കാനുള്ള സൗകര്യം ബി.എഫ്.സി പേ കാർഡ് ഹോൾഡേഴ്സിന് നൽകുന്നുണ്ട്. പിന്നീട് അടുത്തുള്ള പൊലീസ് സ്റ്റേഷനിലും പരാതി നൽകണം.

## വിജയരഹസ്യം സേവന മികവ്

ഉപയോക്താവിന്റെ സംതൃപ്തിക്കാണ് കമ്പനി എന്നും മുൻഗണന നൽകുന്നതെന്ന് ഡേവിസ് ചൂണ്ടിക്കാട്ടുന്നു. സേവന മേന്മ തന്നെയാണ് ബി.എഫ്.സി പേമെന്റിനെ ജനങ്ങൾക്ക് പ്രിയപ്പെട്ടതാക്കി മാറ്റിയത്. നിലവിൽ 20ഓളം ബില്ലുകൾ ബി.എഫ്.സി പേ വഴി അടക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സമീപഭാവിയിൽ കൂടുതൽ ബില്ലുകൾ അടക്കാനുള്ള സൗകര്യം ലഭ്യമാക്കും. ഇന്ത്യ ഉൾപ്പെടെ മറ്റു രാജ്യങ്ങളിലെ യൂട്ടിലിറ്റി ബില്ലുകളും ബി.എഫ്.സി പേ വഴി അടക്കുന്നതിനുള്ള പദ്ധതിയും ആലോചനയിലുണ്ട്. ഇത് നടപ്പാകുമ്പോൾ, ബഹ്റൈനിലെ പ്രവാസികൾക്ക് വളരെ എളുപ്പത്തിൽ നാട്ടിലെ ബില്ലുകൾ അടക്കാൻ സാധിക്കുമെന്ന് ഡേവിസ് ചൂണ്ടിക്കാട്ടി.



»പമ്പാവാസൻ നായർ

‘ആദ്യം തന്നെ ഞാൻ ഹൃദയത്തോട് ചേർത്തുനിർത്തുന്ന ബഹ്റൈൻ സ്വദേശികളിൽനിന്നുള്ള അനുഭവസമ്പത്ത് നിങ്ങളുമായി പങ്കുവെക്കാൻ അവസരം ഒരുക്കിത്തന്ന ഗൾഫ് മാധ്യമത്തിന് ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു.’

# സാംസ്കാരിക നിറവിന്റെ നാട്

◆ പമ്പാവാസൻ നായർ

പ്രവാസികളെ രാഷ്ട്ര, മത, സാമൂഹിക, സാംസ്കാരിക ഭേദമെന്യേ തുല്യം സ്ഥാനം നൽകി ആദരിക്കുന്നവരാണ് ബഹ്റൈനികൾ.

മൂന്നു പതിറ്റാണ്ടിൽ അധികമായ എന്റെ പ്രവാസി ജീവിതത്തിനിടയിൽ വിവിധ രാജ്യങ്ങളിലെ പൗരന്മാരുമായി തൊഴിൽപരമായും വാണിജ്യപരമായും അടുത്തിടപഴകാനും സുദീർഘമായ സൗഹൃദം പുലർത്താനും അവ നിലനിർത്താനും അവസരം ലഭിച്ച ഒരു വ്യക്തി എന്ന നിലയിൽ, ബഹ്റൈൻ തദ്ദേശവാസികളെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ എനിക്കാദ്യം പറയാനുള്ള വാക്യവും ഇതാണ്.

എന്റെ ഈ പ്രസ്താവനയെ സ്ഥിരീകരിക്കുന്ന പല ഊഷ്മളമായ അനുഭവ മുഹൂർത്തങ്ങളിലൂടെയും ഞാൻ കടന്നുപോയിട്ടുണ്ട്. വളർച്ചയുടെ ഓരോ പടവുകൾ കയറുമ്പോഴും സ്വദേശികളിൽനിന്ന് ലഭിക്കുന്ന ഇത്തരം പിന്തുണയും നിസ്വാർഥ സഹകരണവും ഒരു പ്രവാസിയിൽ പ്രധാനം ചെയ്യുന്ന ഊർജ്ജം ചെറുതല്ലെന്നതു അനുഭവസ്ഥരായ എല്ലാവർക്കും അറിയാം.

എത്ര ഉയർന്ന പദവിയിലുള്ളവരായാലും ബഹ്റൈനികൾ പ്രവാസികളുമായി സൗഹൃദം പങ്കുവെക്കുന്ന രീതി, ഊഷ്മളത ഒന്നു വേറെത്തന്നെയാണ്. ‘നിറകുടം തുളുമ്പില്ല’ എന്ന പഴമൊഴി അന്വർഥമാക്കുന്നതാണ് ഇവരുടെ പെരുമാറ്റ രീതി എന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്.

## ഇന്ത്യയും ബഹ്റൈനുമായുള്ള ബന്ധം

ബഹ്റൈനും ഇന്ത്യയുമായി കാലങ്ങളായി രാഷ്ട്രീയ, സാമ്പത്തിക, വാണിജ്യ സാംസ്കാരിക തലങ്ങളിൽ വളരെ സൗഹാർദപരമായ ഉഭയകക്ഷി ബന്ധമാണുള്ളത്. 1.5 ദശലക്ഷം അന്തേവാസികളുള്ള ബഹ്റൈനിൽ മൂന്നര ലക്ഷത്തോളം ഇന്ത്യക്കാരാണ് എന്നതു തന്നെ ബഹ്റൈനും ഇന്ത്യയും തമ്മിലുള്ള സുദൃഢമായ ഉഭയകക്ഷി ബന്ധത്തിന് ഒരു ഉത്തമ ദൃഷ്ടാന്തമാണ്.

ദിൽമുൻ സംസ്കാരകാലം മുതൽക്കുതന്നെ ഇന്ത്യയുമായി വാണിജ്യബന്ധമുള്ളതായി ചരിത്ര ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സമീപകാലങ്ങളിൽ ഇന്ത്യയും ബഹ്റൈനും തമ്മിലുള്ള നയതന്ത്ര ബന്ധങ്ങളും ഭരണാധികാരികളുടെ രാഷ്ട്രസന്ദർശനങ്ങളും പരിശോധിച്ചാൽ ഇരു രാഷ്ട്രങ്ങളും തമ്മിലുള്ള ആരോഗ്യകരമായ ബന്ധങ്ങളെകുറിച്ചും മനസ്സിലാക്കാൻ കഴിയും.

ബഹ്റൈൻ ഭരണാധികാരി കിങ് ഹമദ് ബിൻ ഈസ

ആൽ ഖലീഫ 2014 ഫെബ്രുവരിയിലാണ് ഇന്ത്യ സന്ദർശിച്ചത്. ഈ സന്ദർശന വേളയിലാണ് ഇരു രാജ്യങ്ങളും നിരവധി ധാരണപത്രങ്ങളിൽ ഒപ്പുവെച്ചത്. 450 ദശലക്ഷം യുഎസ് ഡോളറിന്റെ ഉഭയകക്ഷി വ്യാപാരവും നിക്ഷേപവും സംബന്ധിച്ച കരാറിൽ ഒപ്പുവെച്ചതും ഈ സന്ദർശന വേളയിലാണ്.

ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ബഹ്റൈൻ സന്ദർശിക്കുന്നത് 2019 ലാണ്. ആദ്യമായി ബഹ്റൈൻ സന്ദർശിച്ച ഇന്ത്യൻ പ്രധാനമന്ത്രിയും മോദിയാണ്. ബഹിരാകാശം, സംസ്കാരം, ഇന്റർനാഷനൽ സോളാർ അലയൻസ്, റുപേ കാർഡ് എന്നിവയിൽ മൂന്നു ധാരണപത്രങ്ങളിൽ ഈ സന്ദർശനവേളയിൽ ഇരു രാജ്യവും ഒപ്പുവെച്ചിരുന്നു. ബഹ്റൈൻ രാജാവ് ഹമദ് ബിൻ ഈസ അൽ ഖലീഫ അന്ന് മോദിക്ക് രാജ്യത്തെ മൂന്നാമത്തെ പരമോന്നത സിവിലിയൻ ബഹുമതിയായ കിങ് ഹമദ് ഓർഡർ ഓഫ് റിനൈസൻസിന്റെ മെമ്പർ ഒന്നാം ക്ലാസ് നൽകി ആദരിച്ചത് ഇന്ത്യക്ക് തികച്ചും അഭിമാനദായകമായ കാര്യമാണ്. അതേ ദിവസം, ബഹ്റൈനിൽ തടവിലാക്കിയ 250 ഇന്ത്യൻ പൗരന്മാർക്ക് ഔദ്യോഗിക മാപ്പ് നൽകിയതായി പ്രഖ്യാപിച്ചതും എടുത്തുപറയേണ്ട കാര്യമാണ്.

## ബഹ്റൈൻ -പ്രവാസികളുടെ ആകർഷണ കേന്ദ്രം

ബഹ്റൈൻ സ്വദേശികളുടെ സൗഹാർദപരമായ ഇടപെടലുകളും പ്രവാസികളോടുള്ള സഹകരണവുമാണ് ഇന്ത്യക്കാരെ തൊഴിലിനും വ്യവസായ സംരംഭങ്ങൾക്കുംവേണ്ടി ബഹ്റൈനിലേക്ക് ആകർഷിക്കപ്പെടുന്നത് എന്നാണ് എന്റെ അഭിപ്രായം.

ഇവിടത്തെ മന്ത്രാലയങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും നിലവിലുള്ള സുതാര്യമായ നടപടിക്രമങ്ങളും മന്ത്രിമാരുടെയും സർക്കാർ ഉദ്യോഗസ്ഥരുടെയും സഹകരണ സഹാനുഭൂതിയോടെയുള്ള ഇടപെടലുകളും മറ്റും ഇവിടെ തൊഴിലിനും വാണിജ്യ ആവശ്യങ്ങൾക്കുമെത്തുന്ന പ്രവാസികൾക്ക് അവരുടെ ഉദ്യമം തികച്ചും സഫലവത്കരിക്കാൻ ഉതകുന്ന വിധത്തിലുള്ളതാണ് എന്ന് അനുഭവത്തിന്റെ വെളിച്ചത്തിൽ എനിക്ക് പറയാൻ കഴിയും.

## ബഹ്റൈനിൽ പ്രവാസികളുടെ വിദ്യാഭ്യാസം, സംസ്കാരം, സാമൂഹിക പ്രതിബദ്ധത

സ്വന്തം രാഷ്ട്രത്തിൽ എന്നപോലെ, ചിലപ്പോഴെല്ലാം അതിലുപരി, പ്രവാസിയുടെ വിദ്യാഭ്യാസ, സാംസ്കാരിക, സാമൂഹിക ആവശ്യങ്ങൾ ബഹ്റൈനിൽ സംരക്ഷിക്കപ്പെടുന്നുണ്ട് എന്നത് ഇവിടത്തെ ഭരണാധികാരികളുടെ മഹാമനസ്കത ഒന്നുകൊണ്ടുമാത്രമാണ്. ജോലി ആവശ്യത്തിനായി ബഹ്റൈനിലേക്ക് ചേക്കേറിയ നമുക്ക് നമ്മുടെ സാംസ്കാരിക പൈതൃകം, ഒരു കോട്ടവും തട്ടാത്ത രൂപത്തിൽ അവരുടെ രാജ്യത്ത് നിലനിർത്താൻ നമുക്കു തന്ന സ്വാതന്ത്ര്യം ബഹ്റൈൻ സ്വദേശികളുടെ സാംസ്കാരിക നിറവിനെയല്ലേ കാണിക്കുന്നത്?

ഒരു ഇസ്ലാം രാഷ്ട്രമായ ബഹ്റൈനിൽ മറ്റു മതസ്ഥർക്ക് ആരാധനാ സ്വാതന്ത്ര്യവും, ക്ഷേത്ര, പാരമ്പര്യ കലകൾ അവതരിപ്പിക്കുന്നതിനും അഭ്യസിപ്പിക്കുന്നതിനും അനുമതിയും നൽകി ബഹ്റൈൻ ഭരണാധികാരികൾ നമുക്ക് മാനസിക ആരോഗ്യ, ഉല്ലാസ, ഉത്തേജനത്തിനുള്ള വാതിലും തുറന്നു തന്നിരിക്കുന്നു. മോഹിനിയാട്ടം, ഭരതനാട്യം, കുച്ചിപ്പുടി, തുകൽ വാദ്യങ്ങളായ തായമ്പക, പഞ്ചവാദ്യം പഞ്ചാരി മേളം തുടങ്ങിയവയെല്ലാം അവയിൽ ചിലതുമാത്രം.

കൂടാതെ, ഒട്ടുമിക്ക സംസ്ഥാനങ്ങളെ പ്രതിനിധാനംചെയ്യുന്ന സംഘടനകൾക്കും നിരവധി പ്രാദേശിക സംഘടനകൾക്കും വളരെ വിപുലമായി പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം നൽകിയിരിക്കുന്നത് തൊഴിലിടങ്ങളിലെ മാനസിക പിരിമുറുക്കങ്ങളിൽ നിന്നും പ്രവാസികൾക്ക് ആശ്വാസം നേടാനുള്ള ഒരു ഉപാധിതന്നെയാണ്.

എന്തുകൊണ്ടും ബഹ്റൈനിൽ പ്രവാസികൾക്ക് ലഭിക്കുന്ന സുരക്ഷിതത്വവും ആത്മവിശ്വാസവും " Home away from home" എന്ന ഒരു അനുഭൂതി നൽകുന്നതായാണ് എനിക്ക് തോന്നിയിട്ടുള്ളത്.

കഴിഞ്ഞ മൂന്നു വർഷമായി നാം കടന്നുപോന്ന കോവിഡ് എന്ന ഇരുണ്ട കാലഘട്ടത്തിലും ബഹ്റൈൻ ആരോഗ്യമന്ത്രാലയവും മറ്റ് ആതുര സേവന കാര്യാലയങ്ങളും പ്രവാസികളുടെ ആരോഗ്യത്തിലും വിശിഷ്യ, പുനരധിവാസത്തിലും എടുത്ത ശുഷ്കാന്തിയും കരുതലും ശ്ലാഘനീയം തന്നെയാണ്. സ്വദേശി- വിദേശി വ്യത്യാസമില്ലാതെ ഓരോ ജീവനും അർഹമായ സ്ഥാനവും മൂല്യവും നൽകി ശുശ്രൂഷിച്ച ബഹ്റൈൻ ആരോഗ്യമന്ത്രാലയങ്ങളുടെ സേവനത്തെ എത്ര പ്രകീർത്തിച്ചാലും മതിവരില്ല.



»2019ൽ ബഹ്റൈൻ സന്ദർശിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി. രാജാവ് ഹമദ് ബിൻ ഈസ ആൽ ഖലീഫക്കൊപ്പം

പ്രവാസികളുടെ പെറ്റമ്മയിൽ കവിഞ്ഞ പോറ്റമ്മയായ ബഹ്റൈനും ബഹ്റൈൻ തദ്ദേശവാസികൾക്കും എല്ലാ ഭാവുകങ്ങളും നേരുന്നതോടൊപ്പം ഇന്ത്യയും ബഹ്റൈനും തമ്മിലുള്ള സുദൃഢമായ സൗഹൃദം എന്നെന്നും നിലനിൽക്കട്ടെ എന്ന് ആശംസിക്കുന്നു. ■



»ബാബൂ എച്ച്. കേവൽറാം. ചെയർമാൻ

# കേവൽറാം
## പൈതൃകത്തിൻറെ തലമുറ

ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ള കേവൽറാം ബഹ്റൈനിലും യു.എ.ഇയിലും സമ്പന്നമായ വ്യാപാരചരിത്രമുള്ള ഒരു സ്ഥാപനമായാണ് അറിയപ്പെടുന്നത്. ഈ വിജയത്തിന്റെ കാരണം ജോലിയുടെ ഗുണനിലവാരമോ ഉൽപന്നങ്ങളുടെയും സേവനങ്ങളുടെയും കാര്യത്തിലുള്ള വൈവിധ്യവത്കരണം വർധിപ്പിച്ചതുകൊണ്ടോ മാത്രമല്ല. ഉപഭോക്താക്കൾക്ക് നൂതന ഉൽപന്നങ്ങൾ നൽകുന്നതിലും അവരുമായി അസാധാരണമായ ബന്ധം നിലനിർത്തുന്നതിലും സ്ഥാപനം മികവു പുലർത്തി എന്നതുകൊണ്ടാണ്.

ഒരു സംരംഭകത്വമെന്ന നിലയിൽ ആരംഭിച്ച കേവൽറാം അതിന്റെ ധാർമികത നിലനിർത്തിപ്പോന്നു. അതിൽനിന്ന് അടുത്ത തലമുറയിലേക്ക് ഒരുപാട് പ്രചോദനവും കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. ഉപഭോക്താക്കൾക്ക് അവർക്കാവശ്യമുള്ളത്  നൽകുന്നതിൽ ശ്രദ്ധപുലർത്തുകയും അവരുടെ കഴിവിനനുസരിച്ചുള്ള എല്ലാ ആവശ്യങ്ങളും നിറവേറ്റപ്പെടുമെന്ന തോന്നൽ ഉണ്ടാക്കിയെടുക്കുകയും ചെയ്തു. ഈ ആശയം കെട്ടിപ്പടുത്തതിലൂടെയാണ് സ്ഥാപനത്തിന്റെ വിജയവും.

കാലക്രമേണ, കേവൽറാം ഒന്നിലധികം ബിസിനസ് പ്രവർത്തനങ്ങളിലേക്ക് ശ്രദ്ധ ചെലുത്തി. ഉപഭോക്തൃ ഉൽപന്നങ്ങളുടെയും വ്യവസായ വിഭാഗങ്ങളുടെയും വൈവിധ്യമാർന്ന ശ്രേണിയിലുടനീളം സ്ഥാപനത്തിന്റെ വൈദഗ്ധ്യം വികസിപ്പിക്കാനും സാധിച്ചു. കേവൽറാമിന്റെ വിജയകരമായ ബിസിനസ് മോഡൽ നയിക്കുന്നത് വർഷങ്ങളുടെ അറിവും പരിചയവുമുള്ള സംരംഭങ്ങളാണ്. കേവൽറാം കുടുംബത്തിന്റെയും തൊഴിലാളികളുടെയും നാല് തലമുറകളെ മെച്ചപ്പെടുത്തുന്നതിൽ ഇവർ വിജയം നേടിയിട്ടുമുണ്ട്.

### കേവൽറാമിന്റെ വിതരണ, വിപണന മേഖല

വിവിധ രീതിയിൽ, വ്യവസായ മേഖലകളിൽ ഉപഭോക്തൃ ഉൽപന്നങ്ങളുടെ ഇറക്കുമതിയും രാജ്യവ്യാപക വിതരണവും കേവൽറാം ഏറ്റെടുത്തിട്ടുണ്ട്.

ഇലക്ട്രോണിക്സ്, ഫാഷൻ, വീട്ടുപകരണങ്ങൾ, വസ്ത്രങ്ങൾ, ലഗേജ്, സുഗന്ധങ്ങൾ, വാച്ചുകൾ, ആക്സസറികൾ എന്നിവ ഇതിൽ ഉൾപെടുന്നവയാണ്.

### കേവൽറാം സ്റ്റോറുകൾ

വർഷങ്ങളായി കേവൽറാം അതിന്റെ ഡിപ്പാർട്മെന്റ് സ്റ്റോറുകൾ, വാച്ച് ബോട്ടിക്കുകൾ, വാച്ച് കിയോസ്ക്കുകൾ, ഷോപ്-ഇൻ-ഷോപ് പോയന്റ് ഓഫ് സെയിൽ മർച്ചൻഡൈസിങ് എന്നിവയുടെ ശൃംഖല വിപുലീകരിച്ചു കൊണ്ടിരിക്കുകയാണ്. കേവൽറാമിന്റെ ഇൻ ഹൗസ് ബ്രാൻഡുകളും കൺസ്യൂമർ ഇലക്ട്രോണിക്സ്, ട്രാവൽ, ലക്ഷറി ഫാഷൻ ആക്സസറികൾ, ഹോം ഡെക്കർ, ലൈഫ്സ്റ്റൈൽ ഉൽപന്നങ്ങളും ഇതിൽ ഉൾപ്പെടുന്നു.

### കേവൽറാം തുണിത്തരങ്ങളും യൂനിഫോം വിതരണവും

ജപ്പാൻ, ചൈന, മലേഷ്യ, തായ്‍ലൻഡ്, യു.കെ തുടങ്ങിയ രാജ്യങ്ങളിൽനിന്ന് ഇറക്കുമതിചെയ്ത തുണിത്തരങ്ങളുടെ മൊത്തവ്യാപാരത്തിലും വിതരണത്തിലുമാണ് ഈ വിഭാഗം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

കൂടാതെ പ്രഫഷനൽ, വാണിജ്യ, വ്യവസായിക പ്രത്യേക സാമഗ്രികളുടെയും യൂനിഫോമുകളുടെയും വിതരണത്തിലും തയ്യലിലും ഈ വിഭാഗം ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്.

### അറേബ്യൻ ഫാൽക്കൺ ഇലക്ട്രിക്കൽ ഉപകരണങ്ങൾ

അപകടകരവും അല്ലാത്തതുമായ വസ്തുക്കൾക്കുള്ള ഇലക്ട്രിക്കൽ, മെക്കാനിക്കൽ ഉൽപന്നങ്ങളുടെ വാണിജ്യ, വ്യവസായിക സപ്ലൈകൾക്കുള്ള ഇറക്കുമതിക്കാരും ഓഹരി ഉടമകളുമാണ് അറേബ്യൻ ഫാൽക്കൺ ഇലക്ട്രിക്കൽ സ്ഥാപനം. വൈദ്യുതി, വൈദ്യുതി ഉൽപാദനം എന്നിവയിൽ ഉൾപ്പെട്ടിരിക്കുന്ന വ്യവസായങ്ങൾക്കും അടിസ്ഥാന സൗകര്യ പദ്ധതികൾക്കും അവർ വിദഗ്ധ സേവനങ്ങൾ നൽകുന്നുണ്ട്.

### കേവൽറാം സെക്യൂരിറ്റി സൊലൂഷൻ

സൊലൂഷൻ ഡിസൈൻ, ഡിസ്ട്രിബ്യൂഷൻ, ഇൻസ്റ്റലേഷൻ, ആക്സസ് കൺട്രോൾ, നിരീക്ഷണം, ഡോർ-എൻട്രി ഇന്റർകോം, അലാറം, സ്മാർട്ട് ഹോം ഇന്റർ-കമ്യൂണിക്കേഷൻ സംവിധാനങ്ങൾ എന്നിവക്കുള്ള വിൽപനാനന്തര സേവന പിന്തുണ എന്നിവയിൽ പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിക്കുന്നവയാണ് കേവൽറാം സെക്യൂരിറ്റി സൊലൂഷൻസ് ഡിവിഷൻ.

ഞങ്ങളുടെ വിവിധ സേവനങ്ങൾക്കു കീഴിലുള്ള ഉൽപന്നശ്രേണിയുടെ വിതരണം, പരിശീലനം, ബ്രാൻഡ് അംഗീകൃത സേവന പിന്തുണ പങ്കാളികൾ എന്നിവയിൽ ഇ.എൽ.വി ഇന്റഗ്രേഷൻ സ്പെഷലിസ്റ്റുകളുമായും ഡിവിഷൻ പ്രവർത്തിക്കുന്നുണ്ട്.

### കേവൽറാം ഗോൾഡ് ജ്വല്ലറി

പരമ്പരാഗത ഡിസൈനുകളിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് 22 കാരറ്റ് സ്വർണാഭരണങ്ങളുടെ പൈതൃകത്തിലും നിർമാണത്തിലുമാണ് കേവൽറാം ഗോൾഡ് & ജ്വല്ലറി ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്.

സമ്പന്നമായ ആഭരണങ്ങളുടെ വ്യാപാരത്തിലും വിൽപനയിലും കേവൽറാം അവരുടെ മേഖല വ്യാപിപ്പിച്ചിട്ടുണ്ട്.

### ക്വാളിറ്റി എജുക്കേഷൻ സ്കൂൾ ഓഫ് ബഹ്റൈൻ (ജോയന്റ് വെഞ്ച്വർ പാർട്ണർഷിപ്)

2003ൽ സ്ഥാപിതമായ ക്വാളിറ്റി എജുക്കേഷൻ സ്കൂൾ ഓഫ് ബഹ്റൈനിന്റെ സ്ഥാപക പങ്കാളിയും സജീവ ബോർഡ് അംഗവുമാണ് കേവൽറാം. പ്രാദേശിക സമൂഹത്തെ സേവിക്കുന്നതിനുള്ള കാഴ്ചപ്പാട് പങ്കിടുന്നതിനുള്ള ഒരു സംയുക്ത സംരംഭമായാണ് സ്കൂൾ സ്ഥാപിച്ചത്.

വിദ്യാർഥികൾക്ക് മൂല്യമുള്ള വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ബഹ്റൈനിൽ ഇത് സ്ഥാപിക്കപ്പെട്ടത്.

### കേവൽറാം ഡിജികോം

കേവൽറാം ഗ്രൂപ്പിന്റെ ബിസിനസ് ശ്രേണിയിലെ പുതുതായി കൂട്ടിച്ചേർത്ത ബിസിനസ് ശൃംഖലയാണ് കേവൽറാം ഡിജികോം. കേവൽറാമിന്റെ ഡിജിറ്റൽ ഇടം വികസിപ്പിക്കുന്നതിനാണ് ഇത് പ്രധാനമായും ഉപയോഗിക്കുന്നത്.

ഇ-കോമേഴ്സ് മാർക്കറ്റ്പ്ലെയ്സ് വെബ്സൈറ്റായ www.kewalrams.com പ്രവർത്തിപ്പിക്കുക എന്നതാണ് ഇതിന്റെ പ്രാഥമിക പ്രവർത്തനം.

കേവൽറാം ശൃംഖലയുടെ ഓൺലൈൻ വിപുലീകരണത്തിനും ഇത് ഉപയോഗിക്കുന്നുണ്ട്. ■






## സർവാൻ ഫൈബർഗ്ലാസ് ഫാക്ടറി

# ഫൈബർഗ്ലാസിൽ അത്ഭുതങ്ങൾ സൃഷ്ടിക്കുന്നവർ

1993ൽ സ്ഥാപിതമായ സർവാൻ ഫൈബർഗ്ലാസ് ഫാക്ടറി എല്ലാത്തരം ജി.ആർ.പി ഉൽപ്പന്നങ്ങളും മികച്ച ഗുണനിലവാരത്തോടെയും ഗാരണ്ടിയോടുകൂടിയുമാണ് നിർമിക്കുന്നത്. കഴിഞ്ഞ വർഷങ്ങളിൽ സ്വന്തമാക്കിയ നേട്ടങ്ങളിലൂടെ കമ്പനി മിഡിൽ ഈസ്റ്റിലെ ഫൈബർഗ്ലാസ് ഉൽപന്നങ്ങളുടെ വിപണിയിൽ മികച്ച സ്ഥാനം പടുത്തുയർത്തി. വളരെ മികച്ച കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന കമ്പനിയുടെ പ്രധാന പരിഗണന ഉപഭോക്താക്കൾക്ക് നൽകുന്ന സേവനം മികവുറ്റതാക്കലാണ്.

ആഗോള സാങ്കേതിക വളർച്ചക്കനുസരിച്ച് GRP ഗ്രേറ്റിങ്സ്, Pultruded FRP പ്രഫൈലുകൾ, ഹാൻഡ് റെയിലിങ് സിസ്റ്റം, ബോട്ടുകൾ, വാട്ടർ ടാങ്കുകൾ, GRP പൈപ്പുകൾ, ഫിറ്റിങ്ങുകൾ, GRP എൻക്ലോഷറുകൾ, GRP പാനലുകൾ, സെക്ഷനൽ വാട്ടർ സ്റ്റോറേജ് ടാങ്കുകൾ, കെമിക്കൽ സ്റ്റോറേജ് തുടങ്ങിയ ഉൽപന്നങ്ങളാണ് കമ്പനി വിപണിയിലെത്തിച്ചിരിക്കുന്നത്. ഇതിലൂടെ മിഡിൽ ഈസ്റ്റിലെ വ്യവസായ മേഖലയിൽ മുഴുവൻ തങ്ങളുടെ ഉൽപന്നങ്ങൾ എത്തിക്കാനുള്ള ഒരുക്കത്തിലാണ് കമ്പനി. ഉപഭോക്താക്കളോടുള്ള ആത്മാർഥതയും അർപ്പണബോധവുംകൊണ്ട് കമ്പനിയ്ക്ക് ആരംഭ ഘട്ടം മുതൽ തന്നെ FRP ഉൽപന്നങ്ങളുടെ വിൽപനയിലും മികച്ച നേട്ടം കൈവരിക്കാൻ സാധ്യമായി.

രാജ്യാന്തര തലത്തിലെ ഉപഭോക്താക്കൾക്കായി ലോകോത്തര നിലവാരമുള്ള ഫൈബർഗ്ലാസ് ഉൽപന്നങ്ങൾ നിർമിക്കുന്നതിലും വിതരണം ചെയ്യുന്നതിലും സർവാൻ ഫൈബർഗ്ലാസ് നടത്തിയ ശ്രമം, നിർമാണ മേഖലയിലും വ്യാവസായിക മേഖലയിലും വലിയ സ്വീകാര്യതയാണ് സൃഷ്ടിക്കുന്നത്. മാത്രമല്ല, ഉൽപന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ISO 9001:2015 വഴി കമ്പനിയുടെ ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റത്തിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനുള്ള നടപടികളും സർവാൻ ഫൈബർ ഗ്ലാസ് മാനേജ്മെന്റ് സ്വീകരിച്ചിട്ടുണ്ട്.



TEL: 17600144, FAX: 17600273, P.O. BOX: 40310, AL HAMALAH, KINGDOM OF BAHRAIN
Emails: info@boatszarwan.com, zarwangroup@gmail.com, Website: www.boatszarwan.com




**അറേബ്യൻ ഗൾഫ് മേഖലയിലെ ഏറ്റവും വലിയ സ്കൂളുകളിലൊന്നായ ഇന്ത്യൻ സ്കൂൾ ബഹ്റൈൻ ദേശീയ ദിനത്തിൽ സന്തോഷം പങ്കുവെക്കുന്നു**

»ഇന്ത്യൻ സ്കൂൾ, ബഹ്റൈൻ

# ദേശീയ ദിനാശംസകൾ, ബഹ്റൈൻ

ബഹ്റൈൻ, ദേശീയ ദിനം ആഘോഷിക്കുകയാണ്. തലസ്ഥാന വീഥികളെല്ലാം ദീപാലങ്കാരത്തിൽ ഒരുങ്ങിയിരിക്കുന്ന ഈ അവസരത്തിൽ ബഹ്റൈൻ ഭരണാധികാരി എച്ച്.എം. ഹമദ് ബിൻ ഈസ ആൽ ഖലീഫ രാജാവിനും കിരീടാവകാശിയും പ്രധാനമന്ത്രിയുമായ ഹിസ് റോയൽ ഹൈനസ് സൽമാൻ ബിൻ ഹമദ് ആൽ ഖലീഫ രാജകുമാരനും പൊതുജനങ്ങൾക്കും ഇന്ത്യൻ സ്കൂൾ ബഹ്റൈൻ ആശംസകൾ നേരുന്നു.

1783ൽ അഹമ്മദ് അൽ ഫത്താഹ് അറബ്- മുസ്‌ലിം രാജ്യമായി ബഹ്റൈൻ രൂപവത്കരിച്ചതിന്റെയും ഐക്യരാഷ്ട്ര സഭയിൽ സ്ഥിരാംഗത്വം നേടിയതിന്റെയും ഓർമ പുതുക്കലായാണ് രാജ്യം ഡിസംബർ 16, 17 തീയതികളിൽ ദേശീയ ദിനം ആഘോഷിക്കുന്നത്.

ബഹ്റൈൻ രാജാവ് ഹമദ് ബിൻ ഈസ ആൽ ഖലീഫയുടെ നേതൃത്വത്തിൽ ദേശീയ ബോധം ഉൾക്കൊണ്ട് നിശ്ചയദാർഢ്യത്തോടെ പ്രതിസന്ധികൾ അതിജീവിച്ച് മുന്നേറുന്ന ബഹ്റൈൻ ജനസമൂഹം ഒന്നടങ്കം ഇന്ന് ആഹ്ലാദത്തിമിർപ്പിലാണ്.

മനാമയിലെ ഒറ്റപ്പെട്ട ഒരുകുഞ്ഞു കെട്ടിടത്തിൽ നിന്നും ഇസ, രിഫ  നഗരത്തിലെ അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ കേന്ദ്രമായി മാറാൻ അകമഴിഞ്ഞ പിന്തുണയും സഹായ സഹകരണങ്ങളും നൽകിയ ബഹ്റൈൻ രാജകുടുംബത്തിനോടും ഭരണകൂടത്തിനോടും ബഹ്റൈനിലെ ഇന്ത്യൻ സമൂഹത്തിനോടും ഇന്ത്യൻ സ്കൂൾ ബഹ്റൈൻ നന്ദി അറിയിക്കുന്നു.

സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ആയിരത്തിലധികം വിദ്യാർഥികൾക്ക് ഇന്ത്യൻ സ്കൂൾ എല്ലാ വർഷവും സ്കൂൾ ഫീസ് ഇളവ് നൽകിവരാറുണ്ട്. ഇതിനായുള്ള സഹായധന സംഭരണാർഥം മെഗാ ഫെയറും നടത്തിവരുന്നു. 2022ലെ മെഗാ ഫെയർ വൻ വിജയമാകാൻ അകമഴിഞ്ഞ പിന്തുണ നൽകിയ അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർഥികൾ ഓർഗനൈസിങ് കമ്മിറ്റി അംഗങ്ങൾ, മാധ്യമങ്ങൾ, അഭ്യുദയകാംക്ഷികൾ തുടങ്ങിയവരോടെല്ലാം ഇന്ത്യൻ സ്കൂളിന് കടപ്പാടുണ്ട്.

മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ അന്വേഷിക്കുന്ന നിരവധി രക്ഷിതാക്കളുടെ ആദ്യ ലക്ഷ്യസ്ഥാനങ്ങളിലൊന്നാണ് ബഹ്റൈൻ ഇന്ത്യൻ സ്കൂൾ. മികച്ച കരിക്കുലം അക്കാദമിക്സ്, കോ കരിക്കുലർ, എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റീസ് തുടങ്ങിയവ ഇതിന് ആക്കംകൂട്ടുന്ന കാരണങ്ങളാണ്.

വിദ്യാർഥികളിൽ ആത്മവിശ്വാസം വളർത്തുന്നതിന് തുടർച്ചയായുള്ള പരിശീലനം സ്കൂൾ നൽകിവ

രുന്നു. കൂടാതെ കലാരംഗത്തെ വിദ്യാർഥികളുടെ ഉന്നമ നത്തിനായി ചിത്രംവര, പെയിന്റിങ്, ക്രാഫ്റ്റ്, ഹോം സയൻസ്, സംഗീതം, ക്ലാസിക്കൽ ഇന്ത്യൻ ഡാൻസ് തുടങ്ങിയവരും സ്കൂൾ പരിശീലനം നൽകുന്നുണ്ട്.

ഇന്ന് എൽ.കെ.ജി മുതൽ 12ാം ക്ലാസ് വരെ 12,000ത്തിലധികം വിദ്യാർഥികൾക്ക് പ്രവേശനം നൽകിക്കൊണ്ട് അറേബ്യൻ ഗൾഫ് മേഖലയിലെ ഏറ്റവും വലിയ സ്കൂളുകളിലൊന്നായിമാറാൻ ഇന്ത്യൻ സ്കൂൾ ബഹ്റൈന് സാധിച്ചിട്ടുണ്ട്.

വിദ്യാർഥികളിലെ ഭൗതിക മാനസിക ശാരീരിക വികാസത്തിനുതകുന്ന രീതിയിലുള്ള സാഹചര്യമൊരുക്കാൻ സ്കൂളിന് സാധിക്കുന്നുണ്ട്. 14ലധികം രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർഥികൾ പഠിക്കുന്ന സ്ഥാപനം എന്ന നിലയിൽ സാംസ്കാരികമായ വിനിമയം വിദ്യാർഥികളിൽ ഉണ്ടാകുന്നതിനും ലോകത്തെ വിശാലാർഥത്തിൽ നോക്കിക്കാണാനുമുള്ള അവസരം സ്ഥാപനത്തിൽ ഉണ്ടാകുന്നുണ്ട്.

ബഹ്റൈനിലെ തന്നെ പ്രധാനപ്പെട്ട പൊതുവിദ്യാലയം എന്ന നിലയിൽ വിദ്യാഭ്യാസ രംഗത്ത് ഏറെ മെച്ചപ്പെട്ട സേവനം നൽകാൻ സ്കൂളിന് സാധിക്കുന്നുണ്ട്. മത്സരാധിഷ്ഠിതമായ ആധുനിക ലോകത്തെ മെച്ചപ്പെട്ട രീതിയിൽ നേരിടാൻ വിദ്യാർഥികളെ പ്രാപ്തരാക്കാൻ നിരന്തരവും നിലവാരമുള്ളതുമായ പരിശീലനം സ്കൂളിന്റെ ഭാഗത്തുനിന്ന് ഉണ്ടാവുന്നുണ്ട്. ആധുനികമായ കാഴ്ചപ്പാടുകളോടുള്ള  മെച്ചപ്പെട്ട സമീപനം സ്കൂളിന്റെ നിലവാരം നിലനിർത്താനും കരിക്കുലർ, കോ കരിക്കുലർ വിഭാഗങ്ങളിൽ മികച്ച ഫലം ഉണ്ടാകാനും കാരണമാകുന്നുണ്ട്.

■








»നവംബറിൽ  നടന്ന ഇന്ത്യൻ സ്കൂൾ മെഗാഫെയറിന്റെ സദസ്സിൽ നിന്ന്



»അനിൽ നവാൻ

# ആശംസകളുമായി ബാബ സൺസ് മെഗാ മാർട്ട്

**രാജ്യം 51-ാം ദേശീയദിനം ആഘോഷിക്കുന്ന വേളയിൽ പ്രമുഖ സൂപ്പർമാർക്കറ്റ് ശൃംഖല നന്ദി രേഖപ്പെടുത്തുന്നു.**

രാജ്യത്തിന്റെ 51ാമത് ദേശീയദിനാഘോഷത്തോടനുബന്ധിച്ച്, പ്രശസ്ത അന്താരാഷ്ട്ര റീട്ടെയിലർ ചോയിത്രാംസിന്റെ ഭാഗമായ ബാബ സൺസ് മെഗാ മാർട്ട്, ബഹ്റൈൻ ജനതക്കും ഭരണനേതൃത്വത്തിനും അഭിനന്ദനങ്ങൾ നേരുന്നു. 1993ൽ സൽമാനിയയിൽ ആദ്യ പലചരക്ക് സ്റ്റോർ ആരംഭിച്ചതിനുശേഷം ഏകദേശം മൂന്നു പതിറ്റാണ്ടുകളായി, ബാബ സൺസ്-മെഗാ മാർട്ട് രാജ്യത്തെ ഏറ്റവും വലിയ വിതരണശൃംഖലകളിലും സൂപ്പർ മാർക്കറ്റ് ശൃംഖലകളിലും ഒന്നായി വളർന്നുകഴിഞ്ഞു.

ബഹ്റൈൻ നിവാസികൾക്കിടയിൽ ഇതിനോടകം ജനപ്രിയമായ ബ്രാൻഡ്, നിലവിലുള്ള 16 മെഗാ മാർട്ടുകളുടെയും മാക്രോ മാർട്ട് സ്റ്റോറുകളുടെയും കാൽപാടുകളിലൂന്നി 2023ൽ രണ്ടു സ്റ്റോറുകൾ കൂടി ആരംഭിക്കാൻ ഒരുങ്ങുകയാണ്.

“ഞങ്ങൾ ഞങ്ങളുടേതായ നിരവധി സുപ്രധാന നാഴികക്കല്ലുകൾ ആഘോഷിക്കുന്നതിനാൽ ഈവർഷത്തെ ആഘോഷങ്ങൾക്ക് പ്രത്യേക അർഥമുണ്ട് " - ബാബ സൺസ് മെഗാ മാർട്ടിന്റെ ജനറൽ മാനേജർ അനിൽ നവാനി പറഞ്ഞു,

"ഞങ്ങളുടെ വെയർഹൗസിനായി അടുത്തിടെ നേടിയ HACCP സർട്ടിഫിക്കേഷനും പഴയ സ്റ്റോറുകൾക്കായുള്ള ഞങ്ങളുടെ പുതിയ QHSE മാനദണ്ഡങ്ങളും ഇതിൽ ഉൾപ്പെടുന്നു. റീട്ടെയിൽ മേഖലയിൽ ഗുഡ്നെസ് ഫുഡ്സിനെപ്പോലെ ഗുണനിലവാരമുള്ള ബ്രാൻഡുകൾ കൊണ്ടുവരുന്നതിനോടൊപ്പം, മത്സരാധിഷ്ഠിത വില നിർണയത്തിനിടയിലും ഞങ്ങൾ ഉയർന്ന നിലവാരമുള്ള ഉൽപന്നങ്ങൾകൊണ്ട് സമൂഹത്തോടുള്ള പ്രതിബദ്ധത നിലനിർത്തുന്നു."

"ക്ഷേമത്തിന്റെയും സുസ്ഥിരതയുടെയും സംസ്കാരം വളർത്തിയെടുക്കുന്നതിനുള്ള പ്രതിബദ്ധതയിൽ ശ്രദ്ധ പുലർത്തിക്കൊണ്ട്, ഈവർഷം മെഗാമാർട്ടിന്റെ ‘ബാഗ് ഫോർ ലൈഫ്’ സംരംഭവും, രക്തദാന ഡ്രൈവ്, സ്തനാർബുദ ബോധവത്കരണ ഡ്രൈവ് തുടങ്ങി നിരവധി കമ്യൂണിറ്റി വെൽനസ് കാമ്പയിനുകൾക്കും തുടക്കം കുറിച്ചു.

ബഹ്റൈന്റെ വിശിഷ്ടമായ ദർശനത്തിന്റെ ഭാഗമാകുന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു. രാജ്യത്തിന്റെ വളർച്ചയും വിജയവും തുടരട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു" -നവാനി കൂട്ടിച്ചേർത്തു.

■





أسمى آيات التهاني والتبريكات نرفعها إلى

**مقام حضرة صاحب الجلالة الملك حمد بن عيسى آل خليفة**

ملك البلاد المعظم حفظه الله ورعاه

**وإلى صاحب السمو الملكي الأمير سلمان بن حمد آل خليفة**

ولي العهد رئيس مجلس الوزراء حفظه الله ورعاه

وإلى حكومة وشعب البحرين الوفي

*Heartfelt Congratulations and Best Wishes to*

## HM King Hamad bin Isa Al Khalifa

The great king of the country, May god bless him and keep him safe

## HRH Prince Salman bin Hamad Al Khalifa

Crown Prince, Deputy Supreme Commander and Prime Minister, May god bless him and keep him safe

And to the faithful government and people of Bahrain

# 51st العيد الوطني الـ٥١ NATIONAL DAY 16 ديسمبر DECEMBER ١٦


ميغا مارت MEGA MART

ماكرو مارت Macro Mart

Muharraq (Head Office) : 17 341 070

/megamartbahrain /megamartbahrain Get Megamart offers on your mobile
Search D4D Online. Available in Google Play & Apple App Store

# അമാദ് ഗ്രൂപ് ഇന്റർനാഷനൽ കമ്പനീസ്
# മികവിന്റെ 24 വർഷങ്ങൾ

ബഹ്റൈനിലും സൗദി അറേബ്യയിലും മറ്റ് ഗൾഫ് മേഖലകളിലും സേവനത്തിന്റെ 24 വർഷത്തെ യാത്ര പൂർത്തീകരിച്ച് മുന്നേറുകയാണ് അമാദ് ഗ്രൂപ് ഇന്റർനാഷനൽ. മികച്ച പ്രവൃത്തിപരിചയംകൊണ്ടും സേവനങ്ങൾ കൊണ്ടും ജനങ്ങളുടെ മനസ്സിൽ ഇടംനേടിയതിൽ വളരെയധികം അഭിമാനവുമുണ്ട്. സൗദി അറേബ്യയിൽ 1998 മുതലാണ് അമാദ് ഗ്രൂപ്പ് പ്രവർത്തനം ആരംഭിക്കുന്നത്. ഇലക്ട്രിക്കൽ, മെക്കാനിക്കൽ, ടെലികമ്യൂണിക്കേഷൻ ഉൽപന്നങ്ങളുടെ വിതരണത്തിൽ മികവ് തെളിയിച്ച പ്രശസ്തമായ നേതൃത്വ മികവുള്ള ഒരു സ്ഥാപനമാണ് അമാദ് ഗ്രൂപ്. 2001ൽ ബഹ്റൈനിൽ കമ്പനി പ്രവർത്തനം ആരംഭിച്ചത് അമാദ് ബയീദ് ഇലക്ട്രിക്കൽ ഡബ്ല്യു.എൽ.എൽ എന്ന സ്ഥാപനത്തോടെയാണ്. ഉപയോക്താക്കളുടെ ആവശ്യങ്ങൾ എപ്പോഴും വൈവിധ്യമാണ്. അത് നിറവേറ്റുന്നതിനായി പ്രതിബദ്ധതയുള്ളവരും യോഗ്യതയുള്ളവരുമായ സെയിൽ ടീമാണ് അമാദ് ഗ്രൂപ്പിന്റെ മറ്റൊരു സവിശേഷത. അന്താരാഷ്ട്ര വിപണന-സേവനങ്ങളിൽ അനുഭവ പരിചയമുള്ള സെയിൽസ് ടീമിന് വലിയ സംഭാവനകൾ നൽകാൻ സാധിച്ചിട്ടുണ്ട്. ബഹുരാഷ്ട്ര കമ്പനികൾക്കെല്ലാം അവരുടെ വിവിധതരം അഭിമാനകരമായ പ്രോജക്ടുകളിൽ സേവനം നൽകാനും ടീമിന് സാധിച്ചിട്ടുണ്ട്.

യു.എസ്.എ, യൂറോപ്പ്, ജപ്പാൻ, മറ്റ് ഏഷ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽനിന്നുള്ള പ്രമുഖ നിർമാതാക്കളും വിതരണക്കാരുമായി അമാദ് ഗ്രൂപ്പിന് മികച്ച ബന്ധമാണുള്ളത്.

ജനപ്രിയമായ സേവനങ്ങളിലൂടെ അമാദ് ഗ്രൂപ് എപ്പോഴും സമയാധിഷ്ഠിതമായി ജോലികൾ ചെയ്തുതീർക്കാൻ എന്നും ശ്രമിച്ചിട്ടുണ്ട്.

> **ഇലക്ട്രിക്കൽ, മെക്കാനിക്കൽ, ടെലികമ്യൂണിക്കേഷൻ ഉൽപന്നങ്ങളുടെ വിതരണത്തിൽ മികവ് തെളിയിച്ച പ്രശസ്തമായ നേതൃത്വ മികവുള്ള ഒരു സ്ഥാപനമാണ് അമാദ് ഗ്രൂപ്**

അതിലൂടെ ഗ്രൂപ്പിന് ജനപ്രീതി നേടിയെടുക്കാനും വിശ്വാസം വളർത്തിയെടുക്കാനും സാധിച്ചിട്ടുണ്ട്. കേബിൾ മാനേജ്മെന്റ് ഡിവിഷൻ, പവർ ആൻഡ് ഡിസ്ട്രിബ്യൂഷൻ ഡിവിഷൻ, ഓയിൽ ആൻഡ് ഗ്യാസ് ഡിവിഷൻ, ലൈറ്റിങ് ഡിവിഷൻ തുടങ്ങിയ പ്രത്യേക ഡിവിഷനുകൾ അമാദ് ഗ്രൂപ്പിനുണ്ട്. മാർഷൽ-ടഫ്ലെക്സ്-യു.കെ, ഒ.ബി.ഒ ബെറ്റർമാൻ-ജർമനി, എ.എൻ വാലിസ്-യു.കെ, സ്കേം-ഇറ്റലി, പെപ്പേഴ്സ്-യു.കെ, സി.ഒ.ടി, എല്ലിസ് പേറ്റന്റ്സ്-യു.കെ, ഓമ്നി ട്രേ കമ്പനികളുടെ ഏജന്റായും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എമിറേറ്റ്സ് ട്രാൻസ്ഫോർമേഴ്സ്, ബഹ്റ കേബിൾസ്, റിയാദ് എന്നിവയുടെ അംഗീകൃത വിതരണക്കാരുമാണ്.

അമാദ് ഗ്രൂപ്പിന് ബഹ്റൈനിൽ അസ്കോൺ കൺട്രോൾ ഡബ്ല്യു.എൽ.എൽ എന്ന പേരിൽ വൈദ്യുതി മന്ത്രാലയത്തിന്റെ ലൈസൻസുള്ള സ്വിച്ച്ഗിയർ ഫാക്ടറികളും സൗദി അറേബ്യയിൽ സ്ഥിതിചെയ്യുന്ന അസ്കോൺ കൺട്രോൾ കമ്പനി ലിമിറ്റഡും ഉണ്ട്. രണ്ട് ഫാക്ടറികളും അതത് രാജ്യങ്ങളിൽ നിരവധി അഭിമാനകരമായ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. സീമെൻസ്, ഇൻഡോ ഏഷ്യൻ (ലെഗ്രാൻഡ്), ഡോർമാൻ സ്മിത്ത് എന്നിവയുടെ അംഗീകൃത പാനൽ നിർമാതാക്കളാണ് ബഹ്റൈനിലെ അസ്കോൺ കൺട്രോൾ ഡബ്ല്യു.എൽ.എൽ. അസ്കോൺ കൺട്രോൾ കമ്പനി ലിമിറ്റഡ് സൗദി അറേബ്യയാണ് ഷ്നൈഡറിന്റെ അംഗീകൃത പാനൽ ബിൽഡർ.

2021ൽ, ബഹ്റൈനിലെ ഫാക്ടറി 1.8 ദശലക്ഷം മുതൽമുടക്കിൽ അൽമസ്റ ഇൻഡസ്ട്രിയൽ പാർക്കിലെ സ്വന്തം സ്ഥലത്തേക്ക് മാറ്റി. അമാദ് ഗ്രൂപ്പിന്റെ മാനേജിങ് ഡയറക്ടറായ പമ്പാവാസൻ നായരുടെ ആദ്യത്തെ സമ്പൂർണ സ്വിച്ച്ഗിയർ ഫാക്ടറിയാണ് അസ്കോൺ കൺട്രോൾ. അസ്കോണിന്റെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തത് വ്യവസായ വാണിജ്യ മന്ത്രിയായ എച്ച്.ഇ. മിസ്റ്റർ സായിദ് ആർ അൽസയാനിയും ബഹ്റൈനിലെ ഇന്ത്യൻ അംബാസഡറായ എച്ച്.ഇ. പിയൂഷ് ശ്രീവാസ്തവയുമായിരുന്നു.

അമാദ് ഗ്രൂപ്പിന് ജെ.എ.ജി എന്ന പേരിൽ ഇ.ഡി.ഡി ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടിങ് കമ്പനിയുണ്ട്. ബഹ്റൈനിൽ, ഉയർന്നതും താഴ്ന്നതുമായ വോൾട്ടേജ് സംവിധാനങ്ങളുടെ എല്ലാ വശങ്ങളുടെയും ഇൻസ്റ്റലേഷനും പരിപാലനവും ഉൾപ്പെടെ, സമഗ്രമായ സേവനങ്ങൾ നൽകാൻ ജെ.എ.ജി കമ്പനിക്കാകും. ഏതൊരു പ്രോജക്ടും നടപ്പാക്കാനുള്ള മനുഷ്യശക്തിയും വിഭവങ്ങളും വൈദഗ്ധ്യവും ജെ.എ.ജിക്കുണ്ട്.

സൗദി അരാംകോ, സൗദി ഇലക്ട്രിക് കമ്പനി, സാബിക്, സദാര, സറ്റോർപ്, റോയൽ കമീഷൻ തുടങ്ങി സൗദി അറേബ്യയിലെ എല്ലാ ആദരണീയവും പ്രശസ്തവുമായ മേഖലകളിൽനിന്നും അമാദ് ഗ്രൂപ്പിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. അതുവഴി വളരെ ബഹുമാനമുണ്ട്. സൗദി അരാംകോയിൽനിന്ന് ഒരു അഭിനന്ദനക്കത്തും കമ്പനി സ്വന്തമാക്കിയിട്ടുണ്ട്. സൗദി അരാംകോ ഇത്തരത്തിലുള്ള അഭിനന്ദനക്കത്തുകൾ നൽകുന്നത് വളരെ അപൂർവമാണ്. അതിനാൽ ഇത് വലിയൊരു അംഗീകാരമാണ്. ഇത്തരം നേട്ടങ്ങൾ സാധ്യമായത് ആ രാജ്യങ്ങളിൽ ധാരാളം അവസരങ്ങൾ നൽകിയതുകൊണ്ടാണെന്ന് ഗ്രൂപ്പിന്റെ മാനേജിങ് ഡയറക്ടർ ശ്രീ പമ്പാവാസൻ നായർ അഭിപ്രായപ്പെട്ടു.




»ആസ്കൺ ഫാക്ടറി


AMAD GROUP INTERNATIONAL
24
YEARS OF EXCELLENCE
ASCON CONTROL W.L.L
SIEMENS
AMAD GROUP
INTERNATIONAL COMPANIES
Wishing you Happy
BAHRAIN
NATIONAL DAY
BAHRAIN: AMAD BAEED ELECTRICAL W.L.L | ASCON CONTROL W.L.L | JANOOB AL GHARBI EST. |
BRIGHT STAR ELECTRICAL & MECHANICAL W.L.L
SAUDI ARABIA: AMAD AL BAEED TRADING EST. | ASCON CONTROL CO. LTD. | CONVEX TRADING EST. | UNIQUE LIGHTING EST.
www.amadbaeed.com | www.asconcontrol.com

# ബഹ്റൈൻ-ഇന്ത്യ സൗഹൃദ സാക്ഷ്യമായി
# ശ്രീനാഥ്ജി ക്ഷേത്രം

◆ **ജമാൽ ഇരിങ്ങൽ**

**ബഹ്റൈനിലെ ഇന്ത്യൻ സമൂഹത്തിന്റെ അഭിമാനമായ ശ്രീനാഥ്ജി ക്ഷേത്രത്തിനും ക്ഷേത്രനടത്തിപ്പിനും ബഹ്റൈൻ ഭരണാധികാരികൾ നൽകുന്ന പിന്തുണ ഏറെ വലുതാണ്.**

ഇന്ത്യയുമായി നൂറ്റാണ്ടുകളായി നിലനിൽക്കുന്ന സൗഹൃദത്തിന്റെ സാക്ഷ്യമായി നിലകൊള്ളുകയാണ് മനാമയിലുള്ള ശ്രീനാഥ്ജി ക്ഷേത്രം. ഈ പുരാതന ഹിന്ദു ക്ഷേത്രത്തിന് ഇരുന്നൂറിൽ പരം വർഷത്തെ പഴക്കമുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. 1817 ലാണ് ഈ ക്ഷേത്രം സ്ഥാപിതമായതെന്നാണ് കരുതപ്പെടുന്നത്.

ആരാധനാലയങ്ങളുടെ പേരിൽ കലാപങ്ങളും സംഘർഷങ്ങളും നടക്കുന്ന ലോകത്ത്, ബഹ്റൈനിൽ മതമൈത്രിയുടെ പ്രതീകമായി ഇങ്ങനെയൊരു ക്ഷേത്രം നിലകൊള്ളുന്നു എന്നത് എന്ത് കൊണ്ടും ഏറെ ശ്രദ്ധേയമാണ്. തലസ്ഥാന നഗരിയിലെ ഏറ്റവും തിരക്കുപിടിച്ച മനാമ സൂഖിൽ സ്ഥിതി ചെയ്യുന്ന ക്ഷേത്രത്തിൽ ദിവസവും നിരവധി വിശ്വാസികളാണ് ആരാധനകൾക്കായി എത്തുന്നത്. മനോഹരമായ രാജസ്ഥാൻ വാസ്തുശിൽപചാതുരിയിൽ പണിത ക്ഷേത്രം രാജ്യത്ത് എത്തുന്ന ടൂറിസ്റ്റുകളുടെ പ്രധാന ആകർഷണ കേന്ദ്രം കൂടിയാണ്. സ്വദേശികളും വിദേശികളുമുൾപ്പെടെയുള്ള നിരവധിയാളുകളാണ് ശ്രീകൃഷ്ണ ക്ഷേത്രം എന്നും അറിയപ്പെടുന്ന ഇവിടെ സന്ദർശിക്കാനായെത്തുന്നത്.

പൗരാണിക ഭാരതീയ വാസ്തുവിദ്യയുടെ ഒരു പ്രധാന ശാഖയാണ് രാജസ്ഥാൻ ശാഖ എന്നത്. പുരാതന ഭാരതീയ വാസ്തുവിദ്യയുടെ അന്തസ്സത്ത അതിലടങ്ങിയിരിക്കുന്ന ആത്മീയാംശമാണെന്നാണ് പറയപ്പെടുന്നത്. കൊത്തുപണികൾ നിറഞ്ഞ ചുമരുകളും മോടിപിടിപ്പിച്ച തൂണുകളും വർണശബളിമയോടെ അലങ്കരിക്കപ്പെട്ട തട്ടുകളും ഇതിന്റെ പ്രത്യേകതകളാണ്.

രാജസ്ഥാൻ വാസ്തുശിൽപ ഗണത്തിൽപെടുന്ന ക്ഷേത്രങ്ങൾ താരതമ്യേന ചെറിയവയായിരുന്നു. തൂണുകളുടെ സംസ്കരണത്തിൽതന്നെയാണ് ഈ ശാഖ വേരിട്ടുനിൽക്കുന്നത്. തൂണുകളുടെ മുകൾഭാഗത്ത് പൂച്ചട്ടിയും പുഷ്പലതാദികളുമാണ് ഈയിനത്തിൽപെട്ട ക്ഷേത്രങ്ങളിൽ ഉണ്ടാവുക. മധ്യേന്ത്യയിലെ സാഗർ, ജോധ്പൂരിനടുത്തുള്ള ഓസിയ എന്നിവിടങ്ങളിൽ ഇത്തരം നിർമിതികളുടെ അവശിഷ്ടങ്ങൾ ഇന്നും കാണാം. രാജസ്ഥാനിലെ കോട്ട എന്ന



»മനാമയിലെ ശ്രീനാഥ്ജി ക്ഷേത്രം
ഫോട്ടോ: സൈറോൺ



»ക്ഷേത്ര നവീകരണ പദ്ധതി പ്രധാനമന്ത്രി നരേന്ദ്ര മോദി 2019ൽ ഉദ്ഘാടനം ചെയ്യുന്നു



ഫോട്ടോ: ഡോ. അജയ് കുമാർ സിങ്

»മനാമയിലെ ദുർഗാപൂജ ആഘോഷം

സ്ഥലത്തും ഈയിനത്തിൽപെട്ട ചില പൗരാണിക ക്ഷേത്രഭാഗങ്ങൾ കാണപ്പെടുന്നുണ്ട്. ഈ ക്ഷേത്രങ്ങളിലധികവും പഞ്ചയാതനം എന്ന ഇനത്തിൽപെടുന്ന അഞ്ചു വീതമുള്ള ചെറുക്ഷേത്രങ്ങളുടെ സംയുക്തരൂപമാണ്. ഈ വിഭാഗത്തിൽ പെട്ട ക്ഷേത്രങ്ങളുടെ മറ്റൊരു പ്രത്യേകത അവയുടെ പ്രവേശനദ്വാരത്തിന്റെ മേൽപടികളിൽ നവഗ്രഹങ്ങളുടെയും ചില പ്രതീകങ്ങളുടെയും കൊത്തുപണികൾ ഉണ്ടെന്നുള്ളതാണ്. ബഹ്റൈനിലെ ഇന്ത്യൻ സമൂഹത്തിന്റെ അഭിമാനമായ ശ്രീനാഥ്ജി ക്ഷേത്രത്തിനും ക്ഷേത്രനടത്തിപ്പിനും ബഹ്റൈൻ ഭരണാധികാരികൾ നൽകുന്ന പിന്തുണ ഏറെ വലുതാണ്.

ഈ ക്ഷേത്രത്തിലെ പ്രതിഷ്ഠ ഏഴുവയസ്സുള്ള കുട്ടിയായി (ബാലക്) പ്രകടമാകുന്ന കൃഷ്ണന്റെ ഒരു രൂപമായ ഭഗവാൻ ശ്രീനാഥ് ജിയാണ്. ഇന്ത്യയിലെ രാജസ്ഥാനിലെ ഉദയ്പുർ നഗരത്തിൽ നിന്ന് 48 കിലോമീറ്റർ വടക്ക്-കിഴക്കായി നാഥ് ദ്വാരയിലെ ക്ഷേത്രനഗരത്തിലെ ശ്രീനാഥ്ജി ക്ഷേത്രമാണ് ശ്രീനാഥ്ജിയുടെ പ്രധാന ആരാധനാലയം. ശ്രീനാഥ്ജിയെ പ്രധാനമായും ആരാധിക്കുന്നത് ഭക്തിയോഗയുടെ അനുയായികളും ഗുജറാത്തിലെയും രാജസ്ഥാനിലെയും വൈഷ്ണവരും, ഭാട്ടിയ സമുദായവുമാണ്.

ആദ്യകാലത്ത് മഥുരയിലെ ഗോവർധനഗിരിയിലായിരുന്നു ശ്രീനാഥ്ജിയുടെ ക്ഷേത്രമുണ്ടായിരുന്നത്. ഏഴുവയസ്സ് പ്രായമുള്ള ഉണ്ണിക്കണ്ണന്റെ രൂപമായ ശ്രീനാഥ്ജിയുടെ വിഗ്രഹത്തെ 17ാം നൂറ്റാണ്ടിൽ രാജസ്ഥാനിലേക്ക് മാറ്റുകയായിരുന്നു. യാത്രക്കിടയിൽ പൂജാരിമാരുടെ നിഗമനങ്ങൾ മാനിച്ച് മേവാറിലെ രാജാവായിരുന്ന മഹാറാണാ രാജ് സിങ് പിന്നീട് നാഥ് വാര എന്ന പേരിൽ പ്രസിദ്ധമായ ആ പ്രദേശത്ത് ക്ഷേത്രം പണിതു കൊടുക്കുകയായിരുന്നു.

ഇന്ത്യാ വിഭജനത്തിന് മുമ്പ് സിന്ധിൽ നിന്ന് കുടിയേറിയ തട്ടായി ഹിന്ദു സമൂഹമാണ് 1817ൽ ഈ ക്ഷേത്രം നിർമിച്ചത്. കച്ചവടരംഗത്ത് ബഹ്റൈനിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച ഒരു വിഭാഗമാണ് ഇത്. ഇവരുടെ നേതൃത്വത്തിൽ ഇവിടെ വിവിധങ്ങളായ ധാരാളം വ്യാപാര - വ്യവസായ സംരംഭങ്ങളുണ്ട്. ബഹ്റൈന്റെ വിവിധ മേഖലയിലെ വികസനത്തിൽ ഇവർ നൽകിക്കൊണ്ടിരിക്കുന്ന സംഭാവനകൾ പലപ്പോഴും ബഹ്റൈൻ ഭരണാധികാരികളുടെ പ്രശംസക്ക് കാരണമായിട്ടുണ്ട്.

ഇന്ത്യയിൽ നിന്നും ബഹ്റൈൻ സന്ദർശിക്കാനായി എത്തുന്ന നേതാക്കളും ഭരണകർത്താക്കളും ഈ ക്ഷേത്രം സന്ദർശിക്കാറുണ്ട്. നിലവിൽ ഈ ക്ഷേത്രം വലിയ വികസനത്തിന്റെ പാതയിലാണ്. 2019ൽ രാജ്യം സന്ദർശിച്ച ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് ക്ഷേത്രനവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചത്. പുതിയ ക്ഷേത്രസമുച്ചയത്തിന്റെയും തട്ടായി ഹിന്ദു മർച്ചന്റ്സ് കമ്യൂണിറ്റി കോംപ്ലക്സിന്റെയും മാതൃകയും അന്ന് പ്രകാശനം ചെയ്യപ്പെടുകയുണ്ടായി. 45,000 ചതുരശ്ര അടിയിൽ നടക്കുന്ന ക്ഷേത്ര നവീകരണം പൂർത്തീകരിക്കാനായി 42 കോടി അമേരിക്കൻ ഡോളറാണ് ചെലവ് കണക്കാക്കുന്നത്. ഈ പദ്ധതി പൂർത്തിയാകുന്നതോടെ മനാമയുടെ മുഖഛായ തന്നെ മാറുമെന്നാണ് ക്ഷേത്രം പുനരുദ്ധാരണ കമ്മിറ്റി ഭാരവാഹികൾ പറയുന്നത്. മൂന്ന് നിലകളിലായി പണിയുന്ന ഇവിടെ ആരാധനസൗകര്യങ്ങൾക്ക് പുറമെ ക്ഷേത്ര പുരോഹിതന്മാർക്കുള്ള താമസസ്ഥലം, കല്യാണ മണ്ഡപം, മ്യൂസിയം എന്നിവയും ഉണ്ടാവും.

ഹിന്ദു ആചാരപ്രകാരമുള്ള വിവാഹ കർമങ്ങൾക്കായുള്ള ജി.സി.സിയിലെ തന്നെ ഏറ്റവും വിശാലമായ സൗകര്യമാണ് ഇവിടെ ഒരുങ്ങുന്നത്. ക്ഷേത്ര സ്ഥാപകരായ തട്ടായി കമ്യൂണിറ്റിയുടെ സ്ഥാപക പ്രസിഡന്റായിരുന്ന അന്തരിച്ച മനോജ് ഭാട്ടിയയുടെ സ്വപ്ന പദ്ധതിയാണ് ഇതിലൂടെ നടപ്പാക്കപ്പെടുന്നതെന്നാണ് ഇതിന്റെ ഭാരവാഹികൾ പറയുന്നത്. ഇതോടെ മേഖലയിലെ തന്നെ ഏറ്റവും വലിയ ഹിന്ദു ചരിത്രമ്യൂസിയവും ക്ഷേത്രവുമാ യിരിക്കും ബഹ്റൈനിൽ നിലവിൽ വരുക. ഇന്ത്യയിൽ നിന്നും കൊണ്ടുവരുന്ന മാർബിളാണ് ഇതിന്റെ നിലത്ത് വിരിക്കുക. സോളാർ വൈദ്യുതി, വാട്ടർ റീസൈക്ളിങ് സംവിധാനം തുടങ്ങിയ ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

■

# ബഹ്റൈന്റെ 51 വർഷങ്ങൾ

## ജി.സി.സിയെ അഭിമാനത്തിലെത്തിച്ച നേതൃത്വം

◆ **ഡോ. ആസാദ് മൂപ്പൻ,**

**ഫൗണ്ടർ ചെയർമാൻ, മാനേജിംങ് ഡയറക്ടർ, ആസ്റ്റർ ഡി.എം ഹെൽത്ത് കെയർ**

ബഹ്റൈൻ രാജാവ് ഹമദ് ബിൻ ഈസ ആൽ ഖലീഫയുടെയും കിരീടാവകാശിയും പ്രധാനമന്ത്രിയുമായ പ്രിൻസ് സൽമാൻ ബിൻ ഹമദ് ആൽ ഖലീഫയുടെയും ദീർഘവീക്ഷണമുള്ള നേതൃത്വത്തിന് കീഴിൽ ബഹ്റൈൻ വലിയ മാറ്റത്തിനാണ് വഴിയൊരുക്കുന്നത്. ആഗോള ആരോഗ്യ സുരക്ഷ സംരക്ഷണ സംരംഭങ്ങളെ പിന്തുണക്കുന്നതിനുള്ള രാജ്യത്തിന്റെ പ്രതിജ്ഞാബദ്ധതയും രാജ്യത്തിന്റെ സമഗ്രമായ ലക്ഷ്യങ്ങൾക്കനുസരിച്ച് തങ്ങളുടെ പൗരന്മാരുടെ നൈപുണ്യ പ്രവർത്തനങ്ങൾ വർധിപ്പിക്കുന്നതിലെ ശ്രദ്ധയും ഏറ്റവും പുതിയ സാങ്കേതിക വിദ്യകളിലൂടെ പ്രയോജനം നേടുന്നതിന് സ്വകാര്യ-പൊതുമേഖല സ്ഥാപനങ്ങളെ പ്രാപ്തമാക്കിയതും രാജ്യത്തിന്റെ വിവിധ മേഖലകളിൽ വലിയ മുന്നേറ്റങ്ങൾ സൃഷ്ടിച്ചു.

എല്ലാ രാജ്യങ്ങളും മുൻഗണന നൽകേണ്ട ഒന്നാണ് കാലാവസ്ഥ പരമായ ലക്ഷ്യങ്ങൾ നിറവേറ്റാനുള്ള പദ്ധതികൾ. എന്നാൽ, ഇതിൽ മികച്ച നേട്ടമാണ് ബഹ്റൈൻ കൈവരിച്ചതെന്ന് പറയാതിരിക്കാൻ കഴിയില്ല. മാത്രമല്ല, ദേശീയ വനവത്കരണ പദ്ധതി, പുനരുപയോഗ ഊർജത്തിനുള്ള ദേശീയ പദ്ധതി തുടങ്ങി നിരവധി സംരംഭങ്ങളിലൂടെയും പ്രത്യേക പദ്ധതികളിലൂടെയും 2035ഓടെ കാലാവസ്ഥ പ്രതിബദ്ധത കൈവരിക്കുന്നതിനായി ബഹ്റൈൻ തയാറെടുക്കുകയാണെന്നറിയുന്നത് വളരെ പ്രചോദനാത്മകമാണ്.

കൂടാതെ, രാജ്യത്ത് പ്രകൃതിവാതക ഉൽപാദനം വർധിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചതിലൂടെ, പുതിയ രണ്ട് പ്രകൃതിവാതക കണ്ടെത്തലുകളിലേക്കുകൂടി അതു നയിച്ചു. ഇത് രാജ്യത്തിന് വലിയ വികസനഭാവിയും ആഗോളതലത്തിൽ വൻ സാധ്യതയുമാണ് നൽകുന്നത്. യു.കെ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു പ്രമുഖ ട്രാവൽ ഇൻഷുറൻസ് വെബ്സൈറ്റ് പ്രസിദ്ധീകരിച്ച റിപ്പോർട്ട് പ്രകാരം, പാൻഡെമിക് ടൂറിസം റിക്കവറിയിൽ ബഹ്റൈൻ ഒന്നാമതാണ്. ഈ ആഗോള അംഗീകാരത്തിനും അസൂയാവഹമായ നേട്ടങ്ങൾക്കും വികസന ലക്ഷ്യങ്ങളെ പിന്തുണക്കാനുള്ള പൗരന്മാരുടെ ഉത്സാഹത്തിനും പിന്നിൽ രാജ്യത്തെ സർക്കാർ നേതൃത്വത്തിന്റെ മിടുക്കാണ്. അതുകൊണ്ടുതന്നെ ബഹ്റൈനിന് ഇനിയും കൂടുതൽ പുരോഗതിയും സമൃദ്ധിയും നേടാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

■

**എല്ലാ രാജ്യങ്ങളും മുൻഗണന നൽകേണ്ട ഒന്നാണ് കാലാവസ്ഥപരമായ ലക്ഷ്യങ്ങൾ നിറവേറ്റാനുള്ള പദ്ധതികൾ. ഇതിൽ മികച്ച നേട്ടമാണ് ബഹ്റൈൻ കൈവരിച്ചത്.**



»ഡോ. ആസാദ് മൂപ്പൻ





# Congratulations

*and best wishes to*

HIS MAJESTY **KING HAMAD BIN ISA AL KHALIFA**

HIS ROYAL HIGHNESS **PRINCE SALMAN BIN HAMAD AL KHALIFA**

THE CROWN PRINCE AND PRIME MINISTER

*The Royal Family, Government and the people of the Kingdom of Bahrain on the occasion of the*

# 51st National Day

INDIAN SCHOOL BAHRAIN

तमसो मा ज्योतिर्गमय

ESTD.1950

United Nations Educational, Scientific and Cultural Organization

Member of UNESCO Associated Schools

## The Indian School

**Kingdom of Bahrain**

ISO 9001 : 2015 Certified Institution

# ബഹ്റൈനിന്റെ അജയ്യ നേട്ടങ്ങൾക്ക് സല്യൂട്ട്

**ദേശീയ ദിന ആശംസകളുമായി ലുലു എക്സ്ചേഞ്ച്**

51-ാം ദേശീയ ദിനം ആഘോഷിക്കുന്ന ബഹ്റൈൻ ജനങ്ങളുടെ പ്രാഥമിക വികസനത്തിന്റെ പ്രതിരൂപമായി ഉയർന്നുനിൽക്കുകയാണ്. രാജ്യത്തെ സ്വന്തം വീടായി കരുതുന്ന എല്ലാവരുടെയും ജീവിതം സുഗമമാക്കുക എന്ന ലക്ഷ്യത്തോടെ നയിക്കപ്പെടുന്ന ശക്തമായ നേതൃത്വം കൊണ്ട് , ഐക്യത്തിന്റെയും സഹിഷ്ണുതയുടെയും സാമൂഹിക-സാമ്പത്തിക വളർച്ചയുടെയും മികച്ച ഉദാഹരണമായി ബഹ്റൈൻ ഇന്നും നിലകൊള്ളുന്നു. ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, കണക്റ്റിവിറ്റി, വാണിജ്യാന്തരീക്ഷം, ജീവിത സാഹചര്യങ്ങൾ എന്നിവ ഏതൊരാൾക്കും ജീവിക്കാനും ജോലി ചെയ്യാനും അനുയോജ്യമായ ഇടമായി മാറിയിട്ടുണ്ട്.

ആഗോളതലത്തിൽ വളർന്നുകൊണ്ടിരിക്കുന്ന രാജ്യത്തിന്റെ പണമിടപാട് മേഖലകൾ വികസിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചതിന് ഉത്തരവാദിത്തമുള്ള സാമ്പത്തിക സേവന ദാതാവ് എന്ന നിലയിൽ ഈ അവസരത്തിൽ ലുലു ഇന്റർനാഷണൽ എക്സ്ചേഞ്ച് അഭിമാനിക്കുന്നു. ആധുനിക സംവിധാനങ്ങൾ, സ്പെഷ്യലൈസ്ഡ് ഹ്യൂമൻ റിസോഴ്സ്, ഫിൻടെക് സ്ഥാപനങ്ങൾ എന്നിവക്കൊപ്പം സാങ്കേതിക വിദ്യ സ്വീകരിക്കുന്നതും മൂല്യാധിഷ്ഠിത ഓഫറുകളുടെ വൈവിധ്യവൽക്കരണവും ലുലു ഇന്റർനാഷനൽ എക്സ്ചേഞ്ചിലൂടെ രാജ്യത്തെ പുരോഗതിയിലേക്ക് നയിക്കുന്നതാണ്.

രാജ്യം 51ന്റെ നിറവിലെത്തിയ അവസരത്തിൽ, ഉപഭോക്താക്കൾക്ക് വേണ്ട സേവനങ്ങൾ കാര്യക്ഷമമായി നൽകുന്നതിന് ആവശ്യമായ പിന്തുണ നൽകുന്ന ബഹ്റൈൻ ഭരണാധികാരി എച്ച്.എം. ഹമദ് ബിൻ ഈസ ആൽ ഖലീഫ രാജാവിനോടും, കിരീടാവകാശിയും പ്രധാനമന്ത്രിയുമായ ഹിസ് റോയൽ ഹൈനസ് സൽമാൻ ബിൻ ഹമദ് ആൽ ഖലീഫ രാജകുമാരനോടും മറ്റുള്ള രാജകുടുംബാംഗങ്ങളോടും ജനങ്ങളോടും ഞങ്ങൾ എന്നും കടപ്പെട്ടിരിക്കുന്നു.

അതോടൊപ്പം റെഗുലേറ്ററി അധികാരികൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവരോടും നന്ദി അറിയിക്കുന്നു. ഈ മഹാത്തായ രാഷ്ട്രത്തിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ അഭിമാനമുണ്ട്, ഒപ്പം ക്രിയാത്മകവും പ്രവർത്തനക്ഷമവുമായ ആശയങ്ങളിലൂടെ രാജ്യത്തെ വളർച്ചയിലേക്ക് നയിക്കാനുള്ള ഞങ്ങളുടെ പ്രതിബദ്ധതയും എക്കാലവും കാത്തുസൂക്ഷിക്കും.

» അദീബ് അഹമ്മദ്






Congratulations and best wishes to
**HM King Hamad bin Isa Al Khalifa**
The King of the Kingdom of Bahrain
**HRH Prince Salman bin Hamad Al Khalifa**
The Crown Prince and Prime Minister
The Royal family, Government and the people of the Kingdom of Bahrain on the occasion of the 51st National Day

SAARA GROUP
www.saaragroup.com



LIFE N STYLE | exelon | JVK USA E&P INC | Saaya | MANSAMINT | NESBO



# saluting a visionary nation and its great leaders

51st BAHRAIN NATIONAL DAY

Congratulations and best wishes to
**HM King Hamad bin Isa Al Khalifa**
The King of the Kingdom of Bahrain
**HRH Prince Salman bin Hamad Al Khalifa**
The Crown Prince and Prime Minister
The Royal family, Government and the people of the Kingdom of Bahrain on the occasion of the 51st National Day

مركز الربيع الطبي
AL RABEEH MEDICAL CENTER

مـركـز الربيـع الـطـبـي ذ.م.م
**AL RABEEH MEDICAL CENTER W.L.L**
Manama Center

## OPENING SOON...

# സ്കൈ വേൾഡ്
# ഉയരങ്ങളിൽനിന്ന് ഉയരങ്ങളിലേക്ക്

**ജ്വല്ലറി, റസ്റ്റാറന്റുകൾ, ഡിപ്പാർട്ട്മെന്റ് സ്റ്റോറുകൾ എന്നിവയിലുൾപ്പെടെ ബഹ്റൈനിലെ വിവിധ മേഖലകളിൽ ഇതിനോടകം തന്നെ സ്കൈ വേൾഡ് പ്രവർത്തന മേഖല വ്യാപിപ്പിച്ചിട്ടുണ്ട്.**

ഡോക്യുമെന്റ് ക്ലിയറൻസ്, റിയൽ എസ്റ്റേറ്റ്, ആയുർവേദ കേന്ദ്രം മുതലായവയും സ്കൈ വേൾഡിന്റെ മറ്റു വാണിജ്യ മേഖലകളിൽ ഉൾപ്പെടുന്നു. അടുത്തിടെ ചെയിൻലെസ് സൈക്കിൾ വിപണിയിലേക്കും സ്കൈ വേൾഡ് പ്രവേശിച്ചിട്ടുണ്ട്. ഞങ്ങളുടെ മുഴുവൻ സേവന ജ്വല്ലറി സ്റ്റോറായ അൽ ഖഷ്റാം വർക് ഷോപ്പും ബഷ്മി വർക് ഷോപ്പും മനാമ പട്ടണത്തിന്റെ ഹൃദയഭാഗത്താണ് സ്ഥിതിചെയ്യുന്നത്. ഉപഭോക്താക്കളുടെ ഇഷ്ടത്തിനനുസരിച്ച് ആഭരണങ്ങൾ രൂപകല്പന ചെയ്ത് നൽകാൻ ഞങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

### ബഹ്റൈൻ ഫൈൻ ഗോൾഡ്

ഞങ്ങളുടെ ഗോൾഡ് ആൻഡ് സിൽവർ പ്രെഷ്യസ് മെറ്റൽസ് ബിസിനസിന്റെ ഭാഗമായി നിക്ഷേപകർക്ക് തങ്ങളുടെ ശേഖരണത്തിൽ സ്വർണവും വെള്ളിയും ഉപയോഗിച്ച് വൈവിധ്യവത്കരിക്കാൻ ആഗ്രഹമുണ്ടെങ്കിൽ അത്തരത്തിലുള്ള ഉൽപന്നങ്ങളുടെ ഒരു ശ്രേണിയും വാഗ്ദാനം ചെയ്യുന്നുണ്ട്. എമിറേറ്റ്സ്, സ്വിസ് തുടങ്ങിയ ജനപ്രിയ ബുള്ളിയൻ നാണയങ്ങൾ മുതൽ അപൂർവ നാണയങ്ങൾ, സ്വർണ കട്ടികൾ, മറ്റു വിലയേറിയ ലോഹ ഉൽപന്നങ്ങൾ വരെ ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.




### ഡിപ്പാർട്ട്മെന്റ് സ്റ്റോർ

ബിഗ് ബസാർ ഡിപ്പാർട്ട്മെന്റ് സ്റ്റോർ, സിറ്റി ചോയ്സ്, ദുബായ് പ്ലാസ, ഈസി മാർട്ട് തുടങ്ങിയ ഞങ്ങളുടെ ഡിപ്പാർട്മെന്റ് സ്റ്റോറുകൾ ഉപഭോക്താവിന്റെ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നു. അവർക്ക് ആവശ്യമായ എല്ലാ സാധനങ്ങളും ഡിപ്പാർട്ട്മെന്റ് സ്റ്റോറുകളിൽ ലഭ്യമാണ്. അതായത്, ഒറ്റത്തവണ ഷോപ്പിങ് ചെയ്യുന്നതിലൂടെ എല്ലാ ആവശ്യങ്ങളും നിറവേറ്റപ്പെടുന്നു.

### ദുബായ് ഗോൾഡ് ആൻഡ് ഡയമണ്ട്

സ്വർണ മൊത്തവ്യാപാരത്തിൽ ഞങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാൽ ഉപഭോക്താക്കൾക്ക് ഏറ്റവും ഉയർന്ന നിലവാരമുള്ള സ്വർണ ഉൽപന്നങ്ങൾ നൽകുന്നതിന് സാധിക്കുന്നു. സ്വർണ നാണയങ്ങൾ, സ്വർണ കട്ടികൾ എന്നിവ വാങ്ങുന്നതിലും വിൽക്കുന്നതിലും ഞങ്ങൾ വൈദഗ്ദ്ധ്യം നേടിയിട്ടുണ്ട്

### ജേർണീസ് വേൾഡ്

വ്യവസായത്തിൽ അഞ്ചു വർഷത്തിലേറെ പരിചയമുള്ള ഒരു പൂർണ സേവന ട്രാവൽ ഏജൻസിയാണ് ഞങ്ങളുടെ ജേർണീസ് വേൾഡ്. നിങ്ങൾക്ക് ഒരിക്കലും മറക്കാനാവാത്ത ഒരു അവിസ്മരണീയമായ യാത്രാനുഭവം നൽകുക എന്നതാണ് ഞങ്ങളുടെ ദൗത്യം.

### കോഴിക്കോട് സ്റ്റാർ റെസ്റ്റാറന്റ്

ആധികാരികമായ കേരളീയ പാചകരീതിയിൽ വൈദഗ്ദ്ധ്യമുള്ള കുടുംബം നടത്തുന്ന ഒരു ബിസിനസാണ് കോഴിക്കോട് സ്റ്റാർ റെസ്റ്റാറന്റ്. ബഹ്റൈനിലെ മനാമയുടെ ഹൃദയഭാഗത്താണ് ഈ സ്ഥാപനം സ്ഥിതിചെയ്യുന്നത്, ഞങ്ങളുടെ ഉപഭോക്താക്കൾക്ക് ലഭ്യമായ ഏറ്റവും പുതിയതും രുചികരവുമായ വിഭവങ്ങൾ നൽകുകയാണ് ഇതിലൂടെ ഞങ്ങളുടെ ലക്ഷ്യം.

### പ്രാണ ആയുർവേദിക് സെന്റർ

സിഞ്ച് ബഹ്റൈനിൽ സ്ഥിതിചെയ്യുന്ന പ്രാണ ആയുർവേദയിലൂടെ ആധികാരികമായ പരമ്പരാഗത ഇന്ത്യൻ ആരോഗ്യവും ആയുർവേദത്തിന്റെ രോഗശാന്തിയും നൽകുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം.

പ്രാണ ആയുർവേദ കേന്ദ്രത്തിൽ ലൈസൻസുള്ള ആയുർവേദ ഫിസിഷ്യന്റെ മേൽനോട്ടത്തിൽ പരിചയസമ്പന്നരും ലൈസൻസുള്ളതുമായ തെറപ്പിസ്റ്റുകളുടെ എല്ലാ ആയുർവേദ പഞ്ചകർമ തെറപ്പികളും ലഭ്യമാണ്. രോഗശമന, വെൽനസ് തെറപ്പികളിലും ഞങ്ങൾ വിദഗ്ധരാണ്.

### ന്യൂ സ്കൈ ഡിസ്ട്രിബ്യൂട്ടേഴ്സ്

ഞങ്ങളുടെ സൈൻ സിം കാർഡ് വിതരണ ബിസിനസ് ഉപഭോക്താക്കൾക്ക് അവരുടെ മൊബൈൽ ഫോണുകൾക്കായി സമഗ്രമായ സിം കാർഡുകൾ നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സ്ഥാപനമാണ് ന്യൂ സ്കൈ ഡിസ്ട്രിബ്യൂട്ടേഴ്സ്.

### മൊബിലി, സ്കൈ വേൾഡ് മൊബൈലുകൾ

ഉപഭോക്താക്കൾക്ക് അവരുടെ ഇഷ്ടത്തിനനുസരിച്ച് തിരഞ്ഞെടുക്കാൻ സാധിക്കുന്ന എല്ലാ വിധ ഉൽപന്നങ്ങളും നൽകുക എന്നതാണ് ഞങ്ങളുടെ 'മൊബിലി', സ്കൈ വേൾഡിന്റെ ലക്ഷ്യം. മൊബൈൽ, മൊബൈൽ ആക്സസറീസ് എന്നിവയുടെ ശേഖരണമാണ് ഈ സ്ഥാപനത്തിലുള്ളത്.

### സ്റ്റീഡ് ചെയിൻലെസ് സൈക്കിളുകൾ!

സൈക്ലിങ് ഫലപ്രദവും കാര്യക്ഷമവുമായ ഗതാഗത മാർഗമായി പലരും തിരഞ്ഞെടുക്കുന്നുണ്ടെന്ന് നമുക്കെല്ലാവർക്കും അറിയാം.

കുറഞ്ഞ ദൂരത്തേക്ക് അനുയോജ്യമായതും ആരോഗ്യപരമായ ഗുണങ്ങൾ സൈക്കിൾ നൽകുന്നതുമുണ്ട്. മിഡിൽ ഈസ്റ്റിൽ ഇത്തരത്തിലുള്ള ആദ്യ 'സ്റ്റീഡ് ചെയിൻലെസ് സൈക്കിളുകൾ' അവതരിപ്പിച്ചതിൽ ഞങ്ങൾക്ക് വളരെ അഭിമാനമുണ്ട്. ബഹ്റൈനിൽ മനാമയിലാണ് ആദ്യ സ്റ്റീഡ് ചെയിൻലെസ് സൈക്കിളുകളുടെ എക്സ്ക്ലൂസിവ് ഷോറൂമിന്റെ ഉദ്ഘാടനം കഴിഞ്ഞത്.

ടീ ടൈം, സ്പൈസി കഫേ, വെജ് ഹൗസ്, ലയാലി ഡോക്യുമെന്റ് ക്ലിയറൻസ്, അൽ മാംഗോ പൾപ്പ് ജ്യൂസ്, മായഞ്ചേരി റിയൽ എസ്റ്റേറ്റ് എന്നിവയും ഞങ്ങളുടെ സ്ഥാപനത്തിൽ ഉൾപ്പെടുന്നുണ്ട്.

■


STEED DYNAMICS
chainless bicycles
Featuring 5S
Smooth Gear Shift
Internal Gear Hub
Propeller Shaft Drive System
S Stylish Look
S Smooth Drive
S Safety
S Seamless Performance
S Simple Maintenance
Steed Chainless Bicycles are now available at Sky World, Manama, Kingdom of Bharain
+973 77 90 90 11
skyworldbahrain@gmail.com
Building: 3361, Road: 463
Block: 304, Manama Center, Bahrain
STEED DYNAMICS
chainless bicycles
sky world



» കെ.ടി മുഹമ്മദലി, മാനേജിങ് ഡയറക്ടർ

# ദാർ അൽ ശിഫ മെഡിക്കൽ സെൻറർ കരുത്തോടെ ഏഴാം വർഷത്തിലേക്ക്

ബഹ്റൈനിൽ ആതുര സേവനരംഗത്ത് മികവിന്റെ പാതയിൽ മുന്നേറുന്ന സ്ഥാപനമാണ് ദാർ അൽ ശിഫ മെഡിക്കൽ സെന്റർ. 2013ൽ ദാർ അൽ ശിഫ മെഡിക്കൽ ബഹ്റൈൻ എന്ന മാനേജ്മെന്റ് കൺസൽട്ടൻസി കമ്പനിയിൽനിന്നാണ് മെഡിക്കൽ സെന്റർ എന്ന ആശയം ഉദിക്കുന്നത്. പ്രവാസികളടക്കമുള്ളവർക്ക് മെച്ചപ്പെട്ട ആതുര സേവനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് 2016 ഡിസംബർ 16ന് ഹിദ്ദിൽ ദാർ അൽ ശിഫ മെഡിക്കൽ സെന്ററിന് തുടക്കം കുറിച്ചത്.

ചുരുങ്ങിയ കാലംകൊണ്ട് ആരോഗ്യരംഗത്തെ പ്രമുഖ സ്ഥാപനമായി മാറാൻ ദാർ അൽ ശിഫക്ക് കഴിഞ്ഞു. ക്രമേണ, ദാർ അൽ ശിഫ ഫാർമസ്യൂട്ടിക്കൽസ് എന്ന കമ്പനിയും ആരംഭിച്ചു. ഈ കമ്പനിക്ക് കീഴിലാണ് അൻസാർ ഗാലറിയിലെ ദാർ അൽ ശിഫ ഫാർമസി പ്രവർത്തിക്കുന്നത്.

മെഡിക്കൽ സെന്റർ ഏഴാമത്തെ വർഷത്തിലേക്ക് പ്രവേശിക്കുമ്പോഴാണ് മനാമയിലെ പുതിയ ബ്രാഞ്ച് നവംബറിൽ പ്രവർത്തനമാരംഭിച്ചത്. അതിവിശാലമായ സെന്ററിൽ എല്ലാവിധ ആധുനിക സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. സി.ടി സ്കാൻ, മാമോഗ്രാം, ഡയാലിസിസ് സെന്റർ എന്നിവ ആരംഭിക്കാനും നിർധനരായ രോഗികൾക്ക് സൗജന്യ നിരക്കിൽ ഡയാലിസിസ് ചെയ്യാനുള്ള പദ്ധതിയുമുണ്ട്.

ഓർത്തോ, പീഡിയാട്രിക്, ഗൈനക്, യൂറോളജി, ഡെന്റൽ അടക്കമുള്ള ഡിപ്പാർട്ടുമെന്റുകൾ ദാർ അൽ ശിഫ മെഡിക്കൽ സെന്ററിന് കീഴിൽ പ്രവർത്തിച്ചു വരുന്നു.

പ്രീ എംപ്ലോയ്മെന്റ് ടെസ്റ്റ്, പ്രീ മാരിറ്റൽ ടെസ്റ്റ്, കോവിഡ് പരിശോധന എന്നിവയും ഇതിന്റെ കീഴിൽ നടത്തിവരുന്നുണ്ട്. 20 ഡോക്ടർമാരുൾപ്പെടെ 100 ലധികം ജീവനക്കാരാണ് ഇപ്പോൾ ദാർ അൽ ശിഫയിൽ സേവനമനുഷ്ഠിക്കുന്നത്. ജനുവരിയിൽ പുതിയ ഡോക്ടർമാർ ചുമതലയേൽക്കുന്നുമുണ്ട്.

മുഹറഖ് മുനിസിപ്പാലിറ്റി, ഹിദ്ദിലെ യുകോ സെന്റർ എന്നിവ മുഖേന നിരവധി മെഡിക്കൽ ക്യാമ്പുകളും ചാരിറ്റി പ്രവർത്തനങ്ങളും ദാർ അൽ ശിഫ മെഡിക്കൽ സെന്റർ നടത്തിവരുന്നുണ്ട്. മനാമയിലെ പുതിയ മെഡിക്കൽ സെന്റർ പാലസ് റോഡിൽ അഷ്റഫ്സിന് സമീപത്തായാണ് പ്രവർത്തിക്കുന്നത്. സെന്ററിന്റെ ഗ്രാൻഡ് ഓപണിങ് വൈകാതെ ഉണ്ടാകുമെന്ന് മാനേജിങ് ഡയറക്ടർ കെ.ടി. മുഹമ്മദലി പറഞ്ഞു. സെന്ററിന് പിറകിലായി വിശാലമായ കാർപാർക്കിങ് സൗകര്യവുമുണ്ട്. ദാർ അൽ ശിഫയിലെ ബുക്കിങ്ങിനും അന്വേഷണങ്ങൾക്കും 16161616 എന്ന നമ്പറിൽ ബന്ധപ്പെടാം .




» ദാർ അൽ ശിഫ മെഡിക്കൽ സെന്റർ, മനാമ






# We Extend Our Warmest Greetings

To His Majesty King Hamad bin Isa Al Khalifa,

King of the Kingdom of Bahrain,

To His Royal Highness Prince Salman bin Hamad Al Khalifa, Crown Prince and Prime Minister,

## On the Occasion of the Kingdom's National Celebrations,

In Commemoration of the Establishment of the Modern Bahraini State Founded by Ahmed Al Fateh in 1783, And the Anniversary of His Majesty the King's Accession to the Throne

VMB

شركة و . م . واخوانه ذ.م.م.

V.M. & BROS. CO. W.L.L.

V.M & Bros. Co. W.L.L.

Building 2367, Road 1532, Block 115,
Bahrain Investment Wharf,
HIDD Industrial Area,
Kingdom of Bahrain.

Email: info@vmbros.com
Web: www.vmbros.com

T: +973-69990888
F: +973-69990889

@vmbrosbh vmbofficialbh



# ഇറാം ഫ്ളോർ വിപണിയിലെ സൂപ്പർ സ്റ്റാർ

**ഗൾഫ്, യൂറോപ്പ്, ഇന്ത്യ എന്നിവിടങ്ങളിൽ ഒരു ദശാബ്ദത്തിലേറെയായി പ്രവർത്തിക്കുന്ന ഇറാം ഗ്രൂപ്പ് ഈ മേഖലയിലെ ഏറ്റവും വലിയ ബിസിനസ് കമ്പനികളിലൊന്നായി ഇതിനിടെ വികസിച്ചു**

ലോകത്തുടനീളം സാന്നിധ്യമുള്ള ബിസിനസ് കൂട്ടായ്മയാണ് ഇറാം ഗ്രൂപ്. 1980കളുടെ മധ്യത്തിൽ സ്ഥാപിതമായ ഇറാം ഗ്രൂപ് അന്നുമുതൽ തന്നെ വ്യത്യസ്തവും കാര്യക്ഷമവുമായ സേവനങ്ങളിലൂടെ വിപണിയിൽ സുപ്രധാന സ്ഥാനം നേടിയെടുത്തിട്ടുണ്ട്. സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യത്തിന്റെയും കൂട്ടായ പ്രവർത്തനത്തിന്റെ ബലത്തിലും ആ ദശകത്തിലെ തന്നെ മികച്ച സ്ഥാപനമാകാൻ ഇറാം ഗ്രൂപ്പിന് സാധിച്ചു. ഗൾഫ്, യൂറോപ്, ഇന്ത്യ എന്നീ രാജ്യങ്ങളിൽ ദശാബ്ദത്തിലേറെയായി പ്രവർത്തിക്കുന്ന ഇറാം ഗ്രൂപ് ഈ മേഖലയിലെ ഏറ്റവും വലിയ ബിസിനസ് കമ്പനികളിലൊന്നായി വികസിച്ചു. സോളിഡ് വുഡ് ഫ്ലോറിങ്, ലാമിനേറ്റ്, പി.വി.സി, കാർപെറ്റ്, സോക്കർ ഫീൽഡുകൾക്കുള്ള കൃത്രിമ പുല്ല്, റണ്ണിങ് ട്രാക്കുകൾ തുടങ്ങി സമഗ്രമായ ഫ്ലോറിങ് സൊലൂഷൻ ഉൾപ്പെടെ ഇറാം ഫ്ലോർസ് മിഡിലീസ്റ്റിന്റെ സേവനങ്ങളിൽ ഉൾപ്പെടുന്നുണ്ട്.

തടിയിലും പരവതാനിയിലും ഫ്ലോറിങ് ഡിസൈൻ ചെയ്യുന്നതിനുള്ള പ്രത്യേക പദ്ധതികളും ഗ്രൂപ് ഏറ്റെടുക്കുന്നുണ്ട്. അന്താരാഷ്ട്ര നിലവാരം പുലർത്തുന്നതിനും ഞങ്ങളുടെ ഉപഭോക്താക്കളുടെ വിവിധ ആവശ്യങ്ങൾ നിവർത്തിക്കുന്നതിനുമായി ഉൽപന്നങ്ങൾ രൂപകൽപന ചെയ്യുകയും നിർമിച്ചുകൊടുക്കുകയും ചെയ്യുന്നുണ്ട്. ഓഫിസുകൾ, ഷോറൂമുകൾ, ഹോട്ടലുകൾ, ആശുപത്രികൾ, സർവകലാശാലകൾ, വിദ്യാഭ്യാസ സ്പോർട്സ് കോംപ്ലക്സുകൾ, റെസിഡൻ്റ്സ് തുടങ്ങി അഭിമാനകരമായ പ്രോജക്ടുകൾ ഇറാം ഫ്ലോർസ് മിഡിലീസ്റ്റിൽ നടപ്പാക്കിയിട്ടുണ്ട്.

ഉപഭോക്താക്കളുടെ ആവശ്യങ്ങൾ മനസ്സിലാക്കി അത് നിറവേറ്റിക്കൊടുക്കുന്നതിനായി മികച്ച പരിശീലനം ലഭിച്ച പരിചയസമ്പന്നരായ ടെക്നീഷ്യൻമാരുടെയും ഇൻസ്റ്റാളർമാരുടെയും ഒരു ടീമും ഇറാം ഗ്രൂപ്പിനുണ്ട്.

ലാമിനേറ്റ് ഫ്ലോറിങ്, പാർക്കറ്റ് ഫ്ലോറിങ്, സോളിഡ് വുഡ് ഫ്ലോറിങ്, വിനൈൽ ഫ്ലോറിങ്, കാർപെറ്റ് ഫ്ലോറിങ്, റബർ സർഫേസ് ഫ്ലോറിങ്, സിന്തറ്റിക് ഗ്രാസ് ഫ്ലോറിങ്, വാൾ പാനലിങ്, ഔട്ട്ഡോർ ഡെക്ക് ഫ്ലോറിങ് എന്നിവയും മറ്റും ഇറാം ഗ്രൂപ്പിന്റെ സവിശേഷതകളാണ്.






# ആഡംബരത്തിന്റെ പര്യായം

ജ്വല്ലറിയിലും വാച്ചുകളിലും 15 വർഷത്തിലേറെ പരിചയമുള്ള നിയാസ് ഹൗസ് ഓഫ് ലക്ഷ്വറിയുടെ യാത്ര 2008ൽ ആരംഭിച്ചതാണ്. ബ്രാൻഡഡ് ലക്ഷ്വറി വാച്ചുകൾ ആൻഡ് ആക്സസറികളുടെ ഒരു പുതിയ സ്റ്റോർ തുറന്നാണ് തുടക്കം. അതിവേഗം പ്രശസ്തി നേടിയ കമ്പനി, മുൻ ഉടമസ്ഥതയിലുള്ള ഡയമണ്ട് ആഭരണങ്ങൾ, പരമ്പരാഗത ആഭരണങ്ങൾ എന്നിവ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നു.

2005 മുതൽ തങ്ങൾ ബഹ്റൈനി മുങ്ങൽ വിദഗ്ധരിൽനിന്ന് പ്രകൃതിദത്ത ബഹ്റൈൻ മുത്തുകൾ ശേഖരിക്കുന്നു, കൂടാതെ ഈ മുത്തുകൾകൊണ്ടുള്ള എല്ലാ രൂപങ്ങളും ദനാറ്റ് സർട്ടിഫിക്കേഷനോടുകൂടിയതാണെന്നും മാനേജിങ് ഡയറക്ടർ മുഹമ്മദ് നിയാസ് കണ്ണിയാൻ പറഞ്ഞു. പേനകൾ, സൺഗ്ലാസുകൾ, പെർഫ്യൂമുകൾ, തുകൽ ഉൽപന്നങ്ങൾ തുടങ്ങി എല്ലാ ബ്രാൻഡഡ് ഫാഷൻ ആക്സസറികളും ഞങ്ങളുടെ പക്കൽ സുലഭമാണ്. നിങ്ങളുടെ വസ്ത്രത്തിന് അനുയോജ്യമായ ക്യൂട്ട് ആക്സസറികളും ലഭ്യമാണ് -അദ്ദേഹം കൂട്ടിച്ചേർത്തു. യൂസ്ഡ് വാച്ചുകൾ വാങ്ങുന്നതിലും വിൽക്കുന്നതിലും നിയാസ് ഹൗസ് ഓഫ് ലക്ഷ്വറി മുന്നിലാണ്. ഉപഭോക്താക്കൾക്ക് അവരുടെ പഴയതും ഉപയോഗിച്ചതുമായ ജ്വല്ലറി വാച്ചുകൾ ഇവിടെ മാറ്റി വാങ്ങാം.

ഉപഭോക്താവിന് ആവശ്യമുള്ള ഏത് ബ്രാൻഡും അവർക്ക് ലഭിക്കുമെന്ന് കമ്പനി ഉറപ്പ് നൽകുന്നു. നിയാസ് ഹൗസ് ഓഫ് ലക്ഷ്വറി ആഭരണങ്ങൾ വിൽക്കുന്നതിലും വാങ്ങുന്നതിലും ഉപഭോക്താവിന്റെ സമ്പൂർണ സംതൃപ്തി ഉറപ്പുവരുത്തുന്നു. പൈതൃക ആവശ്യങ്ങൾക്കായുള്ള ആഭരണങ്ങൾ, വാച്ചുകൾ, വജ്രങ്ങൾ, പ്രകൃതിദത്ത മുത്തുകൾ, മറ്റ് രത്നക്കല്ലുകൾ തുടങ്ങിയ വിലപിടിപ്പുള്ള വസ്തുക്കളും കൂടാതെ പ്രകൃതിദത്ത മുത്തുകളുടെയും അവയുടെ ആഭരണങ്ങളുടെയും തിളക്കം, ഉപരിതലം, ആകൃതി, വലുപ്പം, നിറം എന്നിവയും മൂല്യനിർണയം നടത്തുന്നു. പഴയ ഡിസൈനുകളെ പുതിയ പാറ്റേണുകളാക്കി മാറ്റുന്നതാണ് സ്ഥാപനത്തിന്റെ മറ്റൊരു നേട്ടം. ഉപഭോക്താവിന്റെ ആവശ്യാനുസൃതം ഏത് തരത്തിലുള്ള മുത്തും വജ്രവും സ്വർണാഭരണങ്ങളും പുനർനിർമിച്ചു നൽകുകയും ചെയ്യുന്നു.





Congratulations and best wishes to
**HM King Hamad bin Isa Al Khalifa**
The King of the Kingdom of Bahrain
**HRH Prince Salman bin Hamad Al Khalifa**
The Crown Prince and Prime Minister The Royal family, Government and the people of the Kingdom of Bahrain on the occasion of the 51st National Day

NIYAZ نياز
PEARLS & DIAMONDS اللؤلؤ والماس
PEARLS & DIAMONDS

نيـــاس دار الفخــامة
NIYAS HOUSE OF LUXURY
BUYING AND SELLING
BRANDED WATCHES & JEWELLERY

مركز فاخر المجوهرات
LUXURY HUB
BUYING AND SELLING
WALLETS, BRANDED PENS& ANTIQUE COLLECTIONS


GOLD CITY, MANAMA - KINGDOM OF BAHRAIN
niyas_pearlsanddiamonds   niyashouseofluxury
niyashouseofluxury_jewellerybh   niyas_houseofjewels   luxuryhub.bh
M: +973 3984 1023   M: +973 33 222 566   M: +973 33 222 577   M: +973 36 243 454   M: +973 37 222 588




## നാഷനൽ ഗ്രൂപ് ഓഫ് കമ്പനീസ്

# സുരക്ഷയുടെ അവസാന വാക്ക്






അഗ്നിശമന ഉപകരണങ്ങളും അഗ്നിബാധ മുന്നറിയിപ്പ് സംവിധാനങ്ങളും സേഫ്റ്റി എൻജിനീയറിങ് ഉൾപ്പെടെ എല്ലാം ഒരൊറ്റ കുടക്കീഴിൽ അണിനിരത്തിയിരിക്കുന്ന ബഹ്റൈനിലെ ഏറ്റവും വലിയ വിതരണക്കാരും ഇത്തരം പ്രശ്നങ്ങളുടെ പകരംവെക്കാനില്ലാത്ത പൂർണ പരിഹാര ദാതാക്കളുമാണ് നാഷനൽ ഗ്രൂപ് ഓഫ് കമ്പനീസ്. 2003ൽ ആരംഭിച്ച കമ്പനി തങ്ങളുടെ ഉൽപന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിലും ജീവൻ രക്ഷിക്കുന്നതിലും മുൻപന്തിയിൽ തന്നെയാണുള്ളത്. സുരക്ഷ ഉപകരണങ്ങളുടെയും അനുബന്ധ കാര്യങ്ങളുടെയും വിഷയത്തിൽ ബഹ്റൈനിലെ മൊത്തം മാർക്കറ്റിന്റെ 55 ശതമാനം വിറ്റുവരവ് നാഷനൽ ഗ്രൂപ്പിന്റേതാണ്. അനേകം രാജ്യങ്ങളിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ കമ്പനി നടപ്പാക്കിയ വിവിധ പദ്ധതികൾ കമ്പനിയുടെ പ്രഫഷനൽ മികവിന് ഉദാഹരണങ്ങളാണ്.

ലോകമെമ്പാടുമുള്ള വിവിധ വാണിജ്യ സ്ഥാപനങ്ങൾ, വൈദ്യുതി ഉൽപാദന നിലയങ്ങൾ, വ്യവസായ നിർമാണ യൂനിറ്റുകൾ, ഹോസ്പിറ്റലുകൾ, വീടുകൾ, സ്കൂളുകൾ തുടങ്ങി അനേകം സ്ഥാപനങ്ങൾക്ക് അനുയോജ്യമായ പ്രോജക്ടുകൾ നാഷനൽ ഗ്രൂപ് രൂപകൽപന ചെയ്യുകയും കമീഷൻ ചെയ്തു നൽകുകയും ചെയ്തിട്ടുണ്ട്.

അഗ്നിബാധ മുന്നറിയിപ്പ് ഉപകരണങ്ങളുടെയും സുരക്ഷ ഉപകരണങ്ങളുടെയും പൂർണ പരിഹാര ദാതാക്കൾ എന്ന നിലയിൽ നാഷനൽ ഗ്രൂപ് ഉപകരണങ്ങളും പദ്ധതികളും തങ്ങളുടെ ഉപഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് രൂപകല്പന ചെയ്തു നിർമിച്ചു വിതരണവും കമീഷനിങ്ങും നടത്തിവരുന്നു. ഉപഭോക്താക്കൾക്ക് എല്ലാ തരത്തിലുമുള്ള സുരക്ഷ ഉപകരണങ്ങളും ഏറ്റവും മികച്ച ഗുണനിലവാരമുള്ള കമ്പനിയിൽ നിന്നുതന്നെ ഉറപ്പുവരുത്താൻ കഴിയുന്നു എന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത.

ഈ മേഖലയിൽ നാഷനൽ ഗ്രൂപ് നടത്തുന്ന നിരന്തരമായ ഗവേഷണങ്ങളും പഠനങ്ങളും വികസനോന്മുഖ പ്രവർത്തനങ്ങളുമാണ് മാറുന്ന പുതിയ ആവശ്യങ്ങൾക്കും സാഹചര്യങ്ങൾക്കുമനുസരിച്ച് ആവശ്യങ്ങൾ പൂർത്തീകരിക്കാൻ കമ്പനിയെ സഹായിക്കുന്നത്.

നാഷനൽ ഗ്രൂപ് ഓഫ് കമ്പനീസ് നിർമിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന എല്ലാ അഗ്നിശമന സുരക്ഷ ഉപകരണങ്ങൾക്കും LPCB, BSI, SAI global, UL & FM പോലെയുള്ള അന്താരാഷ്ട്ര ഏജൻസികളുടെയും അംഗീകാരം ലഭിച്ചിട്ടുണ്ട്.





## ആശംസകളോടെ

# എൽ.ഐ.സി ഇന്റർനാഷനൽ

**മൂല്യമുള്ള പ്ലാനുകളാണ് എൽഐസിയുടെ ഏറ്റവും മികച്ച പ്രത്യേകത. പ്രവാസി ജീവിതശൈലിക്ക് യോജിക്കുന്നുവയാണ് പ്ലാനുകൾ.**

മൂന്നു പതിറ്റാണ്ടിലേറെയായി ബഹ്റൈനിൽ പ്രവർത്തിക്കുന്ന പ്രമുഖ ലൈഫ് ഇൻഷുറൻസ് കമ്പനിയാണ് എൽ.ഐ.സി ഇന്റർനാഷനൽ. പ്രവാസി ഇന്ത്യക്കാരും(എൻ.ആർ.ഐ) ബഹ്റൈൻ പൗരന്മാരും ഉൾപ്പെടെയുള്ള ഉപഭോക്താക്കളുടെ ലൈഫ് ഇൻഷുറൻസും സേവിങ് ആവശ്യങ്ങളും എൽ.ഐ.സി നിറവേറ്റുന്നു.

ജി.സി.സി രാജ്യങ്ങളിലെ ഇന്ത്യക്കാർക്ക് ലൈഫ് ഇൻഷുറൻസ് നൽകുകയെന്ന ലക്ഷ്യത്തോടെ, ഇന്റർനാഷനൽ ഏജൻസീസ് കോ (ഇന്റർകോൾ)യുടെ പങ്കാളിത്തത്തോടെ 1989 ജൂലൈ 20 ന് ബഹ്റൈനിൽ എൽ.ഐ.സി ഇന്റർനാഷനൽ സ്ഥാപിതമായി.

അതിനുശേഷം വിദേശ ഇന്ത്യക്കാക്കും ഗൾഫ് രാജ്യങ്ങൾക്കുമിടയിൽ അറിയപ്പെടുന്ന ഇന്ത്യൻ സ്ഥാപനമായി മാറാൻ എൽ.ഐ.സിക്ക് കഴിഞ്ഞു.

70% ശതമാനം ഓഹരി വിപണിയോടെ എൽ.ഐ.സി ഓഫ് ഇന്ത്യയാണ് രാജ്യത്ത് മുൻപന്തിയിലുള്ള ലൈഫ് ഇൻഷുറൻസ് കമ്പനി.

സിംഗിൾ പ്രീമിയം, ഗ്യാരണ്ടീഡ് റിട്ടേൺ, നോൺ ലിങ്ക്ഡ്, സേവിങ്സ് പ്ലാൻ ആയ ഗ്യാരണ്ടീഡ് ഇൻവെസ്റ്റ്മെന്റ് തുടങ്ങിയ പദ്ധതികൾ കമ്പനി പിന്നീട് അവതരിപ്പിച്ചു. അഞ്ചു വർഷത്തിനുശേഷമുള്ള ഫണ്ടുകളുടെ റിട്ടേൺ ഉറപ്പുനൽകുന്ന ഒരു ഹ്രസ്വകാല പ്ലാനിൽ അവയുടെ ഫണ്ടുകൾ നിക്ഷേപിക്കാൻ ആഗ്രഹിക്കുന്നവർക്ക് അനുയോജ്യമായ ഒരു പ്ലാനാണ് ഇത്. കൂടാതെ, പോളിസിയുടമക്ക് കാലാവധിക്കുള്ളിലുള്ള പരിരക്ഷയും ലഭിക്കും. നിലവിൽ എൽ.ഐ.സി (ഇന്റർനാഷനൽ) അന്താരാഷ്ട്ര വിപണിയിൽ നിക്ഷേപിക്കാൻ താൽപര്യമുള്ളവർക്കായി യു.എൽ.ഐ.പി പ്ലാറ്റ്ഫോമും യു.എൽ.ഐ.പി പ്ലാനുകളും ആരംഭിക്കുന്നതിനുള്ള ഒരുക്കത്തിലാണ്. പ്രഫഷനൽ പ്ലാറ്റ്ഫോം വിപണിയിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർക്ക് മികച്ച അവസരമാണിത്.

ലൈഫ് ഇൻഷുറൻസ് പോളിസി സ്വന്തമാക്കുന്നതിലൂടെ ലൈഫ് ഇൻഷുറൻസിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം വളർത്തുക എന്നതാണ് കമ്പനിയുടെ പ്രധാന ലക്ഷ്യം. ലൈഫ് ഇൻഷുറൻസ് വ്യക്തികൾക്കും അവരുടെ കുടുംബത്തിനും ഒരുപോലെ സുരക്ഷിതത്വം നൽകുന്നുണ്ട്. വ്യക്തികൾക്ക് അനുയോജ്യമായ നിരവധി പ്ലാനുകൾ എൽ.ഐ.സി ഇന്റർനാഷനലിൽ ഉൾപ്പെടുന്നു. സാമ്പത്തിക സഹായം, ഗ്യാരണ്ടീഡ് റിട്ടേണുകളുള്ള പോളിസികൾ, കുട്ടികളുടെ ഭാവി നിറവേറ്റുന്ന വിദ്യാഭ്യാസ പദ്ധതികൾ, നിക്ഷേപ പദ്ധതികൾ, റിട്ടയർമെന്റ് പ്ലാനുകൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ലൈഫ് ഇൻഷുറൻസിൽ എപ്പോഴും ഓരോ വ്യക്തിക്കും വ്യത്യസ്ത അഭിപ്രായങ്ങളുണ്ടാകും. അവരവരുടെ ഇഷ്ടങ്ങൾക്കനുസരിച്ചാകും തിരഞ്ഞെടുപ്പ് നടത്തുന്നത്.

ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന 20ലധികം പദ്ധതികൾ കമ്പനിക്കുണ്ട്. പ്രഫഷനൽ വിദ്യാഭ്യാസ പദ്ധതി (PEP), വിവാഹ-വിദ്യാഭ്യാസ എൻഡോവ്മെന്റ് (PME), സേവിങ്, ആരോഗ്യം, പെൻഷൻ തുടങ്ങിയവയും പങ്കാളിത്ത എൻഡോവ്മെന്റ് (PEN), ജീവൻ ആനന്ദ് തുടങ്ങിയ വിദ്യാഭ്യാസ പദ്ധതികളും നിലവിലുണ്ട്. ആജീവനാന്ത പരിരക്ഷ, സിൽവർ ആനിവേഴ്സറി ഹെൽത്ത് ഇൻഷുറൻസ് (SAHI), പ്യൂവർ ടേം അഷുറൻസ് (PTA) എന്നിവ കൂടാതെ ഗ്യാരണ്ടീഡ് ഇൻവെസ്റ്റ്മെന്റ് പ്ലാൻ പോലുള്ള റിട്ടേൺ ഗ്യാരണ്ടീഡ് ഇൻവെസ്റ്റ്മെന്റ് പ്ലാനുകൾ എൽ.ഐ.സിക്ക് കീഴിലുണ്ട്.

സിംഗിൾ ഓഹരി വിപണികളെ ഒരുമിപ്പിച്ച് ബൃഹത്തായൊരു പദ്ധതി കൊണ്ടുവരാനാണ് ഇപ്പോൾ കമ്പനി ശ്രദ്ധ ചെലുത്തുന്നത്. പ്രവാസി ജീവിതശൈലിക്ക് അനുയോജ്യമായ മികച്ച മൂല്യമുള്ള പ്ലാനുകളായിരിക്കും അവ. എല്ലാ ഉൽപന്നങ്ങളും വേറിട്ടതും USD യുമായി ബന്ധിപ്പിച്ചവയുമായിരിക്കും. പ്രവാസമവസാനിപ്പിച്ച് മടങ്ങുന്നവരുടെ ചില പ്ലാനുകൾ ഇന്ത്യയിലേക്ക് മാറ്റാനും എല്ലാ സേവനങ്ങളും ഇടപാടുകളും ഇന്ത്യയിൽ നടത്താനും സാധിക്കും.

കേവലം 0.245 മില്യൺ യു.എസ് ഡോളറിന്റെ സാമ്പത്തികാടിത്തറയിൽ തുടങ്ങിയ എൽ.ഐ.സി ഇന്ന്, ഗൾഫ് രാജ്യങ്ങളിൽ 1,13,548 പോളിസികളുടെ സേവനം നൽകുന്ന, 1.9 ബില്യൺ ആസ്തിയുള്ള കമ്പനിയായി വളർന്നു. കണക്കുപ്രകാരം, 2021 ഡിസംബർ 31ന് 36.68% മുതൽ 86.07 % ഓഹരി നിക്ഷേപത്താൽ കമ്പനിയുടെ മൂലധനവും യു.എസ് ഡോളർ 53,051,640ത്തിൽ നിന്ന് 1,73,583 ആയി ഉയർന്നു. ബഹ്റൈനിൽ കഴിഞ്ഞ കുറെ വർഷങ്ങളായി മാർക്കറ്റ് ഭരിക്കുന്ന ലൈഫ് ഇൻഷുറൻസ് പദ്ധതിയും എൽ.ഐ.സിയാണ്. കമ്പനിയുടെ വിജയകരമായ യാത്രയിൽ കൂടെനിന്ന ബഹ്റൈൻ രാജാവ് ഹമദ് ബിൻ ഈസാ ആൽ ഖലീഫക്കും കിരീടാവകാശിയും പ്രധാനമന്ത്രിയുമായ പ്രിൻസ് സൽമാൻ ബിൻ ഹമദ് ആൽ ഖലീഫക്കും ബഹ്റൈൻ സെൻട്രൽ ബാങ്ക് ഗവർണർ റഷീദ് അൽ മറാജ് എന്നിവർക്കും വാണിജ്യ-വിനോദസഞ്ചാര വകുപ്പുകൾക്കും എൽ.ഐ.സി ഹൃദ്യമായ ആശംസകൾ അറിയിക്കുന്നു. 51ാം ദേശീയ ദിനം ആഘോഷിക്കുന്ന ബഹ്റൈനിലെ ഏവർക്കും എൽ.ഐ.സി ഇന്റർനാഷനലിന്റെ ഹൃദയംഗമായ ആശംസകൾ.

# ഒരാണ്ടിന്റെ

ജനുവരി

## വാറ്റ് വർധന നിലവിൽ വന്നു

ബഹ്റൈനിൽ മൂല്യ വർധിത നികുതി (വാറ്റ്) വർധന ജനുവരിയിൽ നിലവിൽ വന്നു. അഞ്ച് ശതമാനത്തിൽനിന്ന് 10 ശതമാനമായാണ് വാറ്റ് വർധിപ്പിച്ചത്. രാജ്യത്തിന്റെ റവന്യൂ കമ്മി കുറക്കാൻ വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായാണ് വാറ്റ് വർധന നടപ്പാക്കിയത്. വാറ്റ് വർധന വഴി മൊത്ത ആഭ്യന്തര ഉൽപാദനത്തിൽ മൂന്ന് ശതമാനം നേട്ടമുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. അതേസമയം, 94 അവശ്യ ഭക്ഷ്യസാധനങ്ങളെ വാറ്റ് പരിധിയിൽനിന്ന് ഒഴിവാക്കിയത് സാധാരണ ജനങ്ങൾക്ക് ആശ്വാസമാകും. ഇതിനു പുറമേ, 1820 സർക്കാർ സേവനങ്ങളെയും വാറ്റ് പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

## ദുരിതം വിതച്ച് മഴയും വെള്ളക്കെട്ടും

സമീപകാലത്ത് കാണാത്ത മഴക്കാണ് പുതുവർഷാരംഭത്തിൽ ബഹ്റൈൻ സാക്ഷ്യം വഹിച്ചത്. കനത്ത മഴയിൽ പല സ്ഥലങ്ങളിലും ജനജീവിതം ദുരിത പൂർണമായി. റോഡുകളിലെ വെള്ളക്കെട്ടും വീടുകളിൽ വെള്ളം കയറിയതും ജനങ്ങൾക്ക് സമ്മാനിച്ച ദുരിതം ചില്ലറയല്ല.

ഫെബ്രുവരി

## സാമ്പത്തിക സ്വാതന്ത്ര്യത്തിൽ മുന്നിൽ

സാമ്പത്തിക, നിക്ഷേപ, വ്യാപാര സ്വാതന്ത്ര്യത്തിൽ മെന (മിഡിൽ ഈസ്റ്റ് ആൻഡ് നോർത്ത് ആഫ്രിക്ക) മേഖലയിൽ ബഹ്റൈന് ഒന്നാം സ്ഥാനം. ഹെറിറ്റേജ് ഫൗണ്ടേഷൻ പ്രസിദ്ധീകരിച്ച 2022ലെ സാമ്പത്തിക സ്വാതന്ത്ര്യ സൂചികയിലാണ് ബഹ്റൈൻ മികച്ചനേട്ടം സ്വന്തമാക്കിയത്. മൊത്തത്തിലുള്ള സാമ്പത്തിക സ്വാതന്ത്ര്യത്തിൽ മെന മേഖലയിൽ ബഹ്റൈൻ നാലാം സ്ഥാനത്താണ്.

ഏപ്രിൽ

## വിദേശ വ്യവസായികൾക്ക് ചുരുങ്ങിയ നിക്ഷേപം നിർദേശം തള്ളി

വിദേശ വ്യവസായികൾക്ക് ബഹ്റൈനിൽ പ്രവർത്തിക്കാൻ 3,50,000 ദീനാറിന്റെ ചുരുങ്ങിയ നിക്ഷേപം വ്യവസ്ഥ ചെയ്യുന്ന നിയമ ഭേദഗതി ശൂറ കൗൺസിൽ തള്ളി. പ്രാദേശിക സംരംഭകരെ ഹിതകരമല്ലാത്ത മത്സരത്തിൽനിന്ന് സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ പാർലമെന്റ് പാസാക്കിയ ഭേദഗതിയാണ് ശൂറ നിരസിച്ചത്. ഇത്തരമൊരു ഭേദഗതി രാജ്യത്തെ വ്യവസായ അന്തരീക്ഷത്തെ പ്രതികൂലമായി ബാധിക്കുമെന്ന് ചൂണ്ടിക്കാട്ടിയാണ് നടപടി.

മാർച്ച്

## രാജ്യത്ത് സ്ത്രീകളേക്കാൾ കൂടുതൽ പുരുഷന്മാർ

ഏറ്റവും പുതിയ ജനസംഖ്യ കണക്കനുസരിച്ച് ബഹ്റൈനിൽ പുരുഷന്മാരുടെ എണ്ണം സ്ത്രീകളുടേതിനേക്കാൾ കൂടുതൽ. 2012 മുതലുള്ള പ്രവണതയാണ് ഇത്തവണയും മാറ്റമില്ലാതെ തുടരുന്നത്. ഇൻഫർമേഷൻ ആൻഡ് ഇ-ഗവൺമെന്റ് അതോറിറ്റി പുറത്തുവിട്ട 2021ലെ കണക്കനുസരിച്ച് രാജ്യത്തെ ജനസംഖ്യ 15,04,365 ആണ്. ഇതിൽ 9,25,747 പേർ പുരുഷന്മാരും 5,78,618 പേർ സ്ത്രീകളുമാണ്. 2020ൽ രാജ്യത്തെ ജനസംഖ്യ 14,72,204 ആയിരുന്നു. ഇതിൽ 9,25,036 പേർ പുരുഷന്മാരും 5,47,168 പേർ സ്ത്രീകളുമാണ്. രാജ്യത്തെ മൊത്തം ജനസംഖ്യയിൽ 47.8 ശതമാനം (7,19,333) ആണ് ബഹ്റൈനികൾ. 52.2 ശതമാനം (7,85,032) പേർ പ്രവാസികളാണ്.

## സാമ്പത്തിക രംഗത്തെ സ്ത്രീ പങ്കാളിത്തം ബഹ്റൈൻ മുന്നിൽ

സാമ്പത്തിക രംഗത്തെ വനിതകളുടെ പങ്കാളിത്തത്തിലും ലിംഗസമത്വം ഉറപ്പുവരുത്തുന്നതിലും ബഹ്റൈന് മുൻനിര സ്ഥാനം. ലോക ബാങ്ക് ഗ്രൂപ്പിന്റെ 'വനിത, ബിസിനസ്, നിയമം 2022' റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. പുതിയ റിപ്പോർട്ട് പ്രകാരം 2018ലേതിനേക്കാൾ ബഹ്റൈന്റെ സ്കോർ 73 ശതമാനം മെച്ചപ്പെട്ടു. ധനകാര്യ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം പരിമിതപ്പെടുത്തുന്ന നിയമങ്ങളും നിയന്ത്രണങ്ങളും സംബന്ധിച്ച് 190 രാജ്യങ്ങളിൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്.

## ഫോർമുല വണ്ണിന് തുടക്കം



»ഫോർമുല വൺ മത്സരങ്ങളുടെ വേദിയായ ബഹ്റൈൻ ഇന്റർനാഷനൽ സർക്യൂട്ട്

ഫോർമുല വൺ മത്സരങ്ങളുടെ സീസണിലെ ആദ്യ മത്സരത്തിന് ബഹ്റൈൻ വേദിയായി. ബഹ്റൈൻ ഇന്റർനാഷനൽ സർക്യൂട്ടിൽ നടന്ന മത്സരം രാജ്യത്തിന്റെ കായികചരിത്രത്തിൽ മറ്റൊരു നാഴികക്കല്ലായി.

## ബി.സി.സി.ഐ തെരഞ്ഞെടുപ്പ്

ബഹ്റൈൻ ചേംബർ ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി (ബി.സി.സി.ഐ) തെരഞ്ഞെടുപ്പിൽ നിലവിലെ ചെയർമാൻ സമീർ നാസ് നേതൃത്വം നൽകിയ തുജ്ജാർ-22 പാനലിന് വൻ വിജയം. പാനലിലെ 18 പേരും തെരഞ്ഞെടുക്കപ്പെട്ടു.

# വിശേഷങ്ങൾ

## മാർച്ച്

### മാസ്ക് വേണ്ട

രണ്ട് വർഷത്തിനൊടുവിൽ ബഹ്റൈനിൽ പൊതുസ്ഥലങ്ങളിൽ മാസ്ക് ധരിക്കുന്നത് നിർബന്ധമല്ലാതാക്കി. ഔട്ട്ഡോറിലും ഇൻഡോറിലും മാസ്ക് ധരിക്കൽ ഇഷ്ടാനുസരണമാകാമെന്ന് കോവിഡ് പ്രതിരോധത്തിനുള്ള ദേശീയ മെഡിക്കൽ സമിതി അറിയിച്ചു.

### ഡിജിറ്റൽ വിസ

ബഹ്റൈനിൽ പാസ്പോർട്ടും റസിഡൻസി പെർമിറ്റും ഡിജിറ്റൽവത്കരിക്കുന്ന പദ്ധതി പ്രഖ്യാപിച്ചു. വിദേശികളുടെ വിസ പുതുക്കുമ്പോൾ പാസ്പോർട്ടിൽ സ്റ്റിക്കർ പതിക്കുന്ന രീതി അവസാനിപ്പിച്ചു. പകരം bahrain.bh എന്ന വെബ്സൈറ്റ് വഴി ലഭിക്കുന്ന ക്യൂ.ആർ കോഡ് പതിച്ച ഡിജിറ്റൽ റസിഡൻസി പെർമിറ്റ് ഉപയോഗിക്കാം.

### ബഹ്റൈൻ അന്താരാഷ്ട്ര സൗരോർജ കൂട്ടായ്മയിൽ

അന്താരാഷ്ട്ര സൗരോർജ കൂട്ടായ്മയിൽ (ഐ.എസ്.എ) ബഹ്റൈൻ അംഗമായി. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ ബഹ്റൈൻ വിദേശകാര്യ മന്ത്രാലയത്തിലെ രാഷ്ട്രീയകാര്യ അണ്ടർ സെക്രട്ടറി ഡോ. ശൈഖ് അബ്ദുല്ല ബിൻ അഹ്മദ് ആൽ ഖലീഫയിൽനിന്ന് ഇന്ത്യൻ വിദേശകാര്യ സഹമന്ത്രി വി. മുരളീധരൻ അംഗീകാര പത്രം ഏറ്റുവാങ്ങി. ബഹ്റൈൻ ഉൾപ്പെടെ 86 രാജ്യങ്ങളാണ് ഇതുവരെ കൂട്ടായ്മയുടെ ഫ്രെയിംവർക്ക് കരാറിൽ ഒപ്പുവെക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുള്ളത്.

സൗരോർജത്തിലൂടെ കാലാവസ്ഥ വ്യതിയാനത്തിനെതിരായ പോരാട്ടം ശക്തമാക്കുന്നതിന് ഇന്ത്യയും ഫ്രാൻസും മുൻകൈയെടുത്ത് രൂപവത്കരിച്ചതാണ് അന്താരാഷ്ട്ര സൗരോർജ കൂട്ടായ്മ.

## മേയ്

### ഐ.ടി പ്രതിനിധികളുടെ കൂടിക്കാഴ്ച

ഇൻഫർമേഷൻ ടെക്നോളജി രംഗത്തെ നിക്ഷേപ സാധ്യതകൾ തേടി ബഹ്റൈനിലെ ഇന്ത്യയിലെയും ഐ.ടി കമ്പനികളുടെ പ്രതിനിധികൾ കൂടിക്കാഴ്ച നടത്തി. ബഹ്റൈനിൽ സന്ദർശനത്തിനെത്തിയ ഇന്ത്യയിലെ ഐ.ടി കമ്പനികളുടെ കൂട്ടായ്മയായ നാസ്കോം പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ ഈ രംഗത്തെ വികസന സാധ്യതകൾ വിലയിരുത്തി. ഐ.ടി, ബിഗ് ഡേറ്റ, ഫിൻടെക് എന്നീ പ്രധാന മേഖലകളിലെ ബിസിനസ്, നിക്ഷേപ സാധ്യതകളെ കുറിച്ച് ചർച്ച ചെയ്തു.

ബഹ്റൈൻ ഇന്ത്യ സൊസൈറ്റിയും (ബി.ഐ.എസ്) ബഹ്റൈൻ ടെക്നോളജി കമ്പനീസ് സൊസൈറ്റിയും (ബിടെക്) ചേർന്ന് ഇന്ത്യൻ എംബസി, ബഹ്റൈൻ ഇക്കണോമിക് ഡെവലപ്മെന്റ് ബോർഡ് (ഇ.ഡി.ബി) എന്നിവയുമായി സഹകരിച്ചാണ് നാസ്കോം പ്രതിനിധികളുമായി ബി2ബി മീറ്റിങ്ങും നെറ്റ്വർക്കിങ് ഇവന്റും സംഘടിപ്പിച്ചത്.

## ജൂൺ

### മന്ത്രിസഭയിൽ സമൂല അഴിച്ചുപണി

മന്ത്രിസഭയിൽ സമൂല അഴിച്ചുപണി നടത്തി രാജാവ് ഹമദ് ബിൻ ഈസ ആൽ ഖലീഫ ഉത്തരവ് പുറപ്പെടുവിച്ചു. നാല് വനിതകൾ ഉൾപ്പെടെ 13 മന്ത്രിമാരെ പുതുതായി ഉൾപ്പെടുത്തി. ചില മന്ത്രിമാരുടെ വകുപ്പുകൾ വിഭജിച്ച് പുതിയ മന്ത്രിമാർക്ക് ചുമതല നൽകി. നാല് പുതിയ വകുപ്പുകൾക്കും രൂപം നൽകിയിട്ടുണ്ട്. സുസ്ഥിര വികസനം, നിയമകാര്യം, ടൂറിസം, അടിസ്ഥാന സൗകര്യ വികസനം എന്നിവയാണ് പുതുതായി രൂപവത്കരിച്ച വകുപ്പുകൾ. പുനഃസംഘടനയോടെ മന്ത്രിസഭയിലെ അംഗങ്ങളുടെ എണ്ണം 24 ആയി.

### കുതിച്ചുയർന്ന് ടൂറിസം മേഖല

കോവിഡ് 19 പ്രതിസന്ധി തീർത്ത മാന്ദ്യത്തിൽനിന്ന് രാജ്യത്തെ വിനോദ സഞ്ചാര മേഖല കരകയറി. നിയന്ത്രണങ്ങൾ ഇല്ലാതായതോടെ ബഹ്റൈനിലേക്കുള്ള വിനോദ സഞ്ചാരികളുടെ വരവിൽ വൻ വർധനയാണുണ്ടായത്. ഇൻഫർമേഷൻ ആൻഡ് ഇ-ഗവൺമെന്റ് അതോറിറ്റി പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം ഈ വർഷത്തെ ആദ്യ മൂന്ന് മാസങ്ങളിൽ രാജ്യത്തെത്തിയ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 984 ശതമാനം വർധനയുണ്ടായി.

ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിൽ ഏകദേശം 17 ലക്ഷം സന്ദർശകരാണ് രാജ്യത്തെത്തിയതെന്ന് കണക്കുകൾ പറയുന്നു. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ കേവലം1.52 ലക്ഷം സന്ദർശകരെത്തിയ സ്ഥാനത്താണ് ഈ വളർച്ച.

### പുതിയ പാസഞ്ചർ ടെർമിനൽ



»പുതിയ പാസഞ്ചർ ടെർമിനൽ ഹമദ് രാജാവും ഈജിപ്ത് പ്രസിഡന്റ് അബ്ദൽ ഫത്താഹ് അൽ സീസിയും ചേർന്ന് ഉദ്ഘാടനം ചെയ്തപ്പോൾ

മനാമ: ബഹ്റൈൻ അന്താരാഷ്ട്ര വിമാനത്താവളത്തിലെ പുതിയ പാസഞ്ചർ ടെർമിനൽ രാജാവ് ഹമദ് ബിൻ ഈസ ആൽ ഖലീഫയും ഈജിപ്ത് പ്രസിഡന്റ് അബ്ദൽ ഫത്താഹ് അൽ സീസിയും ചേർന്ന് ഉദ്ഘാടനം ചെയ്തു. 2016 ഏപ്രിൽ മുതൽ ആരംഭിച്ച നിർമാണ പ്രവർത്തനങ്ങൾ 2020ലാണ് പൂർത്തീകരിച്ചത്.




## ഫ്ലൈറ്റ് പാസുമായി ഗൾഫ് എയർ

ബഹ്റൈൻ ദേശീയ വിമാനക്കമ്പനിയായ ഗൾഫ് എയർ സ്ഥിരം യാത്രക്കാർക്കാർക്കായി ഫ്ലൈറ്റ് പാസ് സംവിധാനം ആരംഭിച്ചു. പ്രമുഖ യാത്രാ സേവന ദാതാക്കളായ ഓപ്ഷൻ ടൗണുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

സ്ഥിരമായി യാത്ര ചെയ്യുന്നവർക്ക് നിശ്ചിത കാലത്തേക്കുള്ള വിമാന ടിക്കറ്റുകൾ മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനുള്ള സംവിധാനമാണ് ഫ്ലൈറ്റ് പാസ്. മുൻകൂട്ടി ടിക്കറ്റുകൾ ഒരുമിച്ച് ബുക്ക് ചെയ്യുമ്പോൾ ആകർഷകമായ ഇളവുകളും യാത്രക്കാർക്ക് ലഭിക്കുമെന്നതാണ് ഇതിന്റെ പ്രത്യേകത. 50 ശതമാനം വരെ ടിക്കറ്റ് നിരക്കിൽ ഇളവ് ലഭിക്കുമെന്ന് ഗൾഫ് എയർ വെബ്സൈറ്റ് പറയുന്നു.

## ഹരിത ഭൂമി

2035ഓടെ ബഹ്റൈനിലെ മരങ്ങളുടെ എണ്ണം ഇരട്ടിയാക്കാൻ പദ്ധതി. രാജ്യത്തുടനീളം പ്രതിവർഷം രണ്ടര ലക്ഷം മരങ്ങൾ നട്ടുപിടിപ്പിക്കുമെന്ന് വാഴ്സയിൽ നടന്ന ലോക അർബൻ ഫോറത്തിൽ ജോയന്റ് മുനിസിപ്പൽ സർവിസസ് അസി. അണ്ടർ സെക്രട്ടറി ഷൗഖിയ ഹുമൈദാൻ പറഞ്ഞു. നിലവിൽ 18 ലക്ഷം മരങ്ങളാണ് രാജ്യത്തുള്ളത്. 2035ൽ ഇത് 36 ലക്ഷമായി വർധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ഓരോ വർഷവും സർക്കാർ സംരംഭങ്ങളിലൂടെ 1.4 ലക്ഷം മരങ്ങളും സ്വകാര്യ മേഖലയുടെ സഹകരണത്തോടെ 70,000 മരങ്ങളും വ്യക്തികളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ 40,000 മരങ്ങളും നട്ടുപിടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

## പ്രവാസികളിൽ 71 ശതമാനവും 200 ദീനാറിൽ താഴെ ശമ്പളമുള്ളവർ

ബഹ്റൈനിൽ സ്വകാര്യ മേഖലയിൽ തൊഴിലെടുക്കുന്ന പ്രവാസികളിൽ 71 ശതമാനവും പ്രതിമാസം 200 ദീനാറിന് താഴെ ശമ്പളമുള്ളവർ. സോഷ്യൽ ഇൻഷുറൻസ് ഓർഗനൈസേഷൻ പ്രസിദ്ധീകരിച്ച 2022 ആദ്യ പാദത്തിലെ കണക്കുകളാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. 4,35,443 പ്രവാസികളാണ് രാജ്യത്തെ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്നത്. ഇവരിൽ 3,10,525 പേരും പ്രതിമാസം 200 ദീനാറിൽ താഴെ ശമ്പളം വാങ്ങുന്നവരാണ്. 14 ശതമാനം പേരാണ് 200നും 399നും ഇടയിൽ ശമ്പളം വാങ്ങുന്നത്. 400നും 599നും ഇടയിൽ ശമ്പളം വാങ്ങുന്നവർ ഏഴ് ശതമാനവും 600നും 799നും ഇടയിൽ ശമ്പളമുള്ളവർ രണ്ട് ശതമാനവും 800നും 999നും ഇടയിൽ ശമ്പളം വാങ്ങുന്നവർ ഒരു ശതമാനവുമാണ്. ആകെ പ്രവാസി ജീവനക്കാരിൽ നാല് ശതമാനം പേരാണ് 1000 ദീനാറിന് മുകളിൽ ശമ്പളം നേടുന്നത്.

## മനുഷ്യക്കടത്ത് തടയാൻ മുൻനിരയിൽ


മനുഷ്യക്കടത്ത് തടയുന്നതിനുള്ള പരിശ്രമങ്ങളിൽ ബഹ്റൈന് വീണ്ടും അംഗീകാരം. യു.എസ് സ്റ്റേറ്റ് ഡിപ്പാർട്മെന്റിന്റെ ഏറ്റവും പുതിയ റിപ്പോർട്ടിലും ബഹ്റൈൻ മുൻനിര റാങ്കിങ് നിലനിർത്തി. തുടർച്ചയായ അഞ്ചാം വർഷമാണ് രാജ്യം ഈ നേട്ടം സ്വന്തമാക്കുന്നത്. മനുഷ്യക്കടത്ത് തടയുന്ന കാര്യത്തിൽ ടയർ 1 പദവിയിലാണ് ബഹ്റൈൻ ഉൾപ്പെട്ടിരിക്കുന്നത് . ഈ റാങ്കിങ് ലഭിച്ച ഏക ജി.സി.സി, അറബ് രാജ്യമാണ് ബഹ്റൈൻ.

## നീറ്റ് പരീക്ഷ ഇനി ബഹ്റൈനിലും

ഇന്ത്യൻ മെഡിക്കൽ പ്രവേശന പരീക്ഷയായ ‘നാഷനൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് (നീറ്റ്) പരീക്ഷക്ക് ബഹ്റൈനിലും കേന്ദ്രം അനുവദിച്ചു. രക്ഷിതാക്കളും വിദ്യാർഥികളും ഏറെക്കാലമായി ഉന്നയിക്കുന്ന ആവശ്യമാണ് ഒടുവിൽ അംഗീകരിക്കപ്പെട്ടത്. മനാമ ഉൾപ്പെടെ ജി.സി.സിയിൽ എട്ട് സെന്ററുകളിലാണ് പരീക്ഷ നടന്നത്. ജൂലൈ 17ന് ഇന്ത്യൻ സ്കൂൾ ഈസ ടൗൺ കാമ്പസിൽ നടന്ന പരീക്ഷക്ക് 128 പേരാണ് രജിസ്റ്റർ ചെയ്തത്. 123 പേർ പരീക്ഷയിൽ പങ്കെടുത്തു.

## വൈസ് അഡ്മിറൽ സഞ്ജയ് മഹീന്ദ്രു ബഹ്റൈൻ സന്ദർശിച്ചു

ഇന്ത്യയും ബഹ്റൈനും തമ്മിലെ പ്രതിരോധ സഹകരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ബഹ്റൈനിലെത്തിയ ഡെപ്യൂട്ടി ചീഫ് ഓഫ് നേവൽ സ്റ്റാഫ് വൈസ് അഡ്മിറൽ സഞ്ജയ് മഹീന്ദ്രു ഭരണാധികാരികളുമായും സൈനിക തലവന്മാരുമായും കൂടിക്കാഴ്ച നടത്തി. കിരീടാവകാശിയും പ്രധാനമന്ത്രിയുമായ പ്രിൻസ് സൽമാൻ ബിൻ ഹമദ് ആൽ ഖലീഫയുമായി കൂടിക്കാഴ്ച നടത്തിയ അദ്ദേഹം ഇരു രാജ്യങ്ങളും തമ്മിൽ പ്രതിരോധ രംഗത്ത് ഉൾപ്പെടെ വർധിച്ചുവരുന്ന പങ്കാളിത്തത്തെ കുറിച്ച് ചർച്ച ചെയ്തു. സന്ദർശനത്തോടനുബന്ധിച്ച് മനാമ തുറമുഖത്തെത്തിയ ഐ.എൻ.എസ് തേഗ് പടക്കപ്പലിനെ ഇന്ത്യൻ അംബാസഡർ പിയൂഷ് ശ്രീവാസ്തവയുടെ നേതൃത്വത്തിൽ സ്വീകരിച്ചു.









**BOKHAMMAS ESTABLISHMENT**

P. O. Box : 5262 Manama Kingdom of bahrain

E-mail : hbohkmas@batelco.com.bh

ആഗസ്റ്റ്

# വൈദ്യുതി ബില്ലിന് ഫിക്സഡ് ബിൽ

വൈദ്യുതി, ജലം ബില്ലുകൾ അടക്കുന്നത് എളുപ്പമാക്കി ഇലക്ട്രിസിറ്റി ആൻഡ് വാട്ടർ അതോറിറ്റി പുതിയ സംവിധാനം നടപ്പാക്കി. തൊട്ടുമുമ്പത്തെ 12 മാസത്തെ ബിൽ തുകയുടെ ശരാശരി കണക്കിലെടുത്ത് ഓരോ മാസവും ഫിക്സഡ് ബിൽ നൽകുന്ന സംവിധാനമാണ് ആരംഭിച്ചത്. താൽപര്യമുള്ള ഉപഭോക്താക്കൾക്ക് ഈ സംവിധാനത്തിൽ ചേരാമെന്നാണ് അതോറിറ്റി അറിയിച്ചിരിക്കുന്നത്. ഉപഭോക്താക്കൾക്ക് പ്രതിമാസ ചെലവ് നിയന്ത്രിക്കാനും ഇതുവഴി സാധിക്കും. ഓരോ വർഷത്തിന്റെയും അവസാനം യഥാർഥ ഉപഭോഗവും ഫിക്സഡ് ബിൽ തുകയും അവലോകനം ചെയ്യും.




# ഇൻഡിഗോ വിമാന സർവിസിന് തുടക്കമായി

ബഹ്റൈനിൽനിന്ന് ഇന്ത്യയിലേക്കുള്ള ഇൻഡിഗോ വിമാന സർവിസിന് തുടക്കമായി. മുംബൈയിൽ നിന്നെത്തിയ ആദ്യ വിമാനത്തിലെ യാത്രക്കാരെ ബഹ്റൈൻ എയർപോർട്ട് കമ്പനിയുടെയും എയർലൈൻസിന്റെയും പ്രതിനിധികൾ ചേർന്ന് സ്വീകരിച്ചു.

സെപ്റ്റംബർ

# വിദ്യാർഥികൾ സ്കൂളിലേക്ക്

രണ്ട് വർഷത്തെ ഇടവേളക്കുശേഷം പൂർണമായും സ്കൂളുകളിലെത്തിയുള്ള പഠനത്തിന്റെ ആവേശത്തിൽ ബഹ്റൈനിലെ വിദ്യാർഥികൾ. രാജ്യത്തെ സർക്കാർ, സ്വകാര്യ സ്കൂളുകളിലെ വിദ്യാർഥികൾ പുതിയ അധ്യയന വർഷത്തിന് തുടക്കം കുറിച്ചു. 210 സർക്കാർ സ്കൂളുകളിലായി 1,47,000 വിദ്യാർഥികളും 79 സ്വകാര്യ സ്കൂളുകളിലെ 84,000 വിദ്യാർഥികളുമാണ് പുതിയ സ്കൂൾ വർഷത്തെ സ്വാഗതം ചെയ്തത്. കിന്റർഗാർട്ടനുകളിലും നഴ്സറികളിലുമായി 19,887 കുട്ടികളും പുതിയ അധ്യയന വർഷത്തിന് തുടക്കം കുറിച്ചു. ഇന്ത്യൻ സിലബസിലുള്ള സ്കൂളുകളിലും പൂർണതോതിൽ സ്കൂളിലെത്തിയുള്ള അധ്യയനം ആരംഭിച്ചു.



ഒക്ടോബർ

# ഫ്ലെക്സി വിസ നിർത്തലാക്കി

ബഹ്റൈനിൽ ഫ്ലെക്സി വിസ നിർത്തലാക്കി. പകരം വർക്ക് പെർമിറ്റ് കാർഡ് ഏർപ്പെടുത്തി. തൊഴിലാളിയുടെ ഫോട്ടോ, തൊഴിൽ, പേര്, സി.പി.ആർ നമ്പർ എന്നിവ ഇതിൽ രേഖപ്പെടുത്തിയിരിക്കും. അർഹരായ തൊഴിലാളികൾ ലേബർ രജിസ്ട്രേഷൻ സെൻററിൽ രജിസ്റ്റർ ചെയ്യണം. നിലവിൽ ഫ്ലെക്സി പെർമിറ്റുള്ളവരും നിയമാനുസൃതമായ വർക്ക് പെർമിറ്റ് ഇല്ലാത്തവരും ലേബർ രജിസ്ട്രേഷൻ സെന്ററിൽ രജിസ്റ്റർ ചെയ്യണം.

ബഹ്റൈനിൽ താമസിക്കുന്ന തൊഴിലാളികൾക്ക് മാത്രമാണ് രജിസ്റ്റർ ചെയ്യാൻ സാധിക്കുക. ജോലിയിൽനിന്ന് ഒളിച്ചോടിയവർക്കും ക്രിമിനൽ പശ്ചാത്തലമുള്ളവർക്കും രജിസ്ട്രേഷൻ നടത്താൻ സാധിക്കില്ല. വിസിറ്റ് വിസയിൽ ബഹ്റൈനിൽ വന്നവരുടെ അപേക്ഷ സ്വീകരിക്കില്ല.



»അപ്ലൈഡ് സയൻസസ് യൂനിവേഴ്സിറ്റി

# ക്യു.എസ് റാങ്കിങ്ങിൽ നേട്ടം

ക്യു.എസ് യൂനിവേഴ്സിറ്റി റാങ്കിങ്ങിൽ ബഹ്റൈനിൽനിന്ന് ഇടം നേടിയത് മൂന്ന് സർവകലാശാലകൾ. മിഡിൽ ഈസ്റ്റ്, ആഫ്രിക്ക, ദക്ഷിണേഷ്യ എന്നിവിടങ്ങളിലെ ക്യു.എസ് സർവകലാശാല റാങ്കിങ്ങുമായി സഹകരിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിൽ സംഘടിപ്പിച്ച ശിൽപശാലയിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.

അപ്ലൈഡ് സയൻസസ് യൂനിവേഴ്സിറ്റി (റാങ്ക് 561-570), അൽ അഹ്‍ലിയ യൂനിവേഴ്സിറ്റി (651-700), ബഹ്റൈൻ യൂനിവേഴ്സിറ്റി (801-1000) എന്നിവയാണ് റാങ്കിങ് പട്ടികയിൽ സ്ഥാനം പിടിച്ചത്. ലോകത്തിലെ സർവകലാശാലകളെ മികവിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുന്ന സംവിധാനമാണ് ക്യു.എസ് വേൾഡ് യൂനിവേഴ്സിറ്റി റാങ്കിങ്.


CELEBRATE
BAHRAIN
NATIONAL DAY
51ST
CONGRATULATIONS AND BEST WISHES TO
HM KING HAMAD BIN ISA AL KHALIFA
THE KING OF THE KINGDOM OF BAHRAIN
HRH PRINCE SALMAN BIN HAMAD AL KHALIFA
THE CROWN PRINCE AND PRIME MINISTER
OF THE ROYAL FAMILY, GOVERNMENT AND PEOPLE OF
THE KINGDOM OF BAHRAIN ON THE OCCASION OF THE
51ST NATIONAL DAY
TeaTime
Teatime Anytime


Congratulations and best wishes to
HM King Hamad bin Isa Al Khalifa
The King of the Kingdom of Bahrain
HRH Prince Salman bin Hamad Al Khalifa
The Crown Prince and Prime Minister The Royal family,
Government and the people of
the Kingdom of Bahrain on the occasion of the
51st National Day
51 St
BAHRAIN
NATIONAL
DAY
WHOLESALE | ALL KIND OF CHOCOLATE | CHIPS | MINU | BEVERAGES | CANDEES | GIFT ITEMS
MARASEEL
Live the Sweet life
مراسيل للتجارة ذ م م
MARASEEL TRADING W.L.L
OUR BRANCHES
MUHARRQ | HAMAD TOWN
RIFA | MANAMA



»ബഹ്റൈനിലെത്തിയ ഫ്രാൻസിസ് മാർപാപ്പ ഹമദ് രാജാവിനൊപ്പം

# ഇനി പുതിയ പാർലമെൻറ് അംഗങ്ങൾ

ബഹ്റൈൻ പാർലമെന്റ് തെരഞ്ഞെടുപ്പിൽ നിരവധി പുതുമുഖങ്ങൾ തെരഞ്ഞെടുക്കപ്പെട്ടു. 40 അംഗ പാർലമെന്റിലേക്ക് രണ്ട് ഘട്ടങ്ങളിലായി നടന്ന തെരഞ്ഞെടുപ്പിൽ എട്ട് വനിതകളും വിജയിച്ചു. നവംബർ 12ന് നടന്ന ആദ്യ റൗണ്ടിൽ ആറ് പേർക്ക് മാത്രമാണ് വിജയിക്കാനായത്. തുടർന്ന്, ഏറ്റവും കൂടുതൽ വോട്ട് നേടിയ രണ്ട് സ്ഥാനാർഥികൾ തമ്മിൽ ശനിയാഴ്ച നടന്ന റൺ ഓഫ് മത്സരത്തിലാണ് ശേഷിക്കുന്ന 34 പേർ തെരഞ്ഞെടുക്കപ്പെട്ടത്. മുനിസിപ്പൽ കൗൺസിലുകളിലേക്കുള്ള തെരഞ്ഞെടുപ്പും ഇതോടൊപ്പം പൂർത്തിയായി.

നവംബർ

# മാർപാപ്പയുടെ ചരിത്ര സന്ദർശനം

ചരിത്രം സൃഷ്ടിച്ച് ഫ്രാൻസിസ് മാർപാപ്പ ബഹ്റൈനിൽ നാല് ദിവസത്തെ സന്ദർശനം നടത്തി. സഖീർ എയർബേസിൽ വിമാനമിറങ്ങിയ മാർപാപ്പയെ രാജാവ് ഹമദ് ബിൻ ഈസ ആൽ ഖലീഫയുടെയും കിരീടാവകാശിയും പ്രധാനമന്ത്രിയുമായ പ്രിൻസ് സൽമാൻ ബിൻ ഹമദ് ആൽ ഖലീഫയുടെയും നേതൃത്വത്തിൽ സ്വീകരിച്ചു. സഖീർ പാലസിൽ ഹമദ് രാജാവുമായി മാർപാപ്പ ഔദ്യോഗിക കൂടിക്കാഴ്ച നടത്തി. ബഹ്റൈൻ ഡയലോഗ് ഫോറത്തിന്റെ സമാപന ചടങ്ങിൽ അൽ അസ്ഹർ ഗ്രാൻഡ് ഇമാം ഡോ. അഹ്മദ് അൽ ത്വയ്യിബിനൊപ്പം ഫ്രാൻസിസ് മാർപാപ്പയും പങ്കെടുത്തു. അവാലിയിലെ ഔവർ ലേഡി ഓഫ് അറേബ്യ കത്തീഡ്രലിൽ വിവിധ ക്രൈസ്തവസഭ നേതാക്കളുമായുള്ള കൂടിക്കാഴ്ചയായിരുന്നു സന്ദർശനത്തിലെ മറ്റൊരു പരിപാടി. ബഹ്റൈൻ നാഷനൽ സ്റ്റേഡിയത്തിൽ മാർപാപ്പ അർപ്പിച്ച കുർബാനയിൽ 28,000 പേർ പങ്കാളികളായി. സേക്രഡ് ഹാർട്ട് സ്കൂളിൽ യുവജന സംഗമത്തിനും മനാമ സേക്രഡ് ഹാർട്ട് ചർച്ചിൽ പ്രാർഥന സംഗമത്തിനും മാർപാപ്പ നേതൃത്വം നൽകി.

സഖീർ പാലസിന്റെ മുറ്റത്ത് ഒരുക്കിയ സ്വീകരണ ചടങ്ങിൽ സംസാരിക്കവേ ബഹ്റൈന്റെ സഹിഷ്ണുതയെയും സഹവർത്തിത്വത്തെയും മാർപാപ്പ പ്രകീർത്തിച്ചു. നൂറ്റാണ്ടുകളുടെ ചരിത്രമുറങ്ങുന്ന ഈ മണ്ണിൽ നിരവധി നാഗരികതകൾ പിറവിയെടുത്ത കാര്യം മാർപാപ്പ അനുസ്മരിച്ചു. യുദ്ധങ്ങളും സംഘർഷങ്ങളും അവസാനിപ്പിക്കാൻ മാർപാപ്പ ആഹ്വാനം ചെയ്തു. യമനിലെ കഷ്ടത അനുഭവിക്കുന്ന ജനങ്ങൾക്കായി പ്രാർഥിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

# ബഹ്റൈൻ അന്താരാഷ്ട്ര എയർഷോ

ബഹ്റൈൻ അന്താരാഷ്ട്ര എയർഷോയുടെ ആറാമത് പതിപ്പിന് സഖീർ എയർബേസ് വേദിയായി. 14,000 ചതുരശ്ര മീറ്റർ പ്രദേശത്ത് നടന്ന ഷോയിൽ വ്യോമയാന രംഗത്തെ 120ഓളം കമ്പനികൾ പങ്കെടുത്തു.



ഡിസംബർ

# പത്താം വാർഷികം ആഘോഷിച്ച് ബഹ്റൈൻ നാഷനൽ തിയറ്റർ

ബഹ്റൈൻ നാഷനൽ തിയറ്റർ 10ാം വാർഷികം ആഘോഷിച്ചു. അറബ് സാംസ്കാരിക ലോകത്തിന്റെ തലസ്ഥാനമായ മനാമക്ക് തിലകക്കുറിയായി സ്ഥാപിതമായ നാഷനൽ തിയറ്റർ 2012 നവംബർ 12നാണ് ഉദ്ഘാടനം ചെയ്തത്. കഴിഞ്ഞ 10 വർഷത്തിനിടെ ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെട്ട നിരവധി പരിപാടികൾക്കാണ് നാഷനൽ തിയറ്റർ വേദിയായത്. 1001 രാവുകൾ എന്ന അറേബ്യൻ കഥകളിൽ നിന്ന് പ്രചോദനമുൾക്കൊണ്ടാണ് തിയറ്ററിലെ മരം പൊതിഞ്ഞ അകം ഭിത്തികൾ രൂപകൽപന ചെയ്തിരിക്കുന്നത്. അറബ് ലോകത്തെ ഏറ്റവും വലിയ തിയറ്ററുകളിൽ ഒന്നാണെന്ന സവിശേഷതയും ബഹ്റൈൻ നാഷനൽ തിയറ്ററിനുണ്ട്. ഈജിപ്തിലെ കെയ്റോ ഓപറ ഹൗസ്, ഒമാനിലെ റോയൽ ഓപറ ഹൗസ് മസ്കത്ത് എന്നിവ കഴിഞ്ഞാൽ അറബ് ലോകത്തെ മൂന്നാമത്തെ വലിയ ഓപറ ഹൗസെന്ന നിലയിലും തിയറ്റർ പ്രശസ്തി നേടി.



»ബഹ്റൈൻ നാഷനൽ തിയറ്റർ


SINCE 2007
KENZ
FURNISHING W.L.L
Furnishing | Interiors | Decore
kenzbahrain
www.kenzfurnishing.com


51
BAHRAIN
NATIONAL DAY
Congratulations and best wishes to
HM King Hamad bin Isa Al Khalifa
The King of the Kingdom of Bahrain
HRH Prince Salman bin Hamad Al Khalifa
The Crown Prince and Prime Minister
The Royal family, Government and the people of
the Kingdom of Bahrain on the occasion of the 51st National Day
مدرسة ابن الهيثم الإسلامية
IBN AL-HYTHAM ISLAMIC SCHOOL
Tel: 17591449 | Fax: 17595422 | Email: secretaryihis@gmail.com


HEARTFELT CONGRATULATIONS
AND BEST WISHES TO
HM KING HAMAD BIN ISA AL KHALIFA
HRH PRINCE SALMAN BIN HAMAD AL KHALIFA
THE CROWN PRINCE AND PRIME MINISTER
THE ROYAL FAMILY, GOVERNMENT AND THE PEOPLE OF THE KINGDOM OF BAHRAIN
ON THE OCCASION OF THE 51st BAHRAIN NATIONAL DAY
LIC INTERNATIONAL
شركة التامين على الحياة (العالمية) ش.م.ب (مقفلة)
Life Insurance Corporation (International) B.S.C.(C)
Insuring lives. Ensuring happiness.
A Company incorporated in the Kingdom of Bahrain (C.R. No. 21606) and licensed by the Central Bank of Bahrain as a Life Insurance Company with paid-up capital of BD 65,439,300
Download the LIC Intl mobile application
GET IT ON Google play
Available on the App Store
Call +973 39936618 or log on to www.licinternational.com



## ഏറ്റവും മികച്ച ബ്രാൻഡിങ്ങിന്

»ഏലിയാസ് എം. തോമസ്, ചെയർമാൻ

# മാതാ മിഡിൽ ഈസ്റ്റ്

മാറിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് കച്ചവടത്തിന്റെ ജീവനാഡിയാണ് മാർക്കറ്റിങ്ങും ബ്രാൻഡിങ്ങും. നിലവിൽ ബ്രാൻഡിങ് രംഗത്ത് വിജയത്തിലേക്ക് എത്തിക്കുന്ന ക്രിയാത്മകമായ മാറ്റങ്ങൾക്കുതകുന്ന നിർദേശങ്ങളും സേവനങ്ങളും നൽകാൻ മാതാ മിഡിൽ ഈസ്റ്റിന് സാധിക്കുന്നുണ്ട്.

> കഴിഞ്ഞ 14 വർഷത്തെ മികച്ചതും സ്ഥിരതയാർന്നതുമായ സേവനങ്ങളാൽ ഉപഭോക്താക്കൾക്കിടയിലെ വിശ്വാസത്തിന്റെ മുഖമായി മാറിയിരിക്കയാണ് മാതാ മിഡിൽ ഈസ്റ്റ്

മീഡിയ പ്രൊഡക്ഷൻ, ബ്രാൻഡ് ആക്ടിവേഷൻ, വിഷ്വൽ മർച്ചന്റൈസിങ്, സ്റ്റോർ ഡിസൈനിങ് തുടങ്ങിയ മേഖലകളിൽ ബഹ്റൈനിലെതന്നെ പ്രധാന പ്രൊഡക്ഷൻ ഹൗസാണ് മാതാ മിഡിൽ ഈസ്റ്റ്. കഴിഞ്ഞ 14 വർഷത്തെ മികച്ചതും സ്ഥിരതയാർന്നതുമായ സേവനങ്ങളാൽ ഉപഭോക്താക്കൾക്കിടയിലെ വിശ്വാസത്തിന്റെ മുഖമായി മാറാൻ സ്ഥാപനത്തിന് സാധിച്ചിട്ടുണ്ട്.

ഇന്ന് മികച്ചതും അത്യാധുനികവുമായ യന്ത്രങ്ങളും ടെക്നോളജിയും ഉപയോഗപ്പെടുത്തി മികച്ച സേവനം സ്ഥാപനം ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നു.

ബഹ്റൈനിലെതന്നെ ഏക സ്വിസ്സ്ക്യൂ പ്രിന്റ് 3ഡി പ്രിന്റർ, മിമാക്കി ലാർജ് ഫോർമാറ്റ് പ്രിന്റർ, എപ്സൺ സബ്ലിമേഷൻ ടെക്സ്റ്റൈൽ പ്രിന്റർ, സ്റ്റീൽ കട്ട് ചെയ്യാൻ സാധിക്കുന്ന ഹൈ വാട്ടേജ് പ്രിന്റർ തുടങ്ങിയവ അവയിൽ ചിലതാണ്.

ഡിജിറ്റൽ പ്രിന്റിങ് ആൻഡ് ബ്രാൻഡിങ് രംഗത്തെ ഡിജിറ്റൽ ഇൻഡോർ ആൻഡ് ഔട്ട്ഡോർ സ്റ്റിക്കർ, ക്ലിയർ സ്റ്റിക്കർ, വൺവേ വിഷൻ, ഫ്രോസ്റ്റഡ് സ്റ്റിക്കർ, വിനയിൽ കട്ട് സ്റ്റിക്കർ, റോൾ അപ്പ്, പോപ്പ് അപ്പ് ഡാൻസ്, കാൻവാസ് പ്രിന്റിങ്, ഔട്ട്ഡോർ സൈനേജ്, ഇൻഡോർ സൈനേജ്, എക്സിബിഷൻ സ്റ്റാറ്റസ്, ഇന്റീരിയർ ഫിറ്റ്ഔട്ട്സ്, വാഹനങ്ങളിലെ ബ്രാൻഡിങ് ആൻഡ് സ്റ്റിക്കർ, എംബ്രോയിഡറി, സ്ക്രീൻ പ്രിന്റിങ്, അക്രലിക് പ്രോഡക്ട് ആൻഡ് മോമെന്റോസ് തുടങ്ങിയ സേവനങ്ങളും മാതാ മിഡിൽ ഈസ്റ്റ് നൽകുന്നു.

**Website: www.matha.me**



»1920ലെ മേസൻ മെമ്മോറിയൽ ഹോസ്പിറ്റൽ

# ആരോഗ്യസംരക്ഷണം
## അനുകമ്പയുടെ കാലടിപ്പാടുകൾ

**തീർച്ചയായും ഇവിടത്തെ സമാധാനവും സന്തോഷവും നിറഞ്ഞ അന്തരീക്ഷം കൂടിയാണ്
ഞങ്ങളെ തലമുറകളോളം ഈ രാജ്യത്തെ സേവിക്കാൻ സഹായിച്ചത്**

1892 ഡിസംബർ ഏഴിന് ബഹ്റൈൻ തീരം തൊടു
മ്പോൾ സാമുവേൽ സിമർ എന്ന അമേരിക്കൻ യു
വാവ് കരുതിയിട്ടുണ്ടാവില്ല മനാമ സൂഖിൽ താൻ തുടങ്ങിവെ
ക്കുന്ന ക്ലിനിക്കും ഡിസ്പെൻസറിയും പുസ്തകശാലയും അട
ങ്ങുന്ന സംരംഭം വർഷങ്ങളായി ആ രാജ്യത്തിന് ഒരു പുത്തൻ
മാതൃക സൃഷ്ടിക്കുമെന്ന്.

120 വർഷത്തിലേറെയായി ബഹ്റൈനെ സ്തുത്യർഹമായി
സേവിക്കുന്ന അമേരിക്കൻ മിഷൻ ഹോസ്പിറ്റലിന്റെ കഥയാ
ണിത്. ഹോസ്പിറ്റൽ സി.ഇ.ഒ ആയ ഡോക്ടർ ജോർജ് ചെറി
യാന്റെ വാക്കുകൾ കടമെടുത്തു പറഞ്ഞാൽ: ആതുര ആരോ
ഗ്യ ശസ്ത്രക്രിയ സേവന രംഗത്ത് ബഹ്റൈനിൽ മറ്റുള്ളവരെ
വഴിനടത്താൻ ഞങ്ങളെ പ്രാപ്തരാക്കിയത് ഈ രാജ്യത്തെ ഭര
ണാധികാരികളും കുടുംബവും നൽകിയ ബൃഹത്തായ പിന്തു
ണയും, ഇവിടത്തെ പൗരന്മാരുടെ ഞങ്ങളിലുള്ള വിശ്വാസവു
മാണ്. ബഹ്റൈൻ അതിന്റെ 51ാം നാഷനൽ ഡേ ആചരിക്കു
ന്ന ഈ വേളയിൽ അതിനുള്ള നന്ദിയും കടപ്പാടും ഭരണാധി
കാരികളോടും ജനങ്ങളോടും അകമഴിഞ്ഞു ഞങ്ങൾ പ്രകാശി
പ്പിക്കുന്നു. തീർച്ചയായും ഇവിടത്തെ സമാധാനവും സന്തോഷ
വും നിറഞ്ഞ അന്തരീക്ഷം കൂടിയാണ് ഞങ്ങളെ തലമുറകളോ
ളം ഈ രാജ്യത്തെ സേവിക്കാൻ സഹായിച്ചത്.

1903 ൽ മാസൻ മെമ്മോറിയൽ ആശുപത്രി എന്ന പേരിൽ
പ്രവർത്തനമാരംഭിക്കുമ്പോൾ ദക്ഷിണ ഗൾഫ് പ്രദേശത്തെ
ആദ്യത്തെ ആശുപത്രി ആയിരുന്നു. ശേഷം 1927 ൽ സ്ത്രീകൾ
ക്കും കുട്ടികൾക്കുംവേണ്ടി മരിയൻ വെൽസ് തോമസ് മെമ്മോറി
യൽ ഹോസ്പിറ്റൽ എന്ന പേരിൽ ആശുപത്രി ആരംഭിക്കുകയു
ണ്ടായി. പിന്നീട് ഈ രണ്ട് ആശുപത്രികളെയും കൂടി ചേർത്തു
1960ൽ അമേരിക്കൻ മിഷൻ ഹോസ്പിറ്റൽ എന്ന് പുനർനാമക
രണം നടത്തുകയുണ്ടായി. 2000 ൽ രണ്ടു പുതിയ കെട്ടിടങ്ങൾ
കൂടി ചേർത്ത് ആശുപത്രി ശൃംഖല വിപുലീകരിച്ചു. ഇന്ന് റിഫ,
സാർ, ആംവജ് ദ്വീപുകളിൽ തുടങ്ങിയ സാറ്റലൈറ്റ് ക്ലിനിക്കു
കൾക്ക് ഒപ്പം മുഖ്യ ആശുപത്രിയിൽനിന്നുള്ള ചികിത്സ സേവ
നങ്ങൾ നൽകിക്കൊണ്ട് മനാമയിലും അമേരിക്കൻ മിഷൻ ഹോ
സ്പിറ്റൽ അതിന്റെ പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്. മനാമ,
സാർ ബ്രാഞ്ചുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുമുണ്ട്. 2023
ജനുവരിയിൽ അ'അലിയിൽ പ്രവർത്തനം ആരംഭിക്കാനിരിക്കു
ന്ന അഞ്ചാമത്തെ ശാഖയായ കിങ് ഹമദ് അമേരിക്കൻ മിഷൻ
ഹോസ്പിറ്റൽ 70 മില്യൺ ഡോളറിന്റെ പദ്ധതിയാണ്. ഹോ
സ്പിറ്റൽ സി.ഇ.ഒ ആയ ജൂലിയ ടോവിയുടെ അഭിപ്രായത്തിൽ
'തുടർച്ചയായ രണ്ടാം വർഷവും എൻ.എച്ച്.ആർ.എ യുടെ ഡയമ
ണ്ട് അക്രെഡിറ്റേഷനും ഐ.എസ്.ഒ സർട്ടിഫിക്കേഷനും ഹോ
സ്പിറ്റലിന് നേടാൻ കഴിഞ്ഞത് ഞങ്ങൾ നൽകുന്ന സേവനം ഗു



»2023-ൽ തുറക്കുന്ന പുതിയ കിംഗ് ഹമദ് അമേരിക്കൻ മിഷൻ ഹോസ്പിറ്റൽ

ണനിലവരമുള്ളതാകാനും രോഗീ പരിചരണത്തിൽ ചെലുത്തി
യ ശ്രദ്ധയും കൂടുതൽ മെച്ചപ്പെട്ടതാകാൻ ദൈനംദിനം നടത്തി
യ പരിശ്രമത്തിന്റെ ഫലമാണ്. 2021 ൽ കോളജ് ഓഫ് അമേരി
ക്കൻ പതോളജിസ്റ്റിന്റെ CAP അക്രെഡിറ്റേഷൻ പതോളജിയി
ലും ലബോറട്ടറി മെഡിസിൻ വിഭാഗത്തിലും ലഭിക്കുന്ന ആദ്യ
ത്തെ സ്വകാര്യ ഹോസ്പിറ്റൽ എന്ന ബഹുമതി എ.എം.എച്ചി
ന്റെ നെറ്റിയിൽ തിലകം ചാർത്തുന്നു.




»അമേരിക്കൻ മിഷൻ ഹോസ്പിറ്റൽ

# NATIONAL DAY GREETINGS






اليوم الوطني البحرين

amh

مستشفى الإرسالية الأمريكية
American Mission Hospital N.P.C.





51 Years

# BAHRAIN
## NATIONAL DAY
16th DECEMBER


51
BAHRAIN
NATIONAL DAY
Congratulations and best wishes to
HM King Hamad bin Isa Al Khalifa
The King of the Kingdom of Bahrain
HRH Prince Salman bin Hamad Al Khalifa
The Crown Prince and Prime Minister The Royal family,
Government and the people of
the Kingdom of Bahrain on the occasion of the
51st National Day
ERAM
FLOORS & INTERIOR
BAHRAIN : Eram Floors Middle East WLL, P.O. Box : 26295, Dream Building, Shaik Isa Avenue, Adliya, Kingdom of Bahrain
Tel: +973 17297555, Fax: +973 17271556 | Email: salesbh@floors-me.com
KSA: Al Khobar Mall, Office No 427, Floor No 3, Al Khobar 34422, Kingdom of Saudi Arabia
T: +966 13 814 7296 , +966 13 814 7297




# BAHRAIN NATIONAL DAY

On Behalf of 4,00,000+ Indian expatriates happily living
in the Kingdom of Bahrain,
**We, Dr. Ravi Pillai Group of Companies**
Expresses heartfelt congratulations and good wishes to
**His Majesty the King Hamad bin Isa Al Khalifa,**
**His Royal Highness Prince Salman bin Hamad Al Khalifa**
**the Crown Prince and the Prime Minister, The Royal family, government,**
**and the People of the Kingdom of Bahrain**
on the occasion of the 51st National Day
We pray that under the leadership and guidance of
His Majesty the King and His Royal Highness the Crown Prince and the Prime minister, the Kingdom of Bahrain continue to grow from strength to strength towards prosperity and peace.

RP Group of Companie
www.rpgroup.ae

## RP Group of Companies

PO Box: 11953
Manama, Kingdom of Bahrain
Tel.: 1731 0555, 1731 2220 | Fax: 1731 0004

GULF ASIA Contracting Company
NSH
KMG
PETROCHEM
cutwatr®